POLICY BRIEF

സെപ്റ്റംബർ 2021

# സന്തുഷ്ടരായി ഒരുമിച്ച്: ഇന്ത്യയിലെ LGBTQI വ്യക്തികളെയും ബന്ധങ്ങളെയും സംബന്ധിച്ച നിയമ, നയ ആശങ്കകൾ

C-HELP | CENTRE FOR HEALTH EQUITY, LAW & POLICY

ILS®

സന്തുഷ്ടരായി ഒരുമിച്ച് : ഇന്ത്യയിലെ LGBTQI വ്യക്തികളെയും ബന്ധങ്ങളെയും സംബന്ധിച്ച നിയമ, നയ ആശങ്കകൾ

സെപ്റ്റംബർ 2021

സെന്റർ ഫോർ ഹെൽത്ത് ഇക്വിറ്റി, ലോ & പോളിസി എന്ന ഗവേഷണ, വിജ്ഞാന ഉൽപ്പാദന, അഭിഭാഷക ഫോറം ആരോഗ്യവുമായി ബന്ധപ്പെട്ട നിയമ, നയ വിഷയങ്ങളിലും ഇന്ത്യയുടെ ഭരണഘടനാ ചട്ടക്കൂടിലും അതിന്റെ അന്താരാഷ്ട്ര പ്രതിബദ്ധതകളിലും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന ആരോഗ്യത്തിനുള്ള അവകാശത്തിനുമായി പ്രവർത്തിക്കുന്നു.

**രചയിതാക്കൾ**
സൂരജ് സനാപ്, വിവേക് ദിവാൻ, ഉന്മുക്ത് ഗേര

വിവർത്തക: അനു കുര്യാക്കോസ്
പ്രൂഫ് റീഡർ: കെ.സൽമ ജെന്നത്ത്
പ്രോജക്ട് മാനേജർ: സത്യ ജി.

***Translation supported by Mariwala Health Foundation***

Copyright © Indian Law Society 2021
All rights reserved
Contact Information
contact@c-help.org
-
www.c-help.org
Centre for Health Equity, Law & Policy
Indian Law Society
Law College Road
Pune 411004
Maharashtra, India

## ഉള്ളടക്കം


| വിഭാഗം / ഉപവിഭാഗം | താൾ നമ്പർ |
|---|---|
| ആമുഖം | 3 |
| **1. നിയമവുമായുള്ള ഇടപെടൽ** | 4 |
| 1.1 ഈ നയ സംക്ഷിപ്തത്തിന്റെ ലക്ഷ്യങ്ങൾ | 4 |
| 1.2 അംഗീകാരത്തിനായുള്ള ആവശ്യപ്പെടലുകൾ | 8 |
| 1.3 നീതി ന്യായ വ്യവസ്ഥയിലൂടെ പരിഹാരങ്ങൾ തേടുമ്പോൾ | 11 |
| **2. നിയമപരമായ വികസനങ്ങൾ** | 15 |
| 2.1 പരിവർത്തനാത്മക ഭരണഘടനാവാദം | 15 |
| 2.2 ലിംഗഭേദം, ലൈംഗികത, ഭരണഘടനാ നിയമം | 16 |
| 2.3 പരോക്ഷമായ വിവേചനത്തെക്കുറിച്ച് വികസിച്ചുകൊണ്ടിരിക്കുന്ന നിയമശാസ്ത്രം അല്ലെങ്കിൽ പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ നിയമങ്ങളുടെ വ്യത്യസ്തമായ ആഘാതം | 22 |
| 2.4 സാമൂഹിക സാമ്പത്തിക അവകാശങ്ങൾ സാകലേന്യമാക്കുമ്പോൾ | 28 |
| I ആരോഗ്യ പരിപാലനം | 29 |
| II ജീവനാംശം | 33 |
| III സാമൂഹികസുരക്ഷിതത്വം | 38 |
| IV സ്വത്തവകാശം | 39 |
| V പാർപ്പിടം | 41 |
| VI രക്ഷാകർതൃത്വവും, ദത്തെടുക്കലും പ്രത്യുത്പാദന സഹായ | 46 |
| VII തൊഴിൽ നിയമങ്ങളിലെ പങ്കാളി ആനുകൂല്യങ്ങൾ | 51 |
| **3. നിയമത്തിലെ ബദൽ ഇടപെടലുകൾ** | 55 |
| 3.1 നിലവിലെ നിയമ ചട്ടക്കൂടിലേക്ക് നേരിട്ടുള്ള ഉൾപ്പെടുത്തൽ | 55 |
| 3.2 നിർബന്ധിത ഭിന്നലൈംഗികത, ഏകപതി-പത്നിത്വം, ദാമ്പത്യം എന്നിങ്ങനെ നിയമത്തിലുള്ള തത്ത്വശാസ്ത്രപരമായ അനുമാനങ്ങളെ വെല്ലുവിളിക്കുമ്പോൾ | 62 |
| 3.3 വിവേചന വിരുദ്ധ നിയമം | 66 |
| **4. ഉപസംഹാരം** | 68 |

*സത്യസന്ധനും, സ്വീകാര്യനും, ഉദാരമനസ്കനും, മാന്യനും, ക്വീർ നായകനും, സുഹൃത്തുമായ സലീം കിഡ്വായ്‌യുടെ സ്മരണയ്ക്കായി ഈ രേഖ സമർപ്പിക്കുന്നു.*

## ആമുഖം

ക്വീർ സമൂഹത്തിന്റെ സാമൂഹിക, സാമ്പത്തിക അവകാശങ്ങൾക്കും പൗരത്വ, രാഷ്ട്രീയ അവകാശങ്ങൾക്കും വേണ്ടിയുള്ള പരസ്പര ബന്ധിതവും അവിഭാജ്യവുമായ പോരാട്ടത്തിലാണ് ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരം നിലകൊള്ളുന്നത്. ബന്ധങ്ങളുടെ നിയമപരമായ അംഗീകാരം ആരോഗ്യ സംരക്ഷണം, പങ്കാളി ആനുകൂല്യങ്ങൾ, പാർപ്പിടം, സ്വത്തവകാശം, ജീവനാംശം, രക്ഷാകർതൃത്വം, ദത്തെടുക്കൽ തുടങ്ങിയ കാര്യങ്ങളിലെ നിരവധി അവകാശങ്ങളുടെ ലഭ്യതയെ നേരിട്ട് നിയന്ത്രിക്കുന്നു.

അതുകൊണ്ടുതന്നെ, ക്വീർ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യതയോടെയുള്ള സാമൂഹിക, സാമ്പത്തിക അവകാശങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്ന ദൗത്യത്തിൽ മൗലികമായി വേരൂന്നിക്കൊണ്ടാകണം നിയമപരമായ അംഗീകാരത്തിനായുള്ള ഏതൊരു ഇടപെടലും എന്നാണ് സെന്റർ ഫോർ ഹെൽത്ത് ഇക്വിറ്റി, ലോ ആൻഡ് പോളിസി വിശ്വസിക്കുന്നത്. തീർച്ചയായും, സാമൂഹികനീതി എന്ന ആശയമാവണം ഈ അന്വേഷണത്തിന്റെ മാർഗ്ഗനിർദ്ദേശക തത്ത്വം. ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ അവകാശങ്ങൾ അനുമാനിക്കുന്നതിനെ വെല്ലുവിളിക്കുന്നതിന് മാത്രമല്ല, ഉചിതമായിടത്ത്, അത്തരം ബന്ധങ്ങളുടെ നില പരിഗണിക്കാതെ, അവകാശങ്ങളുടെ സാർവത്രികവൽക്കരണത്തിനായി വാദിക്കുന്നതിനും അത്തരമൊരു നിലപാട് അനുവദിക്കുന്നു.

നീതിയും നിയമവുമായി ബന്ധപ്പെട്ട ചർച്ചകൾ അസമത്വത്തിനും അന്യായത്തിനും എതിരെ പോരാടാനുള്ള സുപ്രധാനമായ ആശയങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. അംഗീകാരത്തിനും, പ്രാതിനിധ്യത്തിനും, പുനർവിതരണത്തിനുമുള്ള ആശയങ്ങൾ നിയമത്തിലെ ഔപചാരിക സമത്വത്തിനോടൊപ്പം സാമ്പത്തിക നീതിയും ആവശ്യപ്പെടുന്ന ഒരു ഏകീകൃത പ്രതികരണം വികസിപ്പിച്ചെടുക്കാനുള്ള പാഠങ്ങൾ നൽകുന്നു. നിയമത്തിൽ, പരിവർത്തനാത്മക ഭരണഘടനാവാദം സമത്വത്തോടും വിവേചനരാഹിത്യത്തോടുമുള്ള പരമ്പരാഗത സമീപനത്തെ സാമൂഹിക, സാമ്പത്തിക അവകാശങ്ങളുടെ സാക്ഷാത്കാരത്തോടു സംയോജിപ്പിച്ച നിയമത്തിന്റെ പങ്കിനെക്കുറിച്ചുള്ള ഒരു വിമർശനാത്മകമായ ധാരണയാണ് നൽകുന്നത്.

ഇത്തരം ആശയങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പത്രം എഴുതിത്തയ്യാറാക്കിയത്. ക്വീർ സമുദായങ്ങളെ ബോധവത്കരിക്കാനും, ക്വീർ വ്യക്തികളുടെ സാമൂഹികവും സാമ്പത്തികവുമായ നിരവധി അവകാശങ്ങൾ നേടിയെടുക്കാനുമുള്ള ക്ഷമത കൈവരിക്കാൻ പ്രാപ്തരാക്കുന്നതിനായി നിയമ-നയ പരിഷ്കരണത്തിലേക്ക് നയിക്കുന്ന മുന്നോട്ടുള്ള ചർച്ചകളും സഹപ്രവർത്തനവും വളർത്താനുമാണ് ഇത്

ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ കോടതികളുടെമേൽ വലിയതോതിലുള്ള കൂട്ടായപ്രവർത്തനങ്ങൾ ചെലുത്തിയ പ്രഭാവം കാരണമാണ് കുറ്റവിമുക്തിക്കായുള്ള നീണ്ടകാലത്തെ ക്വീർ പോരാട്ടങ്ങൾ വിജയിച്ചത്. തീർച്ചയായും, ഈ ശ്രമങ്ങളുടെ ചർച്ചക സ്വഭാവം തന്നെ സാമുദായിക ശാക്തീകരണത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും നിർണായക നിമിഷങ്ങളായിരുന്നു. ഈ പത്രത്തിൽ പങ്കിടുന്ന വീക്ഷണങ്ങൾ ക്വീർ വിമോചനത്തിനായി കൂടുതൽ സമഗ്രമായ വിമർശനാത്മകചിന്തയെ പ്രേരിപ്പിക്കുമെന്ന് C-HELP പ്രതീക്ഷിക്കുന്നു.

## 1. നിയമവുമായുള്ള ഇടപെടൽ

### 1.1 ഈ നയ സംക്ഷിപ്തത്തിന്റെ ലക്ഷ്യങ്ങൾ

ഇന്ത്യയിലെ സ്വവർഗരതിയുടെ വസ്തുതാ വിരുദ്ധവൽക്കരണത്തെ അസാധുവാക്കാനുള്ള മൂന്ന് പതിറ്റാണ്ട് നീണ്ട നിയമപരമായ പരിശ്രമം, 1994-ൽ ഡൽഹി ഹൈക്കോടതിയിൽ *എയ്ഡ് ഭേദ്ഭാവ് വിരോധി ആന്ദോളന്റെ (ABVA)* റിട്ട് ഹർജിയിൽ തുടങ്ങി,[1] സമുദായത്തിന്റെ നേതൃത്വത്തിലുള്ള ശ്രമത്തിലൂടെ,[2] *നാസ് ഫൗണ്ടേഷൻ v. ഗവണ്മെന്റ് ഓഫ് എൻസിറ്റി ഓഫ് ഡൽഹി*[3] എന്ന കേസിലെ ഡൽഹി ഹൈക്കോടതിയുടെ അടിസ്ഥാനപരമായ വിധിയിലേക്ക് നയിച്ച്, 2018-ൽ *നവ്തേജ് സിംഗ് ജോഹർ ആൻഡ് അതേഴ്സ് v. യൂണിയൻ ഓഫ് ഇന്ത്യയിൽ* (*'നവ്തേജ്'*)[4] അവസാനിച്ചു. പ്രായപൂർത്തിയായ വ്യക്തികൾ തമ്മിൽ സമ്മതത്തോടെ നടത്തുന്ന ലൈംഗിക ബന്ധത്തെ ഇന്ത്യൻ ശിക്ഷാ നിയമം (377-ാം വകുപ്പ്) പ്രകാരം കുറ്റകരമാക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14, 15, 19 (1)(a), 21 എന്നിവയുടെ ലംഘനമാണെന്നും, ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്ക് നിയമത്തിന് മുന്നിൽ തുല്യതയ്ക്കും, ലൈംഗികചായ്‌വിനെയും ലിംഗ വ്യക്തിത്വത്തെയും അടിസ്ഥാനമാക്കിയ വിവേചനത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനും അർഹതയുണ്ട് എന്ന് ഇന്ത്യയുടെ സുപ്രീം കോടതിയുടെ 5 അംഗ ബെഞ്ച് *നവതേജ്* വിധിയിൽ പ്രഖ്യാപിച്ചു.

1.1.2. ഇക്കാലയളവിൽ, സുപ്രീം കോടതി 2014-ലെ *നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി v. യൂണിയൻ ഓഫ് ഇന്ത്യ (NALSA)*[5] എന്ന സുപ്രധാനമായ വിധി പുറപ്പെടുവിക്കുകയും, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തം ലിംഗ വ്യക്തിത്വം നിർണ്ണയിക്കാനുള്ള അവകാശം അംഗീകരിക്കുകയും, കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ഈ വ്യക്തികളുടെ ലിംഗ വ്യക്തിത്വത്തെ പുരുഷൻ, സ്ത്രീ, അല്ലെങ്കിൽ ട്രാൻസ്ജെൻഡർ (മൂന്നാം ലിംഗം അല്ലെങ്കിൽ *ഹിജ്റ* ഉൾപ്പെടെ) എന്ന നിയമപരമായ അംഗീകാരം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ചും, പൊതുതൊഴിലിലും വിദ്യാഭ്യാസത്തിലും സംവരണം നൽകുന്നതിനായി ട്രാൻസ്ജെൻഡർ വ്യക്തികളെ പിന്നോക്കം നിൽക്കുന്ന പൗരന്മാരായി (SEBC) തരംതിരിക്കാനും, അവർക്ക് പ്രത്യേക ലക്ഷ്യത്തോടെയുള്ള ആരോഗ്യ

---

[1] *എയ്ഡ്സ് ഭേദ്ഭാവ് വിരോധി ആന്ദോളൻ v. യൂണിയൻ ഓഫ് ഇന്ത്യ & അതേർസ്*, റിട്ട് പെറ്റീഷൻ No. 1784/1994

[2] *സബ്സെ ബഡ്തർ - ടീൻ സൊ* സട്ടട്ടർ/: കിവീർ മൊബിലൈസിങ് ഇൻ ഇന്ത്യ എഗൈൻസ്റ്റ് ആന്റി-സോഡമി ലോ, വിവേക് ദിവാൻ, സെക്സ് പൊളിറ്റിക്സ്, ട്രെൻഡ്സ് ആൻഡ് ടെന്ഷൻസ് ഇൻ ദി 21സ്റ്റ് സെഞ്ചുറി, കോൺടെക്സ്ചൽ അണ്ടർകറന്റ്സ്- വോളിയം 2, ഏപ്രിൽ 2019, https://sxpolitics.org/trendsandtensions/uploads/capitulos/7-india.pdf -ൽ ലഭ്യമാണ്.

[3] (2009) 160 DLT 277

[4] (2018) 10 SCC 1

[5] (2014) 5 SCC 438

സേവനങ്ങളെയും, മറ്റ് കാര്യങ്ങളെക്കുറിച്ചും കോടതി ഭരണഘടനയുടെ അനുച്ഛേദം 14, 15(4), 16(4), 19, 21 എന്നിവ പ്രകാരം മേൽപ്പറഞ്ഞ സർക്കാരുകൾക്ക് അനവധി നിർദേശങ്ങൾ നൽകി.

1.1.3. രാജ്യത്താകമാനമുള്ള ട്രാൻസ്*[6], ഇന്റർസെക്സ്, ജെൻഡർ നോൺ-ബൈനറി വ്യക്തികൾ സംസ്ഥാന വിഭവങ്ങളുടെയും ചരക്കുകളുടെയും സേവനങ്ങളുടെയും തുല്യവും നീതിയുക്തവുമായ വിതരണത്തിനായി നിയമപോരാട്ടങ്ങൾക്ക് വഴി തെളിച്ചു. ഹിജ്റ സമുദായങ്ങളെ പ്രത്യക്ഷമായി ലക്ഷ്യമിടുന്ന വിവിധ പോലീസ് നിയമങ്ങൾക്ക് കീഴിലെ കുറ്റവത്കരണത്തിനെതിരെ ഏറിവരുന്ന ഭരണഘടനാപരമായ വെല്ലുവിളികൾക്കൊപ്പം തന്നെ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുള്ള[7] *NALSA*-യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക, പൊതുതൊഴിലിലും വിദ്യാഭ്യാസത്തിലും സംവരണം നടപ്പിലാക്കുക,[8] പൊതു കാര്യാലയങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ

---

[6] തങ്ങളുടെ ജനനസമയത്ത് നൽകപ്പെട്ട ലിംഗവും സ്വയം കണക്കാക്കപ്പെടുന്ന ലിംഗവുമായി ചേർച്ചയില്ലാത്ത എല്ലാ വ്യക്തികളെയും ട്രാൻസ്* എന്ന പദത്താൽ സൂചിപ്പിക്കുന്നു. ട്രാൻസ് സെക്ഷ്വൽ, ട്രാൻസ് വെസ്റ്റൈറ്റ്, ജൻഡർ ക്വീർ, ജൻഡർ ഫ്ലൂയിഡ്, ജൻഡർലെസ്സ്, എജൻഡർ, നോൺ-ജൻഡേർഡ്, മൂന്നാം ലിംഗം, ടു-സ്പിരിറ്റ്, ദ്വിലിംഗം, MTF (പുരുഷനിൽ നിന്നും സ്ത്രീയിലേക്ക്), FTM (സ്ത്രീയിൽ നിന്നും പുരുഷനിലേക്ക്), ട്രാൻസ് പുരുഷൻ, ട്രാൻസ് സ്ത്രീ, മറ്റുള്ളവർ, ജനന സമയത്ത് സ്ത്രീലിംഗം നൽകപ്പെട്ട പുരുഷൻ ആയി തിരിച്ചറിയപ്പെട്ട വ്യക്തി, ജനന സമയത്ത് പുരുഷലിംഗം നൽകപ്പെട്ട സ്ത്രീ ആയി തിരിച്ചറിയപ്പെട്ട വ്യക്തി, മറ്റുള്ളവർ ഉൾപ്പെടുന്ന എല്ലാ സിസ്ജെൻഡർ അല്ലാത്ത ലിംഗ വ്യക്തിത്വങ്ങളെയും സൂചിപ്പിക്കുന്നത്തിനായി ജൻഡർ പഠനങ്ങളിൽ ഉണ്ടാക്കിയെടുത്ത ഒരു പൊതുവായ വാക്കാണ് ആസ്റ്ററിക്സോടെ എഴുതപ്പെടുന്ന ട്രാൻസ്*; infra at 40

[7] *രേഷ്മ പ്രസാദ് v. യൂണിയൻ ഓഫ് ഇന്ത്യ & അതേർസ്,* റിട്ട് പെറ്റീഷൻ No. 13861 of 2015, 18.09.2017-ലെ അവസാന വിധിയാൽ പട്ന ഹൈക്കോടതി തീർപ്പാക്കിയത്; *ക്വീരള v. സ്റ്റേറ്റ് ഓഫ് കേരള*, റിട്ട് പെറ്റീഷൻ 20056 of 2018, 09.01.2018-ലെ അവസാന വിധിയാൽ തീർപ്പാക്കിയത്

[8] *ഗ്രേസ് ബാനു v. ചീഫ് സെക്രട്ടറി, ഗവണ്മെന്റ് ഓഫ് തമിഴ്നാട്,* 2016 SCC Online Mad 15973; *എസ്. താരിക ബാനു v.* സെക്രട്ടറി ടു ഗവ., *ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ഡിപ്പാർട്മെന്റ്,* 2017 SCC Online Mad 10220; *റാണോ & അതേർസ് v. സ്റ്റേറ്റ് ഓഫ് ഉത്തരാഖണ്ഡ്,* റിട്ട് പെറ്റീഷൻ No. 1794 of 2018, 28.09.2018-ലെ അവസാന വിധിയാൽ തീർപ്പാക്കിയത്; *വീര യാദവ് v. ചീഫ് സെക്രട്ടറി, ഗവൺമെന്റ് ഓഫ് ബീഹാർ,* സിവിൽ റിട്ട് ജൂറിസ്ഡിക്ഷൻ കേസ് No. 5627/2020, 18.01.2021-ലെ വിധി; *Mx. സുമന പ്രമാണിക് v. യൂണിയൻ ഓഫ് ഇന്ത്യ & അതേർസ്*, WPA 9187/2020, 01.02.2021-ലെ അവസാന വിധി ; *സംഗമ ആൻഡ് നിഷ ഗുളൂർ v. സ്റ്റേറ്റ് ഓഫ് കർണാടക*, റിട്ട് പെറ്റീഷൻ No. 8511 of 2020, *Mx. സുമന പ്രമാണിക് v. യൂണിയൻ ഓഫ് ഇന്ത്യ & അതേർസ്*, WPA No. 9187 of 2020, 02.02.2021-ലെ അവസാന വിധി

മത്സരിക്കുക,[9] തൊഴിലും[10] വിദ്യാഭ്യാസവും[11] ലഭ്യമാക്കുക, ആരോഗ്യപരിരക്ഷയിലെ ഇന്റർസെക്സ് എന്ന നില അടിസ്ഥാനമാക്കിയുള്ള വിവേചനത്തിൽ നിന്നുള്ള സ്വാതന്ത്ര്യം,[12] ഭക്ഷ്യസുരക്ഷയിലേക്കും[13] അഭയ കേന്ദ്രങ്ങളിക്കുമുള്ള പ്രവേശനം,[14] എന്നിവയിൽ ഈ ശ്രമങ്ങൾ പ്രത്യേകിച്ചും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.[15]

1.1.4. *ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം, 2019* ('ട്രാൻസ് ആക്റ്റ്') എന്ന നിയമം പുറപ്പെടുവിക്കാനുള്ള നിയമനിർമ്മാണ പ്രക്രിയയിൽ വിപുലമായ സമൂഹ ഇടപെടലുകളും നിർദ്ദിഷ്ട നിയമത്തിലെ വകുപ്പുകളിൽ കാര്യമായ നിരൂപണവും കണ്ടു.[16] നിലവിൽ, ലിംഗ വ്യക്തിത്വത്തിന്റെ സ്വയം നിർണ്ണയാവകാശം സംബന്ധിച്ച *NALSA*-യിൽ പ്രഖ്യാപിച്ച പുരോഗമന നിയമം അടിസ്ഥാനപരമായി ഇല്ലാതാക്കുന്നതിനും പൊതുതൊഴിലിലും വിദ്യാഭ്യാസത്തിലും സംവരണം ഉറപ്പ് വരുത്തുന്നതിലും പരാജയപ്പെടുന്നതിനാലും മറ്റ് പല

---

9 *സംഗീത ഹിജ്റ v. സ്റ്റേറ്റ് ഓഫ് ബീഹാർ,* 2017 SCC Online Pat 1040, *അഞ്ജലി സഞ്ജന ജാൻ v. സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര,* റിട്ട് പെറ്റീഷൻ No. 104 of 2021, 02.01.2021-ൽ തീർപ്പാക്കിയ അവസാന വിധി

10 *ഫൈസാൻ സിദ്ദിഖി v. സഷസ്ത്ര സീമ ബൽ,* (2011) 124 DRJ 542; *ജാക്കുലൈൻ മേരി v. സൂപ്രണ്ടെന്റ് ഓഫ് പോലീസ്,* 2014 SCC Online Mad 987; *ടി. തനുസു v. സെക്രട്ടറി ടു ഗവണ്മെന്റ് ഓഫ് തമിഴ്നാട്,* (2014) 6 Mad LJ 93; *അത്രി കർ v. യൂണിയൻ ഓഫ് ഇന്ത്യ,* 2017 SCC Online Cal 3196; *ജി. നാഗലക്ഷ്മി v. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, സ്റ്റേറ്റ് ഓഫ് തമിഴ്നാട്,* (2014) 7 Mad LJ 452; *കെ. അന്നപൂർണം v. സെക്രട്ടറി ടു ഗവണ്മെന്റ്, പേർസണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ഡിപ്പാർട്മെന്റ്,* 2016 SCC Online Mad 15928; *കെ. പ്രിതിക യാശിനി v. ചെയർമാൻ, തമിഴ്നാട് യൂണിഫോംഡ് സെർവീസ്സ് റിക്രൂട്ട്മെന്റ് ബോർഡ്,* 2016 (4) LW 594; *ഗംഗ കുമാരി* v. *സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ,* റിട്ട് പെറ്റീഷൻ No. 14006 of 2016, 13.11.2017-ലെ അവസാന വിധി പ്രകാരം രാജസ്ഥാൻ ഹൈക്കോടതി തീർപ്പാക്കിയത്; *തമിഴ്നാട് യൂണിഫോംഡ് സെർവീസ്സ് റിക്രൂട്ട്മെന്റ് ബോർഡ് v. ആരാധന,* റിട്ട് അപ്പീൽ No. 330 of 2018, 22.02.2018-ലെ അവസാന വിധി പ്രകാരം തീർപ്പാക്കിയത്; *എസ്. മിത്ര v. സെക്രട്ടറി ടു ഗവണ്മെന്റ്,* 2019 SCC Online Mad 8617; *ഷാനവി പൊന്നുസ്മി v. മിനിസ്ട്രി ഓഫ് സിവിൽ ഏവിയേഷൻ,* റിട്ട് പെറ്റീഷൻ 1033 of 2017 (വിചാരണയിലിരിക്കുന്ന); *ഹിന ഹനീഫ @ മുഹമ്മദ് ആഷിഫ് അലി v. സ്റ്റേറ്റ് ഓഫ് കേരള,* WP(C) No. 23404/2020 (അപ്പീൽ കൊടുത്തിട്ടുള്ള),15.03.2021 തിയ്യതിയിലെ അവസാന വിധി

11 *Mx. ആലിയ എസ്കെ v. സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ,* റിട്ട് പെറ്റീഷൻ No. 21587 of 2019, 27.11.2019-ലെ ഇടക്കാല ഉത്തരവ്

12 *അരുൺകുമാർ ആൻഡ് അനദർ v. ഇൻസ്പെക്ടർ ജനറൽ ഓഫ് റെജിസ്ട്രേഷൻ ആൻഡ് അതേർസ്,* (2019) 4 Mad LJ 503

13 *ആശിഷ് കുമാർ മിശ്ര v. ഭാരത് സർക്കാർ ത്രൂ സചിവ് ഖദ്യ ആൻഡ് പ്രസൻസ്കാരൺ മന്ത്രാലയ്,* AIR 2015 All 124

14 *ഓൾ ആസ്സാം ട്രാൻസ്ജെൻഡർ അസോസിയേഷൻ v. സ്റ്റേറ്റ് ഓഫ് ആസ്സാം ആൻഡ് അതേർസ്,* PIL No. 24/2021 (വിചാരണയിലിരിക്കുന്ന)

15 *കർണാടക സെക്സ്വൽ മൈനോറിറ്റീസ് ഫോറം v. സ്റ്റേറ്റ് ഓഫ് കർണാടക,* റിട്ട് പെറ്റീഷൻ No. 1397 of 2015, 06 .02 .2017-ലെ അവസാന വിധി പ്രകാരം കർണാടക ഹൈക്കോടതി തീർപ്പാക്കിയത്. *വൈജയന്തി വസന്ത മോഗ്ലി & അതേർസ് v. സ്റ്റേറ്റ് ഓഫ് തെലങ്കാന,* റിട്ട് പെറ്റീഷൻ No. 44 of 2018, 18.09.2019-ലെ ഇടക്കാല വിധി പ്രകാരം ദി തെലങ്കാന യൂനക്സ് ആക്റ്റ്, 1329F-ന്റെ നടപ്പാക്കൽ തടഞ്ഞു

16 ട്രാൻസ്ജെൻഡർ പേഴ്സൺസ് (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ്) ബിൽ, 2011-നെക്കുറിച്ച് സമ്പൂർണ വർക്കിംഗ് ഗ്രൂപ്പ് നൽകിയ പ്രസ്താവന, ലഭ്യതയ്ക്ക്: https://sampoornaindiablog.wordpress.com/2019/07/19/spwg-statement-on-transgender-persons-protection-of-rights-bill-2019/

കാരണങ്ങളാലും സുപ്രീം കോടതിയുടെയും[17] കർണാടക ഹൈക്കോടതിയുടെയും[18] മുമ്പാകെ ഈ നിയമം ട്രാൻസ് സമൂഹത്തിൽ നിന്നും വെല്ലുവിളികൾ നേരിടുന്നു.

1.1.5 2019 ഏപ്രിലിൽ *അരുൺകുമാർ ആൻഡ് അനതർ v. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ & അതേർസ്*[19] എന്ന കേസിൽ മദ്രാസ് ഹൈക്കോടതി *ഹിന്ദു വിവാഹ നിയമം, 1956* 5-ാം വകുപ്പിലെ 'വധു' എന്ന പദം ഒരു ട്രാൻസ് സ്ത്രീയെയും, സ്ത്രീയായി സ്വയം നിരൂപിക്കുന്ന ഒരു ഇന്റർസെക്സ് വ്യക്തിയെയും അർത്ഥമാക്കുകയും ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നും, അതുവഴി ട്രാൻസ് വ്യക്തികൾ ഉൾപ്പെടുന്ന വിവാഹങ്ങൾ നടത്തുന്നതിന് അനുവദിക്കുന്നതായും നിയമത്തെ വ്യാഖ്യാനിക്കുകയും ചെയ്തു.

1.1.6 മാധ്യമങ്ങളിലെ ക്വീർ ലൈംഗികതയുടെ പ്രതിനിധികളുമായി ബന്ധപ്പെട്ടും ലൈംഗിക ചായ്‌വിന്റെ[20] അടിസ്ഥാനത്തിലുള്ള പൊതു തൊഴിൽ വിവേചനത്തിലുള്ള നിയമപരമായ അവകാശങ്ങളിലും കോടതികൾ ക്രിയാത്മകമായി ഇടപെട്ടുകൊണ്ടിരിക്കുന്നു.[21]

1.1.7 ഇപ്പോൾ, കേരളത്തിലെയും ഡൽഹിയിലെയും ഹൈക്കോടതികൾ ഇന്ത്യയിലെ നിലവിലുള്ള വിവാഹ നിയമങ്ങളുടെ നിയമ ചട്ടക്കൂടിന് കീഴിലുള്ള 'വിവാഹ സമത്വം' എന്ന ചോദ്യത്തെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു. *സ്പെഷ്യൽ മാര്യേജ് ആക്റ്റ്, 1954* പ്രകാരം അംഗീകാരമാവശ്യപ്പെട്ട സ്വവർഗാനുരാഗികളായ ദമ്പതികൾ ആദ്യ റിട്ട് ഹർജി സമർപ്പിച്ചത് 2020 ജനുവരിയിൽ കേരള ഹൈക്കോടതിയിലാണ്.[22] (i) 1955-ലെ ഹിന്ദു വിവാഹ നിയമത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 2020 സെപ്റ്റംബറിൽ നാല് ഹിന്ദു വ്യക്തികൾ സമർപ്പിച്ച ഹർജി,[23] (ii) *സ്പെഷ്യൽ മാര്യേജ് ആക്റ്റ്, 1954*ൽ ഉൾപ്പെടുത്തി അംഗീകാരം ആവശ്യപ്പെട്ടുകൊണ്ട് 2020 ഒക്ടോബറിൽ സ്ത്രീകളായ ദമ്പതികൾ സമർപ്പിച്ച ഹർജി,[24] (iii) യു എസ് നിയമപ്രകാരം വാഷിങ്ടൺ ഡിസിയിൽ വിവാഹം ചെയ്ത വിദേശ പൗരത്വമുള്ള ഭാരതീയനുൾപ്പെട്ട ഗേ ദമ്പതികൾ 1969-ലെ *വിദേശ വിവാഹ നിയമം* അനുസരിച്ചു

---

17 *രചന മുദ്രബോയിന v. യൂണിയൻ ഓഫ് ഇന്ത്യ*, റിട്ട് പെറ്റീഷൻ, No. 281 of 2020; *സ്വാതി ബിദാൻ ബുറുവ v. യൂണിയൻ ഓഫ് ഇന്ത്യ*, റിട്ട് പെറ്റീഷൻ No. 51 of 2020; ഗ്രേസ് *ബാനു v. യൂണിയൻ ഓഫ് ഇന്ത്യ*, റിട്ട് പെറ്റീഷൻ No. 406 of 2020

18 *ഓൻഡെഡെ v. യൂണിയൻ ഓഫ് ഇന്ത്യ*, WP No. 11679 of 2020

19 *Id* at 12

20 *ഇന്ദ്രജീത് ഘോർപഡെ v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അനതർ,* WP(C) 3865/2021-ൽ 23.03.2021-ലെ ഇടക്കാല ഉത്തരവ്

21 *പ്രമോദ് കുമാർ ശർമ്മ v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് ആൻഡ് 2 അതേർസ്*, റിട്ട്-എ No. 8399 of 2020, 02.02.2021-ലെ അന്തിമ ഉത്തരവ്

22 അപേക്ഷയുടെ പകർപ്പ് ഇവിടെ ലഭ്യമാണ്: https://www.livelaw.in/pdf_upload/pdf_upload-369544.pdf

23 *അഭിജിത് അയ്യർ മിത്ര v. യൂണിയൻ ഓഫ് ഇന്ത്യ*, WP (C) No. 6371/2020

24 *ഡോ. കവിത അറോറ & അനതർ v. യൂണിയൻ ഓഫ് ഇന്ത്യ & അനതർ*, WP (C) No. 7692/2020

അംഗീകാരമാവശ്യപ്പെട്ടു 2020 ഒക്ടോബറിൽ സമർപ്പിച്ച ഹർജി,[25] കൂടാതെ (iv) *1954* ലെ *സ്പെഷ്യൽ മാരേജ് ആക്റ്റ്* പ്രകാരം സ്വവർഗ വിവാഹങ്ങളുടെ അംഗീകാരം തേടി 2021 ഫെബ്രുവരിയിൽ നാല് വ്യക്തികൾ ഫയൽ ചെയ്ത ഹർജി എന്നിങ്ങനെ നാല് ഹർജികൾ കൂടി ഡൽഹി ഹൈക്കോടതി മുമ്പാകെയുണ്ട്. [26]

1.1.8 ക്വീർ സമൂഹം നേരിടുന്ന വ്യത്യസ്തങ്ങളായ ശ്രേണികളിൽപ്പെട്ട സാമൂഹിക-നിയമ പ്രശ്നങ്ങളെയെല്ലാം ഒരൊറ്റ പ്രശ്നത്തിനെതിരെയുള്ള പോരാട്ടമായി മാറ്റപ്പെടുത്തുന്നു എന്ന അപ്രതീക്ഷിത പ്രത്യാഘാതമാണ് ഭരണഘടനയിലെ സോഡമി നിയമത്തിനെതിരായുള്ള നിയമപ്രക്രിയക്കെതിരെയുള്ള ഒരു വിമർശനം.[27] പോലീസ് നിയമങ്ങളുടെ അനുപാതമില്ലാത്ത ആഘാതത്തെയും തൊഴിലാളിവർഗ്ഗ-ദലിത് ക്വീർ സമൂഹങ്ങളിലെ ഭിക്ഷാടനത്തിന്റെയും ലൈംഗികത്തൊഴിലാളിത്വത്തിന്റെയും പ്രാധാന്യം മറച്ചുവെക്കുന്ന തരത്തിലാണ് സ്വവർഗരതിയുടെ ഡി ഫാക്ടോ കുറ്റവൽക്കരണത്തിനെതിരായ പോരാട്ടം എന്നൊരു വാദമുണ്ട്. ഈ സമുദായങ്ങൾ നിയമത്തിൽ ജാതി, വർഗ്ഗ അടിസ്ഥാനത്തിലുള്ളതും കൂടാതെ, ലൈംഗികചായ്‌വിനെയും ലിംഗ വ്യക്തിത്വത്തെയും സംബന്ധിച്ച പരാധീനതകളും, അനുഭവിക്കേണ്ടി വരുന്നു.

1.1.9 ഈ പശ്ചാത്തലത്തിൽ, ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തിനായുള്ള പരിവർത്തനാത്മക ഭരണഘടനാവാദത്തിന്റെ കണ്ണാടിയിൽ കൂടിയുള്ള ഒരു ഇടപെടൽ നേട്ടങ്ങൾ വാഗ്ദാനം ചെയ്തേക്കാം, ഇത് സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങളുടെ സാക്ഷാത്കാരം തുല്യതയും വിവേചനരാഹിത്യത്വവും നേടുന്നതിന് പ്രാമുഖ്യം നൽകുന്നു. അത്തരമൊരു ധാരണ, അംഗീകാരത്തിനും പുനർവിതരണത്തിനുമുള്ള അവകാശവാദങ്ങളിൽ പ്രതിഫലിക്കുകയും, അതിലൂടെ ക്വീർ ബന്ധങ്ങൾക്കുള്ള ഔപചാരിക സമത്വത്തിനായി ബന്ധം/വൈവാഹിക നില എന്നിവ പരിഗണിക്കാതെ തന്നെ സാമൂഹിക-സാമ്പത്തിക അനീതിയുടെ പരിഹാരവും സ്വീകരിക്കുകയും വേണം.[28] സാമൂഹിക-സാമ്പത്തിക നീതിക്കായുള്ള പോരാട്ടത്തെ ഉൾപ്പെടുത്താതെയുള്ള ക്വീർ ബന്ധങ്ങളെ നിയമപരമായി അംഗീകരിക്കാൻ വേണ്ടിമാത്രമുള്ള ശ്രമങ്ങൾ ക്വീർ സമുദായത്തിന്റെ, പ്രത്യേകിച്ചും മറ്റു പോരാട്ടങ്ങൾക്ക് മുൻഗണ നൽകുന്ന ഈ സമുദായത്തിലെത്തന്നെ മറ്റുള്ളവരുടെ, അവകാശങ്ങളെ സംരക്ഷിക്കുന്നതിനുള്ള പരിഹാരങ്ങളെ പരിമിതപ്പെടുത്തിയേക്കാമെന്നു ഇത്തരമൊരു തന്ത്രം ചൂണ്ടിക്കാട്ടുന്നു. ഭൂരിഭാഗം ക്വീർ സമൂഹത്തിന്റെ സാരവത്തായ ക്ഷേമത്തിലുള്ള കടുത്ത അസമത്വങ്ങളുടെ പശ്ചാത്തലത്തിൽ, 'വൈവാഹിക സമത്വം' പോലുള്ള ഔപചാരികമായ

---

[25] *വൈഭവ് ജെയിൻ & അനതർ v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അനതർ*, WP (C) No. 7657/2020

[26] *ഉദിത് സൂദ് & അതേഴ്സ് v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അനതർ*, WP(C) 2574/2021

[27] ദി എൻഡ് ഓഫ് ക്രിമിനാലിറ്റി? ദി സിനെക്ഡോകിക് സിമ്പോളിസം ഓഫ് സെക്ഷൻ 377, അനിരുദ്ധ ദത്ത, NUJS റിവ്യൂ 13 NUJS L. Rev 3 (2020)

[28] ഫ്രെസെർ, നാൻസി (1998). 'സോഷ്യൽ ജസ്റ്റിസ് ഇൻ ദി എജ് ഓഫ് ഐഡന്റിറ്റി പൊളിറ്റിക്സ്: റീഡിസ്ട്രിബൂഷൻ, റിക്കഗ്നിഷൻ, പാർട്ടിസിപേഷൻ,' ഡിസ്കഷൻ പേപ്പേഴ്സ്, റിസർച്ച് യൂണിറ്റ്: ഓർഗനൈസേഷൻ ആൻഡ് എംപ്ലോയ്മെന്റ് FS | 98-108, WZB ബെർലിൻ സോഷ്യൽ സയൻസ് സെന്റർ

സമത്വവാദങ്ങൾക്കായുള്ള പരിശ്രമങ്ങൾ ചരിത്രപരമായ അനീതികൾ പരിഹരിക്കുന്നതിൽ കേവലം പ്രതീകാത്മകമായിരിക്കാം.

1.1.10 വാസ്തവത്തിൽ, സെന്റർ ഫോർ ഹെൽത്ത് ഇകിറ്റി, ലോ & പോളിസി സംഘടിപ്പിച്ച സമൂഹ സംവാദത്തിൽ പങ്കെടുത്തവർ സാമൂഹികവും സാമ്പത്തികവുമായ അവകാശവാദങ്ങളെ വൈവാഹിക നിലയിൽ നിന്നും വേർപെടുത്തുക എന്ന ഈ പത്രത്തിൽ പറഞ്ഞിരിക്കുന്ന നയത്തിന് പിന്തുണ അറിയിച്ചു. ബന്ധങ്ങൾക്ക് നിയമപരമായ അംഗീകാരം നൽകുന്നത് ഒരു ഒറ്റമൂലി അല്ലായെന്നും, അഭയ കേന്ദ്രങ്ങൾ, മതിയായ പാർപ്പിടം, മാനസികാരോഗ്യ സംരക്ഷണം, തൊഴിലവസരങ്ങൾ, നിയമസഹായം, മറ്റ് സേവനങ്ങൾക്കായി വിഭവങ്ങളും പരിശ്രമങ്ങളും നടത്തികൊണ്ട്, ഒരു സമുദായമെന്ന നിലയിൽ നാമെല്ലാവരും ക്വീർ വ്യക്തികളുടെ ലിംഗഭേദം, ജാതി, വർഗ്ഗം, വൈകല്യം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ദൗർബല്യങ്ങളെ ലഘൂകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും, പ്രതിസന്ധിയിലായ ക്വീർ വ്യക്തികൾക്ക് നിയമസഹായവും പിന്തുണയും നൽകുന്ന, സാമൂഹിക പ്രവർത്തകരും അഭിഭാഷകരും വാദിച്ചു.[29]

1.1.11 ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുക, ബന്ധം/വൈവാഹിക നില എന്നിവ പരിഗണിക്കാതെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രതിവിധി നിർദ്ദേശിക്കുക എന്നതാണ് ഈ പത്രത്തിന്റെ ലക്ഷ്യം. ക്വീർ സമൂഹത്തിനുള്ളിൽ സംവാദം ഉണർത്തുന്നതിനും, നിയമപരമായ പ്രക്രിയകൾ അറിയിക്കുന്നതിനും, ക്വീർ ബന്ധങ്ങളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് സമൂഹത്തിന്റെ വൈവിധ്യമാർന്ന ആവശ്യങ്ങളെയും അഭ്യർഥനകളെയും പ്രതിനിധീകരിക്കുന്നതിനായുമുള്ള മാറ്റം സൃഷ്ടിക്കുന്ന ഇടപഴകൽ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രതീക്ഷയോടെയാണ് ഇത് പങ്കിടുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ, ദ്വന്ദ്വ ലിംഗം, ഭിന്നലൈംഗികത, ഏകഭാര്യാഭർത്തൃത്വം, ദാമ്പത്യം എന്ന അടിസ്ഥാന അനുമാനങ്ങളെ അടിസ്ഥാനപ്പെടുത്തി നിർവചിക്കപ്പെട്ട വൈവാഹിക ബന്ധങ്ങളിലുള്ള വ്യക്തികൾക്ക് മാത്രമായി വിവിധ സാമൂഹിക സാമ്പത്തിക അവകാശങ്ങൾ പരിമിതപ്പെടുത്താനുള്ള രാഷ്ട്രത്തിന്റെ താൽപ്പര്യത്തെ ആശയപരമായി വെല്ലുവിളിച്ചുകൊണ്ടുള്ള ഇന്ത്യയിലെ ക്വീർ[30] പ്രവർത്തകരുടെ ദശാബ്ദങ്ങൾ നീണ്ട എഴുത്തുകളിലൂടെയും ഇടപെടലുകളിലൂടെയും മുകളിലാണ് ഈ പത്രം നിർമ്മിക്കപെട്ടിരിക്കുന്നത്.

1.1.12 ഈ രേഖയെ മൂന്നു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. *ആദ്യ* ഭാഗം, ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തെക്കുറിച്ചുള്ള ഒരു നിലപാടിനെ

---

29 C-HELP സംഘടിപ്പിച്ച 2021 ഫെബ്രുവരി 13-ലെ വെർച്വൽ കമ്മ്യൂണിറ്റി കൺസൾട്ടേഷന്റെ മിനിറ്റുകളുടെ ഒരു പകർപ്പ് രചയിതാക്കളുടെ കൈവശമുണ്ട്.

30 *ക്വീർ* എന്ന സംയോജിത പദം, പെരുമാറ്റം, സ്വത്വം കൂടാതെ/അല്ലെങ്കിൽ പദപ്രയോഗം എന്നിവയിൽ ലിംഗഭേദം, ലൈംഗികത എന്നിവയുടെ മാനദണ്ഡങ്ങളെ ചോദ്യം ചെയ്യുന്ന വ്യക്തികളെ സൂചിപ്പിക്കുന്നു

വ്യക്തമാക്കുന്നതിനായി നിയമവുമായി സമൂഹങ്ങൾക്കുള്ള ചരിത്രപരമായ സമ്പർക്കം പരിശോധിക്കുന്നു. വൈവാഹിക നിലയുടെ അടിസ്ഥാനത്തിൽ വ്യക്തികൾക്ക് ആരോഗ്യ സംരക്ഷണം, ഭവനം, ജീവനാംശം, അനന്തരാവകാശം, രക്ഷാകർതൃത്വം, ദത്തെടുക്കൽ, പങ്കാളി ആനുകൂല്യങ്ങൾ തുടങ്ങിയ മേഖലകളിൽ ലഭ്യമാകുന്ന സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങളെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ നിയമങ്ങളെ *രണ്ടാം* ഭാഗം പരിചയപ്പെടുത്തുന്നു. വൈവാഹിക നില പരിഗണിക്കാതെ തന്നെ ഇത്തരം അവകാശങ്ങൾ കീർ സമൂഹത്തെ ഉൾക്കൊള്ളിക്കുന്നതിനെക്കുറിച്ചും ലഭ്യമാക്കുന്നതിനെക്കുറിച്ചും വിശകലനം ചെയ്യാനായി ലിംഗഭേദം, ലൈംഗികത, സമത്വം, ഇന്ത്യയിലെ വിവേചന വിരുദ്ധ നിയമം തുടങ്ങിയ വികസിച്ചുകൊണ്ടിരിക്കുന്ന നിയമശാസ്ത്ര ചട്ടക്കൂടിന്റെ പശ്ചാത്തലത്തിലാണ് ഈ നിയമങ്ങളെ നിരീക്ഷിച്ചിട്ടുള്ളത്. *മൂന്നാം* ഭാഗം മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങളിലുള്ള നിയമപരമായ അംഗീകാരം നേടിയെടുക്കാനുള്ള ഉപായങ്ങളെക്കുറിച്ച് പരിശോധിക്കുന്നു.

## 1.2 അംഗീകാരത്തിനായുള്ള ആവശ്യപ്പെടലുകൾ

1.2.1 ഒരു തുടക്കമെന്ന നിലയിൽ, ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തെക്കുറിച്ചും അത്തരം ആവശ്യപ്പെടലുകളുടെ സ്വഭാവത്തെയും ബന്ധങ്ങളുടെ അനേകത്വത്തെയുംക്കുറിച്ചും കീർ കമ്മ്യൂണിറ്റി ഉച്ചരിച്ചിട്ടുണ്ടോ എന്നത് ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും.

1.2.2 1991-ൽ തന്നെ, സ്വവർഗ്ഗാനുരാഗികളായ പുരുഷന്മാർ, ലെസ്ബിയൻ സ്ത്രീകൾ, *ഹിജ്റ* പോലുള്ള മറ്റ് 'ലൈംഗിക ന്യൂനപക്ഷ'ങ്ങൾ എന്നിവർക്ക് വിവാഹം, അനന്തരാവകാശം, ദത്തെടുക്കൽ തുടങ്ങിയവയിൽ ഇന്ത്യൻ നിയമങ്ങൾക്ക് കീഴിലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അതിന്റെ രാഷ്ട്രീയ ലക്ഷ്യം എയ്ഡ്സ് ഭേദ്ഭാവ് വിരോധി ആന്ദോളൻ (ABVA) പ്രകടമാക്കിയിരുന്നു. കുറ്റവത്കരണത്തിനെ എതിർക്കുന്നതിനേക്കാളപ്പുറത്ത് കീർ സമൂഹത്തിനുള്ളിൽ തന്നെയുള്ള 'വൈവാഹിക സമത്വത്തെ'ക്കുറിച്ചുള്ള യോജിപ്പില്ലായ്മയെപ്പറ്റിയും ഭാരതത്തിലെ സ്വവർഗ്ഗ ലൈംഗികതയുടെ നിലയെക്കുറിച്ചുള്ള തങ്ങളുടെ പ്രധാന രേഖയിൽ കുറിക്കാൻ ABVA ശ്രദ്ധിച്ചിരുന്നു.[31]

1.2.3 തങ്ങളുടെ ബന്ധങ്ങൾക്ക് നിയമപരമായ അംഗീകാരം നേടിയെടുക്കാനുള്ള ലെസ്ബിയൻ ദമ്പതിമാരുടെ ആഗ്രഹത്തെക്കുറിച്ചുള്ള സംഭവകഥകൾ ഈ പത്രത്തിൽ വിവരിക്കുന്നു. ബന്ധങ്ങൾ പിരിയുമ്പോൾ നിയമപരമായ അംഗീകാരം ഇല്ലാത്തതിന്റെ ഫലമായി ആവശ്യമായ മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാകാത്തതിനാൽ ആത്മഹത്യ ചെയ്യുന്നതിനുള്ള സാധ്യതയെക്കുറിച്ചു ലെസ്ബിയൻ സ്ത്രീകൾ പലതവണ സൂചിപ്പിച്ചിരുന്നു.[32] ലെസ്ബിയൻ ബന്ധങ്ങൾക്ക് അംഗീകാരമില്ലാത്തതിനാൽ, കുടുംബങ്ങൾ പുരുഷന്മാരെ വിവാഹം കഴിക്കാൻ ലെസ്ബിയൻ സ്ത്രീകളെ

---

[31] ലെസ്സ് ദാൻ ഗേ, എ സിറ്റിസൺസ് റിപ്പോർട്ട് ഓൺ ദി സ്റ്റാറ്റസ് ഓഫ് ഹോമോ സെക്സ്വലിറ്റി ഇൻ ഇന്ത്യ, എയ്ഡ്സ് ഭേദഭാവ് വിരോധി ആന്ദോളൻ (എയ്ഡ്സ് ആന്റി ഡിസ്ക്രിമിനേഷൻ മൂവമെന്റ്), ന്യൂ ഡൽഹി (1991) @ pgs. 4-6.

[32] *Ibid*, pgs. 6-7, 10

നിർബന്ധിക്കുന്നതിന് ഒരു പ്രധാന ഘടകമാകുന്നു, ഇത് മൂലം മുൻ പങ്കാളികളെ മതിയായ പരിഹാരമില്ലാതെയും അരക്ഷിതാവസ്ഥയുടെ ദുർബലപ്പെടുത്തുന്ന സാഹചര്യങ്ങളിൽ ചെന്നെത്തിക്കുന്നു.[33] ഇതിന്റെ പശ്ചാത്തലത്തിൽ, തങ്ങളുടെ തിരഞ്ഞെടുത്ത കുടുംബങ്ങളെ സംഘടിപ്പിക്കുന്നതിനുള്ള സാമൂഹികവും സാമ്പത്തികവുമായ പരസ്പരാശ്രിതത്വത്തിനായി നിയമപരമായ അംഗീകാരം സംരക്ഷണം നൽകിയേക്കാമെന്ന് ലെസ്ബിയൻ സ്ത്രീകൾ അഭിപ്രായപ്പെട്ടു.[34]

1.2.4 അവിവാഹിതരായ വ്യക്തികൾ എന്ന നിലയിൽ ജീവിതത്തിലുണ്ടാകുന്ന സാമൂഹികവും സാമ്പത്തികവുമായ അനിശ്ചിതത്വത്തിന് കാരണം ബന്ധങ്ങളെ നിയമത്തിൽ അംഗീകരിക്കാത്തതാണ് എന്ന് സ്വവർഗ്ഗാനുരാഗികൾ, ബൈസെക്ഷ്വൽ, കീർ ആയ പുരുഷന്മാർ ആവർത്തിച്ച് ഉദ്ധരിച്ചു. കൂടാതെ, കുടുംബങ്ങളുടെ അക്രമവും നിരാകരണവും കാരണം അതിജീവനത്തിനായി ലൈംഗിക ജോലിയിൽ ഏർപ്പെടുന്നതായും കീർ പുരുഷന്മാർ സൂചിപ്പിച്ചു.[35]

1.2.5 ഇന്ത്യയിലെ കുടുംബ നിയമങ്ങൾ വിവാഹമെന്ന ആശയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നതിനെ ABVA ചോദ്യം ചെയ്യുകയും, ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതെ ഒരുമിച്ച് ജീവിക്കാൻ തീരുമാനിക്കുന്ന സുഹൃത്തുക്കളുടെ കുടുംബങ്ങൾക്ക് അവരുടെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമപരമായ അംഗീകാരം നൽകണമെന്നും ആവശ്യപ്പെട്ടു.[36] കുട്ടികളെ ദത്തെടുക്കുന്നതിനും, പങ്കാളിയുടെ ഉടമ്പടി നടപ്പിലാക്കാനുമുള്ള അവകാശങ്ങൾ, അനന്തരാവകാശം മുതലായവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്, ഇന്റർസെക്സ് വ്യക്തികൾക്ക് ലഭ്യമാക്കുന്നതിന് *സ്പെഷ്യൽ മാര്യേജ് ആക്റ്റ്, 1954*-നു ഭേദഗതികൾ വരുത്താനായി ABVA അതിന്റെ അവകാശ പ്രഖ്യാപന പത്രികയിൽ ശുപാർശ ചെയ്തു. പകരമായി, കീർ വ്യക്തികളുടെ കുടുംബജീവിതം സംഘടിപ്പിക്കുന്നതിനുള്ള നിയമാനുസാരമായ മാർഗ്ഗമായി അവിവാഹിതർ തമ്മിലുള്ള *മൈത്രീ കരാർ* (സൗഹൃദ ഉടമ്പടി)[37] നിയമപരമായി അംഗീകരിക്കാൻ ശുപാർശ ചെയ്തു.[38] ഇപ്പോൾ ഗുജറാത്തിൽ നിയമവിരുദ്ധമായി കണക്കാക്കപ്പെടുന്നുണ്ടെങ്കിലും, ബന്ധങ്ങൾ ഔപചാരികമാക്കുന്നതിനും കർതൃത്വം പ്രാവർത്തികമാക്കുന്നതിനും കൂടുതൽ സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതിനുമായി ഗുജറാത്തിനകത്തും പുറത്തുമുള്ള ലെസ്ബിയൻ സ്ത്രീകൾക്ക് ഒരിക്കൽ *മൈത്രി കരാറുകൾ* അവസരമൊരുക്കി.[39] അതിന്റെ സാധുതയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉണ്ടെങ്കിലും, തങ്ങളുടെ ബന്ധങ്ങളെ

---

33 *Id* at 31, pg. 9

34 *Id* at 31, pg. 12

35 *Id* at 31, pgs. 10-11

36 *Id* at 31, pg. 51

37 *മിനാക്സി സവർബായ് ജെത്വ v. സ്റ്റേറ്റ് ഓഫ് ഗുജറാത്ത്*, (2000) 41 (2) GLR 1336-ൽ മൈത്രി കരാർ (സൗഹൃദ ഉടമ്പടികൾ) അസാധുവാണെന്ന് ഗുജറാത്ത് ഹൈക്കോടതി പ്രഖ്യാപിച്ചു. ഗുജറാത്തിൽ 1955-ലെ ഹിന്ദു വിവാഹ നിയമപ്രകാരം ദ്വിഭാര്യത്വത്തിനെതിരായ നിരോധനം ഒഴിവാക്കാൻ സ്ത്രീകളുമായി വിവാഹിതരായ പുരുഷന്മാർ ലിവ്-ഇനിൽ ബന്ധങ്ങളിൽ പ്രവേശിക്കുന്നതിന്റെ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ പ്രഖ്യാപനം ഉണ്ടായത്.

38 *Id* at 31, pgs. 68-69

39 റൈറ്റ്സ് ഇൻ ഇന്റിമേറ്റ് റിലേഷൻഷിപ്സ്: ടുവാർഡ്സ് ആൻ ഇൻക്ലൂസിവ് ആൻഡ് ജസ്റ്റ് ഫ്രെയിംവർക്ക് ഓഫ് വിമൻസ് റൈറ്റ്സ് ആൻഡ് ദി ഫാമിലി, പാർട്ട്നേഴ്സ് ഫോർ ലോ ഇൻ ഡെവലപ്മെന്റ് (2010), at pgs. 61-72

നിയമം അംഗീകരിക്കാത്ത സാഹചര്യത്തിൽ ലെസ്ബിയൻ ദമ്പതികൾ അത്തരം ഏർപ്പാടുകളെ ആശ്രയിക്കുന്നത് തുടരുന്നു.[40]

1.2.6 1999-ൽ, ഫെമിനിസ്റ്റ്, ലെസ്ബിയൻ, ബൈസെക്ഷ്വൽ, ട്രാൻസ് സ്ത്രീ സംഘങ്ങളായ, സ്ത്രീ സംഗമം (ഇന്ന് ലെസ്ബിയൻസ് ആൻഡ് ബൈസെക്ഷ്വൽസ് ഇൻ ആക്ഷൻ-LABIA എന്ന പേരിൽ അറിയപ്പെടുന്നു) കൂടാതെ *ഫോറം എഗെയ്ൻസ്റ്റ് ഒപ്രെഷൻ ഓഫ് വുമൺ* എന്നിവ മൂന്ന് തരം ആവശ്യങ്ങൾ ഉന്നയിച്ചു: (i) കുറ്റവത്കരണം ഒഴിവാക്കുക, (ii) വിവേചനവിരുദ്ധത, (iii) ഗാർഹിക പങ്കാളിത്ത അവകാശങ്ങൾ.[41]

1.2.7 ക്വീർ കുടുംബങ്ങളുടെ വൈവിധ്യമാർന്ന രൂപങ്ങൾക്ക് - ഏക രക്ഷാകർതൃ കുടുംബങ്ങൾ, ഗാർഹിക പങ്കാളിത്തം, ഒന്നിലധികം പ്രായപൂർത്തിയായവർ (വെറും വൈവാഹികമല്ലാത്ത) അടങ്ങിയ കുടുംബങ്ങൾ തുടങ്ങിയവ നിയമപരമായ അംഗീകാരം നൽകേണ്ടതിന്റെ ആവശ്യകത സംഘങ്ങൾ വ്യക്തമാക്കി.[42] ലിംഗനീതിയുള്ള ഒരു നിയമ ചട്ടക്കൂടിന്റെ സ്വപ്നദർശനത്തിൽ വേരൂന്നിക്കൊണ്ടുള്ളതാണ് ഇത്തരം കുടുംബങ്ങളുടെ അംഗീകാരത്തിനുള്ള ആവശ്യപ്പെടലുകൾ, അതുകൂടാതെ, വിവാഹിത്താൽ മാത്രം നിർവ്വചിക്കപ്പെടണമെന്നില്ലാത്ത കുടുംബം എന്ന ആശയത്തെ ആശയപരമായി വികസിപ്പിച്ചുകൊണ്ട് വിവാഹത്തിനുപുറമെയുള്ള ഗാർഹിക ഏർപ്പാടുകൾ പങ്കുവെക്കുന്ന ഭിന്നലിംഗരും കീർ വ്യക്തികളും ഉൾപ്പെടുന്ന സംഘങ്ങളെയും ഇതിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രമിക്കുകയും ചെയ്യുന്നുണ്ട്.[43]

1.2.8 വൈവാഹിക നിലയിൽ അടിസ്ഥാനമാക്കി വ്യക്തികൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള വിവിധ സാമൂഹിക സാമ്പത്തിക അവകാശങ്ങൾക്കായുള്ള ആവശ്യപ്പെടലുകളിൽ അടിസ്ഥാനപരമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് വിവിധ തരത്തിലുള്ള കീർ കുടുംബങ്ങളുടെ നിയമപരമായ അംഗീകാരത്തിനായുള്ള ആവശ്യം: പങ്കാളികളുടെ സാമ്പത്തിക അവകാശങ്ങളും ബാധ്യതകളും, സംയുക്ത നികുതി, ജോയിന്റ് ഇൻഷുറൻസ്, വാർദ്ധക്യകാല പെൻഷനുകൾ, ഏകരക്ഷാകർതൃ ആനുകൂല്യങ്ങൾ, ബാധ്യത/മോർട്ട്ഗേജ് ലോണുകൾ, സ്വത്തിന്റെ പൊതു ഉടമസ്ഥത, അനന്തരാവകാശം, പങ്കാളി രോഗബാധിതനാവുന്ന സാഹചര്യങ്ങളിൽ 'അടുത്ത ബന്ധുക്കളുടെ' ആനുകൂല്യങ്ങൾ, മരണാനന്തര ആനുകൂല്യങ്ങൾ, ശിശു സംരക്ഷണ ആനുകൂല്യങ്ങൾ, കുട്ടികളെ ഏറ്റെടുക്കൽ, ദത്തെടുക്കൽ, പ്രത്യുത്പാദന സഹായ സാങ്കേതികവിദ്യകളും, ദ്വിരാഷ്ട്ര ബന്ധങ്ങൾക്കുള്ള കുടിയേറ്റ അവകാശങ്ങളും ലഭ്യമാക്കൽ, മുതലായവ.[44]

1.2.9 2013-ൽ, ജനന സമയത്ത് പെൺ ലിംഗമായി അടയാളപ്പെടുത്തപ്പെട്ട (PAGFB) കീർ വ്യക്തികളുടെ അനുഭവങ്ങൾ രേഖപ്പെടുത്തിയ ഒരു പഠനത്തിൽ, സിവിൽ

---

[40] സെയിം-സെക്സ് കപ്പിൾസ് ഇൻ ഇന്ത്യ ആർ യൂസിങ് എ ഗുജറാത്തി പ്രാക്ടീസ് ടു ഗെറ്റ് 'മാരീഡ്', ഓംകാർ ഖണ്ഡേക്കർ, ലൈവ്മിന്റ്, 05.10.2020

[41] ഹംജിൻസി, എ റിസോഴ്സ് ബുക്ക് ഓൺ ലെസ്ബിയൻ, ഗേ ആൻഡ് ബൈസെക്സ്വൽ റൈറ്റ്സ് ഇൻ ഇന്ത്യ, എഡിറ്റഡ് ആൻഡ് കംപൈൽഡ് ബൈ ബിന ഫെർണാണ്ടസ്, ഇന്ത്യ സെന്റർ ഫോർ ഹ്യൂമൻ റൈറ്റ്സ് ആൻഡ് ലോ (1999)

[42] *Ibid*, pg. 8

[43] *Id* at 41, pg. 83-88

[44] *Id* at 41, pg. 16-19, 66-72

പങ്കാളിത്തത്തെ നിയമപരമായി അംഗീകാരിക്കുന്നതിനുള്ള ആവശ്യപ്പെടൽ സർക്കാരിന്റെ ഭാഗത്തുനിന്നായിരിക്കണമെന്നും, അത്തരമൊരു നീക്കം ഇത്തരം സമുദായങ്ങളുടെ ചരിത്രപരമായ പാർശവത്കരണം ചെയ്തതിന്റെ പരിഹാരമായിരിക്കുമെന്നും, അതോടൊപ്പം, വിവാഹിതരായ ഭിന്നവർഗ്ഗ ലൈംഗിക ദമ്പതികൾക്കുള്ള സ്വത്തവകാശം, ഒരുമിച്ചുള്ള ബാങ്ക് അക്കൗണ്ടിനുള്ള അവകാശം, പങ്കാളികൾക്കായി ആരോഗ്യപരമായ തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം, പങ്കാളികളെ വിൽപ്പത്രത്തിൽ ഗുണഭോക്താക്കളായി നോമിനേറ്റ് ചെയ്യാനുള്ള അവകാശം, എന്നിങ്ങനെയുള്ള തുല്യ അവകാശങ്ങൾ ലഭ്യമാക്കുന്നതിനു LABIA ശുപാർശ ചെയ്തു.[45]

1.2.10 2018-ൽ ഇന്ത്യൻ ലോ കമ്മീഷൻ നടത്തിയ ഏകീകൃത സിവിൽ കോഡ് (UCC) നടപ്പാക്കാനുള്ള പര്യാലോചനയിൽ, വ്യത്യസ്തങ്ങളായ ക്വീർ കുടുംബങ്ങളെ അവരുടെ ദാമ്പത്യ-വൈവാഹിക ബന്ധത്തിന്റെ അടിസ്ഥാനത്തിലല്ലാതെ അംഗീകരിക്കാനും ഉൾക്കൊള്ളിക്കാനും ശുപാർശചെയ്യുന്നതിനോടൊപ്പം, ദത്തെടുക്കൽ, പിന്തുടർച്ചാ നിയമങ്ങളിൽ ജനിതക നിഷ്പക്ഷമായ നിയമങ്ങൾ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുമാണ് ക്വീർ, ഫെമിനിസ്റ്റ്, ലെസ്ബിയൻ, ബൈസെക്സ്വൽ, ട്രാൻസ്* (LBT) പ്രവർത്തകർ പ്രതികരിച്ചത്. വൈകല്യം സംഭവിച്ച പങ്കാളികൾക്ക് വേണ്ടിയുള്ള ജീവിത തയ്യാറെടുപ്പുകൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാനും, പ്രായപൂർത്തിയാവാത്ത കുട്ടികളുടെ രക്ഷാകർതൃത്വത്തിനും, നിയമപ്രകാരമുള്ള അനന്തരാവകാശിയെ പ്രഖ്യാപിക്കുന്നതിനും, ജീവിതാന്ത്യം വരെയുള്ള പരിപാലനത്തിനും, തുടങ്ങിയവയ്ക്കായി ദാമ്പത്യമോ കുടുംബപരമോ ആയ പരിധിക്കപ്പുറമുള്ള ഒരു വ്യക്തിയെ ഇത്തരം തീരുമാനങ്ങൾ എടുക്കുന്നതിനായും, സ്വ കുടുംബങ്ങളിൽ നിന്നുള്ള ഇടപെടലുകൾക്കും മേല്പറഞ്ഞ കാര്യങ്ങൾ തിരഞ്ഞെടുക്കുന്നതുകൊണ്ടുള്ള ആക്രമണങ്ങൾക്കും എതിരെയുള്ള നിയമ സംരക്ഷണമായും, 'നിയമ പ്രതിനിധികളെ' തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും അവർ അതോടൊപ്പം ശുപാർശ ചെയ്തു.[46]

1.2.11 2019-ന്റെ തുടക്കത്തിൽ, സമ്പൂർണ (ട്രാൻസ്, ഇന്റർസെക്സ്, ജെൻഡർ നോൺ-ബൈനറി വ്യക്തികളുടെ ഒരു കൂട്ടായ്മ) പ്രധാനമായും വിവിധ ശ്രേണിയിലുൾപ്പെട്ട ലിംഗ വ്യക്തിത്വങ്ങളേയും പ്രകടനങ്ങളേയും[47] നിയമത്തിൽ അംഗീകരിക്കാനും, അതുമൂലം, അത്തരം വ്യക്തികളുടെ സംഖ്യയെ സെൻസസിൽ കൃത്യമായി പ്രതിഫലിപ്പിക്കാനും ആവശ്യപ്പെട്ടുക്കൊണ്ട് അവകാശങ്ങളുടെ ഒരു പ്രകടനപത്രിക പ്രസിദ്ധീകരിച്ചു, സർക്കാരിനോട് നയപരവും ബജറ്റ് സംബന്ധമായ ശുപാർശയുടെ

---

[45] ബ്രേക്കിംഗ് ദി ബൈനറി: അണ്ടർസ്റ്റാൻഡിങ് കൺസേൺസ് ആൻഡ് റിയാലിറ്റീസ് ഓഫ് ക്വീർ പേഴ്സൺസ് അസൈൻഡ് ജൻഡർ ഫീമെയിൽ അറ്റ് ബെർത്ത് അക്രോസ്സ് എ സ്പെക്ട്രം ഓഫ് ലിവ്ഡ് ഐഡന്റിറ്റിസ്, എ സ്റ്റഡി ബൈ LABIA- എ ക്വീർ ഫെമിനിസ്റ്റ് LBT കളക്ടീവ് (ഏപ്രിൽ 2013)

[46] ഛായാനിക ഷാ, മീനാക്ഷി സന്യാൽ, മായാ ശർമ്മ, ഋതുപർണ ബോറ, റൂമി ഹരീഷ്, ദീപ്തി ശർമ്മ ആൻഡ് ജയാ ശർമ്മ, റെസ്പോൺസ് ടു ലോ കമ്മീഷൻ ഓൺ യൂണിഫോം സിവിൽ കോഡ് (ജൂലൈ 2018); http://orinam.net/lci-response-lbt- 2018/-ൽ ലഭ്യമാണ്

[47] സാംസ്കാരികവും ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ നാമകരണങ്ങളിൽ ട്രാൻസ്*, ഇന്റർസെക്സ്, ജെൻഡർ നോൺ-ബൈനറി വ്യക്തികൾ അറിയപ്പെടുന്നു. ചില ട്രാൻസ് സ്ത്രീ വ്യക്തിത്വങ്ങളും പദപ്രയോഗങ്ങളും ഇവയാണ്: തിരുനങ്ങൈ, മംഗൾമുഖി, അരവാണി, ഹിജ്റ, കോത്തി, കിന്നർ, ജോഗപ്പ, ശിവശക്തി, പേഴ്സൺസ് ഓഫ് ട്രാൻസ് ഫെമിനൈൻ എക്സ്പീരിയൻസ്. ചില ട്രാൻസ് പുരുഷ വ്യക്തിത്വങ്ങളും പദപ്രയോഗങ്ങളും ഇവയാണ്: തിരുനമ്പി, ഗണ്ഡബാസക, ബാബു, ഭയ്യ, പേഴ്സൺസ് ഓഫ് ട്രാൻസ് മാസ്ക്യൂലിൻ എക്സ്പീരിയൻസ്. മേൽ പറഞ്ഞവയിൽ ഒന്നും തന്നെ ഉൾപ്പെടാത്ത നോൺ-ബൈനറി, ജൻഡർ നോൺ-ബൈനറി വ്യക്തിത്വങ്ങളും പദപ്രയോഗങ്ങളും ഉണ്ട്; *Infra* at 42

ഭാഗമായി. വിവാഹം, പിന്തുടർച്ച, പ്രത്യുത്പാദന അവകാശങ്ങൾ, ദത്തെടുക്കൽ, തുടങ്ങിയ മറ്റ് നിയമങ്ങൾ എന്നിവയ്ക്കുള്ള ട്രാൻസ്, ഇന്റർ സെക്സ്, നോൺ ബൈനറി വ്യക്തികളുടെ അവകാശങ്ങളിൽ സർക്കാരുമായി ഇടപഴകാനായി ഈ കൂട്ടായ്മ ഉദ്ദേശിക്കുന്നു,[48] മാത്രമല്ല, അവരുടെ അഭിപ്രായത്തിൽ, *ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) നിയമം, 2019*-ൽ പറയുന്ന രക്തബന്ധം, വിവാഹം, ദത്തെടുക്കലിൽ മാത്രം അടിസ്ഥാനപ്പെടുത്തിയ 'കുടുംബം' എന്ന ആശയം *ഹിജ്റ ഘരണാസ്*കുടുംബങ്ങളെ ഒഴിക്കുന്നു.[49]

1.2.12 LGBT+ വ്യക്തികളെ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഇന്ത്യയിലെ കുടുംബ നിയമങ്ങളുടെ പരിഷ്കരണത്തെക്കുറിച്ചുള്ള ഒരു കൂടിയാലോചനയിൽ, ക്വീർ, ഫെമിനിസ്റ്റ്, LBT പ്രവർത്തകർ, വിവാഹം എന്നാൽ, സാമ്പത്തികവും വൈകാരികവുമായ ഒരു പരസ്പര ആശ്രിതത്വമായ ഒരു ബന്ധമാണെന്ന ഒരു ആശയം കൊണ്ടുവന്നു; കൂടാതെ, കുടുംബം എന്നതിന്റെ നിയമത്തിലെ വ്യാഖ്യാനം *ഹിജ്റ ഘരണ* പോലുള്ള വിവാഹേതര ബന്ധങ്ങളുടെ ശൃംഖലകൾ കൂടി ഉൾക്കൊള്ളിക്കണമെന്നും ആവശ്യപ്പെട്ടു; മാത്രമല്ല, നിയമപരിഷ്കാരം പരമ്പരാഗത കുടുംബ വ്യവസ്ഥകൾ അനുസരിച്ച് നിയമത്തിൽ അംഗീകാരം ആവശ്യപ്പെടാത്ത ക്വീർ വ്യക്തികളെ, ഘടനാപരമായി, പ്രതികൂലമായി ബാധിക്കരുതെന്നും പ്രധാനമായി ശുപാർശ ചെയ്തു.[50]

1.2.13 പട്ടികജാതി സമുദായങ്ങളുടെ കാലാകാലങ്ങളായുള്ള പാർശവൽക്കരണം പരിഹരിക്കുന്നതിന് തമിഴ്നാട് സ്വീകരിച്ചിട്ടുള്ള സാമൂഹിക സുരക്ഷാ നടപടികളിൽ നിന്നും മിശ്രജാതി വിവാഹങ്ങളുടെ അനുഭവങ്ങളിൽ നിന്നും കടമെടുക്കാനും കൂടി പ്രവർത്തകർ ശുപാർശ ചെയ്തു.[51]

1.2.14 പരിപാലനവും സാമ്പത്തിക പരസ്പരാശ്രിതത്വവും മുൻനിർത്തുന്നതും അതുപോലെ, ദ്വിത്വ ലിംഗഭേദം, നിർബന്ധിത ഭിന്നലൈംഗികത, ഏകഭാര്യാഭർതൃത്വം, ദാമ്പത്യം എന്ന മാതൃകകൾ സ്വാംശീകരിക്കുന്നതിനെ എതിർക്കുന്നതുമായ വൈവിധ്യങ്ങളായ ബന്ധങ്ങൾക്കും അത്തരം ബന്ധുത്വശൃംഖലകൾക്കും നിയമപരമായ അംഗീകാരം ലഭിക്കാനുള്ള ആഗ്രഹമാണ് ക്വീർ സമൂഹത്തിന്റെ നിയമവുമായുള്ള സംഘർഷം വ്യക്തമാക്കുന്നത്.[52]

---

48 എ മാനിഫെസ്റ്റോ ഫോർ റൈറ്റ്സ് ഓഫ് ട്രാൻസ്, ഇന്റർസെക്സ് ആൻഡ് ജൻഡർ നോൺ-ബൈനറി പേഴ്സൺസ്, സമ്പൂർണ്ണ (2019); ഇവിടെ ലഭ്യമാണ്: https://sampoornaindiablog.wordpress.com/2019/02/25/a-manifesto-for-rights-of-trans-intersex-gender-non- binary-indians/

49 *Id* at 16

50 മേക്കിങ് ഇന്ത്യൻ ലോസ് LGBT+ ഇൻക്ലൂസീവ്, വിധി സെന്റർ ഫോർ ലീഗൽ പോളിസി (2019)

51 *Ibid,* pgs. 33-34

52 ഭിന്നലൈംഗികതയാണ് ലൈംഗികതയുടെ സ്വാഭാവിക അവസ്ഥ എന്ന ആശയമാണ് നിർബന്ധിത ഭിന്നലൈംഗിക, ഈ മാനദണ്ഡത്തിൽ നിന്നുമുള്ള വ്യതിചലനത്തെ പ്രതികൂലമായി കാണുകയും, സമൂഹവും നിയമവും ശിക്ഷിക്കുകയും ചെയ്യുന്നു. നിർബന്ധിത ഏകഭാര്യാ-ഭർതൃത്വത്തിന്റെയും ദാമ്പത്യത്തിന്റെയും ആശയങ്ങൾ സമാനമായ അനുമാനങ്ങളിൽ സ്ഥാപിതമായവയാണ്, സാമൂഹികവും നിയമപരവുമായ സ്ഥാപനങ്ങൾ അത്തരം മാനദണ്ഡങ്ങൾ പാലിക്കുകയും വ്യതിചലിക്കുകയും ചെയ്യുന്ന ആളുകൾക്ക് പ്രതിഫലം നൽകുകയോ ശിക്ഷിക്കുകയോ ചെയ്യുന്നു. റിച്ച് എഡ്രിയാൻ. "കംപൾസറി

## 1.3 നീതി ന്യായ വ്യവസ്ഥയിലുടെ പരിഹാരങ്ങൾ തേടുമ്പോൾ

1.3.1 ഡൽഹി ഹൈക്കോടതി ആദ്യമായി IPC 377-ാം വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ചപ്പോൾ, സ്വന്തം കുടുംബങ്ങളിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ തങ്ങളുടെ ബന്ധങ്ങൾക്ക് അക്രമാസക്തമായ എതിർപ്പ് നേരിടേണ്ടി വന്ന ക്വീർ വ്യക്തികൾ 2009-നു മുമ്പ് തന്നെ സംരക്ഷണത്തിനായി ഹൈക്കോടതികളെ സമീപിച്ചിരുന്നു. എങ്കിലും, ഈ നിമിഷം വരെ നിയമം യഥാർത്ഥത്തിൽ സ്വവർഗരതിയെ ക്രിമിനൽ കുറ്റമാക്കിയതിനാൽ, 1947 മുതൽ 2009 വരെയുള്ള കാലഘട്ടത്തിലെ ക്വീർ വ്യക്തികളുടെ സംരക്ഷണ കേസുകളുമായി ബന്ധപ്പെട്ട നിയമ രേഖകളിൽ ഭൂരിഭാഗവും കക്ഷികളുടെ ലിംഗ വ്യക്തിത്വത്തെയോ ലൈംഗിക ആഭിമുഖ്യത്തെയോ ആധികാരികമായി പ്രതിനിധീകരിച്ചിരുന്നില്ല.[53] അതേ സമയം, സ്വവർഗ്ഗാനുരാഗിയോ ലെസ്ബിയനോ ആയി പരസ്യമായി തിരിച്ചറിയപ്പെടുന്നതും അത്തരം ബന്ധത്തിലായിരിക്കുകയും ചെയ്യുന്നത് സോഡോമി വിരുദ്ധ നിയമപ്രകാരം വിചാരണത്തിന് വിധേയമാകാൻ സാധ്യതയുണ്ടാക്കി. ക്വീർ നിലയുടെ ഈ അദൃശ്യതയും കോടതികൾക്ക് മുമ്പാകെ ഒരാളുടെ ബന്ധത്തിന്റെ നില വെളിപ്പെടുത്താൻ സാധിക്കാതിരിക്കുന്നതും പല കേസുകളിലും വെല്ലുവിളികൾ ഉയർത്തി, അതുമൂലം കോടതികൾ ക്വീർ വ്യക്തികളോട് (മുതിർന്നവരോ കൗമാരക്കാരോ) സ്വന്തം കുടുംബങ്ങളോടൊപ്പം താമസിക്കാൻ നിർദ്ദേശിക്കുന്നതിന് താത്പര്യപ്പെടുകയും അവരുടെ നിയമാധികാരം പ്രയോഗിക്കാൻ വിസമ്മതിക്കുകയും ചെയ്തു.

1.3.2 ട്രാൻസ്ജെൻഡർ വ്യക്തികളുടെ ലിംഗ വ്യക്തിത്വത്തിന്റെ സ്വയം നിർണ്ണയത്തിന് നിയമപരമായ അംഗീകാരം നൽകിയ സുപ്രീം കോടതിയുടെ *NALSA*-യിലെ പുരോഗമനപരമായ വിധിയും, സ്വവർഗരതിയുടെ ഡി ഫാക്ടോ കുറ്റവത്കരണത്തെ അസാധുവാക്കിയ *നവതേജും* ഉണ്ടായിരുന്നിട്ടും, ക്വീർ വ്യക്തികൾ നീതി ലഭിക്കുന്നതിൽ വെല്ലുവിളികൾ നേരിടുന്നു. ക്വീർ ബന്ധങ്ങളുടെയും പങ്കാളികളുടെ അവകാശങ്ങളുടെയും സാധുതയെക്കുറിച്ച് നിയമത്തിൽ വ്യക്തതയില്ലാത്തതിനാൽ, ക്വീർ വ്യക്തികൾ സ്വന്തം കുടുംബങ്ങളുടെയും മറ്റുള്ളവരുടെയും ഏകപക്ഷീയമായ ഇടപെടലുകൾക്കും അതിക്രമങ്ങൾക്കും വിധേയമാവാനുള്ള സാധ്യത കൂടുന്നു. ഇക്കാലത്തു ക്വീർ വ്യക്തികൾ സാധാരണയായി ഭരണഘടനയുടെ 226-ാം അനുച്ഛേദം (ചില റിട്ടുകൾ പുറപ്പെടുവിക്കാനുള്ള ഹൈക്കോടതിയുടെ അധികാരം) പ്രകാരം നിയമപരിരക്ഷയ്ക്കായി ഹൈക്കോടതികളെ സമീപിക്കുകയോ അല്ലെങ്കിൽ *1973-ലെ ക്രിമിനൽ നടപടി ക്രമ*ത്തിന്റെ 482-ാം വകുപ്പനുസരിച്ച് (ഹൈക്കോടതിയുടെ

---

ഹെറ്ററോസെക്സ്വലിറ്റി ആൻഡ് ലെസ്ബിയൻ എക്സിസ്റ്റൻസ്." സൈൻസ്, Vol. 5, No. 4, 1980, pp. 631-660 കാണുക.

[53] പൊന്നി അരസു ആൻഡ് പ്രിയ തങ്കരാജ, *ക്വീർ വിമൺ ആൻഡ് ഹേബിയസ് കോർപസ് ഇൻ ഇന്ത്യ: ദി ലവ് ദാറ്റ് ബ്ലൈൻഡ്സ് ദി കോർട്ട്*, 19(3) ഇന്ത്യൻ ജേർണൽ ഓഫ് ജെൻഡർ സ്റ്റഡീസ് 413 (2012)

അന്തർലീനമായ അധികാരങ്ങൾ സംരക്ഷിക്കൽ) സംരക്ഷണവും പ്രതിവിധികളും തേടുകയോ ചെയ്യുന്നു.

1.3.3 ഒക്ടോബർ 2018-ൽ (*നവ്തേജിനു* ഒരു മാസം ശേഷം), മദ്രാസ് ഹൈക്കോടതി ഒരു പുരുഷനും അയാളുടെ ട്രാൻസ് പങ്കാളിക്കും, ആ പുരുഷന്റെ കുടുംബവും, ഒരു 'രാഷ്ട്രീയ സംഘടന'യിൽ പെട്ടവരും ചേർന്ന് ദമ്പതികളെ ഉപദ്രവിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ, പോലീസ് സംരക്ഷണം നൽകി.[54] മിശ്ര-ജാതി-മതങ്ങളിൽ പെട്ട ദമ്പതികൾക്ക്[55] പതിവായി നൽകുന്ന സംരക്ഷണത്തിന്റെ നിയമശാസ്ത്രത്തെ ഉദ്ധരിച്ച്, ട്രാൻസ്ജെൻഡർ വ്യക്തികളുമായുള്ള വിവാഹവും, കുടുംബങ്ങളുടെ എതിർപ്പും നിയമത്തിൽ സമാനമായ പ്രതികരണത്തിന് അർഹമാണെന്ന് കോടതി പറഞ്ഞു.

1.3.4 വീണ്ടും, 2018 ഒക്ടോബറിൽ, കുടുംബാംഗങ്ങളിൽ നിന്ന് അവരുടെ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അക്രമ ഭീഷണി നേരിട്ട രണ്ട് സ്ത്രീകൾക്ക് പോലീസ് സംരക്ഷണം നൽകിക്കൊണ്ട് ഡൽഹി ഹൈക്കോടതി വിശദമായ ഉത്തരവ് പുറപ്പെടുവിക്കുകയും, അപ്രകാരം ആ സ്ത്രീകളെ സഹായിക്കാതെ, അവർക്കെതിരെ നിസ്സാരമായി ക്രിമിനൽ കേസ് ഫയൽ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ ഡിപ്പാർട്ട്മെന്റൽ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.[56]

1.3.5. 2019 ജനുവരിയിൽ, തന്റെ പങ്കാളിയെ അവരുടെ കുടുംബത്തിന്റെ അനധികൃത തടങ്കലിൽ നിന്ന് മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഒരു ലെസ്ബിയൻ സ്ത്രീയുടെ റിട്ട് ഹർജി കൽക്കട്ട ഹൈക്കോടതി പരിഗണിച്ചു. എന്നാൽ, കോടതിയിൽ ഹാജരാക്കിയപ്പോൾ, അമ്മയ്ക്കൊപ്പം താമസിക്കാനാണ് തന്റെ തീരുമാനം എന്ന് തടങ്കലിലായിരുന്ന യുവതി പറഞ്ഞതിനെ തുടർന്ന് കേസ് തീർപ്പാക്കി.[57]

1.3.6 2019 ഏപ്രിലിൽ, ഒരു ലിവ്-ഇൻ ബന്ധത്തിൽ ഒരുമിച്ച് താമസിച്ച രണ്ട് സ്ത്രീകൾക്ക്, അവരുടെ ബന്ധം അംഗീകരിക്കാത്ത, സ്വന്തം കുടുംബങ്ങളിൽ നിന്നുള്ള അക്രമ ഭീഷണിക്കെതിരെ ഡൽഹി ഹൈക്കോടതി പോലീസ് സംരക്ഷണം അനുവദിച്ചു.[58]

---

54 *മൻസൂർ റഹ്മാൻ v. സൂപ്പറിണ്ടേടന്റ് ഓഫ് പോലീസ്*, 2018 SCC Online Mad 3250

55 *ലതാ സിംഗ് v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്*, (2006) 5 SCC 475

56 *സാധന സിൻസിൻവാർ & അനതർ v. സ്റ്റേറ്റ് & അതേഴ്സ്,* WP (Crl) No. 3005 of 2018, 01.10.2018-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പായി

57 *SSG v. സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ*, റിട്ട് പെറ്റീഷൻ No. 23120(W) of 2018, 29.01.2019-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി

58 *ഭാവന ആൻഡ് അതേഴ്സ് v. സ്റ്റേറ്റ് ആൻഡ് അതേഴ്സ്,* WP (Crl) No. 1075 of 2019, 12.04.2019- ലെ ഉത്തരവ്

1.3.7 2019 ജൂലൈയിൽ, ബന്ധുക്കളുടെ അനധികൃത തടങ്കലിൽ നിന്ന് പങ്കാളിയെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ട്രാൻസ് പുരുഷൻ നൽകിയ ഹേബിയസ്കോർപ്പസ് റിട്ട്, ആ സ്ത്രീ അവരുടെ മാതാപിതാക്കളോടൊപ്പം താമസിക്കാൻ തീരുമാനിച്ചതിനാൽ, സ്വീകരിക്കാൻ ഡൽഹി ഹൈക്കോടതി വിസമ്മതിച്ചു.[59]

1.3.8 2020 ജൂണിൽ, കുടുംബാംഗങ്ങൾ അനധികൃതമായി തടങ്കലിൽ വച്ചിരിക്കുന്നുവെന്ന സ്ത്രീ പങ്കാളിയുടെ പരാതിക്കെതിരെ ഒരു സ്ത്രീ നൽകിയ ഹേബിയസ്കോർപ്പസ് റിട്ട് ഉത്തരാഖണ്ഡ് ഹൈക്കോടതി സ്വീകരിച്ചു. തുടക്കത്തിൽ, തടങ്കലിലായ സ്ത്രീ ഹർജി സമർപ്പിച്ച പങ്കാളിയോടൊപ്പം ജീവിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും അവരുടെ ഇഷ്ടത്തിന് വിരുദ്ധമായി തടങ്കലിൽ വച്ചതിന്റെ ആരോപണങ്ങൾ സ്ഥിരീകരിക്കുകയും ചെയ്തു. എന്നാൽ, തുടർന്നുള്ള വിചാരണയിൽ, അവൾ കോടതിയിൽ അവരുടെ മുൻ മൊഴി പൂർണ്ണമായും നിരസിക്കുകയും തന്റെ കുടുംബത്തോടൊപ്പം താമസിക്കാൻ തീരുമാനിക്കുകയും ചെയ്തു.[60]

1.3.9 2020 ജൂലൈയിൽ, തങ്ങളുടെ കുടുംബങ്ങളിൽ നിന്നുള്ള അക്രമ ഭീഷണികൾക്കെതിരെ കോടതിയെ സമീപിച്ച രണ്ട് സ്ത്രീകൾക്ക് അവരുടെ ബന്ധത്തിന്റെ നിയമ സാധുത പരിഗണിക്കാതെ തന്നെ ഭരണഘടനയുടെ 21-ാം അനുച്ഛേദം പ്രകാരം ജീവനും സ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം അർഹിക്കുന്നു എന്ന കാഴ്ചപ്പാട് സ്ഥിരീകരിച്ചുകൊണ്ട് പഞ്ചാബ് & ഹരിയാന ഹൈക്കോടതി പോലീസ് സംരക്ഷണം നൽകി.[61]

1.3.10 2020 നവംബറിൽ, കുടുംബാംഗങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നും അക്രമത്തിനിരയാക്കപ്പെട്ട ലിവ്-ഇൻ ബന്ധത്തിലുള്ള ലെസ്ബിയൻ ദമ്പതികൾക്ക് അലഹബാദ് ഹൈക്കോടതി പോലീസ് സംരക്ഷണം അനുവദിച്ചു.[62]

1.3.11 2020 ഡിസംബറിൽ, തന്റെ പങ്കാളിയെ അയാളുടെ കുടുംബം തട്ടിക്കൊണ്ടുപോയപ്പോൾ മോചിപ്പിക്കുന്നതിനായി ഒരു സ്വവർഗ്ഗാനുരാഗിയായ പുരുഷൻ കർണാടക ഹൈക്കോടതിയിൽ നൽകിയ ഹർജി, പങ്കാളി തന്റെ കുടുംബത്തോടൊപ്പം സ്വന്തം താത്പര്യ പ്രകാരം ജീവിക്കുകയാണെന്ന് കോടതിയെ അറിയിച്ചപ്പോൾ, പരാജയപ്പെട്ടു.[63]

---

[59] *മോനു രാജ്പുട്ട് v. സ്റ്റേറ്റ്*, 2019 SCC Online Del 9154

[60] *മധു ബാല v. സ്റ്റേറ്റ് ഓഫ് ഉത്തരാഖണ്ഡ് & അദേഴ്സ്*, 2020 SCC Online Utt 276

[61] *പരംജിത് കൗർ & അദേഴ്സ് v. സ്റ്റേറ്റ് ഓഫ് പഞ്ചാബ് & അദേഴ്സ്,* CRWP No. 5042/2020, 20.07.2020-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി

[62] *സുൽത്താന മിർസ & അനദർ v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്,* റിട്ട് പെറ്റീഷൻ (സി) 17394/2020, 02.11.2020-ലെ ഉത്തരവ് പ്രകാരം തീർപ്പാക്കി

[63] *റൗണക് റോയ് v. സ്റ്റേറ്റ് ഓഫ് കർണാടക*, WP (C) 85 of 2020, 14.12.2020-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി

1.3.12 2021 ജനുവരിയിൽ, കുടുംബാംഗങ്ങളിൽ നിന്നുള്ള അക്രമം പ്രതീക്ഷിക്കുന്നുവെന്നറിയിച്ച ലെസ്ബിയൻ ദമ്പതികൾക്ക് അലഹബാദ് ഹൈക്കോടതി വീണ്ടും പോലീസ് സംരക്ഷണം നൽകി.[64]

1.3.13 2021 ജൂണിൽ, ക്വീർ വ്യക്തികളുടെ കുടുംബാംഗങ്ങൾ നൽകിയ പരാതിയിൽ കാണാതായ വ്യക്തികളെക്കുറിച്ചുള്ള അന്വേഷണം നടത്തുമ്പോൾ പ്രായപൂർത്തിയായ വ്യക്തികൾ എന്ന നിലയിൽ പരസ്പര സമ്മതത്തോടെ ഒരുമിച്ചു ജീവിക്കാനോ ജനിച്ച വീട് വിടാനോ തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിക്കഴിഞ്ഞാൽ പോലീസ് ഉടൻ തന്നെ കേസ് അവസാനിപ്പിക്കണമെന്നും, അവരെ കൂടുതൽ ഉപദ്രവിക്കരുത് എന്നും മദ്രാസ് ഹൈക്കോടതി നിർദ്ദേശം നൽകി.[65] ലൈംഗികബന്ധം, ലിംഗം, ലൈംഗികത എന്നിവയെക്കുറിച്ച് സമഗ്രമായ ധാരണ നേടാൻ ജഡ്ജിയെ സഹായിച്ച ക്വീർ സമൂഹവുമായി കൂടിയാലോചിച്ച ശേഷം, ലെസ്ബിയൻ ദമ്പതികൾക്ക് ആശ്വാസം പകർന്നുകൊണ്ടും പ്രസ്തുത കേസിനും അപ്പുറമായി തന്റെ റിട്ട് അധികാരം ഉപയോഗിച്ച് LGBTQIA+ വ്യക്തികളുടെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി 'പരിവർത്തന ചികിത്സ' നിരോധിക്കുന്നതിനും, അശാസ്ത്രീയവും ഹാനികരവുമായ സേവനങ്ങൾ നൽകുന്ന ആരോഗ്യ പരിപാലന വിദഗ്ധർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും തമിഴ്നാട്ടിലെ വിവിധ സംസ്ഥാന സർക്കാർ അധികാരികൾക്കും കേന്ദ്ര സർക്കാർ അധികാരികൾക്കും, നടപടികൾ കൈക്കൊള്ളാനായി കോടതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

1.3.14 കുടുംബത്തിന്റെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ ഒളിച്ചോടിയ ക്വീർ ദമ്പതികൾക്ക്, 2021 ജൂലൈയിൽ, ഡൽഹി ഹൈക്കോടതി പോലീസ് സംരക്ഷണവും സുരക്ഷിതസ്ഥലവും അനുവദിച്ചു (*ധനക്*).[66] ഏറ്റവും പ്രസക്തമായത്, സുപ്രിം കോടതിയുടെ അനുശാസന പ്രകാരം മിശ്ര ജാതി-മതങ്ങളിൽ പെട്ട ദമ്പതികളെ സംരക്ഷിക്കാൻ നിലവിലുള്ള സഹായ സേവനങ്ങളുടെ വ്യാപ്തി വിപുലീകരിച്ച് ക്വീർ വ്യക്തികൾക്ക് സംരക്ഷണ ഭവനങ്ങൾ നൽകാൻ കോടതി സർക്കാരിനോട് നിർദ്ദേശിച്ചു എന്നതാണ്.[67]

1.3.15 രാജ്യത്തുടനീളമുള്ള ഹൈക്കോടതികൾ മിശ്ര-ജാതി-മതങ്ങളിലെ ദമ്പതികളുടെ 'തിരഞ്ഞെടുക്കാനുള്ള അവകാശം'[68] സംരക്ഷിക്കുന്നതിനും പ്രശംസനീയമായ ശ്രമങ്ങൾ നടത്തുകയും ഈ അധികാരപരിധിയിലേക്ക് ക്വീർ വ്യക്തികളെ അവരുടെ

---

64 *പൂനം റാണി & അനദർ v. സ്റ്റേറ്റ് ഓഫ്* യുപി *& 5 അദർസ്,* റിട്ട് (സി) No. 1213 of 2021, 20.01.2021-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി.

65 *സുഷമ ആൻഡ് സീമ v. പോലീസ് കമ്മീഷണർ,* WP No. 7284/2021-ൽ 07.06.2021-ലെ അന്തിമ വിധി

66 *ധനക് ഓഫ് ഹ്യൂമാനിറ്റി ആൻഡ് & അതേഴ്സ് v. സ്റ്റേറ്റ് ഓഫ് NCT & അനദർ*, WP (Crl) No. 1321/2021, 23.07.2021-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി

67 *ശക്തി വാഹിനി v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അതേഴ്സ്,* (2018) 7 SCC 192

68 *ഡോ. സംഘമിത്ര ആചാര്യ v. NCT ഓഫ് ഡൽഹി,* 2018 SCC Online Del 8450, para. 66-70

ജീവിക്കാനും സ്വാതന്ത്ര്യത്തിനുമുള്ള അവകാശം സംരക്ഷിക്കുന്നതിനായി വ്യാപിപ്പിക്കുകയും ചെയ്തു. എന്നിരുന്നാലും, ഈ പ്രക്രിയ കീർ വ്യക്തികൾക്ക് വെല്ലുവിളികൾ നിറഞ്ഞതാണെന്ന് രേഖപ്പെടുത്തപ്പെട്ട കേസുകളുടെ ഒരു അവലോകനം വെളിപ്പെടുത്തുന്നു, കാരണം, ജന്മഗൃഹങ്ങളിൽ നിന്നുള്ള വ്യക്തിഗത സുരക്ഷയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും എതിരായി തങ്ങളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ച് സന്ധിസംഭാഷണം ചെയ്യാൻ അവർ നിർബന്ധിതരാവുന്നു. താത്കാലിക അടിസ്ഥാനത്തിൽ ഹൈക്കോടതികളെ സമീപിക്കുക എന്ന നിയമ തന്ത്രം പലപ്പോഴും ജീവന് ആസന്നമായ ഭീഷണി തടയുന്നതിന് പരിമിതമായ ആശ്വാസമേ നൽകുന്നുള്ളൂ. സ്ത്രീവിമോചന പ്രസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പിന്റെയും സ്വയംഭരണത്തിന്റെയും പ്രായോഗിക അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് പോലെ, കീർ വ്യക്തികളുടെ ബന്ധങ്ങളെ സംരക്ഷിക്കുന്നതിന് നിയമത്തിൽ മതിയായ പ്രതിവിധി ഇത് നൽകുന്നില്ല.[69]

1.3.16 ഇന്ത്യയിലെ വിവിധ തരത്തിലുള്ള സാമൂഹിക കീഴ് വഴക്കങ്ങൾക്കെതിരായ തീവ്രയത്നങ്ങളുടെ ഒരു വലിയ ചരിത്രത്തിനുള്ളിലാണ് കീർ സമൂഹത്തിന്റെ പോരാട്ടങ്ങൾ സ്ഥിതിചെയ്യുന്നതെന്ന *നവതേജ്* ബെഞ്ചിന്റെ നിരീക്ഷണങ്ങൾക്ക് *ധനക്* മുൻതൂക്കം നൽകുന്നു.[70] അതിനാൽ, "പ്രകൃതി നിയമത്തിനെതിരായ" ചെറുത്തുനിൽപ്പ് കീർ പ്രണയത്തെയും ലൈംഗികതയെയും വിമോചിപ്പിക്കുന്നതിൽ മാത്രമല്ല ഒതുങ്ങിനിൽക്കുന്നത്, പങ്കാളികളെ തിരഞ്ഞെടുക്കാനുള്ള എല്ലാവരുടെയും സ്വാതന്ത്ര്യം ഉറപ്പുവരുത്താനായി ലിംഗഭേദം, ജാതി, വർഗ്ഗം, മതം, സമൂഹം എന്നിവ ചുമത്തിയിരിക്കുന്ന അതിർവരമ്പുകൾ പൊളിച്ചെഴുതണമെന്നും ആവശ്യപ്പെടുന്നു. C-HELP-ന്റെ സമൂഹ സമ്പർക്കപരിപാടിയിൽ കീർ വ്യക്തികൾക്കുള്ള സഹായ സേവനങ്ങൾ നൽകുന്നവർ സാക്ഷ്യപ്പെടുത്തിയത് പോലെ, അനുകൂലമായ കോടതി ഉത്തരവുകൾ ഉണ്ടായിരുന്നിട്ടും ഒളിച്ചോടേണ്ടി വരുന്ന കീർ ദമ്പതികളുടെ പോരാട്ടങ്ങൾ അവസാനിച്ചിട്ടില്ല. പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള കീർ വ്യക്തികളുടെ അവകാശങ്ങളെ ബഹുമാനിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമപ്പുറം, ഒളിച്ചോടേണ്ടി വരുന്ന ദമ്പതികൾക്ക് സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ തടസ്സങ്ങളെ അതിജീവിക്കുന്നതിന് അവശ്യ സഹായങ്ങൾ സുഗമമാക്കിക്കൊണ്ട് അത്തരം അവകാശങ്ങൾ-അഭയകേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം, മതിയായ ഭവനങ്ങൾ, മാനസികാരോഗ്യ സേവനങ്ങൾ, തൊഴിലവസരങ്ങൾ, നിയമസഹായം, മറ്റ് സേവനങ്ങൾ എന്നിവ സർക്കാർ ഉറപ്പാക്കണം.[71]

1.3.17 ബന്ധങ്ങൾക്ക് നിയമപരമായ അംഗീകാരം ലഭിയ്ക്കുന്നത്, സ്വകുടുംബങ്ങളുടെയും മറ്റുള്ളവരുടെയും ഏകപക്ഷീയമായ ഇടപെടലുകളും

---

69 വിമെൻ'സ് റൈറ്റ് ടു ചൂസ് ഇഫ്, വെൻ ആൻഡ് ഹൂം ടു മാരി, അസോസിയേഷൻ ഫോർ അഡ്വക്കസി ആൻഡ് ലീഗൽ ഇനിഷ്യേറ്റീവ്സ് (AALI), ലഖ്നൗ (2003), pgs. 6-8

70 *Id* at 4, paragraph 385

71 ഇൻ ദി മാറ്റർ ഓഫ് കീർ റിലേഷന്ഷിപ്പ്സ് - കോർട് അപ്പ്രൂവൽ vs. സോഷ്യൽ അപ്പ്രൂവൽ, ദിക്ഷ സന്യാൽ, ഓഗസ്റ്റ് 24, 2021: https://vartagensex.org/insight/2021/08/in-the-matter-of-queer-relationships-court-approval-vs-social-disapproval/

അക്രമങ്ങളും പൂർണ്ണമായും ഇല്ലാതാക്കിയില്ലെങ്കിൽപോലും, അതിന്റെ ആഘാതം ലഘൂകരിക്കുമെന്ന് ഊഹിക്കാവുന്നതാണ്. മിശ്ര-ജാതി ദമ്പതികളുടെ അനുഭവം വെളിവാക്കുന്നത് പോലെ,[72] ചരിത്രപരമായി പാർശവൽക്കരിക്കപ്പെട്ട സമുദായങ്ങളിലെ ദമ്പതികളുടെ പരാധീനതകൾ പരിഹരിക്കുന്നതിന് തമിഴ് നാട്ടിലെ പട്ടികജാതി സമുദായങ്ങൾക്കിടയിലുള്ള വിവാഹങ്ങൾക്ക് ലഭിയ്ക്കുന്ന *ഡോ. അംബേദ്കർ സ്കീം ഫോർ സോഷ്യൽ ഇന്റഗ്രേഷൻ ത്രൂ ഇന്റർ-കാസ്റ്റ് മാരിയേജ്സ്* പോലെയുള്ള സാമൂഹിക സുരക്ഷാ അവകാശങ്ങൾ രാഷ്ട്രം നൽകണം. തീർച്ചയായും, സമൂഹത്തിൽ ക്വീർ ബന്ധങ്ങൾ അംഗീകരിക്കുന്നതിനുള്ള ഒരു നിയമപരമായ അവകാശത്തോടൊപ്പം ക്വീർ വ്യക്തികൾക്കുള്ള ഇടം വർദ്ധിപ്പിക്കുന്നതിന് സാമൂഹിക കൂട്ടായ്മയും, അഭിഭാഷണവും, സാമൂഹിക പ്രചാരണങ്ങളും ഉണ്ടായിരിക്കണം.

## 2. നിയമപരമായ വികസനങ്ങൾ

2.1 പരിവർത്തനാത്മക ഭരണഘടനാവാദം

2.1.1 ഭരണഘടനയിൽ ഉൾപ്പെട്ട സമത്വത്തിന്റെയും വിവേചനരഹിത നിയമത്തിന്റെയും പരിണാമം അതിന്റെ ആരംഭത്തിൽ ഉണ്ടായിരുന്ന 'ഔപചാരിക സമത്വ' സമീപനത്തിൽ നിന്നും 'ഗണ്യമായ സമത്വ'ത്തിലേക്ക് മാറുന്നതായി കണ്ടെത്താനാകും. പൗരത്വ, രാഷ്ട്രീയ അവകാശങ്ങളും, സാമൂഹിക-സാമ്പത്തിക അവകാശങ്ങളും തമ്മിലുള്ള സമ്പർക്കമുഖം ഈ വികസനത്തിന് നിർണ്ണായകമാണ്. ഭരണഘടനയുടെ ഭാഗം III-ൽ (മൗലികാവകാശങ്ങൾ) അടങ്ങിയിരിക്കുന്ന പൗര-രാഷ്ട്രീയ അവകാശങ്ങൾ (സമത്വത്തിനുള്ള അവകാശം, സംസാര സ്വാതന്ത്ര്യം, ജീവിക്കാനുള്ള അവകാശം), ഒരു ഭരണഘടനാ കോടതിയെ സമീപിക്കുമ്പോൾ വ്യക്തികൾക്ക് നടപ്പിലാക്കാൻ കഴിയും. എന്നാൽ മറുവശത്ത്, ഭാഗം IV-ൽ (സംസ്ഥാന നയത്തിന്റെ നിർദ്ദേശക തത്ത്വങ്ങൾ) അടങ്ങിയിരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ (വിതരണ നീതി, ദുർബല വിഭാഗങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കൽ) കോടതികളിലൂടെ നടപ്പിലാക്കാൻ സാധിക്കില്ല. എന്നിരുന്നാലും, ഈ തത്ത്വങ്ങൾ ഭരണത്തെയും നിയമനിർമ്മാണ പ്രക്രിയയെയും ബോധവത്കരിക്കുകയും നയിക്കുകയും ചെയ്യുന്നു.

2.1.2 ഭരണഘടന സ്വീകരിച്ചതിനുശേഷമുള്ള ആദ്യ രണ്ട് ദശകങ്ങളിൽ സുപ്രീം കോടതി സ്വീകരിച്ച ഔപചാരികമായ സമത്വ സമീപനം വ്യക്തികളുടെ പൗര-രാഷ്ട്രീയ അവകാശങ്ങളുടെ വ്യാഖ്യാനത്തിലും അവ നടപ്പിൽ വരുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു. എന്നാൽ, പട്ടികജാതി, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുള്ള സർക്കാർ ജോലികളിലെ സ്ഥാനക്കയറ്റത്തിലുള്ള സംവരണം സംബന്ധിച്ച 1975-ലെ കേസ് തുല്യതയെയും വിവേചനരഹിത നിയമത്തെയും കുറിച്ചുള്ള സുപ്രീം കോടതിയുടെ

[72] *Id* at 12

ധാരണയെ മാറ്റിമറിച്ചു. ജാതിയുടെ അടിസ്ഥാനത്തിൽ പാർശവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് പൊതുതൊഴിലിലെ അവസര സമത്വത്തിനുള്ള മൗലികാവകാശം (ഭാഗം III-ലെ അനുച്ഛേദം 16) സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക താല്പര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രത്യേക നടപടികൾ എടുക്കാനുള്ള സർക്കാരിന്റെ ചുമതലകളുമായി (ഭാഗം IV-ലെ അനുച്ഛേദം 46) കൂട്ടിച്ചേർത്ത് വായിക്കണമെന്ന് പ്രഖ്യാപിച്ചുകൊണ്ട് കോടതി സംവരണ നയത്തിന്റെ ഭരണഘടനാസാധുതയെ ന്യായീകരിച്ചു.[73] ഗണ്യമായ സമത്വത്തിന്റെ ഈ പ്രഖ്യാപനം വ്യക്തികളുടെ പൗരത്വ- രാഷ്ട്രീയ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നിയമത്തിന്റെ പ്രതിബദ്ധതയെയും പാർശവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ സാക്ഷാത്കരിക്കാനുള്ള പോരാട്ടത്തെയും തമ്മിൽ ബന്ധിപ്പിച്ച് അതുവഴി ഭരണഘടനയുടെ സമൂലമായ സാധ്യതകളെയും തുറന്നുകാട്ടി.

2.1.3 നിയമത്തെ ഇങ്ങനെ വ്യാഖ്യാനിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന ഈ സമ്പ്രദായത്തെ പരിവർത്തനാത്മക ഭരണഘടനവാദം എന്നാണ് ഇന്ന് അറിയപ്പെടുന്നത്.[74] *നവതേജി*ലെ ഈ ആശയം കൂടുതൽ വികസിപ്പിച്ചെടുക്കുമ്പോൾ, സമൂഹപരിവർത്തനം നടത്തുന്ന പ്രക്രിയയുടെ കേന്ദ്രമെന്ന നിലയിൽ അന്തസ്സും സ്വാതന്ത്ര്യവും സമത്വവും ഉള്ള ജീവിതം നയിക്കുന്നതിന് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വ്യക്തികളുടെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങളുടെ സാക്ഷാത്കാരത്തെ സുപ്രീം കോടതി ഗണ്യമായി നിർണയിക്കുന്നു (ഖണ്ഡിക 99).

2.1.4 സുപ്രീം കോടതി ദക്ഷിണാഫ്രിക്കയിലെ ഭരണഘടനാ കോടതിയുടെ ആശയങ്ങൾ കടമെടുക്കുകയും, അപ്പോൾ ഔപചാരിക സമത്വം എന്ന സമീപനം നിലവിലുള്ള അസമത്വങ്ങളെ അതുപോലെതന്നെ നിലനിർത്തുമെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഉയർന്ന ജാതി-വർഗ്ഗങ്ങളുടെ നിയമപരമായ ക്രമത്തിൽ വേരൂന്നിയ വ്യവസ്ഥാപിതമായ വിവേചനത്തിന്റെ ചരിത്രത്തിലാണ് കോടതി നമ്മുടെ ഭരണഘടനയെ സ്ഥാപിക്കുന്നത്, അത് ഇല്ലാതെയാക്കാൻ രാഷ്ട്രത്തിനുള്ള പോസിറ്റീവ് ബാദ്ധ്യതകൾകൊണ്ട് മാത്രമേ കഴിയൂ (ഖണ്ഡിക 99-105). വിഭജനം, അനീതി, മാറ്റിനിർത്തൽ എന്നിവയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിൽ നിന്ന് ജനാധിപത്യ മൂല്യങ്ങൾ, സാമൂഹിക നീതി, അടിസ്ഥാന മനുഷ്യാവകാശങ്ങൾ എന്നിവയിലുള്ള ചരിത്രപരമായ മാറ്റം ഭരണഘടനയെ വ്യാഖ്യാനിക്കുന്ന ഈ പ്രക്രിയ തിരിച്ചറിയണം (ഖണ്ഡിക 105).

2.1.5 അതിനാൽ, പരിവർത്തനാത്മക ഭരണഘടനാവാദം, ഒരേസമയം പൗരത്വ, രാഷ്ട്രീയ അവകാശങ്ങളും (വിവേചനത്തിൽ നിന്നുള്ള സ്വാതന്ത്ര്യം), സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങളും (അവസര സമത്വം) എന്നിവ

---

[73] *സ്റ്റേറ്റ് ഓഫ് കേരള v. എൻ എം തോമസ്*, (1976) 2 SCC 310

[74] *Id* at 4, para. 95

സാക്ഷാത്കരിക്കുന്നതിനുള്ള ഒരു ഏകീകൃത ലക്ഷ്യം അവതരിപ്പിക്കുന്നു.[75] മറ്റു വാക്കുകളിൽ പറഞ്ഞാൽ, അംഗീകാരവും പുനർവിതരണവുമാണ് നിയമത്തിലെ പരിവർത്തനാത്മക ഭരണഘടനാവാദം എന്ന് കണ്ടെത്താം. അത്തരം ഒരു കണ്ണാടിയിലൂടെയാണ് നിയമപരമായ ചട്ടക്കൂടിനെ സമീപിക്കേണ്ടതെന്നും അതുപോലെ തന്നെ ക്വീർ ബന്ധങ്ങളെ അംഗീകരിക്കുന്നതിനുള്ള ചോദ്യവും അതിൽ അവതരിപ്പിച്ചിരിക്കുന്ന പ്രശ്നങ്ങളേയും സമീപിക്കേണ്ടതെന്നും, അത് വഴി ക്വീർ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പുനർവിചിന്തനം ചെയ്യേണ്ടതെന്നുമാണ് ഞങ്ങൾ നിർദ്ദേശിക്കുന്നത്.

## 2.2 ലിംഗഭേദം, ലൈംഗികത, ഭരണഘടനാ നിയമം

2.2.1 സമീപ വർഷങ്ങളിലായി, സുപ്രീം കോടതി, ലിംഗഭേദം, ലൈംഗികത, പ്രത്യേകിച്ച്, തൊഴിലിലെ ലിംഗാധിഷ്ഠിത വിവേചനം, ട്രാൻസ്ജെൻഡർ വ്യക്തികളുടെ ലിംഗ വ്യക്തിത്വത്തിന്റെ സ്വയം നിർണ്ണയത്തിനുള്ള നിയമപരമായ അംഗീകാരം, സ്വകാര്യതാ അവകാശത്തിന്റെ ഭരണഘടനാപരമായ അംഗീകാരം, സ്വവർഗരതിയെയും വ്യഭിചാരത്തെയും കുറ്റകരമല്ലാതാക്കൽ, എന്നിങ്ങനെയുള്ള ഭരണഘടനാസംബന്ധമായ കേസുകൾ കൈകാര്യം ചെയ്തു. ഭരണഘടനാനിയമവും ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരം ഉൾപ്പെടെയുള്ള ലിംഗഭേദവും, ലൈംഗികതയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങളും തമ്മിലുള്ള ബന്ധത്തിനെ ഈ കേസുകളിൽ നിന്ന് ആവിർഭവിക്കുന്ന നിയമശാസ്ത്രം, പിൽക്കാലങ്ങളിൽ, അറിയിക്കും.

2.2.2 ലൈംഗികതയുടെ സ്റ്റീരിയോടൈപ്പുകളിലധിഷ്ഠിതമായ നിയമങ്ങളെ കർശനമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടുള്ള മാനദണ്ഡം ഉണ്ടാക്കിയെടുത്തുകൊണ്ട്, *അനുജ് ഗാർഗ് & അതേർസ് v. ഹോട്ടൽ അസോസിയേഷൻ ഓഫ് ഇന്ത്യ & അതേർസ്*[76] എന്ന കേസിൽ സുപ്രീം കോടതി ഇപ്രകാരം വിധിച്ചു:

i. ഒരു നിയമം, അത് നിലവിൽ വരുമ്പോൾ ഭരണഘടനാനുസൃതമാണെങ്കിലും, കാലക്രമേണ മാറിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭരണഘടനാ വിരുദ്ധമായി വിധിക്കപ്പെടാം (ഖണ്ഡിക 7-8);

ii. സ്റ്റീരിയോടൈപ്പിംഗ് വിരുദ്ധ തത്ത്വം ഭരണഘടനയുടെ അനുച്ഛേദം 15 പ്രകാരമുള്ള നിരോധനത്തിൽ ഉറച്ചുനിൽക്കുന്നു (ഖണ്ഡിക 41-44);

---

75 *Id* at 4, para. 104. കാണുക: *അൽബെർട്ടീൻ & ഗോൾഡ്ബ്ളറ്റ്, ഫേസിങ് ദി ചലഞ്ജ് ഓഫ് ട്രാൻസ്ഫർമേഷൻ: ഡിഫികൽറ്റീസ് ഇൻ ദി ഡെവലപ്മെന്റ് ഓഫ് ആൻ ഇഡിജിനസ് ജൂറിസ്പ്രുഡൻസ് ഓഫ് ഇക്വാളിറ്റി*, 14 S. AFR. J, HUM. RTS. 248 (1998)

76 (2008) 3 SCC 1

iii. 'സംരക്ഷക വിവേചനം' നൽകുന്നതിന് പ്രത്യക്ഷത്തിൽ ലക്ഷ്യമിടുന്ന നിയമനിർമ്മാണങ്ങളുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ കർശനമായ സൂക്ഷ്മപരിശോധന നടത്തണം. നിയമനിർമ്മാണം അതിന്റെ നിർദ്ദിഷ്ട ലക്ഷ്യങ്ങളിൽ മാത്രമല്ല, അതിന്റെ പ്രത്യാഘാതങ്ങളാലും ഫലങ്ങളാലും കൂടി വിലയിരുത്തപ്പെടണം (ഖണ്ഡിക 46).

2.2.3 *NALSA*-യിൽ ലിംഗ വ്യക്തിത്വത്തിന്റെ സ്വയം നിർണ്ണയത്തിന് നിയമപരമായ അംഗീകാരം നൽകുമ്പോൾ, കോടതി ഇപ്രകാരം വിധിച്ചു:

i. ലിംഗ വ്യക്തിത്വത്തിന്റെ നിയമപരമായ അംഗീകാരത്തിനായി, ലൈംഗിക പുനർനിർണ്ണയ ശസ്ത്രക്രിയ, വന്ധ്യംകരണം, ഹോർമോൺ പുനഃസ്ഥാപന ചികിത്സ എന്നിവയുൾപ്പെടെയുള്ള ഏതെങ്കിലും വൈദ്യപരമായ നടപടിക്രമങ്ങൾക്ക് വിധേയമാകാൻ ഒരു വ്യക്തിയെയും നിർബന്ധിക്കരുത് (ഖണ്ഡികകൾ 22, 135);

ii. ഭരണഘടനയ്ക്ക് കീഴിലുള്ള മൗലികാവകാശങ്ങളുമായി പൊരുത്തപ്പെടുന്നതിനാൽ, യോഗ്യകർത്താ തത്ത്വങ്ങൾ ഇന്ത്യയിൽ അംഗീകരിക്കുകയും പിന്തുടരുകയും ചെയ്യണം (ഖണ്ഡികകൾ 57-60);

iii. ലൈംഗിക ആഭിമുഖ്യത്തിന്റെയും ലിംഗ വ്യക്തിത്വത്തിന്റെയും അടിസ്ഥാനത്തിലുള്ള വിവേചനം ഭരണഘടനയുടെ അനുച്ഛേദം 14 പ്രകാരം നിയമത്തിന് മുന്നിലെ തുല്യതയുടെ ലംഘനമാണ് (ഖണ്ഡിക 62);

iv. ലിംഗഭേദം സംബന്ധിച്ച സ്റ്റീരിയോടൈപ്പുകളുമായി പൊരുത്തപ്പെടാത്തതിന്റെ അടിസ്ഥാനത്തിൽ നേരിട്ടോ അല്ലാതെയോ ഉള്ള വിവേചനം തടയുന്നതിന് ഭരണഘടനാനിർമ്മാതാക്കൾ ലൈംഗികതയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിനെതിരായ ഒരു ഉറപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, അനുച്ഛേദം 15 ഉം 16 ഉം 'ലിംഗ വ്യക്തിത്വത്തിന്റെ' അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുന്നു (ഖണ്ഡിക 63, 66);

v. ലിംഗ വ്യക്തിത്വം ഒരാളുടെ വ്യക്തിത്വത്തിന്റെ കാതലാണ്; അതിനാൽ, ലിംഗഭേദം പ്രകടിപ്പിക്കുന്നതും അവതരിപ്പിക്കുന്നതും ഭരണഘടനയുടെ അനുച്ഛേദം 19(1)(എ)) പ്രകാരം സ്വകാര്യത, സ്വയംഭരണം, വ്യക്തിഗത സമഗ്രത എന്നീ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടുന്നു (ഖണ്ഡിക 72);

vi. ലിംഗ വ്യക്തിത്വത്തിന്റെ സ്വയം നിർണ്ണയം വ്യക്തിഗത സ്വയംകർത്തൃത്വത്തിന്റെ അവിഭാജ്യ ഘടകമാണ്, അത് ഭരണഘടനയുടെ അനുച്ഛേദം 21 ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിന്റെ വലയത്തിൽ ഉൾപ്പെടുന്നു (ഖണ്ഡിക 75);

vii. പുരുഷ/സ്ത്രീ എന്ന ദ്വന്ദ്വത്തിൽ കോഡ് ചെയ്യപ്പെട്ടിട്ടുള്ള നിയമനിർമ്മാണങ്ങളിൽ *ഹിജ്റ*കളുടെയും ട്രാൻസ്ജെൻഡർ വ്യക്തികളുടേയും വ്യക്തിത്വം അംഗീകരിക്കപ്പെടാത്തത് അവർക്ക് നിയമത്തിന്റെ തുല്യ പരിരക്ഷ നിഷേധിക്കുന്നു (ഖണ്ഡിക 81);

viii. ലൈംഗിക ആഭിമുഖ്യത്തിന്റെയോ ലിംഗ വ്യക്തിത്വത്തിന്റെയോ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ നിയമത്തിനു മുമ്പിലുള്ള സമത്വം അസാധുവാക്കിയേക്കാവുന്ന ഏതെങ്കിലും വിവേചനം, ഒഴിവാക്കൽ, നിയന്ത്രണം അല്ലെങ്കിൽ മുൻഗണന എന്നിവ ഉൾപ്പെടുന്നു (ഖണ്ഡിക 83).

2.2.4 ഭരണഘടനയുടെ മൂന്നാം ഭാഗപ്രകാരം സ്വകാര്യത ഒരു മൗലികാവകാശമായി അംഗീകരിച്ച *ജസ്റ്റിസ് കെ. എസ്. പുട്ടസ്വാമി (റിട്ട.) & അതേർസ് v. യൂണിയൻ ഓഫ് ഇന്ത്യ*[77] എന്ന കേസിൽ കോടതി വിധിച്ചത് ഇപ്രകാരമായിരുന്നു:

i. ഭരണഘടനയുടെ അനുച്ഛേദം 21 പ്രകാരം, ജീവനും വ്യക്തിസ്വാതന്ത്ര്യവും ഉറപ്പുനൽകുന്നതിൽ നിന്ന് പ്രാഥമികമായി ഉയർന്നുവരുന്ന ഭരണഘടനാപരമായ സംരക്ഷിത അവകാശമാണ് സ്വകാര്യത (ഖണ്ഡിക 320).

ii. ഭരണഘടനയുടെ അനുച്ഛേദം 15 പ്രകാരം, ലിംഗ വ്യക്തിത്വത്തിന്റെ സംരക്ഷണവും സ്വകാര്യതയ്ക്കുള്ള അവകാശവും പരസ്പരബന്ധിതമാണെന്ന് *NALSA* ബോധ്യപ്പെടുത്തുന്നു. അനുച്ഛേദം 15, 21 എന്നിവ കൂട്ടിച്ചേർത്താൽ, വ്യക്തിഗത സ്വയകർത്തൃത്വം, അന്തസ്സ്, വ്യക്തിത്വം എന്നിവയുടെ പ്രകടനമെന്ന നിലയിൽ സ്വകാര്യതയ്ക്കുള്ള ഭരണഘടനാപരമായ അവകാശം കണ്ടെത്താം (ഖണ്ഡിക 96);

iii. സ്വകാര്യതയുടെ കാതലിൽ, വ്യക്തിപരമായ അടുപ്പങ്ങളുടെ സംരക്ഷണം, കുടുംബ ജീവിതത്തിന്റെ വിശുദ്ധി, വിവാഹം, സന്താനോല്പാദനം, വീട്, ലൈംഗിക ആഭിമുഖ്യം എന്നിവ ഉൾപ്പെടുന്നു. സ്വകാര്യത വ്യക്തിഗത സ്വയംഭരണത്തെ സംരക്ഷിക്കുകയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കാനുള്ള വ്യക്തിയുടെ കഴിവിനെ അംഗീകരിക്കുകയും ചെയ്യുന്നു. സ്വകാര്യത വൈജാത്യത്തെ സംരക്ഷിക്കുകയും നമ്മുടെ സംസ്കാരത്തിന്റെ ബഹുത്വവും വൈവിധ്യവും തിരിച്ചറിയുകയും ചെയ്യുന്നു (ഖണ്ഡിക 323);

iv. സ്വകാര്യതാ അവകാശത്തിലേക്കുള്ള കടന്നുകയറ്റം താഴെപ്പറയുന്ന എല്ലാ ഉപാധികളും നിറവേറ്റണം -

[77] (2017) 10 SCC 1

a. ഒരു നിയമത്തിന്റെ നിലനിൽപ്പിനെ പ്രതിപാദിക്കുന്ന *നിയമ സാധുത്വം*;

b. നിയമാനുസൃതമായ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കപ്പെടുന്ന, *ആവശ്യം*;

c. വസ്തുക്കളും അവ നേടിയെടുക്കാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങളും തമ്മിലുള്ള യുക്തിസഹജമായ ബന്ധം ഉറപ്പാക്കുന്ന *ആനുപാതികത* (ഖണ്ഡിക 325)

2.2.5 ഭരണഘടനയ്ക്ക് കീഴിലുള്ള അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള ചട്ടക്കൂടിന് അനുസൃതമായ രീതിയിൽ LGBT വ്യക്തികളുടെ സ്വകാര്യത-അഭിമാന അവകാശങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടതിന് *സുരേഷ് കുമാർ കൗശൽ*[78] എന്ന കേസിലെ അതിന്റെ മുൻ തീരുമാനത്തെ വിമർശിച്ചുകൊണ്ട്, ലൈംഗിക ആഭിമുഖ്യത്തിന്റെ അടിസ്ഥാനത്തിൽ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, *പുട്ടസ്വാമി*യിൽ കോടതി താഴെപ്പറയുന്ന പ്രകാരം പ്രസ്താവിച്ചു:

> *"ചില അവകാശങ്ങളെ ഉറപ്പുനൽകപ്പെട്ട മൗലികാവകാശങ്ങളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഉദ്ദേശം, നിയമ നിർമ്മാണപരമോ അല്ലെങ്കിൽ ജനകീയമോ ആയ ഭൂരിപക്ഷ അവഗണനയിൽ നിന്നും അവയെ സംരക്ഷിക്കുക എന്നതാണ്. ഭരണഘടനാപരമായ അവകാശങ്ങളുടെ ഉറപ്പാക്കൽ അവയുടെ നിർവ്വാഹണം ഭൂരിപക്ഷ അഭിപ്രായത്തിൽ അനുകൂലമാണോ എന്നതിൽ ആശ്രയിച്ചുകൊണ്ടല്ല. ജനകീയ സ്വീകാര്യത എന്ന പരീക്ഷണം ഭരണഘടനാ സംരക്ഷണത്തിന്റെ പവിത്രതയോടെ നൽകപ്പെടുന്ന അവകാശങ്ങളെ അവഗണിക്കുന്നതിനുള്ള നിയമാനുസാരമായ ഒരു അടിസ്ഥാനം അല്ല. അവരുടെ കാഴ്ചപ്പാടുകളോ വിശ്വാസങ്ങളോ ജീവിതരീതിയോ "മുഖ്യധാര"യുമായി പൊരുത്തപ്പെടുന്നില്ല എന്ന ലളിതമായ കാരണത്താൽ വേറിട്ടതും ഒറ്റപ്പെട്ടതുമായ ന്യൂനപക്ഷങ്ങൾ വിവേചനത്തിന്റെ ഗുരുതരമായ അപകടങ്ങൾ അഭിമുഖീകരിക്കുന്നു. എന്നിരുന്നാലും, നിയമവാഴ്ചയിൽ സ്ഥാപിതമായ ഒരു ജനാധിപത്യ ഭരണഘടനയിൽ, ഇവരുടെ അവകാശങ്ങളും മറ്റ് പൗരന്മാർക്ക് അവരുടെ സ്വാതന്ത്ര്യങ്ങളും പൗരസ്വാതന്ത്ര്യങ്ങളും സംരക്ഷിക്കുന്നതിനായി നൽകപ്പെട്ട അവകാശങ്ങൾ പോലെ പവിത്രമാണ്."* (ഖണ്ഡിക 144)

[78] (2014) 1 SCC 1

2.2.6 രാഷ്ട്രത്തിനോ സമൂഹത്തിനോ ഉപരിയായിട്ടുള്ള 'തിരഞ്ഞെടുക്കാനുള്ള അവകാശത്തെ' നിയന്ത്രിക്കുന്ന നിയമതത്ത്വങ്ങൾ പ്രഖ്യാപിക്കുമ്പോൾ *ഷഫിൻ ജഹാൻ v. അശോകൻ K.M.*[79] എന്ന കേസിൽ സുപ്രീം കോടതി ഇങ്ങനെ വിധിച്ചു:

i. ഓരോ വ്യക്തിയുടെയും പ്രത്യേക നിയന്ത്രണത്തിലുള്ള ഒന്നാണ് അവരുടെ, വിവാഹത്തിന് അകത്തോ പുറത്തോ ഉള്ള, പങ്കാളിയെ തിരഞ്ഞെടുക്കുക എന്നത്. വിവാഹ ബന്ധങ്ങളിലുള്ള അടുത്തിടപഴകൽ സ്വകാര്യതയുടെ ഒരു പ്രധാന അന്തർഭാഗമാണ്, അത് ലംഘിക്കാനാവാത്തതാണ്. ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുള്ള ഒരു വ്യക്തിയുടെ സമ്പൂർണ്ണ അവകാശത്തെ മത വിശ്വാസപരമായ കാര്യങ്ങൾ ഒട്ടും സ്വാധീനിക്കുന്നില്ല (ഖണ്ഡിക 89);

ii. പങ്കാളികളെ തിരഞ്ഞെടുക്കുന്നത് നിയന്ത്രിക്കാനോ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാനോ ഉള്ള ഓരോ വ്യക്തിയുടെയും സ്വതന്ത്രമായ കഴിവിനെ പരിമിതപ്പെടുത്താനോ രാഷ്ട്രത്തിനോ നിയമത്തിനോ കഴിയില്ല. അവ ഭരണഘടനയ്ക്ക് കീഴിലുള്ള വ്യക്തിസ്വാതന്ത്ര്യത്തിന്റെ സത്താണ്...നമ്മുടെ തിരഞ്ഞെടുപ്പുകൾ ബഹുമാനിക്കപ്പെടുന്നു, കാരണം അവ നമ്മുടേതാണ്. വ്യക്തിപരമായ അടുപ്പത്തെക്കുറിച്ചുള്ള തീരുമാനങ്ങൾക്കുള്ള സാമൂഹിക അനുമതി അവയെ അംഗീകരിക്കുന്നതിനുള്ള അടിസ്ഥാനമല്ല. തീർച്ചയായും, നിരസിക്കുന്നവരിൽ നിന്നും ഭരണഘടന വ്യക്തിസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നു (ഖണ്ഡിക 89);

iii. ഓരോ വ്യക്തിയുടെയും, അവൻ/അവൾ മുറുകെ പിടിക്കാൻ ആഗ്രഹിക്കുന്ന ഒരു ജീവിതരീതിയോ വിശ്വാസമോ പിന്തുടരാനുള്ള കഴിവിനെ ഭരണഘടന സംരക്ഷിക്കുന്നു. വസ്ത്രധാരണം, ഭക്ഷണം, ആശയങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, സ്നേഹം, പങ്കാളിത്തം എന്നിവയെല്ലാം സ്വത്വത്തിന്റെ കേന്ദ്ര ആശയങ്ങളിലുൾപ്പെടുന്നു. നിയമാനുസാരമായ വിവാഹത്തിനുള്ള വ്യവസ്ഥകൾ നിയമത്തിന് (ഭരണഘടനയുടെ അനുവർത്തനത്തെ അടിസ്ഥാനപ്പെടുത്തി) നിയന്ത്രിക്കാം, കാരണം, അതുമൂലം വിവാഹബന്ധം അവസാനിപ്പിക്കാനോ അസാധുവാക്കാനോ ഉള്ള സാഹചര്യങ്ങളെ നിയന്ത്രിക്കാം. ഈ പരിഹാരങ്ങൾ വിവാഹബന്ധത്തിൽ ഏർപ്പെടുന്ന കക്ഷികൾക്ക് ലഭ്യമാണ്, കാരണം പരസ്പരം വിവാഹബന്ധത്തിൽ ഏർപ്പെടണമോ, ആ ബന്ധത്തിൽ തുടരണമോ എന്നൊക്കെ തീരുമാനിക്കുന്നത് അവരാണ്. നമ്മുടെ പങ്കാളികളെ തിരഞ്ഞെടുക്കുന്നതിൽ സമൂഹത്തിന് ഒരു പങ്കും നിർവ്വഹിക്കാനില്ല (ഖണ്ഡിക 91);

2.2.7 *നവതേജിൽ* സ്വവർഗരതി ക്രിമിനൽ കുറ്റമല്ലാതാക്കിക്കൊണ്ട് സുപ്രീം കോടതി ഇങ്ങനെ പറഞ്ഞു:

---

[79] 2018 SCC Online SC 343

i. ഭരണഘടന വാഗ്ദാനം ചെയ്യുന്ന അനുച്ഛേദം 14 പ്രകാരമുള്ള സമത്വത്തെ ലംഘിച്ചതിനെക്കുറിച്ചുള്ള ഒരു അവകാശവാദം പരിശോധിക്കുമ്പോൾ, പരാമ്പരാഗത ന്യായമായ തരംതിരിക്കൽ പരീക്ഷണത്തിന് പകരം, കോടതി അതിന്റെ വിശകലനത്തിൽ ലക്ഷ്യം വയ്ക്കേണ്ടത് സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും അടിസ്ഥാനപരമായ കാമ്പിൽ ആയിരിക്കണം (നിയമം ഉണ്ടാക്കിയ തരംതിരിക്കലിന് നേടിയെടുക്കേണ്ട ലക്ഷ്യങ്ങളുമായി യുക്തിസഹജമായ ബന്ധമുണ്ടോ എന്ന്) (ഖണ്ഡിക 380);

ii. അനുച്ഛേദം 15 പ്രകാരം, വിവേചനത്തിന്റെ അടിസ്ഥാനം ലിംഗഭേദത്തിലോ ഇതര പരിഗണനകളിലോ (*സെക്സ് പ്ലസ്*) വേരൂന്നിയതാണെങ്കിൽ അവ മേലാൽ വിവേചനത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള സംയോജിതമായ ധാരണ പ്രകാരം, അത് മറ്റു സ്വതങ്ങളെ മാറ്റിനിർത്താതെയാണ് പ്രവർത്തിക്കുന്നത്, പ്രത്യേകിച്ചും, സാമൂഹ്യ-രാഷ്ട്രീയ, സാമ്പത്തിക പശ്ചാത്തലത്തിൽ, അംഗീകരിക്കാവുന്നതല്ല (ഖണ്ഡിക 389, 394);

iii. അനുച്ഛേദം 15(1) പ്രകാരം നിരോധിക്കപ്പെട്ട ലൈംഗികതയുടെ പേരിലുള്ള വിവേചനത്തിന് വിരുദ്ധമാണെന്ന അടിസ്ഥാനത്തിൽ വെല്ലുവിളിക്കപ്പെട്ട ഒരു വകുപ്പിനെ അത് നിലവിൽകൊണ്ടുവന്ന സംസ്ഥാനത്തിന്റെ ലക്ഷ്യങ്ങളുടെ വെളിച്ചത്തിലല്ല വിലയിരുത്തേണ്ടത്, മറിച്ച്, ആ വകുപ്പുമൂലം ബാധിക്കപ്പെടുന്ന വ്യക്തികളുടെയും മൗലികാവകാശങ്ങളുടെയും മേലുള്ള സ്വാധീനത്തിന്റെ അടിസ്ഥാനത്തിലാണ് (ഖണ്ഡിക 394);

iv. ഭൂരിപക്ഷം എന്ത് വിശ്വസിച്ചാലും, ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം നിർവഹിക്കുന്ന ഭൂരിപക്ഷത്തിനുപരിയായുള്ള സ്ഥാപനമായി കോടതി പ്രവർത്തിക്കണമെന്ന് ഭരണഘടനാപരമായ ധാർമ്മികത ആവശ്യപ്പെടുന്നു (ഖണ്ഡിക 499);

2.2.8 സോഡോമി വിരുദ്ധ നിയമങ്ങളുടെ അടിത്തറയെ ലിംഗഭേദത്തിന്റെ കണ്ണിലൂടെ വെല്ലുവിളിക്കുന്നതിനെക്കുറിച്ച് കോടതി ഇപ്രകാരം പറഞ്ഞു:

> *"സമൂഹത്തിന്റെ ഭിന്നവർഗ്ഗ ലൈംഗിക പ്രതീക്ഷകൾക്ക് അനുസൃതമല്ലാത്ത പെരുമാറ്റം 377-ാം വകുപ്പ് പ്രകാരം കുറ്റകരമാകുന്നു. അതിലൂടെ, സ്വവർഗരതി വിരുദ്ധ നിയമനിർമ്മാണവും പരമ്പരാഗത ലിംഗഭേദ വേഷങ്ങളും തമ്മിലുള്ള ഒരു സഹജീവി ബന്ധം നിലനിർത്തപ്പെടുന്നു.*
>
> *...ലൈംഗിക ആഭിമുഖ്യത്തെയും ലൈംഗികതയെയും അടിസ്ഥാനമാക്കിയുള്ള വിവേചനം ലളിതമായി വേർതിരിക്കാൻ കഴിയില്ല, കാരണം, ലൈംഗിക ആഭിമുഖ്യത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനം ലൈംഗികതയുടെയും*

*ലിംഗഭേദത്തിന്റെയും സ്റ്റീരിയോടൈപ്പുകളെക്കുറിച്ചുള്ള ആശയങ്ങൾ സ്വാഭാവികമായി പ്രചരിപ്പിക്കുന്നു...*

*...ലിംഗവിവേചനത്തിന്റെ നിരോധനം എന്നതിന്റെ ഉദ്ദേശം ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെ നിയമപരമായും, പലപ്പോഴും സാമൂഹികമായും സാമ്പത്തികമായും, പിന്നോക്കം നിർത്തുന്ന പരമ്പരാഗത രീതികളെ മാറ്റുന്നതാണ്...സ്വവർഗ്ഗാനുരാഗികൾക്കെതിരായ വിവേചനം അവസാനിപ്പിക്കാനുള്ള ശ്രമം, ലിംഗ അസമത്വം അവസാനിപ്പിക്കാനുള്ള വലിയ ശ്രമത്തിന്റെ അനിവാര്യ ഭാഗമാണെന്ന് മനസ്സിലാക്കണം*

*ആൺ/പെൺ വിഭജനത്തെ ഇകഴ്ത്തുന്ന ബന്ധങ്ങൾ സാമൂഹികമായി നിഷ്കർശിക്കപ്പെട്ട ലിംഗ അസമത്വം നിലനിർത്തുന്നതിന് സ്വാഭാവികമായി ആവശ്യമാണ്...ഈ ലിംഗപരമായ പദവികളെ എതിർക്കുന്നതിലൂടെ, ബാധിക്കപ്പെട്ട സമുദായത്തിലെ അംഗങ്ങൾ, പരിചരണത്തിലും പാരസ്പര്യത്തിലും അധിഷ്ഠിതമായ സമൂഹവും ബന്ധങ്ങളും കെട്ടിപ്പടുക്കാനുള്ള അവരുടെ നീക്കത്തിലൂടെ, ബന്ധങ്ങളും അതുവഴി സമൂഹവും പ്രവർത്തിക്കുന്നതിന് അധികാര ശ്രേണിയിൽ അധിഷ്ഠിതമായ ലൈംഗിക പദവികളായി വിഭജിക്കപ്പെടണമെന്ന ആശയത്തെ വെല്ലുവിളിക്കുന്നു."* (ഖണ്ഡിക 397-400).

2.2.9 വ്യഭിചാര നിയമങ്ങൾ സാധാരണയായി ലിംഗഭേദത്തിന്റെ ചരിത്രപരമായ അസമത്വത്തിൽ വേരൂന്നിയതാണെന്നും നിർബന്ധിത ഏകഭാര്യത്വവും ദാമ്പത്യത്വവും സ്വത്ത് താൽപ്പര്യങ്ങൾ സ്ഥാപിക്കുന്നതിൽ മനഃപൂർവ്വമല്ലാതെ ശ്രദ്ധ ചെലുത്തുന്നുവെന്നും നിരീക്ഷിച്ചു കൊണ്ട് *ജോസഫ് ഷൈൻ v. യൂണിയൻ ഓഫ് ഇന്ത്യ*യിൽ[80] വ്യഭിചാരം ക്രിമിനൽ കുറ്റമല്ലാതാക്കിയപ്പോൾ സുപ്രീം കോടതി, 'വിവാഹത്തിന്റെ പവിത്രത'യെക്കുറിച്ചുള്ള സംവാദങ്ങൾക്ക് വീണ്ടും രൂപം നൽകി (ഖണ്ഡികകൾ 169, 180).

2.2.10 വ്യഭിചാരത്തെ ഭരണഘടനാപരമായി സംരക്ഷിക്കപ്പെട്ടിരിക്കുന്ന തിരഞ്ഞെടുപ്പെന്ന നിലയിൽ കാണുന്നതിനെക്കുറിച്ചുള്ള കോടതിയുടെ വിശകലനം പ്രത്യേകിച്ചും പ്രബോധനാത്മകമാണ്. ചോദ്യം ഉന്നയിക്കാൻ അന്താരാഷ്ട്ര പാണ്ഡിത്യം കോടതി പരിഗണിക്കുന്നു: *വ്യഭിചാരം, പാരമ്പര്യേതരമാണെങ്കിലും, അത് വിവാഹവും കുടുംബ ബന്ധങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിയാണെന്നും അതിനാൽ അടിസ്ഥാനപരമായി സ്വകാര്യമായ ഒരു പ്രവൃത്തിയാണെന്നുമുള്ള വാദം അംഗീകരിക്കപ്പെട്ടാൽ,*

[80] (2019) 3 SCC 39

*അതിന് നിയമത്തിൽ തുല്യ പരിരക്ഷ ലഭിക്കേണ്ടതുണ്ട്.*[81] സമൂഹത്തിൽ വ്യഭിചാരം പാരമ്പര്യേതരമായി കണക്കാക്കപ്പെടുന്നു എന്ന വസ്തുത അതിന്റെ സ്വകാര്യത നിരാകരിക്കുന്നതിനെ ന്യായീകരിക്കുന്നില്ല. തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം "ജനപ്രിയമല്ലാത്ത" തിരഞ്ഞെടുപ്പ് നടത്താനുള്ള സ്വാതന്ത്ര്യവും ഉൾക്കൊള്ളുന്നു. കക്ഷികൾ ഒന്നുകിൽ ഒറ്റ ലൈംഗിക ബന്ധത്തിൽ മാത്രം സ്വയം സമർപ്പിക്കുകയോ അല്ലെങ്കിൽ "ഏകഭാര്യത്വത്തെ സന്തോഷപൂർവ്വം ഉപേക്ഷിക്കുകയോ" ചെയ്യുന്ന വിവാഹങ്ങളുടെയും ബന്ധങ്ങളുടെയും സങ്കീർണ്ണതയോടും വൈവിധ്യതയോടുമുള്ള കോടതിയുടെ അംഗീകാരവും തീക്ഷ്ണമായ ഇടപഴകലും ഈ വിഷയത്തിൽ കുറ്റവത്കരണത്തിന് അപ്പുറത്തേക്ക് നീങ്ങാനുള്ള കോടതിയുടെ സന്നദ്ധതയെ ബോധ്യപ്പെടുത്തുന്നു.

2.2.11 ക്വീർ സമൂഹം വിഭാവനം ചെയ്യുന്ന വ്യത്യസ്ത തരത്തിലുള്ള ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തിനായി അവകാശവാദം അവതരിപ്പിക്കപ്പെടുമ്പോഴും, ക്വീർ ലൈംഗികതയെയും ലിംഗഭേദത്തെയും കുറിച്ചുള്ള സ്റ്റീരിയോടൈപ്പുകൾ നിരാകരിക്കുന്നതിലും (*അനുജ് ഗാർഗ്*), ന്യൂനപക്ഷ "കാഴ്ചപ്പാടുകൾ, വിശ്വാസങ്ങൾ അല്ലെങ്കിൽ ജീവിതരീതികൾ" എന്നിവ ന്യായീകരിക്കുന്നതിലും (*പുട്ടസ്വാമി*), ഭരണകൂടത്തിന്റെയോ സമൂഹത്തിന്റെയോ പങ്ക് തടസ്സപ്പെടുത്തുന്നതിലും (*ഷഫിൻ ജഹാൻ),* "ലിംഗ അസമത്വം അവസാനിപ്പിക്കാനുള്ള വലിയ ശ്രമം" ഉയർത്തിക്കാട്ടുന്നതിലും (*നവതേജ്*), നിർബന്ധിത ഏകഭാര്യത്വവും ദാമ്പത്യവും സ്വത്തവകാശവുമായി ബന്ധിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന്റെ സാധുതയെ ചോദ്യം ചെയ്യുന്നതിലും (*ജോസഫ് ഷൈൻ*) കോടതി അതേ ശക്തമായ വിശകലനത്തോടെ പ്രതികരിക്കുമോ എന്നുള്ളത് ഒരു തുറന്ന ചോദ്യമാണ്.

## 2.3 പരോക്ഷമായ വിവേചനത്തെക്കുറിച്ച് വികസിച്ചുകൊണ്ടിരിക്കുന്ന നിയമശാസ്ത്രം അല്ലെങ്കിൽ പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ നിയമങ്ങളുടെ വ്യത്യസ്തമായ ആഘാതം

[81] *Ibid,* paras. 152-157. കാണുക: മാർട്ടിൻ ജെ. സീഗൽ, 'ഫോർ ബെറ്റർ ഓർ ഫോർ വഴ്സ്: അഡൽറ്ററി, ക്രൈം ആൻഡ് ദി കോൺസ്റ്റിട്യൂഷൻ', ജേർണൽ ഓഫ് ഫാമിലി ലോ, Vol. 30, (1991) 45. വ്യഭിചാരത്തിനായുള്ള ഭരണഘടനാപരമായ സംരക്ഷണത്തിനായി വാദിക്കുമ്പോൾ, ഈ കൃതി, ആകസ്മികമായിട്ടല്ലാതെ, ലിംഗം, ലൈംഗികത എന്നീ വിഷയങ്ങളെ സംബന്ധിച്ച നിയശാസ്ത്രത്തിന്റെ ഒരു ചട്ടക്കൂടിനെ ആശ്രയിക്കുന്നു, അത് പ്രകാരം സാമൂഹിക, സാമ്പത്തിക, നിയമ പ്രശ്നങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങളുടെ ഒരു സങ്കീർണമായ ശൃംഖല പ്രകടമാക്കുന്നു: നിയന്ത്രിത പ്രസവാവധി നയങ്ങൾ, പാവപ്പെട്ട സ്ത്രീകൾക്ക് വിവാഹമോചനത്തിനുള്ള അവകാശം, നിയമാനുസൃതമായ സഹവാസത്തിനായി കുടുംബ യൂണിറ്റുകളെ സങ്കുചിതമായി നിർവചിക്കുന്ന ഭവന ചട്ടങ്ങൾ, മിശ്ര ജാതി വിവാഹത്തെ തടയുന്ന വർണ്ണ സങ്കര വിരുദ്ധ നിയമങ്ങൾ, ലൈംഗികവും പ്രത്യുൽപാദനപരവുമായ ആരോഗ്യ സേവനത്തിലേക്കുള്ള പ്രവേശനം, സ്വവർഗരതിയുടെ കുറ്റവൽക്കരണം, തുടങ്ങിയവ.

2.3.1 പ്രാരംഭത്തിൽ നിഷ്പക്ഷമായതും എന്നാൽ ഫലത്തിൽ ദുർബലമായ സമുദായങ്ങളെ അനുപാതമല്ലാതെയും പ്രതികൂലവുമായും ബാധിക്കുന്ന രാഷ്ട്രത്തിന്റെ നടപടികളെയും നിയമത്തെയുംക്കുറിച്ചുള്ള വിശകലനത്തിൽ കോടതികൾ വർദ്ധനവോടെ ഏർപ്പെട്ടു കൊണ്ടിരിക്കുന്നു. ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിലെ തുല്യതയുടെയും 15-ാം അനുച്ഛേദത്തിലെ വിവേചനത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെയും വാഗ്ദാനങ്ങളുടെ ലംഘനമാണ് ഇത്തരം സംസ്ഥാന നടപടികളും നിയമങ്ങളും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ അന്വേഷണം. ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തിന്റെ കാര്യത്തിലും അതുവഴി സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ ലഭ്യമാക്കുന്നതിലും കോടതികൾ ഏറ്റെടുക്കുന്ന  ജുഡീഷ്യൽ റിവ്യൂവിന്റെ നിലവാരത്തെ പരിവർത്തനം ചെയ്യാനുള്ള കഴിവ് അത്തരം ഒരു സമീപനത്തിന് ഉണ്ട്, പ്രത്യേകിച്ചും ചരിത്രപരമായ പാർശവൽക്കരണത്തിനു കോടതികൾ നിയമപരമായ പരിഹാരങ്ങൾ തയ്യാറാക്കുന്നതിനാൽ.

2.3.2 ഏറ്റവും ശ്രദ്ധേയമായ സംഭവവികാസം *മധു & അനതർ v. നോർത്തേൺ റയിൽവേസ് & അതേഴ്സ്* [82] എന്ന കേസിലെ ഡൽഹി ഹൈക്കോടതിയുടെ വിധിയിൽ തൊഴിൽദാതാവിന്റെ (നോർത്തേൺ റെയിൽവേ) തൊഴിൽ ചട്ടങ്ങൾക്ക് കീഴിലുള്ള ഭർത്താവിന്റെ/അച്ഛന്റെ മെഡിക്കൽ പോളിസിയുടെ ആനുകൂല്യങ്ങൾക്കായി ഭാര്യയുടെയും മകളുടെയും അവകാശവാദം കോടതി അനുകൂലമായി കൈകാര്യം ചെയ്തതാണ്. പ്രധാന ഗുണഭോക്താവ്/ജീവനക്കാരൻ നാമനിർദ്ദേശം ചെയ്താലും ഇല്ലെങ്കിലും കുടുംബാംഗങ്ങൾക്കും ആശ്രിത ബന്ധുക്കൾക്കും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്നും, ചട്ടങ്ങൾ നടപടിക്രമങ്ങളെ ലഘുവാക്കാനുള്ളത് മാത്രമാണെന്നും കോടതി പ്രഖ്യാപിച്ചു (ഖണ്ഡിക12). എന്നിരുന്നാലും, അപ്പോൾ കൈകാര്യം ചെയ്തിരുന്ന നിയമ പ്രശ്നത്തിലേക്ക് മാത്രമായി കോടതി സ്വയം പരിമിതപ്പെടുത്തിയില്ല.

2.3.3 'പരോക്ഷ വിവേചനം' എന്നതിനെക്കുറിച്ചുള്ള വിശകലനത്തിന് ആമുഖമായി കോടതി ഇപ്രകാരം പറഞ്ഞിരുന്നു:

> *"പരാതി ബോധിപ്പിക്കുന്നവർ ഭരണഘടന പ്രകാരം ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടവരാണ്, അതായത് സ്ത്രീ എന്ന വിഭാഗം, ഇതും കോടതി മനസിൽവെക്കേണ്ടതാണ്. ചില വിഭാഗങ്ങൾ ചരിത്രപരമായി പിന്നോക്കാവസ്ഥയിലാണെന്ന തത്വത്തെ ഭരണഘടനയുടെ അനുച്ഛേദം 15, 16 അംഗീകരിക്കുന്നതിനാൽ, ഭരണഘടന നിലവിൽ വന്നതിന് ശേഷം, സ്ത്രീകൾക്കെതിരായ വിവേചനത്തെ സാധൂകരിക്കുന്ന രാഷ്ട്രത്തിന്റെ നടപടികൾ (അനുച്ഛേദം 15(4), അനുച്ഛേദം 16(4) എന്നിവയിൽ ഉൾപ്പെടാത്ത) ഭരണഘടനാപരമായി ന്യായീകരിക്കപ്പെടാനാവില്ല. അതിനാൽ, സ്ത്രീകളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതരത്തിലുള്ള സ്വീകാര്യമായ നടപടികൾ*

[82] 2018 SCC Online Del 6660

*അനുവദിക്കുന്നുണ്ടെങ്കിലും, ഭരണഘടന, സ്ത്രീകളോടുള്ള വിവേചനം അനുവദിക്കുന്നില്ല...*

*നോർത്തേൺ റെയിൽവേയുടെ പ്രവൃത്തി ഈ പ്രത്യേക വിഭാഗത്തിനുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കുന്നതിനാൽ, ഈ നടപടികളും അവയുടെ ഫലവും വിവേചനപരമാണോ എന്ന് സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്. സ്ത്രീകളായതിനാലല്ല അപേക്ഷകർക്ക് മെഡിക്കൽ കാർഡ് നിഷേധിച്ചത്, മറിച്ച്, അവരുടെ ഭർത്താവും പിതാവും ആവശ്യമായ അവകാശവാദങ്ങൾ നടത്തിയിട്ടില്ലാത്തതിനാലാണ് എന്നായിരുന്നു വടക്കൻ റെയിൽവേയുടെ വാദം. എന്നാൽ, ഈ വിശദീകരണം പര്യാപ്തമല്ല. നോർത്തേൺ റയിൽവേയുടെ ന്യായീകരണം സ്ത്രീകളായതിനാൽ അപേക്ഷകരെ മനപ്പൂർവം വിവേചനം ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയാൽ മാത്രം പോരാ. നിയമം ശൂന്യതയിലല്ല പ്രവർത്തിക്കുന്നത്, നോർത്തേൺ റെയിൽവേയുടെ യുക്തിയും അനന്തരഫലമായ തീരുമാനവും അവ പ്രവർത്തിക്കുന്ന സാമൂഹിക പശ്ചാത്തലത്തിലും അവ യഥാർത്ഥ ലോകത്ത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളിലും പരിശോധിക്കപ്പെടേണ്ടതാണ്. പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ ഒരു തീരുമാത്തിനുപോലും ഭരണഘടനയുടെ സംരക്ഷിത വിഭാഗത്തിന് ആനുപാതികമല്ലാത്ത സ്വാധീനം ചെലുത്തിയേക്കാം."* (ഖണ്ഡിക 16-17)

2.3.4 ആ സന്ദർഭത്തിൽ, പരോക്ഷ വിവേചനത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര നിയമവികാസങ്ങളെ കോടതി പരിശോധിച്ചു. 'പരോക്ഷ വിവേചനം' എന്ന ആശയത്തെ നിർവചിക്കുന്ന കൗൺസിൽ ഓഫ് യൂറോപ്പ് ഡയറക്റ്റീവിനെ (2000/78/EC, 27 ഫെബ്രുവരി 2000) കോടതി പരാമർശിച്ചു:

*"പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ ഒരു വകുപ്പോ, മാനദണ്ഡമോ, സമ്പ്രദായമോ, ഒരു പ്രത്യേക വർഗ്ഗത്തിലോ, വംശത്തിലോ ഉൾപ്പെടുന്ന വ്യക്തികളെ മറ്റ് വ്യക്തികളെ അപേക്ഷിച്ചു പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിൽ, 'പരോക്ഷ വിവേചനം' സംഭവിച്ചു എന്ന് പറയാം, അല്ലെങ്കിൽ പിന്നെ, വസ്തുനിഷ്ഠമായി ന്യായീകരിക്കാൻ ആ വകുപ്പിന്, മാനദണ്ഡത്തിന്, സമ്പ്രദായത്തിന് ഒരു നിയമാനുസൃതമായ ലക്ഷ്യം ഉണ്ടാകണം, കൂടാതെ, അത്തരം ലക്ഷ്യം നേടാനുള്ള മാർഗ്ഗങ്ങൾ ഉചിതവും ആവശ്യവുമാകണം."*

2.3.5 പെൻഷൻ ലഭിക്കാൻ 15 വർഷം മുഴുവൻസമയജീവനക്കാരനായിരിക്കണമെന്ന തൊഴിൽ ചട്ടങ്ങൾ സ്ത്രീകളോട് വിവേചനപരമാണെന്നും, കാരണം, സ്ത്രീകളാണ് പുരുഷന്മാരേക്കാളധികമായി കുടുംബത്തെയും കുട്ടികളെയും പരിപാലിക്കാൻ പാർട്ട്-ടൈം ജോലികൾ ചെയ്യാൻ സാധ്യതയുള്ളതെന്നും വിധിച്ച യൂറോപ്യൻ നീതിന്യായ കോടതിയുടെ ഒരു കേസ് സുപ്രീം കോടതി കുറിച്ചു.[83]

---

83 *ബിൽക്ക-കൗഫാസ് ജിഎംബിഎച്ച് v. വെബ്ബർ വോൺ ഹാർട്ട്സ്*, (1986) ECR 1607

2.3.6 'വ്യത്യസ്ത സ്വാധീനം' എന്ന തത്ത്വത്തെ നിർവചിക്കുന്ന കനേഡിയൻ സുപ്രീം കോടതി തീരുമാനത്തെയും കോടതി ശ്രദ്ധിച്ചു.

> *"ഒരു വ്യക്തിയുടെയോ വിഭാഗത്തിന്റെയോ വ്യക്തിഗത സവിശേഷതകളെ സംബന്ധിച്ച വേർതിരിക്കൽ, അത് മനപ്പൂർവ്വമോ അല്ലാതെയോ ആവാം, എന്നാൽ ആ വ്യക്തിയുടെ അല്ലെങ്കിൽ വിഭാഗത്തിന്റെമേൽ മറ്റുള്ളവരിൽ ചുമത്താത്ത ഭാരങ്ങളോ ബാധ്യതകളോ ദോഷങ്ങളോ അടിച്ചേൽപ്പിക്കപ്പെടുകയോ അല്ലെങ്കിൽ ആ സമൂഹത്തിലെ മറ്റു ലഭ്യമായ അവസരങ്ങൾ, ആനുകൂല്യങ്ങൾ, നേട്ടങ്ങൾ അവർക്ക് നൽകുന്നില്ലെങ്കിലോ പരിമിതപ്പെടുത്തുകയോ ചെയ്യപ്പെടുത്തുന്നുണ്ടെങ്കിൽ."*[84]

2.3.7 കനേഡിയൻ സുപ്രീം കോടതി മറ്റൊരു കേസിൽ ഈ ആശയം മുന്നോട്ടുവച്ചു:

> *"...പ്രതികൂല ഫല വിവേചനം എന്ന ആശയം ഉണ്ട്. ഒരു തൊഴിലുടമ യഥാർത്ഥത്തിലുള്ള വാണിജ്യ ആവശ്യങ്ങൾ കാരണം നിഷ്പക്ഷമായ ഒരു നിയമമോ മാനദണ്ഡമോ സ്വീകരിക്കുകയും, അത് പ്രത്യക്ഷത്തിൽ എല്ലാ ജീവനക്കാർക്കും തുല്യമായി ബാധകമാക്കി കൊണ്ടുവരികയും, എന്നാൽ തൊഴിൽവിഭാഗത്തിന്റെ മറ്റു അംഗങ്ങളുടെമേലില്ലാത്ത ഏതെങ്കിലും ബാധ്യതകളോ, പിഴകളോ, നിയന്ത്രിത തൊഴിൽ നിബന്ധനകളോ ഒരു വ്യക്തിയുടെയോ അല്ലെങ്കിൽ ഒരു വിഭാഗത്തിന്റെയോ ചില പ്രത്യേക സവിശേഷതകാരണം മാത്രം അവരുടെമേൽ ചുമത്തപ്പെടുമ്പോൾ, നിരോധിതമായ ഒരു കാര്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിവേചന ഫലം ഉണ്ടാക്കുമ്പോഴാണ് അത് ഉണ്ടാകുന്നത്.*
>
> *...ശക്തമായ സാമ്പത്തിക അല്ലെങ്കിൽ വാണിജ്യ കാരണങ്ങളാൽ, സത്യസന്ധമായി എല്ലാവർക്കും വേണ്ടി ഉണ്ടാക്കിയ ഒരു തൊഴിൽ നിയമം, അത് ബാധകമായേക്കാവുന്ന മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി ഒരു പ്രത്യേക വ്യക്തിയെയോ വ്യക്തികളെയോ പ്രത്യേകമായി ബാധിക്കുന്നുണ്ടെങ്കിൽ അത് വിവേചനപരമായിരിക്കും."*[85]

2.3.8 ദക്ഷിണാഫ്രിക്കയിലെ ഭരണഘടനാ കോടതി പരോക്ഷമായ വിവേചനത്തെക്കുറിച്ച് സമാനമായ നിരീക്ഷണങ്ങൾ നടത്തി.

---

[84] *ആൻഡ്രൂസ് v. ലോ സൊസൈറ്റി ഓഫ് ബ്രിട്ടീഷ് കൊളംബിയ,* [1989] 1 SCR 143. *HIV /AIDS (പ്രിവൻഷൻ ആൻഡ് കൺട്രോൾ) ആക്റ്റ്, 2017*-ൽ വിവേചനത്തെക്കുറിച്ച് സമാനമായ ഒരു നിർവചനം ഉൾക്കൊള്ളുന്നു, ഇത് സൗത്ത് ആഫ്രിക്കയിലെ *പ്രൊമോഷൻ ഓഫ് ഇക്വാളിറ്റി ആൻഡ് പ്രിവെൻഷൻ ഓഫ് അൺഫെയർ ഡിസ്ക്രിമിനേഷൻ ആക്റ്റ്, 2000*-ൽ നിന്നും കടമെടുത്തതാണ്.

[85] *ഒന്റാറിയോ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ ആൻഡ് ഒമാലി v. സിംസൺസ്-സിയേഴ്സ് ലിമിറ്റഡ്,* [1985] 2 SCR 536

*"ഞാൻ മനസ്സിലാക്കുന്നത്, പരോക്ഷമായ വിവേചനം എന്ന ആശയം, വികസിപ്പിച്ചെടുത്തിരിക്കുന്നത് പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ മാനദണ്ഡങ്ങൾക്ക് പിന്നിൽ ഒളിഞ്ഞിരിക്കുന്ന വിവേചന സാഹചര്യങ്ങളെ നേരിടാൻ വേണ്ടിയും അല്ലെങ്കിൽ, ചരിത്രപരമായ കീഴ് വഴക്കത്തിന്റെ മാതൃകകൾ ഇതിനകം തന്നെ പ്രതികൂലമായി ബാധിച്ച വ്യക്തികളുടെ മേൽ പ്രതികൂല സാഹചര്യങ്ങൾ സ്ഥാനമുറപ്പിക്കുകയോ, അവരെ പ്രതികൂലിക്കാനായി പ്രത്യക്ഷത്തിൽ ഉദ്ദേശിക്കാത്ത നടപടികളുടെ ആഘാതം തീവ്രമാകുകയോ ചെയ്യാതിരിക്കാനായി*ട്ടാണ്.

*പല കേസുകളിലും, പ്രത്യേകിച്ച് പരോക്ഷമായ വിവേചനം ആരോപിക്കപ്പെടുമ്പോൾ, വിവേചനത്തെക്കുറിച്ച് പരാതിപ്പെടുന്ന വ്യക്തികൾ, തങ്ങളോട് അന്യായമായി വിവേചനം കാണിച്ചുവെന്ന് മാത്രമല്ല, അന്യായമായ വിവേചനം മനഃപൂർവമാണെന്നും കൂടി തെളിയിക്കേണ്ടി വരുന്നുണ്ടെങ്കിൽ അവയുടെ സംരക്ഷണ ലക്ഷ്യം പരാജയപ്പെടുന്നു. എതിർപ്പ് പ്രകടമാക്കിയ പെരുമാറ്റത്തിലോ പ്രവർത്തനത്തിലോ ഉൾപ്പെട്ടിരിക്കുന്ന വിവേചനപരമായ ഉദ്ദേശ്യമല്ലാതെ മറ്റെന്തെങ്കിലും ലക്ഷ്യം എല്ലായ്പ്പോഴും ഉള്ള പരോക്ഷമായ വിവേചനത്തിന്റെ സന്ദർഭങ്ങളിൽ ഈ പ്രശ്നം പ്രത്യേകിച്ചും രൂക്ഷമായിരിക്കും.*[86]

2.3.9 എല്ലാവർക്കും ഒരേ പരീക്ഷയായിരുന്നു നൽകിയിരുന്നതെങ്കിലും, വെള്ളക്കാരുടെ സ്കൂളുകളിൽ ആഫ്രിക്കൻ അമേരിക്കൻ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നില്ലാത്തതിനാൽ അവർക്ക് വളരെക്കാലങ്ങളായി ഗുണനിലവാരം കുറഞ്ഞ വിദ്യാഭ്യാസമാണ് ലഭിക്കപ്പെട്ടിരുന്നതെന്നും, അക്കാരണത്താൽ തൊഴിലുടമയുടെ നിയമന നയം ആഫ്രിക്കൻ അമേരിക്കൻ വ്യക്തികളെ തൊഴിൽ സ്രോതസ്സുകളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് വിവേചനപരമായി ബാധിച്ചു എന്നും അഭിരുചി പരീക്ഷകളുടെ അടിസ്ഥാനത്തിലുള്ള ജോലി നിയമനത്തെപ്പറ്റിയുള്ള ഒരു കേസിൽ യൂഎസ് സുപ്രീം കോടതി വിധിച്ചു.[87]

2.3.10 നോർത്തേൺ റെയിൽവേ അപ്പീൽവാദികൾക്ക് മെഡിക്കൽ ആനുകൂല്യങ്ങൾ നിഷേധിച്ചത് സ്ത്രീ വിഭാഗത്തെ ക്രമാതീതമായി സ്വാധീനിച്ചു എന്ന് *മധു* എന്ന കേസിൽ ഡൽഹി ഹൈക്കോടതി ഈ വിശകലനത്തിന് മുന്നോടിയായി വിധിച്ചു. ആശ്രിതരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളും ആയിരിക്കാൻ സാധ്യതയുയുള്ളതിനാൽ, ഡിക്ലറേഷൻ നൽകണമെന്നത് റെയിൽവേ അധികൃതർ ജീവനക്കാർക്ക് നിർബന്ധിതമാക്കുന്നത് അത്തരം സ്ത്രീകൾക്കും കുട്ടികൾക്കും മെഡിക്കൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാൻ ഉള്ള സാധ്യത വർധിപ്പിക്കുന്നു എന്ന വിശകലനത്തിലാണ് കോടതിയുടെ തീരുമാനം. ഇന്ത്യയിൽ സ്ത്രീകൾ ചരിത്രപരമായി

---

[86] *സിറ്റി കൗൺസിൽ ഓഫ് പ്രെറ്റോറിയ v. വാക്കർ കേസ്*, CCT 8/97

[87] *ഗ്രിഗ്സ് v. ഡ്യൂക്ക് പവർ കമ്പനി*, 401 US 424 (1971)

അഭിമുഖീകരിക്കുന്ന സ്വയം നിയന്ത്രണത്തിന്റെ നിഷേധനം ശാശ്വതമാക്കുന്നതിലൂടെ, ഒരു വർഗ്ഗമെന്ന നിലയിൽ സ്ത്രീകളെ മോശമായി ബാധിക്കുന്നു എന്നതാണ് ഇത്തരത്തിലുള്ള തീരുമാനങ്ങളുടെ അനന്തര ഫലം. (ഖണ്ഡിക 29-30).

2.3.11 പുരുഷ-സ്ത്രീ ജീവനക്കാർക്ക് വിവേചനരഹിതമായി ഒരേ മാനദണ്ഡങ്ങൾ ബാധകമാക്കുന്ന പൊതു തൊഴിലിലെ സീനിയോറിറ്റി നിയന്ത്രണങ്ങൾ, ഗർഭിണികളായ സ്ത്രീ ജീവനക്കാരെ ഉൾക്കൊള്ളിക്കാത്തതിനാൽ ഭരണഘടനയുടെ അനുഛേദങ്ങളായ 14, 15(1), 16(2), 21 എന്നിവയുടെ ലംഘനമാണെന്നു *ഇൻസ്പെക്ടർ (മഹിള) രവിന v. യൂണിയൻ ഓഫ് ഇന്ത്യ & അതേഴ്സി*ലും[88] ഡൽഹി ഹൈക്കോടതി സമാനമായ വിശകലനം ഉപയോഗിച്ചുകൊണ്ട് വിധിച്ചു. ഗർഭധാരണത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു അപേക്ഷയില്ലെങ്കിൽ പോലും ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സമ്പൂർണ്ണ നീതി പുലർത്തുന്നതിൽ നിന്ന് ഒരു കോടതിയെ ഒരു തരത്തിലും തടയുന്നില്ലെന്നും കോടതി കൂട്ടിച്ചേർത്തു. പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ രാഷ്ട്രത്തിന്റെ നടപടികളേയോ നിയമങ്ങളേയോ വെല്ലുവിളിക്കുന്ന കേസുകൾ കേൾക്കുമ്പോൾ, അത്തരമൊരു വാദം ഹർജിക്കാരൻ എടുത്തിട്ടില്ലെങ്കിൽ പോലും, അനുച്ഛേദം 15 പ്രകാരമുള്ള മതം, വംശം, ജാതി, ലിംഗം അല്ലെങ്കിൽ ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള പരോക്ഷമായ വിവേചനത്തെപ്പറ്റി പരിശോധന നടത്താനുള്ള ഭരണഘടനാ കോടതികൾക്കുള്ള ബാധ്യതകളുടെ അതിരുകൾ കുടി ഈ വിശകലനം സൂചിപ്പിക്കുന്നുണ്ട്.

2.3.12 IPC 377-ാം വകുപ്പ് പ്രകാരമുള്ള ഓറൽ, ഗുദ ലൈംഗിക സംഭോഗതയുടെ കുറ്റവൽക്കരണം എല്ലാവരേയും തുല്യമായി ബാധകമാക്കിയിട്ടുണ്ടെങ്കിലും, ഈ പ്രവൃത്തികൾ സ്വവർഗാനുരാഗികളുമായാണ് കൂടുതൽ ബന്ധപ്പെടുത്തുന്നത്, അതിനാൽ, ഈ നിയമം LGBTQ സമുദായത്തിന്റെമേൽ വ്യവസ്ഥാനുസൃതമായ പരിമിതികളും നിഷേധനവും അനാദരവും ഏൽപ്പിക്കുന്നതിനാൽ അനുച്ഛേദം 15 (1)-ന്റെ ലംഘനമാകുന്നു എന്ന് വിധിച്ചുകൊണ്ട് *മധുവി*ന്റെ സ്വാധീന-വിശകലനത്തിൽ സ്ഥാപിച്ച പരീക്ഷണം *നവ്തേജി*ലും പ്രയോഗിച്ചുകൊണ്ട് കോടതി വിധിച്ചു.[89]

2.3.13 *ലഫ്റ്റനന്റ് കേണൽ നിതിഷ v. യൂണിയൻ ഓഫ് ഇന്ത്യ*യിൽ[90] പരോക്ഷമായ വിവേചനം അല്ലെങ്കിൽ പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ നിയമങ്ങളുടെ വ്യത്യസ്തമായ ആഘാതം എന്നിവ സംബന്ധിച്ച് സുപ്രീം കോടതി ഒരു വഴിത്തിരിവായ തീരുമാനം അവതരിപ്പിച്ചു. അത്തരം വിശകലനത്തിന്റെ കാതൽ ഗണ്യമായ സമത്വം എന്ന ആശയമാണ്, അതിന്റെ അടിസ്ഥാന തത്ത്വങ്ങൾ കോടതി ഇനിപ്പറയുന്ന രീതിയിൽ പ്രസ്താവിക്കുന്നു:

---

[88] റിട്ട് പെറ്റീഷൻ (സിവിൽ) No. 4525/2014, 06.08.2015-ലെ അന്തിമ ഉത്തരവിലൂടെയും വിധിയിലൂടെയും തീർപ്പാക്കി.

[89] *Id* at 4, paras. 395-396

[90] 2021 SCC Online SC 261

*"ഒന്നാമതായി, നില അല്ലെങ്കിൽ ഔട്ട്-ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട പ്രതികൂലതകളുടെ ചാക്രികത തകർക്കാൻ ഇത് ലക്ഷ്യമിടുന്നു. ഇത് സമത്വത്തിന്റെ പുനർവിതരണ തലത്തെ പ്രതിഫലിപ്പിക്കുന്നു. രണ്ടാമതായി, ഒരു സ്വത്വ വിഭാഗത്തിലെ അംഗത്വം നിമിത്തമുള്ള അപകീർത്തി, സ്റ്റീരിയോടൈപിങ്, അപമാനം, അക്രമം എന്നിവ പരിഹരിക്കുന്നതിലൂടെ അന്തസ്സിനോടും മൂല്യത്തോടുമുള്ള ആദരവ് വർദ്ധിപ്പിക്കാൻ ഇത് ലക്ഷ്യമിടുന്നു. ഇത് ഒരു തിരിച്ചറിയൽ ലക്ഷണത്തെ പ്രതിഫലിപ്പിക്കുന്നു. മൂന്നാമതായി, അത് തുല്യതയ്ക്കുള്ള വിലയായി ആനുകൂല്യം ആവശ്യപ്പെടാൻ പാടില്ല. പകരമായി, അത് വ്യത്യസ്തതയെ ഉൾക്കൊള്ളുകയും ഘടനാപരമായ മാറ്റം കൈവരിക്കാൻ ലക്ഷ്യം വയ്ക്കുകയും വേണം. ഇത് പരിവർത്തന മാനം പിടിച്ചെടുക്കുന്നു. അവസാനമായി, ഗണ്യമായ സമത്വം സാമൂഹികമായും രാഷ്ട്രീയമായും സമൂഹത്തിൽ പൂർണ്ണ പങ്കാളിത്തം സുഗമമാക്കണം. ഇതാണ് പങ്കാളിത്ത മാനം."*
(ഖണ്ഡിക 56)

2.3.14 പ്രത്യക്ഷത്തിൽ നിഷ്പക്ഷമായ ഒരു വ്യവസ്ഥയോ മാനദണ്ഡമോ പ്രയോഗമോ ('PCP') ഒരു ദുർബല വിഭാഗത്തിൽ പ്രതികൂലവും ആനുപാതികമല്ലാത്തതുമായ സ്വാധീനം ചെലുത്തുന്നുണ്ടോ എന്ന് വിലയിരുത്തേണ്ട ചുമതല പരോക്ഷമായ വിവേചനം ഉന്നയിക്കുന്ന ഒരു അവകാശവാദത്തോട് പ്രതികരിക്കുന്ന ഒരു ഭരണഘടനാ കോടതിയ്ക്കുണ്ട്. സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ മാറ്റിനിർത്തലുകളെ, മാനസികമോ ശാരീരികമോ ആയ ഉപദ്രവങ്ങളുടെയോ രൂപങ്ങളിലുള്ള ദൃഢീകരിക്കുന്നതോ, നീണ്ടുനിൽക്കുന്നതോ അല്ലെങ്കിൽ വർദ്ധിപ്പിക്കുന്നതോ ആയ ദുർവിധികൾ ഇത്തരം നിയമ വ്യവസ്ഥകൾ കൊണ്ടുവരുന്നുണ്ടോയെന്ന് കോടതി പരിശോധിക്കണം, മാത്രമല്ല, ഏതെങ്കിലും തരത്തിലുള്ള വ്യവസ്ഥാപിതമോ ചരിത്രപരമോ ആയ ദുർവിധികൾ കൂടി അപേക്ഷകർക്ക് അനുഭവിക്കേണ്ടിവന്നിട്ടുണ്ടോ എന്നുള്ള പശ്ചാത്തലത്തിൽ വേണം അത് നോക്കേണ്ടത്.

2.3.15 അത്തരം PCP-കൾ നിയമാനുസൃതമായ ലക്ഷ്യമാണ് നിറവേറ്റുന്നതെന്നും, കുറഞ്ഞ തരത്തിൽ വിവേചിക്കുന്നവ ഇവയ്ക്ക് പകരംവെയ്ക്കാൻ കഴിയില്ലെന്നും കാണിച്ചുകൊണ്ട് ഇപ്രകാരം അരോപിക്കപ്പെട്ട പ്രവർത്തികൾ സാധുവാണെന്ന് എതിർകക്ഷി തെളിയിക്കാൻ ബാദ്യസ്ഥരാണ്. അത്തരം മേന്മയുള്ള സൂക്ഷ്മപരിശോധന നടത്തുകയും ഇതരമാർഗ്ഗങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഒരു കോടതിക്ക് പരോക്ഷമായ വിവേചന സിദ്ധാന്തത്തിന്റെ മുഴുവൻ സാധ്യതകളും സാക്ഷാത്കരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയൂ.

2.3.16 വ്യവസ്ഥാപരമായ വിവേചനം പരിഹരിക്കുന്നതിന്, ഇത്തരം നിയമപരമായ വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ, കോടതിയുടെ ഉത്തരവാദിത്തം വിവേചിതമായ PCP-കളെ അസാധുവാക്കുകയും ദ്രോഹിക്കപ്പെട്ടവരെ ഉപദ്രവിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്ന നെഗറ്റീവ് ഉത്തരവാദിത്വത്തിൽ

മാത്രമായി ഒതുങ്ങുന്നില്ല, കൂടാതെ, ഭാവി ദോഷങ്ങളുടെ വ്യാപ്തി കുറയ്ക്കാൻ ലക്ഷ്യം വയ്ക്കുന്ന അവകാശങ്ങൾ നൽകിക്കൊണ്ട് സാമൂഹിക പുനർവിതരണം സുഗമമാക്കാൻ വേണ്ടി ആവശ്യമായ ഉപാധികളും പ്രതിവിധികളും വികസിപ്പിക്കാനുള്ള ഒരു പോസിറ്റീവായ ഉത്തരവാദിത്വം കൂടി ഉണ്ട് (ഖണ്ഡിക 90). ഉദാഹരണത്തിന്, ഒരു പ്രത്യേക വിഭാഗത്തിന് ജോലിസ്ഥലത്തുള്ള വ്യവസ്ഥാപരമായ വിവേചനം തൊഴിൽ സമതാ പരിപാടികളിലൂടെ പരിഹരിക്കാനാകും. അങ്ങനെ ചെയ്യുന്നതിലൂടെ, അത് വ്യവസ്ഥാപരമായ വിവേചനത്തെ എതിർക്കുകയും, മുമ്പ് മാറ്റിനിർത്തപ്പെട്ട വിഭാഗത്തിന് തൊഴിലിടങ്ങളിൽ അവരുടെ കഴിവ് തെളിയിക്കാൻ അനുവദിക്കുന്നതോടെ കാഴ്ച്ചപ്പാട് സംബന്ധമായ സ്റ്റീരിയോടൈപ്പുകളെ എതിർക്കാൻ ഇവർക്ക് സാധിക്കുകയും അതോടൊപ്പം, മുമ്പ് മാറ്റിനിർത്തപ്പെട്ട വിഭാഗത്തിന്റെ ഒരു നിർണ്ണായക ബഹുജനത്തിന്റെ സ്ഥാനം ഉറപ്പാക്കുന്നതിനും അപ്രകാരം സ്ഥാപന നയങ്ങൾക്ക് ഒരു പുതിയ രൂപം നൽകുന്നതിന് അവരെ ശക്തരാക്കുന്ന ഫലം ഉണ്ടാക്കുകയും ചെയ്യുന്നു.

2.3.17 മഹാരാഷ്ട്രയിലെ പൊതുവിടങ്ങളിൽ പൊതു ശൗചാലയങ്ങൾക്കും ശുചിത്വ സൗകര്യങ്ങൾക്കും മെച്ചപ്പെട്ട ലഭ്യത ആവശ്യപ്പെട്ടുകൊണ്ടുള്ള *മിലുൻ സർയജാനി & അതേഴ്സ് v. പൂനെ മുനിസിപ്പൽ കമ്മീഷണർ & അതേഴ്സ്*[91] എന്ന സ്ത്രീഅവകാശ സംഘടനകൾ അവതരിപ്പിച്ച പൊതു താൽപ്പര്യ ഹർജിയിൽ (PIL), പരിഹാരം നൽകിക്കൊണ്ട് പൊതുശൗചാലയ സൗകര്യങ്ങളുടെ അഭാവത്തിലെ ലിംഗഭേദത്തെക്കുറിച്ച് ബോംബെ ഹൈക്കോടതി വിശകലനം ചെയ്തു. എന്നിരുന്നാലും, ഈ കേസിൽ അനുച്ഛേദം 15-നു കീഴിലുള്ള ഒരു ഔപചാരിക പ്രഖ്യാപനമുണ്ടായില്ല. എങ്കിലും, കോടതിയുടെ വിശകലനം ശ്രദ്ധ അർഹിക്കുന്നു, കാരണം, സാമൂഹികവും സാമ്പത്തികവും നിയമപരവുമായ വിവേചനത്തിന്റെയും അനീതിയുടെയും പാളികൾ അഴിച്ചുമാറ്റാനുള്ള കോടതിയുടെ കടമയെ അത് വെളിപ്പെടുത്തുന്നു.

2.3.18 പൊതുശൗചാലയങ്ങളില്ലാത്തത് എല്ലാവരെയും ബാധിക്കുന്നുണ്ടെങ്കിലും അത് സ്ത്രീകളെ പ്രത്യേകമായി ബാധിക്കുന്നുണ്ടെന്ന് ബോംബെ ഹൈക്കോടതി അഭിപ്രായപ്പെട്ടു. പുരുഷൻമാരേക്കാൾ വളരെ കുറച്ച് പൊതുസേവനങ്ങളാണ് പൊതുവിടങ്ങളിൽ സ്ത്രീകൾക്ക് ഇതിനകം തന്നെ ഉള്ളത്. സ്ത്രീകൾ പലപ്പോഴും കുട്ടികളുടെ പരിപാലനവും വീട്ടിലെ ഉത്തരവാദിത്തങ്ങളും സംയോജിപ്പിക്കുന്നു, അത് കൂടാതെ തൊഴിൽപരമായ അദ്ധ്വാനവും, അതിന്റെ ഫലമായി, അവരുടെ യാത്രാ ആവശ്യങ്ങൾ പുരുഷന്മാരുടെ ജോലിയിലും യാത്രയിലും നിന്നും ഗുണപരമായി വ്യത്യസ്തമാണ്. അതിനാൽ, മെച്ചപ്പെട്ട പൊതു ശൗചാലയങ്ങളും ശുചിത്വ സൗകര്യങ്ങളും ലഭ്യമാക്കേണ്ടത് ആവശ്യമാണ്. പ്രായമായവർക്കും ഡിസബിലിറ്റി ഉള്ളവർക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രാഥമിക ശുശ്രൂഷകരിൽ വലിയൊരു പങ്കും സ്ത്രീകളാണെന്ന വസ്തുതയ്ക്ക് പുറമേ സ്ത്രീകളുടെ ആർത്തവ കാലത്തെ ആരോഗ്യ സംരക്ഷണം നിമിത്തം ശൗചാലയം പലതവണ ഉപയോഗിക്കേണ്ടി വരുന്നത് അവരുടെ

[91] 2015 SCC Online Bom 6256

ഭാരം വർദ്ധിപ്പിക്കുകയും പൊതു ശൗചാലയങ്ങളുടെ ആവശ്യകത കൂടുതൽ രൂക്ഷമായി അനുഭവവേദ്യമാക്കുകയും ചെയ്യുന്നു (ഖണ്ഡിക 45-46).

2.3.19 പൊതുവിടങ്ങളിലേക്കും യാത്രാസൗകര്യങ്ങളിലും കൂടുതൽ ലഭ്യതയും ആവശ്യപ്പെട്ടുകൊണ്ട് ഡിസബിലിറ്റി അവകാശ പ്രവർത്തകർ സമർപ്പിച്ച *ജീജാ ഘോഷ് v. യൂണിയൻ ഓഫ് ഇന്ത്യ*[92] എന്ന PIL-ൽ, പൊതു യാത്രകൾ ഡിസബിലിറ്റി ഉള്ള വ്യക്തികളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സൗകര്യപ്രദമാക്കണമെന്ന നിർദ്ദേശങ്ങൾ സുപ്രീം കോടതി പുറപ്പെടുവിച്ചു. ചരിത്രപരമായി പാർശവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വിവേചനത്തിനെതിരെയുള്ള അവകാശവാദങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിയമ തത്ത്വത്തിന് കോടതി ഊന്നൽ നൽകി:

> *"സമത്വം എന്നത് വിവേചനം തടയുന്നത് മാത്രമല്ല സൂചിപ്പിക്കുന്നത്, (ഉദാഹരണത്തിന്, വിവേചന വിരുദ്ധ നിയമങ്ങൾ അവതരിപ്പിക്കുന്നതിലൂടെ പ്രതികൂലമായ പെരുമാറ്റത്തിനെതിരെയുള്ള വ്യക്തികളുടെ സംരക്ഷണം) എന്നാൽ, അതിനും അപ്പുറത്തേക്ക്, സമൂഹത്തിലെ വിവിധ വിഭാഗങ്ങളോടുള്ള വ്യവസ്ഥാപിതമായ വിവേചനം പരിഹരിക്കുന്നതി*നുമായിരിക്കണം*. വ്യക്തമായി പറഞ്ഞാൽ, കൂടുതലായ അവകാശങ്ങൾ നൽകുന്ന പോസിറ്റീവ് അവകാശങ്ങൾ, സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുള്ള സ്വീകാര്യമായ പ്രവർത്തനങ്ങൾ, ന്യായമായ സാത്മീകരണം എന്നിങ്ങനെയുള്ള ആശയങ്ങളെ കൈക്കൊള്ളുക എന്നാണ് അതിന്റെ അർത്ഥം."* (ഖണ്ഡിക 40-43)

2.3.20 *ആശിഷ് കുമാർ മിശ്ര v. ഭാരത് സർക്കാർ ത്രൂ സച്ചിവ് ഖാദ്യ & പ്രസാൻസ്കർൺ മന്ത്രാലയ്*[93] എന്ന കേസിൽ, *ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013* പ്രകാരം ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച് അലഹബാദ് ഹൈക്കോടതി സമാനമായ വിശകലനം സ്വീകരിച്ചു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിവേചനം ഇല്ലാതാക്കുന്നത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിന്റെ ഒരു ഭാഗമാണെന്ന് അതിൽ അഭിപ്രായപ്പെട്ടു. എന്നിരുന്നാലും, ദാരിദ്ര്യവും പാർശവൽക്കരണവും ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജീവിതത്തിൽ നിലനിൽക്കുന്നതിനാൽ, വിവേചനരഹിതമാക്കുന്നതിനപ്പുറം നിയമം സഞ്ചരിക്കുകയും സാമൂഹിക സുരക്ഷ ലഭ്യമാക്കാനുള്ള രാഷ്ട്രത്തിന്റെ ബാധ്യത കൂടി അംഗീകരിക്കുകയും ചെയ്യണം.

2.3.21 മേൽപ്പറഞ്ഞ ഭാഗത്തിൽ ചർച്ച ചെയ്ത കേസുകൾ കോടതികൾ രൂപാന്തരണ ഭരണഘടനാവാദം പ്രാവർത്തികമാക്കിയതിന്റെ ദൃഷ്ടാന്തങ്ങൾ കൂടിയാണ്. *മധു, രവിന, നിതിഷാ, മിലുൻ സര്യജനി,* എന്നിവയിൽ കോടതികൾ പ്രധാനമായും അഭിമുഖീകരിച്ചത് സാമൂഹികവും സാമ്പത്തികവുമായ അവകാശ

[92] (2016) 7 SCC 761

[93] (2015) 4 All LJ 339

സംരക്ഷണത്തെക്കുറിച്ചുള്ള ചോദ്യങ്ങളാണ് (ആരോഗ്യ സംരക്ഷണം, തൊഴിൽ, ശുചിത്വ സൗകര്യങ്ങൾ എന്നിവ യഥാക്രമം), അവ രാഷ്ട്രത്തിന്റെ നടപടി, നിയമം, നയം എന്നിവയെ അറിയിക്കുന്നതിനായി ലൈംഗികതയുടെ അടിസ്ഥാനത്തിൽ സമത്വത്തേയും വിവേചന വിരുദ്ധതേയും കുറിച്ചുള്ള വിശകലനം മുന്നോട്ടുവച്ചു. മറുവശത്ത്, *ജീജ ഘോഷിലും ആശിഷ് കുമാർ മിശ്ര*യിലും, കോടതികൾ യഥാക്രമം ആരോഗ്യ നിലയുടെയും ലിംഗ വ്യക്തിത്വത്തിന്റെയും അടിസ്ഥാനത്തിൽ സമത്വത്തിനും വിവേചനരഹിതമായ ഒരു സംയോജിത സമീപനം നൽകുകയും പൊതുവിടങ്ങളിലെ പ്രവേശനവും ഭക്ഷ്യസുരക്ഷയും നിർബന്ധമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിഹാരം അനുവദിച്ചുകൊണ്ട് സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ സാക്ഷാത്കരിക്കുന്നതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നു. ക്വീർ വ്യക്തികളെ ചരിത്രപരമായി മാറ്റി നിർത്തുന്നത് പരിഹരിക്കുന്നതിന് ഈ കേസുകൾ കോടതികൾക്ക് നിർബന്ധിത മാർഗ്ഗനിർദേശം നൽകുന്നു.

## 2.4 സാമൂഹിക സാമ്പത്തിക അവകാശങ്ങൾ സാകല്യേമാക്കുമ്പോൾ

2.4.1 വൈവാഹിക നില ഒരു ബന്ധത്തിന്റെ നിയമപരമായ അംഗീകാരത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്, വിവാഹം, വിവാഹമോചനം, ജീവനാംശം, രക്ഷാകർതൃത്വം, ദത്തെടുക്കൽ, ആരോഗ്യ സംരക്ഷണ ആനുകൂല്യങ്ങൾ, സ്വത്തവകാശം, പാർപ്പിടം, പങ്കാളി ആനുകൂല്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ കക്ഷികളുടെ അവകാശങ്ങളും കടമകളും അത് ഒരു പരിധിവരെ നിയന്ത്രിക്കുകയും ചെയ്യുന്നു. കൂടാതെ, വൈവാഹിക നില അത്തരം അവകാശങ്ങളുടെ ലഭ്യതയെ പരിമിതപ്പെടുത്തുന്നു; നിയമം നിർബന്ധിത വിവാഹത്തിന് മുൻഗണന നൽകുന്നു എന്നാണ് ഭിന്നലൈംഗിക അവിവാഹിത ബന്ധങ്ങളുടെ പശ്ചാത്തലത്തിലുള്ള 'വിവാഹത്തിന്റെ സ്വഭാവത്തിലുള്ള ബന്ധങ്ങളുടെ' ഒരു അവലോകനം ചൂണ്ടികാണിക്കുന്നത്. മതേതരവും മതത്തെ അടിസ്ഥാനമാക്കിയുള്ള വ്യക്തിപരവുമായ നിയമങ്ങളുടെ ഒരു മിശ്രിതവും ഇത്തരം സാമൂഹിക-സാമ്പത്തിക അവകാശങ്ങൾ അടങ്ങിയ നിയമസംഹിത കോഡ് ചെയ്തിരിക്കുന്നത് ദ്വിത്വം ലിംഗഭേദം, ഭിന്നലൈംഗികത, ഏകഭാര്യത്വം, ദാമ്പത്യം എന്നിവയുടെ ദ്വന്ദ്വസിദ്ധാന്തപരമായ അനുമാനങ്ങളിലാണ്. തൽഫലമായി, അവിവാഹിതരെയും ക്വീർ ബന്ധങ്ങളെയും അവരുടെ സാമൂഹികവും സാമ്പത്തികവും നിയമപരവുമായ ആശങ്കകളെയും നിയമം വ്യവസ്ഥാപിതമായി മാറ്റി നിർത്തുന്നു.

2.4.2 അവകാശങ്ങൾ ലഭിക്കാനുള്ള മാർഗ്ഗമായി വിവാഹത്തിനും കുടുംബത്തിനും മുൻഗണന നൽകുന്നത് അത്തരം ബന്ധങ്ങളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ആനുകൂല്യങ്ങൾ *സ്വകാര്യവൽക്കരിക്കുകയും* സാമൂഹിക സുരക്ഷ അവകാശങ്ങൾ ലഭ്യമാക്കാനുള്ള രാഷ്ട്രത്തിന്റെ മൗലിക പങ്കിൽ അതിന്റെ ശ്രദ്ധയെ അകറ്റി

നിർത്തുകയും ചെയ്യുന്നു എന്ന് ക്വീർ ശബ്ദങ്ങൾ വിമർശിക്കുന്നുണ്ട്.[94] അതിനാൽ, രൂപാന്തരണ ഭരണഘടനാവാദത്തിൽ വേരൂന്നിയ ഒരു നിയമ തന്ത്രം വൈവാഹിക നിലയുടെ *സമത്വത്തിൽ* മാത്രം ഒതുങ്ങുന്നില്ല, മറിച്ച്, വൈവാഹിക നില *പരിഗണിക്കാതെ* തന്നെ വ്യത്യസ്ത ബന്ധുത്വ ശൃംഖലകളിലെ അവിവാഹിതർ, വിവാഹമോചിതർ, വിധവകൾ, ക്വീർ വ്യക്തികൾ എന്നിവരുടെ അടിസ്ഥാന അവകാശങ്ങളുടെ സംരക്ഷണത്തിനായി വാദിക്കുകയും ചെയ്യുന്നു. അത്തരമൊരു പ്രക്രിയ പുനർവിതരണ സമരങ്ങൾക്ക് മുൻഗണന നൽകുന്ന തൊഴിലാളി വർഗ്ഗത്തിന്റെയും ദളിത്, ക്വീർ സമുദായങ്ങളുടെയും അധികമായ പാർശവൽക്കരണവും ഒഴിവാക്കലും അഭിസംബോധന ചെയ്യുകയും അവരുടെ സാമൂഹികവും സാമ്പത്തികവും നിയമപരവുമായ ആശങ്കകൾ ഈ പ്രക്രിയയുടെ അവിഭാജ്യമായി ഉൾപ്പെടുത്തുകയും വേണം.[95]

## I ആരോഗ്യ പരിരക്ഷ

2.4.3 ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ അടുത്ത ബന്ധുക്കളെ മാത്രമേ അംഗീകരിക്കുന്നുള്ളു എന്നതിനാൽ , ഒരു വ്യക്തിക്ക് പൊതുആരോഗ്യ സംരക്ഷണത്തിനായുള്ള സമ്മതം നൽകാൻ കഴിയാത്ത അവസരങ്ങളിൽ, അവർക്ക് വേണ്ടി അത്യാഹിത ഘട്ടങ്ങളിൽ (മാരകമായതോ അല്ലാത്തതോ) സമ്മതം നൽകാനാവുന്ന ഒരു പരിചരണ ദാതാവിന്റെ കഴിവ് ക്വീർ ബന്ധങ്ങളിൽ നിഷേധിക്കപ്പെടുന്നു. ആരോഗ്യത്തെ സംബന്ധിച്ച കൂടിയാലോചനകളിലും ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കൽ പ്രക്രിയകളിലും തങ്ങളുടെ പങ്കാളികളെക്കൂടെ പങ്കെടുപ്പിക്കുന്നതിനുള്ള ക്വീർ വ്യക്തികളുടെ യോഗ്യതയെ ഇത് ദുർബലപ്പെടുത്തുന്നു.

2.4.4 മരണപ്പെട്ടേക്കാവുന്ന സാഹചര്യങ്ങളിൽ പോലും പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് സ്വയം തിരഞ്ഞെടുപ്പിനും നിരാകരിക്കുന്നതിനുമുള്ള സ്വയം ഭരണ മൗലികാവകാശമായുണ്ടെന്നു 2018- ലെ, *കോമൺ കോസ് v. യൂണിയൻ ഓഫ് ഇന്ത്യ & അനതർ*[96] എന്ന കേസിൽ സുപ്രീം കോടതി പ്രഖ്യാപിച്ചു. ഇക്കാര്യത്തിൽ, അനുച്ഛേദം 21 പ്രകാരം, കഠിന രോഗ ബാധിതനായ ഒരു വ്യക്തിയുടെയോ അല്ലെങ്കിൽ കോമയിലായ വ്യക്തിയുടെയോ (നടത്തിപ്പുകാരൻ) വൈദ്യചികിത്സ പിൻവലിക്കണമെന്ന മുൻകൂർ നിർദേശം ചികിത്സിക്കുന്ന ഒരു ഡോക്ടറെക്കൊണ്ട് പിന്തുടരാനുള്ള അവകാശം ഉണ്ട്. മുൻകൂർ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായുള്ള പ്രക്രിയകൾ സുഗമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, അതോടൊപ്പം, നടത്തിപ്പുകാർക്ക് അവരുടെ മുൻകൂർ നിർദ്ദേശങ്ങൾക്ക് പ്രഭാവം നൽകുന്നതിൽ രക്ഷിതാക്കൾ, അടുത്ത ബന്ധുക്കൾ അല്ലെങ്കിൽ നടത്തിപ്പുകാരന്റെ

---

94 എഗൈൻസ്റ്റ് ഇക്വാളിറ്റി: ക്വീർ ക്രിട്ടിക്സ് ഓഫ് ഗേ മാര്യേജ്, എഡിറ്റഡ് ബൈ റയൻ കോൺറാഡ് & ഇൻട്രൊഡക്ഷൻ ബൈ യാസ്മിൻ നായർ

95 റീ-കാസ്റ്റിംഗ് നവ്തേജ് സിംഗ് v. യൂണിയൻ ഓഫ് ഇന്ത്യ, ഗീ ഇമാൻ സെമ്മലർ, NUJS ലോ റിവ്യൂ, 13 NUJS L. Rev. 3 (2020)

96 (2018) 5 SCC 1

കുടുംബാംഗങ്ങൾ എന്നിവർ വഹിക്കുന്ന പങ്കും കോടതി വിവരിച്ചു (ഖണ്ഡികകൾ 198-201).

2.4.5 ഒരു മാനസിക രോഗത്തിന് തനിക്ക് വേണ്ട പരിചരണവും ചികിത്സാരീതിയും വ്യക്തമാക്കാൻ മുൻകൂർ നിർദ്ദേശം നൽകാനുള്ള അവകാശം ലഭ്യമാക്കിയിട്ടുള്ളതിന്റെ മറ്റൊരു ഉദാഹരണമാണ് *മെന്റൽ ഹെൽത്ത്കെയർ ആക്റ്റ്, 2017*. ഈ നിയമത്തിന്റെ 14-ാം വകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രതിനിധികളെ നിയമിക്കുന്നതിനുള്ള വ്യവസ്ഥയിൽ, 'ബന്ധുക്കൾ' അല്ലാത്ത വ്യക്തികളെയും ഇപ്രകാരം നിയമിക്കാൻ അനുവദിക്കുന്നുണ്ട്. ക്വീർ വ്യക്തികൾക്ക് തങ്ങളുടെ മാനസികാരോഗ്യകാര്യങ്ങളിൽ തീരുമാനമെടുക്കാനാവാത്ത സാഹചര്യങ്ങളിൽ തങ്ങളുടെ താത്പര്യങ്ങൾക്കനുയോജ്യമായ തീരുമാനമെടുക്കുന്നതിന് ബന്ധുക്കളെക്കൂടാതെ തങ്ങളുടെ പങ്കാളിയെയോ സുഹൃത്തുക്കളെയോ മറ്റാരെയെങ്കിലുമോ നാമനിർദ്ദേശം ചെയ്യുന്നതിന് നിയമത്തിലെ ഈ വകുപ്പ് അനുവദിക്കുന്നു. എന്നാൽ ഈ വ്യവസ്ഥ മാനസികാരോഗ്യ പരിപാലനത്തിനു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

2.4.6 ഒരു കൂട്ടം കേസുകളിൽ, ഏറ്റവും അടുത്ത കാലത്തായി, *രജനി ഹരിയോം ശർമ്മ v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അനതർ*[97]-ൽ, കോമയിലുള്ള തന്റെ ഭർത്താവിന്റെ സംരക്ഷണത്തിനായും ഭർത്താവിന്റെയും കുടുംബത്തിന്റെയും താത്പര്യങ്ങൾക്കനുസരിച്ചുള്ള ആരോഗ്യപരിപാലനത്തിനായി തീരുമാനമെടുക്കാനും തങ്ങളുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിനും ഒരു ഭാര്യയെ നിയമിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു ബോംബെ ഹൈക്കോടതി. *കോമൺ കോസ്, രജനി ഹരിയോം ശർമ്മ* എന്ന കേസുകളിൽ കോടതി പ്രഖ്യാപിച്ച നിയമമനുസരിച്ച് വിവാഹത്തെയോ രക്ത ബന്ധത്തെയോ അടിസ്ഥാനപ്പെടുത്തിയ കുടുംബാംഗങ്ങൾക്കും അടുത്ത ബന്ധുക്കൾക്കും മുൻഗണന നൽകുന്നതിനാൽ, തങ്ങളുടെ പങ്കാളികളോ സുഹൃത്തുക്കളോ മറ്റാരെങ്കിലേയുമോ തങ്ങൾക്കു പകരമായി അത്യാഹിത ഘട്ടങ്ങളിലുള്ള ആരോഗ്യപരിചരണത്തിനായി നിയമിക്കുന്നതിൽ നിന്നും ക്വീർ വ്യക്തികൾ ഒഴിവാക്കപ്പെടാൻ സാധ്യതയുണ്ട്.

2.4.7 ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തോടൊപ്പം ലിംഗവ്യക്തിത്വവും ലൈംഗിക ചായ്‌വും വൈവാഹിക നിലയും പരിഗണിക്കാതെ എല്ലാ വ്യക്തികൾക്കും ആരോഗ്യത്തിനുള്ള മൗലികാവകാശം ക്രമേണ യാഥാർത്ഥ്യമാക്കാനുള്ള ആവശ്യപ്പെടലും സംയോജിപ്പിക്കുന്നതിനുള്ള ആവശ്യത്തെയാണ് ക്വീർ സമൂഹത്തിന്റെ ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള ശാരീരിക-മാനസിക ആരോഗ്യസാക്ഷാത്കാരത്തിനുള്ള വെല്ലുവിളികൾ പ്രകടമാക്കുന്നത്.

[97] 2020 SCC Online Bom 880

2.4.8 നേരത്തെ പ്രസ്താവിച്ചതുപോലെ, *NALSA*-യിൽ സ്വന്തം ലിംഗ വ്യക്തിത്വം നിർണ്ണയിക്കാനുള്ള ട്രാൻസ് വ്യക്തികളുടെ അവകാശത്തെ അംഗീകരിക്കപ്പെടുകയും കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് പുരുഷൻ, സ്ത്രീ, അല്ലെങ്കിൽ ട്രാൻസ്ജെൻഡർ (മൂന്നാം ലിംഗം ഉൾപ്പടെ) എന്നിവർക്ക് നിയമത്തിൽ അംഗീകാരം നൽകാനും നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ, ലിംഗമാറ്റ ശാസ്ത്രക്രിയയ്ക്കായുള്ള ഏതൊരു രീതിയിലുള്ള നിർബന്ധവും നിയമവിരുദ്ധവും സദാചാരവിരുദ്ധവുമായി പ്രഖ്യാപിക്കുകയുമുണ്ടായി. പുരുഷ/പെൺ ദ്വന്ദ്വത്തിൽ സ്വയം തിരിച്ചറിയുന്ന ട്രാൻസ് വ്യക്തികളെ നിയമപരമായ അംഗീകാരത്തിനായി ശസ്ത്രക്രിയയ്ക്ക് വിധേയരാക്കുന്നതിന് പ്രേരിപ്പിക്കുന്നു എന്നതിനാൽ *2019-ലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) നിയമ*ത്തിലെ[98] നിയമാംഗീകാരത്തിനുള്ള രണ്ടു ചുവടുകളായുള്ള പ്രക്രിയ ലിംഗ വ്യക്തിത്വത്തെ സ്വയം നിർണ്ണയിക്കാനുള്ള അവകാശത്തിന്റെ സ്പഷ്ടമായ ലംഘനമാണ്, മാത്രമല്ല, ശരീര സമഗ്രത, വ്യക്തിഗത സ്വയംഭരണം എന്ന അവകാശത്തിന്റെയും ലംഘനമാണ്. മദ്രാസ് ഹൈക്കോടതിയുടെ *അരുൺ കുമാറി*ലെ തീരുമാനത്തെ (സ്വയം നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ട്രാൻസ് അല്ലെങ്കിൽ ഇന്റർസെക്സ് സ്ത്രീ നിയമപരമായി ഒരു സ്ത്രീയാണെന്ന വിധി) ഇകഴ്ത്താനും, കൂടാതെ ട്രാൻസ്, ഇന്റർസെക്സ് വ്യക്തികൾ വൈദ്യശാസ്ത്രപരമായ ഇടപെടലുകൾക്ക് വിധേയരായില്ലെങ്കിൽ വിവാഹത്തിനുള്ള അവകാശത്തെ ഇത് നഷ്ടപ്പെടുത്താനും ഭീഷണിപ്പെടുത്തുന്നവയാണ് ഇത്തരം കാലത്തിനു അനുയോജ്യമല്ലാത്ത നിയമപരമായ വികസനങ്ങൾ.

2.4.9 ക്വീർ വ്യക്തിയുടെ ബന്ധത്തിന്റെ നില എന്തുതന്നെയായാലും, ക്വീർ വ്യക്തികളും സമുദായവും നിർണ്ണായകമായി കരുതുന്ന ചില ആരോഗ്യ പ്രശ്നങ്ങൾ ഉണ്ട്. തീർച്ചയായും ക്വീർ വ്യക്തികളുടെ ആരോഗ്യ അവകാശങ്ങളുടെ സാക്ഷാത്കാരം വ്യക്തിപരമായ അടുത്ത ബന്ധങ്ങളെ ഉണ്ടെക്കിയെടുക്കാനുള്ള അവകാശമുൾപ്പടെയുള്ള അവരുടെ പൗരത്വ രാഷ്ട്രീയ അവകാശങ്ങൾ യാഥാർഥ്യമാക്കുന്നതിനായും അവരെ ശാക്തീകരിക്കുന്നു.

2.4.10 HIV/എയ്ഡ്സ് എന്നിവ കൂടുതൽ അപകട സാധ്യതയുള്ള വിഭാഗത്തിൽ പെടുന്നവരെ - ലൈംഗിക തൊഴിലാളികളെയും ട്രാൻസ് വ്യക്തികളെയും പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരെയും ക്രമാതീതമായി ബാധിച്ചു കൊണ്ടിരിക്കുന്നു.[99] HIV (PLHIV) ഉള്ള വ്യക്തികൾക്ക് ആരോഗ്യപരിപാലനങ്ങൾ ലഭ്യമാക്കാത്തതിനെതിരെ 2000-ന്റെ തുടക്കത്തിൽ സമർപ്പിക്കപ്പെട്ട ഒരു കൂട്ടം ഹർജികൾ പരിഗണിക്കുമ്പോൾ, HIV/എയ്ഡ്സുമായി ബന്ധപ്പെട്ട ചികിത്സകൾ ഭരണഘടനയുടെ അനുച്ഛേദം 14-ലും 21-ലും ഉൾപ്പെടുന്ന

98 ട്രാൻസ്ജൻഡർ പേഴ്സൺസ് (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ്) ആക്റ്റ്, 2019-ലെ 4-7 വകുപ്പുകൾ

99 ഇന്ത്യ എച്ച്ഐവി എസ്റ്റിമേറ്റ്സ് 2019 റിപ്പോർട്ട്, നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ് @ പേജുകൾ 15-17

മൗലിക അവകാശമാണെന്ന്  സുപ്രീം കോടതി പ്രഖ്യാപിച്ചു.[100] ഈ സമൂഹങ്ങൾ അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ മാറ്റി നിർത്തലിനുള്ള[101] പ്രതിവിധി അന്വേഷിക്കുന്ന ഒരു പൊതു ആരോഗ്യ നിയമത്തിനായുള്ള അഭിഭാഷണങ്ങളിൽ ഏർപ്പെടുകയും, അത് *HIV /എയ്ഡ്സ് (പ്രതിരോധവും നിയന്ത്രണവും)* നിയമം, *2017* (HIV ആക്റ്റ്), നിയമ നിർമ്മാണത്തിൽ കലാശിക്കുകയും ചെയ്തു.

2.4.11 'കെംസെക്സ്' എന്ന മരുന്നുപയോഗിച്ച് ലൈംഗിക രോഗങ്ങളുടെ പുതിയ വ്യാപനം തടയുന്നതിനുള്ള ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ (NACO) കഴിവില്ലായ്മയും പ്രത്യേക ലക്ഷ്യങ്ങളുദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾക്കുള്ള ബജറ്റ് വിഹിതം കുറയുന്നതും മൂലം സമുദായങ്ങളെ സംഘടിപ്പിച്ചും, ആരോഗ്യഹാനി ന്യൂനീകര പരിപാടികളെ ആശ്രയിച്ചും മഹാമാരിയെ നിയന്ത്രിക്കുന്നതും, ഉയർന്നുവരുന്ന സംഖ്യകളെ കുറയ്ക്കാനുള്ള ശ്രമത്തിനുമെതിരായി ഗുരുതരമായ ആശങ്കകൾ സൃഷ്ടിക്കുന്നു.[102] *HIV ആക്റ്റ്* പ്രകാരം, PLHIV-ക്ക് ഒരു ആന്റി റിട്രോ വൈറൽ മരുന്ന് നൽകുന്നതിന് രാഷ്ട്രത്തെ നിർബന്ധിക്കുന്നു (കഴിയുന്നിടത്തോളം), ഈ പദം സമൂഹ സംവാദങ്ങൾക്ക് ശേഷം സർക്കാരിനു സമർപ്പിക്കപ്പെട്ട ഡ്രാഫ്റ്റ് ബില്ലിൽ ചേർത്തിരുന്നില്ല. ആരോഗ്യത്തിനുള്ള അവകാശം ഉറപ്പാക്കാനുള്ള ഭരണഘടനാപരമായ പ്രതിബദ്ധതയിൽ നിന്ന് ഭരണകൂടം പിന്മാറിയേക്കുമോയെന്ന ആശങ്ക PLHIV ശൃംഖലകൾക്കും HIV സംബന്ധിയായ സംഘടനകൾക്കുമിടയിൽ ഈ പദപ്രയോഗം സൃഷ്ടിച്ചു.[103] ജീവൻ രക്ഷാ മരുന്നുകൾക്കും ചികിത്സയ്ക്കുമായി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളുടെ പ്രതിബദ്ധതയില്ലെങ്കിൽ വിവേചന വിരുദ്ധ നടപടികൾ തീർത്തും അപര്യാപ്തമാണെന്ന ആശങ്കയിൽ നിന്നാണ് ഈ വിമർശനം ഉയർന്നത്.[104]

2.4.12 പൂർവ്വസ്ഥിതിയിലുള്ള സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ മൂലം പാർശവത്കരണത്തിൽ ജീവിക്കുന്നവരുടെ മോശം സ്ഥിതി വർദ്ധിക്കുന്നതെങ്ങനെയെന്നു കോവിഡ്-19 മഹാമാരി വെളിപ്പെടുത്തി. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ മൂലമുള്ള പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ അപര്യാപ്തതയും എച്ച്ഐവി/എയ്ഡ്സ് രോഗത്തിന്റെ അപകടസാധ്യതയും കാരണം ട്രാൻസ് വ്യക്തികളും ലൈംഗിക തൊഴിലാളികളായ ട്രാൻസ് വ്യക്തികളുമടക്കമുള്ളവർ കോവിഡ്-19-ന്റെ ഉയർന്ന അപകടസാധ്യത അനുഭവിക്കേണ്ടി വരുന്നു. ട്രാൻസ്-ഹിതകരമായ ആരോഗ്യ സേവനങ്ങളും പാർപ്പിടങ്ങളും ലഭ്യമാക്കാൻ രാഷ്ട്രത്തിനു സാധിക്കാതെ വരുന്നത് ട്രാൻസ്, ഇന്റർസെക്സ്, ജൻഡർ-നോൺ കോൺഫോമിങ്

---

100 *സങ്കൽപ് റീഹാബിലിറ്റേഷൻ ട്രസ്റ്റ് v.  യൂണിയൻ ഓഫ് ഇന്ത്യ,* റിട്ട് പെറ്റീഷൻ (സി) 512/1999 എന്നതിലെ 16.12.2010-ലെ ഉത്തരവ്

101 HIV/AIDS ബിൽ, 2007: പോസിറ്റീവ് ഡയലോഗ്, ലോയേഴ്സ് കളക്ടീവ് HIV/AIDS യൂണിറ്റ് (ജൂലൈ 2007)

102 കെംസെക്സ് ആൻഡ് ദി ഫൈലർ ഓഫ് ന്യൂ HIV പ്രിവെൻഷൻ സ്ട്രാറ്റജീസ് ഇൻ ഇന്ത്യ, കോർണേലിസ് റിജ്നെവെൽഡ്, 31 ഓഗസ്റ്റ് 2020, കാരവൻ

103 എച്ച്ഐവി നിയമത്തിന്റെ 14-ാം വകുപ്പ്

104 ലൂപ്ഹോൾ ഇൻ HIV/AIDS ബില് പാസ്സ്ഡ് ബൈ രാജ്യ സഭ ഡ്രാസ് ക്രിട്ടിസിസം ഫ്രം പേഷ്യന്റസ്, ഹെൽത്ത് എക്സ്പെട്ട്സ്, മേനക റാവോ ആൻഡ് പ്രിയങ്ക വോറ, Mar 22 2017, *Scroll.in*

സമൂഹങ്ങളിൽ മാനസികാരോഗ്യ പ്രശ്നങ്ങളും അടിഞ്ഞു കൂടാൻ ഇടയാക്കി, കാരണം, പലരും സ്വന്തം കുടുംബങ്ങളോടൊപ്പം വിദ്വേഷമുള്ളതും അക്രമാസക്തവുമായ ചുറ്റുപാടുകളിൽ ഒതുങ്ങിക്കൂടുകയാണ്.[105]

2.4.13 *ട്രാൻസ്ജൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) നിയമം, 2019* ഉചിതമായ സർക്കാരുകളോട് പൊതുആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ലിംഗമാറ്റ ശസ്ത്രക്രിയയും ഹോർമോൺ ചികിത്സയും ലഭ്യമാക്കാനും[106] ആരോഗ്യ ജീവനക്കാർക്ക് നിലവിലുള്ള മെഡിക്കൽ കരിക്കുലവും ഗവേഷണങ്ങളും പുനപരിശോധിച്ച ശേഷം, ട്രാൻസ് വ്യക്തികളുടെ ആരോഗ്യ പ്രശ്നങ്ങളെ സംബോധന ചെയ്യാനും ആവശ്യപ്പെടുന്നു.[107] 2021 സെപ്റ്റംബറിൽ, ഒരു സാമൂഹ്യ സംഘടനയുടെ അഭ്യർത്ഥനയിൽ, അണ്ടർ ഗ്രാഡുവേറ്റ് മെഡിക്കൽ ബോർഡിനോട് (ന്യൂ ഡൽഹി) നിലവിലുള്ള മെഡിക്കൽ കരിക്കുലവും ഗവേഷണങ്ങളും പുനഃപരിശോധിച്ച് ലെസ്ബിയൻ, ഗേ, ബൈ സെക്സ്വൽ, ട്രാൻസ്ജെൻഡർ വ്യക്തികളെയുമുൾപ്പെടുത്താനും കേരള ഹൈക്കോടതി ആവശ്യപ്പെട്ടു.[108]

2.4.14 നാഷണൽ ട്രാൻസ്ഫ്യൂഷൻ കൗൺസിലും NACO-യും പുറപ്പെടുവിച്ച 2017-ലെ രക്തദാതാക്കളുടെ തിരഞ്ഞെടുപ്പും രക്തദാതാക്കളുടെ റഫറലും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുവരുന്ന ട്രാൻസ് വ്യക്തികളെയും, പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരെയും, സ്ത്രീ ലൈംഗിക തൊഴിലാളികളെയും മരുന്നുപയോഗിക്കുന്നവരെയും രക്തദാതാക്കളാവുന്നതിൽ നിന്നുമുള്ള മൊത്തമായ ഒഴിവാക്കൽ അവരുടെ സമൂഹത്തിൽ പങ്കുചേരാനുള്ള അവസര സമത്വവും അന്തസ്സോടെ ജീവിക്കാനുള്ള അവകാശവും നിഷേധിക്കുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ യഥാർത്ഥവും ആസന്നവുമായ പ്രത്യാഘാതങ്ങൾ കോവിഡ്-19 മഹാമാരിക്കിടയിലാണ് വെളിപ്പെട്ടത്; കാരണം, രോഗീപരിചരണത്തിനായി രക്തത്തിന്റെയും പ്ലാസ്മയുടെയും ആവശ്യം വർദ്ധിച്ചിട്ടും, ഇപ്രകാരം ഒഴിവാക്കപ്പെട്ടവർക്ക് അവരുടെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും അത്യാഹിത സാഹചര്യങ്ങളിൽ ജീവൻരക്ഷാ വിഭവങ്ങൾ ദാനം ചെയ്യാനുള്ള അവസരം ഇല്ലാതാക്കിയിരുന്നു. നിലവിൽ, ഏകപക്ഷീയവും അശാസ്ത്രീയവും വിവേചനപരവും ആയ ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരായ ഭരണഘടനാപരമായി വെല്ലുവിളിച്ചുകൊണ്ടുള്ള ഒരു കേസ് സുപ്രീം കോടതി പരിഗണിക്കുന്നുണ്ട്.[109]

---

105 വിക്രമാദിത്യ സഹായ്, അജ് അഗ്രവാൾ ആൻഡ് അൽമാസ് ഷെയ്ഖ്, 'എക്സ്ക്ലൂഷൻ ആംപ്ലിഫൈഡ്: കോവിഡ്-19 ആൻഡ് ദി ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി' (CLPR, ബാംഗ്ലൂർ, 2020)

106 *ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) ചട്ടങ്ങൾ, 2020* അനുബന്ധം II-നൊപ്പം ചട്ടം 10 വായിക്കുക

107 15-ാം വകുപ്പ്, *ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം, 2019*

108 *കീറിഥം v. നാഷണൽ മെഡിക്കൽ കമ്മീഷൻ ആൻഡ് അതേഴ്സ്*, WP(C) No. 18210 of 2021, 07.09.2021-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി

109 *തങ്ജം സാന്റാ സിംഗ് @ സാന്റാ ഖുറൈ v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അതേഴ്സ്,* WP(C) No. 275/2021

2.4.15 'പരിവർത്തന ചികിത്സ'[110] യെ അപലപിച്ചുകൊണ്ട് ഉയർന്ന മെഡിക്കൽ ബോഡികളിലെ ആരോഗ്യപരിപാലന വിദഗ്ധരിൽ നിന്നുള്ള ഔദ്യോഗിക പ്രസ്താവനകൾ ഉണ്ടായിരുന്നിട്ടും, ഈ സമ്പ്രദായം തടസ്സമില്ലാതെ തുടരുകയും, അത് മൂലം, ക്വീർ വ്യക്തികളുടെ ആരോഗ്യത്തിനും ജീവിതത്തിനും അവരുടെ ലൈംഗികത അല്ലെങ്കിൽ സ്വയം-നിർണ്ണയ ലിംഗ സ്വത്വം പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. കേരള ഹൈക്കോടതി മുമ്പാകെ ഒരു സാമൂഹിക സംഘടന അശാസ്ത്രീയവും ദോഷകരവുമായ അത്തരം വൈദ്യശാസ്ത്ര പ്രക്രിയകൾ നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു റിട്ടു ഹർജി സമർപ്പിക്കുകയുണ്ടായി.[111]

2.4.16 ക്വീർ വ്യക്തികളുടെ ലൈംഗികവും പ്രത്യുത്പാദനപരവുമായ ആരോഗ്യാവകാശങ്ങൾ ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു. ലൈംഗികവും പ്രത്യുത്പാദനപരവുമായ ആരോഗ്യപരിപാലനനിലയെക്കുറിച്ചുള്ള അടുത്തിടെയുള്ള ഒരു സർവ്വേ വെളിപ്പെടുത്തുന്നത് ഭൂരിഭാഗം പൊതു സ്വകാര്യ ആരോഗ്യ സേവനങ്ങളും വിവാഹിതരായ ഹെട്രോസെക്സ്വൽ സ്ത്രീകളുടെ പ്രത്യുത്പാദന ആവശ്യങ്ങൾക്ക് വേണ്ടി മാത്രം രൂപകല്പനചെയ്യപ്പെട്ടിരിക്കുകയാണെന്നും അതുകൊണ്ട് തന്നെ അവിവാഹിതരും ക്വീർ സ്ത്രീകളും മാറ്റി നിർത്തപ്പെട്ടിരിക്കുകയാണെന്നുമാണ്. ദേശീയ ആരോഗ്യ മിഷന്റെ കീഴിലുള്ള പദ്ധതികളായ രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (RKSK) അഡോളസന്റ് റീപ്രൊഡക്റ്റീവ് ആൻഡ് സെക്ഷ്വൽ ഹെൽത്ത് (ARSH) ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, ജൻഡർ-നോൺ കൺഫോമിങ് ആയ കൗമാരക്കാർക്ക് ലൈംഗിക, പ്രത്യുൽപാദന ആരോഗ്യ സേവനങ്ങളുടെ സുരക്ഷിതവും തുല്യവുമായ ലഭ്യത നൽകുന്നതിൽ അപര്യാപ്തമാണ് എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ലിംഗപരമായ ആക്രമണങ്ങളിൽ നിന്നും അതിജീവിച്ചവർക്കായുള്ള (ക്വീർ, ഇന്റർ സെക്സ് വ്യക്തികളുൾപ്പടെ) ആരോഗ്യ നിയമ പരിപാലനത്തിനുള്ള ആരോഗ്യ മന്ത്രാലയത്തിന്റെ പെരുമാറ്റച്ചട്ടങ്ങൾ കൂടുതലും രാജ്യത്താകമാനം നടപ്പിലാക്കിയിട്ടില്ല.[112]

2.4.17 ട്രാൻസ്, ഇന്റർസെക്സ് ആയ ആരോഗ്യ പ്രവർത്തകരും സമുദായത്തിലെ അംഗങ്ങളും സംഘടനകളും നൽകിയ ഒരു നിവേദനത്തിന്റെ മേൽ, ഡൽഹി എൻ.സി.ടിയിലെ സർക്കാരിന് ഇന്റർസെക്സ് ആയ കുഞ്ഞുങ്ങളുടെയും

---

110 'കൺവേർഷൻ തെറാപ്പി'യേയും, ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ വ്യക്തികളോടുള്ള സമീപനം എന്നിവയെക്കുറിച്ചുള്ള ഇന്ത്യൻ അസോസിയേഷൻ ഓഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ ഔദ്യോഗിക പ്രസ്താവന, No. IACP/Office/Position Statement/02, 21 മെയ് 2020; എൽജിബിടിക്യു സംബന്ധിച്ച ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ നിലപാട് പ്രസ്താവന, റഫറൻസ്: IPS/HGS/20-22/0311, 11.06.2020

111 *ക്വീരള v. സ്റ്റേറ്റ് ഓഫ് കേരള ആൻഡ് അതേഴ്സ്,* റിട്ട് പെറ്റീഷൻ (സിവിൽ) No. 21202/2020

112 കൺട്രി അസ്സെസ്സ്മെന്റ് ഓഫ് ഹ്യൂമൻ റൈറ്റ്സ് ഇൻ കോൺടെക്സ്റ്റ് ഓഫ് സെക്സ്വൽ ആൻഡ് റീപ്രൊഡക്ടിവ് ഹെൽത്ത് റൈറ്റ്സ്, എ സ്റ്റഡി അണ്ടർ ടേക്കൺ ഫോർ നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ, റിപ്പോർട്ട് 2018 ബൈ SAMA റിസോഴ്സ് ഗ്രൂപ്പ് ഫോർ വിമെൻ ആൻഡ് ഹെൽത്ത്, പാട്ട്നേഴ്സ് ഫോർ ലോ ഇൻ ഡെവലപ്മെന്റ്

കുട്ടികളുടെയും മേലുള്ള അനാവശ്യമായ, ലിംഗ തിരഞ്ഞെടുപ്പുകൾക്കുള്ള ശസ്ത്രക്രിയകൾ, ജീവന് ഭീഷണിയുള്ള കേസുകളിൽ ഒഴികെ, നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു ഉപദേശം ഡൽഹി കമ്മീഷൻ ഓൺ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് (DCPCR) പുറപ്പെടുവിച്ചു.[113] ഈ വിഷയം പരിശോധിച്ച് നടപടി സ്വീകരിച്ചു എന്ന റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോടും സാമൂഹികക്ഷേമ വകുപ്പിനോടും കമ്മിറ്റികൾ രൂപീകരിക്കാനും ഇന്റർസെക്സ് സമുദായത്തിന് മതിയായ പ്രാതിനിധ്യം ഉറപ്പാക്കാനും DCPCR നിർദ്ദേശിച്ചു. നിലവിൽ, ഈ വിഷയത്തിൽ, DCPCR-ന്റെ ഉപദേശപ്രകാരം പ്രവർത്തിക്കാൻ ഡൽഹിയിലെ എൻസിടി സർക്കാരിനോട് നിർദ്ദേശം ആവശ്യപ്പെട്ടുക്കൊണ്ട് ഇതേ പ്രതിനിധികൾ സമർപ്പിച്ച പൊതുതാൽപര്യ ഹർജി ഡൽഹി ഹൈക്കോടതിയുടെ പരിഗണനയിലാണ്.[114] തമിഴ്നാട്ടിലും ഡൽഹി എൻസിട്ടിയിലും ഒഴികെ, ആരോഗ്യ പ്രവർത്തകർക്കായി സമാനമായ ദേശീയ അല്ലെങ്കിൽ സംസ്ഥാന തല നിയമങ്ങളോ നയ മാർഗ്ഗനിർദേശങ്ങളോ നിലവിലില്ല.

## II ജീവനാംശം

2.4.18 വ്യക്തികളുടെ വൈവാഹിക നിലയിൽ നിന്നും ആവിർഭവിക്കുന്നതാണ് വിവിധ നിയമങ്ങളിൽ ബന്ധങ്ങളിലെ ആശ്രിതർക്കുള്ള ജീവനാംശത്തിനുള്ള വ്യവസ്ഥ, അവയിൽ സാധാരണയായി ഭാര്യയേയും കുട്ടിയേയുമാണ് ഉൾപ്പെടുത്തുന്നത്*, മുസ്ലീം വിമൺ (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് അപ്പോൺ ഡിവോഴ്സ്) ആക്റ്റ്, 1986* പോലെ. പങ്കാളിയിൽനിന്നും ജീവനാംശവും ആലിമോണിയും ആവശ്യപ്പെടാനായുള്ള ഒരു ലിംഗ നിഷ്പക്ഷ വ്യവസ്ഥ *ഹിന്ദു മാര്യേജ് ആക്റ്റ്, 1955*-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്,[115] അപ്രകാരം, ഒരു വിവാഹത്തിലെ കക്ഷികൾ തമ്മിലുള്ള തുല്യത എന്ന തത്വത്തെ അടിസ്ഥാനമാക്കി, സ്വതന്ത്രവരുമാന സ്രോതസ്സുകളില്ലാത്ത, അല്ലെങ്കിൽ ഉപജീവനമാർഗ്ഗങ്ങളില്ലാത്ത ഭർത്താക്കന്മാർക്ക് ആനുകൂല്യങ്ങൾ നൽകുന്നത് അനുവദിച്ചിട്ടുണ്ട്.[116] ഭക്ഷണം, വസ്ത്രം, താമസം, വിദ്യാഭ്യാസം, വൈദ്യ സഹായം, ചികിത്സ എന്നിവ നൽകാനുള്ള നിയമപരമായ ബാധ്യതയെങ്കിലും കുറഞ്ഞത്, ജീവനാംശത്തിൽ ഉൾപ്പെടുന്നു.[117]

---

[113] ഡൽഹി കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്, No.F/DCPCR/20-21/Health & Nutrition/Project File-VIII/1329495, 13.01.2021

[114] *സൃഷ്ടി മധുര എഡ്യൂക്കേഷണൽ റിസർച്ച് ഫൗണ്ടേഷൻ v. ഗവ. ഓഫ് NCT ഓഫ് ഡൽഹി ആൻഡ് അതേഴ്സ്*, WP(C) No. 8967/2021

[115] *1955-ലെ ഹിന്ദു വിവാഹ നിയമത്തിന്റെ* 24-25 വകുപ്പുകൾ

[116] *റാണി സേത്തി v. സുനിൽ സേത്തി,* 179 (2011) DLT 414

[117] *1956-ലെ ഹിന്ദു അഡോപ്ഷൻസ് ആൻഡ് മെയിന്റനൻസ് ആക്റ്റിന്റെ* വകുപ്പ് 3(ബി); *2007- ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും നിയമത്തിന്റെ* വകുപ്പ് 2(ബി)

2.4.19 അവിവാഹിത ദമ്പതികളായി സഹവസിക്കുന്ന വ്യക്തികളുടെ യഥാർത്ഥ നിയമപരമായ അവകാശികളെ നിർണ്ണയിക്കുന്നതിനായി, പൊതുവെ ജീവനാംശം അല്ലെങ്കിൽ സ്വത്തിന്റെ പിന്തുടർച്ചയുമായി ബന്ധപ്പെട്ടുള്ള കേസുകളിൽ കോടതികൾ വികസിപ്പിച്ചെടുത്തതാണ് *വിവാഹത്തിന്റെ അനുമാനം* എന്ന സിദ്ധാന്തം.

2.4.20 ഒരു പുരുഷനും ഒരു സ്ത്രീയും ഒരേ കൂരയ്ക്ക് കീഴിൽ വർഷങ്ങളോളം സഹവസിക്കുമ്പോൾ അവർ വിവാഹിതരായി കണക്കാക്കും എന്ന നിരാകരിക്കാവുന്ന അനുമാനം ആദ്യമായി പ്രിവി കൗൺസിൽ[118] പ്രഖ്യാപിക്കുകയും, ഇന്ന് സുപ്രീം കോടതി[119] ഉപയോഗിക്കുകയും ചെയ്ത സുസ്ഥാപിതമായ ഒരു നിയമമാണ്, അതായത് അവർ ഭാര്യാഭർത്താക്കന്മാരായി ജീവിക്കുന്നു (അതിനാൽ, അവർക്ക് ജനിക്കുന്ന കുട്ടികൾ 'അവിഹിതം' അല്ല).

2.4.21 *1973-ലെ ക്രിമിനൽ പ്രൊസീജ്യർ കോഡിന്റെ* ('CrPC') 125-ാം വകുപ്പ് (ഭാര്യമാരുടെയും മക്കളുടെയും മാതാപിതാക്കളുടെയും ജീവനാംശത്തിനുള്ള ഉത്തരവ്) പ്രകാരം, വിവാഹം, ജനനം, അല്ലെങ്കിൽ ദത്തെടുക്കൽ എന്നിവയാൽ ബന്ധപ്പെട്ട ഒരു കുടുംബത്തിലെ ആശ്രിതർക്ക് ജീവനാംശം നൽകാനായി പറയുന്നു. വ്യാപ്തിയിലും പ്രയോഗത്തിലും നിയമപരമായി വിവാഹിതരായ ഭാര്യമാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടാണ് ഈ വകുപ്പിനെക്കുറിച്ചുള്ള കോടതിയുടെ പരമ്പരാഗതമായ വ്യാഖ്യാനം.[120] എന്നിരുന്നാലും, ഈയിടെയായി, മുൻ വിവാഹത്തെക്കുറിച്ച് അറിവില്ലാതെ, വിവാഹിതരായ പുരുഷന്മാരുമായി ബന്ധത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി കോടതികൾ നിയമത്തെ മനഃപൂർവ്വം വ്യാഖ്യാനിച്ചു.[121] കൂടാതെ, വിവാഹ അനുമാന സിദ്ധാന്തത്തെ ആശ്രയിച്ചുകൊണ്ട്, കോടതികൾ നിയമത്തിലെ ഈ വ്യവസ്ഥയെ വിപുലമായി വ്യാഖ്യാനിച്ച്, പുരുഷന്മാരുമായി വിവാഹത്തിലൂടെയല്ലാത്ത ബന്ധങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് സാമ്പത്തിക അവകാശങ്ങൾ നൽകി.[122]

2.4.22 സ്ത്രീകളുടെയും കുട്ടികളുടെയും ഉപേക്ഷിക്കപ്പെടൽ തടയുക- എന്ന CrPC-125-ാം വകുപ്പ് പ്രകാരമുള്ള നിയമത്തിന്റെ ഉദേശ്യത്തെ ആശ്രയിച്ചുകൊണ്ട് കോടതികൾ ഇത്തരം പുരോഗമനപരമായ വ്യാഖ്യാനത്തെ പിന്തുണച്ചു. അനുച്ഛേദം 15(3)-ഉം നിർദ്ദേശക തത്വമായ അനുച്ഛേദം 39-ഉം പ്രകാരം സൂചിപ്പിക്കപ്പെട്ട ഭരണഘടനയുടെ സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ പ്രതിഫലിപ്പിക്കുംപോലെ

---

118 *എ. ദിനോഹാമി v. എൽ. ബ്ലഹാമി,* AIR 1927 P.C. 185

119 *ഭാരതമാതാ v. ആർ. വിജയ രംഗനാഥൻ,* (2010) 11 SCC 483

120 *ശ്രീമതി. യമുനാബായി അനന്ത്റാവു അധവ് എ. v. രണന്ത്രാവു ശിവറാം അധവ്,* 1988 AIR SC 644; *സവിതാബെൻ സോമാഭായ് ഭാട്ടിയ v. സ്റ്റേറ്റ് ഓഫ് ഗുജറാത്ത്,* അപ്പീൽ (crl.) 399 of 2005

121 *ബാദ്ഷാ v. ഊർമിള ബാദ്ഷാ ഗോഡ്സെ* (2014) 1 SCC 188

122 *ചന്മുനിയ v. വീരേന്ദ്ര കുമാർ സിംഗ് കുശാഹ* (2011) 1 SCC 141; *കമല & അദേഴ്സ് v. എം.ആർ. മോഹൻ കുമാർ* (2019) 11 SCC 491

സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സാമൂഹിക സാമ്പത്തിക നീതി ഉറപ്പുവരുത്താനുള്ള താല്പര്യത്തെ ഈ നിയമത്താൽ സേവിക്കപ്പെടുന്നു.[123]

2.4.23 "*കുടുംബത്തിനകത്തു സംഭവിക്കുന്ന ഏതെങ്കിലും തരത്തിലുള്ള അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്കു ഭരണഘടന ഉറപ്പു നൽകുന്ന പ്രകാരമുള്ള അവകാശങ്ങൾ കൂടുതൽ ഫലപ്രദമായി സംരക്ഷിക്കുന്നതിന്*" വേണ്ടിയാണ് *ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്,* 2005 ('DV ആക്റ്റ്') നിലവിൽ വന്നത്.[124] DV ആക്റ്റ് 2(a)-ാം വകുപ്പിൽ 'സങ്കട കക്ഷി' ഇപ്രകാരം നിർവ്വചിക്കപ്പെട്ടിരിക്കുന്നു:

> *"എതിർ കക്ഷിയുമായി ഗാർഹിക ബന്ധമുള്ളതോ അല്ലെങ്കിൽ ഗാർഹിക ബന്ധത്തിൽപ്പെട്ടതും എതിർ കക്ഷിയിൽ ഗാർഹിക പീഡനത്തിന് ഇരയായതായി ആരോപിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും സ്ത്രീ; "*

2.4.24 DV ആക്റ്റിലെ ചില പ്രധാന നിർവചനങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. 2(f) വകുപ്പ് പ്രകാരം 'ഗാർഹിക ബന്ധുത്വം' ഇപ്രകാരം നിർവ്വചിക്കപ്പെട്ടിരിക്കുന്നു:

> *"രക്തബന്ധത്താലോ വിവാഹത്താലോ ബന്ധമുണ്ടായിരിക്കുമ്പോഴോ വിവാഹബന്ധം പോലെയോ ദത്തെടുക്കലിലൂടെയോ ഒരു ബന്ധുത്വം ഉണ്ടായിരിക്കുമ്പോഴോ കുടുംബാംഗങ്ങൾ ഒരു കൂട്ടുകുടുംബമായി ഒരുമിച്ച് താമസിക്കുമ്പോഴോ ഏതെങ്കിലും സമയത്ത് ഭാഗംവച്ച കുടുംബത്തിൽ ഒരുമിച്ച് താമസിക്കുന്നതോ താമസിച്ചതോ ആയ രണ്ട് ആളുകൾ തമ്മിലുള്ള ഒരു ബന്ധുത്വം;"*

2.4.25 DV ആക്റ്റിലെ 2(q) വകുപ്പ് "എതിർ കക്ഷി"യെ ഇപ്രകാരം നിർവ്വചിക്കുന്നു:

> "*സങ്കടക്കാരിയായ ആളുമായി ഗാർഹിക ബന്ധമുള്ളതോ ബന്ധമുണ്ടായിരുന്നതോ ആയതും ഈ ആക്റ്റ് പ്രകാരം സങ്കടക്കാരിയായ ആൾ ആർക്കെതിരെയാണോ എന്തെങ്കിലും നിവൃത്തി തേടിയിട്ടുള്ളത് അങ്ങനെയുള്ളതുമായ ഏതെങ്കിലും പ്രായപൂർത്തിയായ പുരുഷൻ എന്നർത്ഥമാകുന്നു;*
>
> *എന്നാൽ, സങ്കടക്കാരിയായ ഒരു ഭാര്യയ്ക്ക് അല്ലെങ്കിൽ വിവാഹബന്ധം പോലെയുള്ള ഒരു ബന്ധത്തിൽ ജീവിക്കുന്ന ഒരു സ്ത്രീയ്ക്ക് ഭർത്താവിന്റെയോ പുരുഷ പങ്കാളിയുടെയും ഒരു ബന്ധുവിനെതിരായിക്കൂടി ഒരു പരാതി ഫയൽ ചെയ്യാവുന്നതാണ്;"*

---

123 *ക്യാപ്റ്റൻ രമേഷ് ചന്ദർ കൗശൽ v. വീണാ കൗശൽ* AIR (1978) SC 1807

124 DV നിയമത്തിന്റെ ആമുഖം

2.4.26 മാത്രമല്ല, 2 (s) വകുപ്പിലെ 'പങ്കാളിത്ത ഗൃഹം' എന്നതിനെ നിർവ്വചിച്ചിരിക്കുന്നത് സ്ത്രീ എതിർ കക്ഷിയുമായി ഗാർഹിക ബന്ധത്തിൽ ജീവിച്ചിരുന്ന ഗൃഹം എന്നാണ്, അതിൽ സ്ത്രീയ്ക്കോ അല്ലെങ്കിൽ എതിർ കക്ഷിയ്ക്കോ, ഒറ്റയ്ക്കോ അല്ലെങ്കിൽ സംയുക്തമായോ, ഏതെങ്കിലും തരത്തിലുള്ള അവകാശമോ, താൽപ്പര്യമോ, സ്വത്തവകാശമോ, ഓഹരിയോ ഉള്ള ഗൃഹവും ഉൾപ്പെടുന്നു.

2.4.27 എതിർ കക്ഷി ഏൽപ്പിക്കുന്ന വിവിധ തരത്തിലുള്ള 'സാമ്പത്തിക ചൂഷണങ്ങൾക്ക്'[125] എതിരെയുള്ള പരിഹാരങ്ങൾ DV ആക്റ്റ് ആക്രമിക്കപ്പെട്ട ഒരു സ്ത്രീക്ക് നൽകുന്നു.

2.4.28 താഴെ പറയുന്ന വ്യവസ്ഥകൾ നിറവേറ്റിയിട്ടുള്ള വ്യക്തികൾ ഏർപ്പെട്ടിരിക്കുന്ന ഒന്നിനേയാണ് 'വൈവാഹിക സ്വഭാവത്തിലുള്ള ബന്ധം' എന്ന് അർത്ഥമാക്കുന്നത് എന്നാണ് *ഡി. വേലുസാമി v. ഡി. പച്ചയ്യമ്മാൾ*[126] -ൽ സുപ്രീം കോടതി വ്യാഖ്യാനിച്ചത്:

i. വിവാഹം കഴിക്കാൻ നിയമപരമായി പ്രായപൂർത്തിയാകുക;
ii. അവിവാഹിതരാവുക എന്നത് ഉൾപ്പെടെയുള്ള, നിയമപരമായ വിവാഹത്തിൽ ഏർപ്പെടാൻ യോഗ്യരായിരിക്കുക;
iii. സ്വമേധയാ സഹവസിക്കുക; കൂടാതെ
iv. ഒരു പ്രധാന കാലയളവിലേക്ക് പങ്കാളികളെപ്പോലെ തങ്ങളെത്തന്നെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക.

2.4.29 ഈ വിധി 2010-ൽ ആയിരുന്നു പുറപ്പെടുവിച്ചത്, 2013-ൽ, *ഇന്ദ്ര ശർമ്മ v. വി. കെ. ശർമ്മ* എന്ന കേസിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശ തത്ത്വങ്ങൾ മേല്പറഞ്ഞ പദപ്രയോഗത്തെ നിർണ്ണയിക്കുന്നതായി സുപ്രീം കോടതി വീണ്ടും വ്യക്തമാക്കി:[127]

---

[125] വകുപ്പ് 3 (ഗാർഹിക പീഡനം) 'സാമ്പത്തിക അപമാനം' ഇങ്ങനെ നിർവചിക്കുന്നു:
"(എ) സങ്കടക്കാരിയായ ആളിനും അവൾക്ക് കുട്ടികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കും വേണ്ടതായ ഗാർഹിക ആവശ്യങ്ങൾ, സ്ത്രീധനം, സങ്കടക്കാരിയായ ആൾക്ക് കൂട്ടായോ പ്രത്യേകമായോ ഉടമസ്ഥതയുള്ള വസ്തു, ഭാഗംവച്ച വീടിനെ സംബന്ധിച്ച വാടക, ജീവനാംശം എന്നിവ ഉൾപ്പെടെയുള്ളതും എന്നാൽ, നാമമാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലാത്തതും സങ്കടക്കാരിയായ ആൾക്ക് അനിവാര്യതമൂലം ആവശ്യമായിട്ടുള്ളതും ഏതെങ്കിലും നിയമമോ നാട്ടാചാരമോ പ്രകാരം സങ്കടക്കാരിയായ ആൾക്ക് അവകാശം ഉണ്ടായിരുന്നതും കോടതി ഉത്തരവ് പ്രകാരമോ മറ്റ് വിധത്തിലോ നൽകേണ്ടതായിട്ടുള്ളതുമായ സാമ്പത്തികമോ ധനപരമോ ആയ വിഭവങ്ങൾ നഷ്ടപ്പെടുത്തൽ;
(ബി) സങ്കടക്കാരിയായ ആൾക്കോ അവളുടെ കുട്ടികൾക്കോ ന്യായമായി ആവശ്യമായേക്കാവുന്നതോ അവളുടെ സ്ത്രീധനമോ സങ്കടക്കാരിയായ ആൾ കൂട്ടായോ പ്രത്യേകമായോ കൈവശം വച്ചിരിക്കുന്നതായ മറ്റ് ഏതെങ്കിലും വസ്തുവോ ഗാർഹികബന്ധത്താൽ സങ്കടക്കാരിയായ ആളിന് താത്പര്യമുള്ളതോ ഉപയോഗത്തിന് അവകാശമുണ്ടായിരിക്കുന്നതോ ആയ കുടുംബവസ്തുക്കൾ കൈമാറ്റം ചെയ്യൽ, ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കൾ, മൂല്യമുള്ള വസ്തുക്കൾ, ഓഹരികൾ, കടപ്പത്രങ്ങൾ, അതുപോലുള്ളതോ ആയ മറ്റു വസ്തു ഇവ ഏതെങ്കിലും അന്യാധീനപ്പെടുത്തലും;
(സി) സങ്കടക്കാരിയായ ആളിന്, ഗാർഹിക ബന്ധത്താൽ ഉപയോഗിക്കുന്നതിനോ അനുഭവിക്കുന്നതിനോ അവകാശപ്പെട്ട ധനാഗമമാർഗ്ഗങ്ങളുടെയോ സൗകര്യങ്ങളുടെയോ ഭാഗംവച്ച വീട്ടിലേക്കുള്ള പ്രവേശനം ഉൾപ്പെടെയുള്ള തുടർച്ചയായ പ്രാപ്യത തടയലും അല്ലെങ്കിൽ നിയന്ത്രണവും ഉൾപ്പെടുന്നതാണ്."

[126] (2010) 10 SCC 469, para. 31

[127] (2013) 15 SCC 755, para. 56

i. *ബന്ധത്തിന്റെ കാലയളവ്*: ഒരു ന്യായമായ കാലയളവിൽ ഒരു ബന്ധത്തിൽ ഏർപ്പെടുകയും അത് തുടരുകയും ചെയ്യുക, എന്നാൽ ഇത് ഓരോ സാഹചര്യത്തിനനുസരിച്ച് ഓരോ കേസിലും വെവ്വേറെയായിരിക്കാം;

ii. *പങ്കാളിത്ത ഗൃഹം;*

iii. *വിഭവങ്ങളുടെ സമാഹരണവും സാമ്പത്തിക ഏർപ്പാടുകളും:* സാമ്പത്തികമായി പരസ്പരം അല്ലെങ്കിൽ ആരെയെങ്കിലുമൊരാളെ പിന്തുണയ്ക്കൽ, ബാങ്ക് അക്കൗണ്ടുകൾ പങ്കിടൽ, സംയുക്ത പേരുകളിലോ സ്ത്രീയുടെ പേരിലോ സ്ഥാവര സ്വത്തുക്കൾ സമ്പാദിക്കുന്നത്, ബിസിനസ്സിലെ ദീർഘകാല നിക്ഷേപങ്ങൾ, വെവ്വേറെയും സംയുക്ത പേരുകളിലുമുള്ള ഓഹരികൾ, അങ്ങനെ ദീർഘനാൾ നിലനിൽക്കുന്ന ബന്ധം ഉണ്ടാവുക;

iv. *ഗാർഹികമായ ഏർപ്പാടുകൾ:* ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുക, പ്രത്യേകിച്ച് സ്ത്രീകളുടെ മേൽ, ഗൃഹഭരണം, ശുചീകരണം, പാചകം, വീടിന്റെ പരിപാലനം മുതലായ വീട്ടുപണികൾ ഏൽപ്പിക്കുക, തുടങ്ങിയവ വൈവാഹിക സ്വഭാവത്തിലെ ഒരു സൂചനയാണ്.

v. *ലൈംഗിക ബന്ധം:* ലൈംഗികബന്ധം കേവലം ശാരീരിക സുഖത്തിനു വേണ്ടിയല്ല, വൈകാരികവും അടുപ്പമുള്ളതുമായ ബന്ധങ്ങൾക്കും, കുട്ടികളുടെ പ്രത്യുത്പാദനത്തിനും, വൈകാരിക പിന്തുണ, കൂട്ടുകെട്ട്, ഭൗതിക വാത്സല്യം, പരിചരണം മുതലായവ നൽകുന്നതിനും കൂടിയാണ്;

vi. *കുട്ടികൾ*: കുട്ടികളുള്ളതും, അവരെ വളർത്തി കൊണ്ടുവരുന്നതിനുമുള്ള ഉത്തരവാദിത്തം പങ്കുവയ്ക്കുകയും അവരെ പിന്തുണയ്ക്കുകയും ചെയ്യുക, എന്നിവ വൈവാഹിക ബന്ധത്തിന്റെ ശക്തമായ സൂചനയാണ്;

vii. *പൊതുസമൂഹത്തിലെ സാമൂഹികവൽക്കരണം*: പൊതുസമൂഹത്തിന്റെയും സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും മറ്റുള്ളവരുടെയും മുമ്പിൽ ഭാര്യാഭർത്താക്കന്മാരായി ഇടപഴകുക;

viii. *കക്ഷികളുടെ ഉദ്ദേശ്യവും പെരുമാറ്റവും*: തങ്ങളുടെ ബന്ധത്തിൽ അകപ്പെട്ടിട്ടുള്ളത് എന്താണെന്നതിക്കുറിച്ചും ഇരുവരുടെയും പങ്കിനേയും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഉള്ള ഇരുകക്ഷികളുടെ പൊതു ഉദ്ദേശ്യം.

2.4.30 വിവാഹിതരായ പുരുഷന്മാരുമായി *ബോധപൂർവ്വം* ബന്ധത്തിലേർപ്പെടുന്ന സ്ത്രീകളെ DV ആക്റ്റ് പ്രകാരമുള്ള ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കാനും സംരക്ഷണം നിഷേധിക്കാനും കോടതികൾ DV ആക്റ്റിന്റെ കീഴിലും ഈ പരിശോധനകൾ പ്രയോഗിച്ചു, പ്രത്യക്ഷത്തിൽ വ്യഭിചാര ബന്ധങ്ങളെ ശിക്ഷിക്കുന്നതിനുള്ള പവിത്രമായ യുക്തിയിൽ. രണ്ട് കേസുകളിലും, നിയമത്തിലെ ഇത്തരം ഒഴിവാക്കലുകൾ മൂലം സ്ത്രീകൾക്ക് ഉണ്ടാകുന്ന സാമ്പത്തികവും സാമൂഹികവുമായ ദോഷത്തിന്റെ ആനുപാതികമല്ലാത്ത ആഘാതം കോടതികൾ പൂർണ്ണമായി മനസ്സിലാക്കിയിരുന്നു. എന്നിരുന്നാലും, വൈകല്യങ്ങൾ

പരിഹരിക്കുന്നതിന് 'വിവാഹത്തിന്റെ സ്വഭാവത്തിലുള്ള ബന്ധങ്ങൾ' എന്ന പ്രയോഗം വ്യക്തമാക്കുന്നതിന് ഒരു പാർലമെന്ററി ഭേദഗതി അവ ശുപാർശ ചെയ്തിരുന്നു.

2.4.31 ഈ ജുഡീഷ്യൽ പരിശോധനകൾ വൈവാഹിക ബന്ധങ്ങളുടെ സ്റ്റീരിയോടൈപ്പ് മാതൃകയനുസരിച്ചാണ്, അതിനാൽ, സമാനമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയാണെങ്കിൽ, ഒട്ടുമിക്ക വിവാഹങ്ങളും *'വിവാഹത്തിന്റെ സ്വഭാവത്തിലുള്ള ബന്ധങ്ങളെ'* നിയന്ത്രിക്കുന്ന നിബന്ധനകളെ നിറവേറ്റുകയില്ല. ഇത്തരം ബന്ധങ്ങൾ എന്ത് ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള അന്വേഷണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാതെ, പ്രായപൂർത്തിയായവരുടെ അടുത്ത ബന്ധങ്ങൾ കാഴ്ച്ചയിൽ എങ്ങനെയിരിക്കണമെന്നുള്ളതിന് മുൻഗണന നൽകി, ഈ പ്രശ്നത്തെ ഇത്തരത്തിൽ സമീപിക്കുന്നത് പ്രശ്നകരമായിരിക്കും. കക്ഷികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കൂടുതൽ ആശ്രയിക്കാവുന്ന ഒരു പരിശോധന, പങ്കാളിത്ത ഗൃഹങ്ങൾ / സഹവാസം, ബന്ധത്തിന്റെ ദൈർഘ്യം, സാമ്പത്തികം പരസ്പരാശ്രിതത്വം പരിചരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അവശ്യപ്പെടുന്ന അവകാശങ്ങൾക്ക് വിധേയമായി മാനദണ്ഡങ്ങൾ പ്രയോഗിക്കുന്നതിൽ ഇളവ് അനുവദിക്കുകയും ചെയ്യും. അവകാശങ്ങളെ നിർണ്ണയിക്കുന്നതിനുള്ള നിയമാനുസാരമായ ഒരു അടിസ്ഥാനമല്ല ദാമ്പത്യത്തിന്റെ നിർബന്ധിത ആവശ്യകത (ഒരു ലൈംഗിക ബന്ധം ഉണ്ടാകുക അല്ലെങ്കിൽ കുട്ടികളെ വളർത്തുക), കാരണം, വിവിധ അധികാരപരിധികളിലെ പ്രായപൂർത്തിയായവരുടെ അടുത്ത ബന്ധങ്ങളുടെയും കുടുംബ ഏർപ്പാടുകളുടെയും വൈവിധ്യതയും സങ്കീർണ്ണതയും അത്തരം തരംതിരിക്കലിനെ എതിർക്കുന്നു.[128]

2.4.32 2016-ൽ *ഹിരാൾ പി. ഹർസോറ & അതേർസ് v. കുസും നരോട്ടംദാസ് ഹർസോറ & അതേർസ്*[129] -ൽ സുപ്രീം കോടതി DV ആക്റ്റിന്റെ വകുപ്പ് 2(q)-ലെ 'എതിർ കക്ഷി' എന്നതിന്റെ നിർവചനത്തിൽ നിന്ന്, 'പ്രായപൂർത്തിയായ പുരുഷൻ' എന്ന പദം നീക്കം ചെയ്തുകൊണ്ട് എതിർ കക്ഷിയെ പ്രയോഗത്തിൽ ജെൻഡർ ന്യൂട്രൽ ആക്കി മാറ്റി, ഒരു ഗാർഹിക പീഡന പരാതിയിൽ ഒരു സ്ത്രീയെ ഒന്നാമത്തെ എതിർ കക്ഷിയാക്കാൻ നിയമത്തിൽ അനുമതി നൽകി.

2.4.33 ഏറ്റവും അടുത്തായി, 2020 ആഗസ്റ്റിൽ, പ്രത്യേകിച്ചും, *NALSA*, *നവതേജ്* എന്നിവയിലെ നിയമവികസനങ്ങൾ പരിഗണിച്ചുകൊണ്ട് ഒഡിഷ ഹൈക്കോടതി *ചിൻമയീ ജെന @ സോനു കൃഷ്ണ ജെന v. സ്റ്റേറ്റ് ഓഫ് ഒഡിഷ & അതേർസ്*[130]-ൽ, ട്രാൻസ് പുരുഷനും സ്ത്രീയും ഉൾപ്പെടുന്ന ദമ്പതികൾക്ക് DV ആക്റ്റ് ബാധകമാണെന്ന് പ്രഖ്യാപിച്ചു, *"DV ആക്റ്റ് പ്രകാരം പ്രതിപാദിച്ചിരിക്കുന്ന ഒരു സ്ത്രീയുടെ എല്ലാ അവകാശങ്ങളും ആ സ്ത്രീക്ക് ഉണ്ടായിരിക്കും"*.

---

[128] കോസ്മാൻ, ബ്രെൻഡ, ബ്രൂസ് റൈഡർ. "വാട്ട് ഈസ് മാര്യേജ്- ലൈക് ലൈക്?" ദി ഇറലവൻസ് ഓഫ് കോൺജുഗാലിറ്റി", കനേഡിയൻ ജേണൽ ഓഫ് ഫാമിലി ലോ 18.2 (2001): 269:236

[129] (2016) 10 SCC 165

[130] റിട്ട് പെറ്റീഷൻ നമ്പർ 57 of 2020, 24.08.2020-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി

2.4.34 *ഹർസോറയിലെയും ചിൻമയീ ജെന*യിലെയും വികസനങ്ങൾ, മുൻ വിഭാഗത്തിൽ ചർച്ച ചെയ്ത ലിംഗഭേദവും ലൈംഗികതയും സംബന്ധിച്ച കേസുകളിൽ ഉണ്ടാക്കിയ നിയമ പ്രഖ്യാപനങ്ങൾക്കൊപ്പം വായിക്കുമ്പോൾ, DV ആക്റ്റ് സ്വവർഗ പങ്കാളികളെയും (സ്വവർഗാനുരാഗികളും ലെസ്ബിയൻ ബന്ധങ്ങളും) അതുപോലെ ബഹുസ്വര ബന്ധങ്ങളും അംഗീകരിക്കുന്നില്ലെന്ന് പറയുന്ന *ശർമ്മ*യെ പുനഃസന്ദർശിക്കേണ്ടതുണ്ട് (ഖണ്ഡികകൾ 38.5, 39, 58). ഭരണഘടനയ്ക്ക് കീഴിലുള്ള സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ് ജീവനാംശ നിയമത്തിന്റെ (പൊതു നിയമവും DV ആക്റ്റും) പ്രഖ്യാപിത ലക്ഷ്യമെങ്കിൽ, നോൺ-നോർമേറ്റീവ് ബന്ധങ്ങൾ ഒഴിവാക്കുന്നതിന് നിയമാനുസൃതമായ യുക്തിയില്ല.

2.4.35 DV ആക്റ്റ് പ്രകാരം *'വൈവാഹിക സ്വഭാവത്തിലുള്ള ഒരു ബന്ധം'* എന്ന പ്രയോഗം ഇപ്പോൾ LBT സ്ത്രീകൾ ഉൾപ്പെടുന്ന ക്വീർ ബന്ധങ്ങൾക്ക് ബാധകമാകുമോ എന്ന ചോദ്യം *ഹർസോറയും ചിൻമയീ ജെന*യും ഉന്നയിക്കുന്നു. അത്തരം നിയമപരമായ അംഗീകാരം, നിയമപരമായ പദവിയോ അനുകൂല താത്പര്യങ്ങളോ പരിഗണിക്കാതെ തന്നെ DV ആക്റ്റിന് കീഴിൽ ഒരു പങ്കാളിത്ത ഗൃഹത്തിൽ താമസിക്കാനും (17,19 വകുപ്പുകൾ), ഗാർഹിക പീഡനത്തിൽ നിന്നുള്ള സംരക്ഷണത്തിനും (വകുപ്പ് 3ഉം 18ഉം ചേർത്തുവായിക്കുമ്പോൾ), ജീവനാംശത്തിനും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾക്കും (വകുപ്പ് 20), ഗാർഹിക പീഡനത്തിനുള്ള നഷ്ടപരിഹാരത്തിനും (വകുപ്പ് 22) ഉള്ള LBT സ്ത്രീകളുടെ കഴിവിനെ നേരിട്ട് ബാധിക്കും.

2.4.36 എന്നിരുന്നാലും, *ശർമ്മ*യിലെ പരിശോധന, നോൺ-നോർമേറ്റീവ് ബന്ധങ്ങളെയും കുടുംബങ്ങളെയും തീവ്രമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ഒഴിവാക്കലുകളിലേക്ക് നയിക്കുകയും ചെയ്തേക്കാം. കൂടാതെ, പുറം ലോകത്തിനു മുമ്പിൽ ദമ്പതികളെപ്പോലെ പെരുമാറണമെന്ന നിർബന്ധിത ആവശ്യങ്ങൾ അത്തരം വെളിപ്പെടുത്തലുകളുടെ ഫലമായി സാമൂഹിക ഉപദ്രവങ്ങൾക്കും വിവേചനപരമായ പെരുമാറ്റത്തിനും വിധേയമാക്കുന്നതിലൂടെ ക്വീർ ബന്ധങ്ങൾക്ക് ദോഷകരമായേക്കാം.

2.4.37 ശ്രദ്ധേയമായി, 2018-ൽ, ജീവനാംശവും മറ്റും പോലെയുള്ള ആനുകൂല്യങ്ങൾക്കുള്ള തുല്യമായ ലഭ്യത നൽകിയേക്കാൻ പറ്റിയ ഒരു രാഷ്ട്രീയ പങ്കാളിത്ത മാതൃകയിലൂടെ നിയമപരമായ അംഗീകാരം നൽകുന്നതിനെക്കുറിച്ചുള്ള ഒരു പ്രമേയത്തെക്കുറിച്ചു ക്വീർ സമുദായവുമായി ചർച്ചചെയ്യുന്നതിനായി ഇന്ത്യൻ ലോ കമ്മീഷൻ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു.[131]

---

[131] ലോ കമ്മീഷൻ ഓഫ് ഇന്ത്യ കൺസൾട്ടേഷൻ പേപ്പർ ഓൺ റിഫോം ഓഫ് ഫാമിലി ലോ (ഓഗസ്റ്റ് 2018), പേജുകൾ. 33-34

## III സാമൂഹിക സുരക്ഷ

2.4.38 ഇതുവരെ ചർച്ച ചെയ്ത ജീവനാംശ നിയമത്തിന്റെ ചട്ടക്കൂട് പക്ഷെ സാമ്പത്തിക സുരക്ഷിതത്വത്തിനായുള്ള ആപേക്ഷിക അവകാശവാദങ്ങളിൽ പരിമിതപ്പെട്ടിരിക്കുന്നു. അവിവാഹിതരും വിവാഹമോചിതരും, വിധവകളും/അനാഥരാക്കപ്പെട്ടവരും ആയ ക്വീർ വ്യക്തികൾക്ക് ആരോഗ്യ സംരക്ഷണം, ഭക്ഷ്യസുരക്ഷ, പാർപ്പിടം, വിദ്യാഭ്യാസം, തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നൽകിയേക്കാവുന്ന അധിക സാമ്പത്തിക സ്രോതസ്സുകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ, നിയമപരമായ അംഗീകാരം അവരുടെ ഭൗതിക യാഥാർത്ഥ്യങ്ങളെ മാറ്റിമറിച്ചിട്ടില്ലെന്ന് നിലനിൽപ്പിനായി തെരുവിൽ അധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗ ക്വീർ സമൂഹങ്ങൾ കണ്ടെത്തിയേക്കാം.

2.4.39 മുൻ സെക്ഷനിൽ ചർച്ച ചെയ്തപോലെ, ജീവനാംശ നിയമത്തിന്റെ യുക്തി ദാരിദ്ര്യം ലഘൂകരിക്കുക എന്നതാണ്. തീർച്ചയായും, അത്തരമൊരു നിയമാനുസൃത രാഷ്ട്ര താൽപ്പര്യത്തിന് സാമ്പത്തിക സുരക്ഷ വൈവാഹിക നിലയെ ആശ്രയിച്ച് മാത്രമാക്കാൻ ആവില്ല. അതിനാൽ, സമത്വത്തിനായുള്ള ആവശ്യങ്ങളോടൊപ്പം, വൈവാഹിക നില പരിഗണിക്കാതെ ക്വീർ വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പുരോഗമന അജണ്ട ഉണ്ടായിരിക്കണം, അതുവഴി പാർശവൽക്കരിക്കപ്പെട്ടവരുടെ ജീവിതത്തിൽ നിയമം യഥാർത്ഥത്തിൽ പരിവർത്തനാത്മക സ്വാധീനം ചെലുത്തും. തൊഴിൽ അവകാശങ്ങളുടെ ചട്ടക്കൂടിൽ ക്വീർ വ്യക്തികളുടെ ആശങ്കകളെ സമന്വയിപ്പിക്കുന്നതിലൂടെയും, അതോടൊപ്പം ക്വീർ വ്യക്തികൾക്കും മറ്റ് പാർശവൽക്കരിക്കപ്പെട്ട സംഘങ്ങൾക്കും അവകാശങ്ങൾ നൽകുന്ന നിലവിലുള്ള നിയമങ്ങളും നയങ്ങളും ശക്തിപ്പെടുത്തുന്നതിലൂടെ ഇത് മുന്നോട്ട് കൊണ്ട് പോകാം.

2.4.40 സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ എന്ന നിലയിൽ ലൈംഗിക തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷയും എല്ലാ തൊഴിൽ അവകാശ സംരക്ഷണവും നൽകാൻ രണ്ടാം ദേശീയ തൊഴിൽ കമ്മീഷൻ (2000) ശുപാർശ ചെയ്തു.[132] എന്നാൽ, ലൈംഗിക തൊഴിലാളികൾ സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ[133] നിർവചനങ്ങൾക്ക് കീഴിലോ കമ്മീഷൻ ശുപാർശകൾക്ക് ശേഷം വന്ന *സാമൂഹ്യ*

---

[132] റിപ്പോർട്ട് ഓഫ് ദി സെക്കൻഡ് നാഷണൽ കമ്മീഷൻ ഓൺ ലേബർ (2002); https://www.prsindia.org/uploads/media/1237548159/NLCII-report.pdf -ൽ ലഭ്യമാണ്

[133] 2020-ലെ സോഷ്യൽ സെക്യൂരിറ്റി കോഡിന്റെ സെക്ഷൻ 2(75)

*സുരക്ഷാ കോഡിന്* (2020)[134] കീഴിലെ അസംഘടിത മേഖലയിലെ തൊഴിലാളികൾ[135] ആയോ ഉൾപ്പെടുത്തിയിട്ടില്ല. 2005-2020 കാലഘട്ടത്തിൽ വിവിധ പോളിസികൾക്ക് കീഴിൽ ആദ്യമായി തൊഴിലില്ലായ്മ ഇൻഷുറൻസ്[136] ഏർപ്പെടുത്തിയ 1948-ലെ *എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്റ്റ്* - ഒരു പ്രധാന സാമൂഹിക സുരക്ഷാ നിയമം - 2008-ലെ *അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ നിയമം* എന്നിവ ഈ കോഡിൽ ഉൾക്കൊള്ളുന്നു. ഇത്തരം സാമൂഹിക സുരക്ഷാ നയങ്ങൾ സാധാരണയായി, ആരോഗ്യം, വൈകല്യം, വാർദ്ധക്യ സംരക്ഷണം, പാർപ്പിടം, ശിശുപരിപാലനം, വിദ്യാഭ്യാസം പോലുള്ള അനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.

2.4.41 നാഷണൽ സോഷ്യൽ അസ്സിസ്റ്റൻസ് പ്രോഗ്രാമിന് കീഴിലുള്ള പെൻഷൻ സ്കീമുകൾ സാധാരണഗതിയിൽ സംഘടിത തൊഴിൽ മേഖലകളിലെ മുതിർന്ന ജനവിഭാഗങ്ങൾ, ഡിസെബിലിറ്റി ഉള്ളവർ, വിധവകളുടെ ദാരിദ്ര്യ നിർമാർജ്ജനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്നാൽ, സാമൂഹിക പ്രസ്ഥാനങ്ങൾ അത്തരം സാമൂഹിക സുരക്ഷാ നടപടികളിൽ നിന്ന് ഒഴിവാക്കപ്പെട്ട ബഹുഭൂരിപക്ഷം അസംഘടിത മേഖലയിലെ തൊഴിലാളികളെയും ഒരുമിച്ചു ചേർക്കുന്നു, കൂടാതെ തൊഴിൽ മേഖലകളിൽ നിന്നും തങ്ങളുടെ ദുർബല സ്ഥിതി മൂലം പാർശവത്ക്കരിക്കപ്പെട്ട ലൈംഗികത്തൊഴിലാളികൾ, ട്രാൻസ് വ്യക്തികൾ, HIV ബാധിതരായ വ്യക്തികൾ തുടങ്ങിയ പിന്നോക്ക വിഭാഗങ്ങളെയും ഉൾപ്പെടുത്താൻ ശ്രമിക്കുന്നു.[137] വിവാഹിതരല്ലാത്ത സ്ത്രീകളും (അനാഥർ, വിധവകൾ, വേർപെട്ടവർ, ഒരിക്കലും വിവാഹം കഴിച്ചിട്ടില്ലാത്തവർ, ഗൃഹനാഥകൾ തുടങ്ങിയവർ), ദാരിദ്ര്യത്തിന്റെ സ്ത്രീവൽക്കരണം പരിഹരിക്കുന്നതിനായി, ഉൾപ്പെടുത്തലിനുവേണ്ടി ഒരു വാദം അവതരിപ്പിക്കുന്നു.

2.4.42 PLHIV-ബാധിതർക്കും അവരുടെ കുടുംബങ്ങൾക്കും നിലവിലുള്ള ക്ഷേമപദ്ധതികളുടെ ലഭ്യത സുഗമമാക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ ക്ഷേമപദ്ധതികൾ രൂപപ്പെടുത്തുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടികൾ കൈക്കൊള്ളണമെന്ന് HIV നിയമം ആവശ്യപ്പെടുന്നു - ഇത് ട്രാൻസ് വ്യക്തികൾക്കും

---

[134] സാമൂഹിക സുരക്ഷയെ നേർപ്പിക്കുകയും തൊഴിലാളി വിരുദ്ധ പരിഷ്കാരങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്തുവെന്ന് അവകാശപ്പെട്ടുകൊണ്ട്, 2019-2020 കാലയളവിൽ പാർലമെന്റ് പാസാക്കിയ 4 ലേബർ കോഡുകൾക്ക് കീഴിൽ 29 ലേറെ തൊഴിൽ നിയമങ്ങൾ ഉൾപ്പെടുത്തിയതിനെ ട്രേഡ് യൂണിയനുകൾ വിമർശിച്ചു. കാണുക: ന്യൂ ലേബർ കോഡ്സ് ആൻഡ് ദെയർ ലൂപ്പ്ഹോൾസ് , EPW എഡിറ്റോറിയൽ, വാല്യം. 55, ലക്കം 40, 03 ഒക്ടോബർ 2020; ലേബർ ലോസ് പെർഫോം എ റീഡിസ്ട്രിബുട്ടീവ് ഫങ്ക്ഷൻ. ഡില്യൂറ്റിംഗ് ദമം ഹാസ് സീരിയസ് കോൺസികൊൻസസ്, രശ്മി വെങ്കിടേശൻ, ദി വെയർ, 29/Sept/2020; വൈ ദി ന്യൂ ലേബർ കോഡ്സ് ലീവ് ഇന്ത്യാ'സ് വർക്കേഴ്സ് ഈവൻ മോർ പ്രീക്യാരിയസ്‌ലി പൊയ്സ്ഡ് ദാൻ ബിഫോർ, വർക്കിംഗ് പീപ്പിൾ'സ് ചാർട്ടർ, Scroll.in, Sept 23 2020

[135] 2020-ലെ സോഷ്യൽ സെക്യൂരിറ്റി കോഡിന്റെ സെക്ഷൻ 2(86).

[136] രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന (ESIC, 2005); അടൽ ബീമിത് വ്യക്തി കല്യാൺ യോജന (ESIC, 2018)

[137] നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ആൻഡ് പെൻഷൻ പരിഷത്ത് നടപ്പാക്കുന്നതിനെക്കുറിച്ചുള്ള 8 സംസ്ഥാനങ്ങളുടെ പഠനത്തിന്റെ സംഗ്രഹ റിപ്പോർട്ട് (ഫെബ്രുവരി 2015)

ലൈംഗികത്തൊഴിലാളികൾക്കും 'പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്മാർ'ക്കും HIV ബാധിതരായ ക്വീർ വ്യക്തികൾക്കും പരിഹാരം നൽകിയേക്കാം.[138]

2.4.43 അടുത്തിടെ നിലവിൽ വന്ന *ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ നിയമം 2019*, നിലവിലിരിക്കുന്ന ക്ഷേമപദ്ധതികൾ ട്രാൻസ് വ്യക്തിക്കൾക്കും ലഭ്യമാക്കാനും അവരുടെ സാമൂഹിക സാമ്പത്തിക ആവശ്യങ്ങളെ വ്യക്തമായി അഭിസംബോധന ചെയ്യുന്ന ക്ഷേമ പദ്ധതികൾക്ക് രൂപം കൊടുക്കാനും ഉചിതമായ സർക്കാരുകളോട് നടപടികൾ കൈക്കൊള്ളുന്നതിന് ആവശ്യപ്പെടുന്നു.[139] ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ഭവനം, ഭക്ഷ്യസുരക്ഷ, പെൻഷൻ, തൊഴിൽ, സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തൽ എന്നിവ നൽകുന്ന ക്ഷേമ നടപടികളുടെ രൂപീകരണത്തിൽ ഉചിതമായ സർക്കാരുകൾ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് നിയമത്തിന് കീഴിലുള്ള മാർഗ്ഗരേഖ വ്യക്തമാക്കുന്നു.[140]

## IV സ്വത്തവകാശം

2.4.44 മരണാനന്തരം ഒരു വ്യക്തിയുടെ സ്വത്ത് വിതരണം നിയമത്തിൽ രണ്ട് വഴികളിലൂടെയാണ് സംഭവിക്കുന്നത്:

(i) വിൽപത്രം വഴിയുള്ള നിയമപരമായ പിന്തുടർച്ച, എല്ലാ സമുദായങ്ങളുടെയും കാര്യത്തിൽ (മുസ്‌ലിം ഒഴികെ) അതിനെ *ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമം, 1925* ('ISA') പ്രകാരമാണ് പ്രാഥമികമായി നിയന്ത്രിക്കുന്നത്, പിന്നെ
(ii) ഒസ്യത്ത് എഴുതാതെ മരിക്കുമ്പോളുള്ള സ്വത്തുക്കൾ കൈമാറ്റം (വിൽപത്രത്തിന്റെ അഭാവത്തിൽ), നിയന്ത്രിക്കുന്നത് ഓരോ സമുദായത്തിന്റെയും നിയമങ്ങളും ആചാരങ്ങളും, ഒപ്പം 'ISA' യും.

2.4.45 1956-ലെ *ഹിന്ദു പിന്തുടർച്ചാവകാശ നിയമം* ഒസ്യത്തെഴുതാതെ മരിക്കുന്ന ഹിന്ദുക്കൾക്ക് ബാധകമാവുന്നു. പാർസികളും മുസ്ലീംങ്ങളും മാമൂൽ പ്രകാരമുള്ള നിയമത്താൽ ഭരിക്കപ്പെടുന്നു; *മുസ്ലീം പേർസണൽ ലോ (ശരീഅത്ത്) ആപ്ലിക്കേഷൻ ആക്റ്റ്, 1937*, മുസ്ലീം സമുദായത്തിന്റെ മാമൂൽ പ്രകാരമുള്ള നിയമങ്ങൾ ക്രോഡീകരിക്കുന്നു. മരണപ്പെട്ട വ്യക്തിയുമായുള്ള അവകാശിയുടെ നിയമപരമായ ബന്ധത്തിന് (വിവാഹം, ജനനം ദത്തെടുക്കൽ വഴി) ISA ഏകീകൃത മുൻഗണന നൽകുമ്പോൾ, സമുദായങ്ങളുടെ പ്രത്യേക നിയമങ്ങൾ പുരുഷ സ്ത്രീ അനന്തരാവകാശികൾക്ക് (വിവാഹം, ജനനം, ദത്തെടുക്കൽ വഴി) വ്യത്യസ്തങ്ങളായ

---

138 എച്ച്ഐവി നിയമത്തിന്റെ 15-ാം വകുപ്പ്

139 ട്രാൻസ് നിയമത്തിന്റെ 8,14 വകുപ്പുകൾ

140 ചട്ടം 10, ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമങ്ങളുടെ അനുബന്ധം II-നൊപ്പം വായിക്കുക, 2020

പദ്ധതികൾ നൽകുന്നു.[141] ഈ നിയമം വഴി വിവാഹം കഴിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന വ്യക്തികൾക്ക് (ഹിന്ദുക്കൾ ഒഴികെ) ISA പ്രകാരമുള്ള പിന്തുടർച്ചാ നിയമമാണ് ബാധകമാവുക എന്നാണ് *സ്പെഷ്യൽ മാര്യേജ് ആക്റ്റ്, 1954* -ന്റെ 21, 21 A വകുപ്പുകൾ പ്രസ്താവിക്കുന്നത്.

2.4.46 *വിദ്യാധാരി ആൻഡ് അതേർസ് v. സുഖ്രാനാ ബായി ആൻഡ് അതേർസ്*[142], എന്ന അപൂർവ്വമായ ഒരു കേസിൽ, സുപ്രീം കോടതി വൈവാഹിക നിലയിലുപരിയായി പിന്തുടർച്ചാവകാശം ഉപയോഗിച്ച് മരണപ്പെട്ട ആളുടെ പെൻഷൻ, ഇൻഷുറൻസ്, പ്രോവിഡന്റ് ഫണ്ട്, മറ്റു മരണാനന്തര ആനുകൂല്യങ്ങൾ എന്നിവ ലഭിക്കാൻ ഒരു പിന്തുടർച്ച സാക്ഷ്യപത്രം നൽകിക്കൊണ്ട്, മരണപ്പെട്ട ആൾ 20 വർഷം സഹവസിക്കുകയും ആളുമായി നാല് കുട്ടികൾ ഉണ്ടാവുകയും ചെയ്ത സ്ത്രീക്ക് അയാളുടെ നിയമപരമായി വിവാഹം ചെയ്ത ഭാര്യയുടെ അവകാശവാദത്തിനെതിരായി നൽകി (മറ്റുള്ള അവകാശികളോടൊപ്പം അവരുടെ നിയമപരമായ ഓഹരിയും സംരക്ഷിച്ചുകൊണ്ട് തന്നെ). 'യാഥാർത്ഥ്യത്തിൽ ഭാര്യയായിരിക്കുന്ന ആൾക്ക്' നിയമപ്രകാരം നിയമാനുസൃത അവകാശിയാവാൻ യോഗ്യയല്ലെന്നും മരണപ്പെട്ടയാളുടെ ഭൂസ്വത്ത് നിയമത്തിൽ അംഗീകൃതമായ നിയമപരമായ അവകാശികൾക്ക് (കുട്ടികൾക്കും നിയമപരമായി വിവാഹിതയായ ഭാര്യക്കും) മാത്രമേ അതിന് അവകാശമുള്ളൂവെന്നും കോടതി വ്യക്തമാക്കി. എന്നിരുന്നാലും, മരിച്ചയാൾ പ്രസ്തുത ആനുകൂല്യങ്ങൾക്കായി അവരെ നാമനിർദ്ദേശം ചെയ്തിരുന്നതിനാൽ, യഥാർത്ഥ ഭാര്യക്ക് 372-ാം വകുപ്പ്, ISA-ക്ക് കീഴിൽ - അതിനായി '*ഏത് അവകാശത്തിലാണ് ഹർജിക്കാരൻ അവകാശവാദം ഉന്നയിക്കുന്നത്*' എന്ന് എഴുതേണ്ടതുണ്ട് - ഒരു പിന്തുടർച്ചാ സർട്ടിഫിക്കറ്റ് കിട്ടുന്നതിനായി നിയമപരമായി ഒരു അപേക്ഷ ഫയൽ ചെയ്യാം. നിയമത്തിലെ ഇത്തരം വികസനങ്ങൾക്ക് വൈവാഹിക സ്വഭാവത്തിലുള്ള ക്വീർ ബന്ധങ്ങളുടെ അംഗീകാരത്തേയും (ലിവ്-ഇൻ-ബന്ധങ്ങൾ), കുടുംബത്തിന്റെയും ദാമ്പത്യ ബന്ധങ്ങളുടെയും നിയമപരമായ സങ്കൽപ്പം 'യഥാർത്ഥ പങ്കാളികളെ' ഉൾക്കൊള്ളുന്നതിനായി വികസിക്കുന്നതിനാൽ പെൻഷൻ, ഇൻഷുറൻസ്, പ്രൊവിഡന്റ് ഫണ്ട്, മറ്റ് മരണ ആനുകൂല്യങ്ങൾ തുടങ്ങിയ സാമ്പത്തിക അവകാശങ്ങളുടെ ലഭ്യതകളെക്കുറിച്ചുമുയരുന്ന ചോദ്യങ്ങളെയും ശുഭകരമായി സ്വാധീനിക്കാനാവും.

2.4.47 പിന്തുടർച്ചാ നിയമങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടതിനാൽ, LBT സംഘടനകൾ ലിംഗ സമത്വത്തിനായും വൈവിധ്യ കുടുംബങ്ങളെ അംഗീകരിക്കാനായും ആവശ്യപ്പെട്ടതിനു കാരണം അതിന്റെ വളരെ യഥാർത്ഥവും അടിയന്തിരവുമായ പ്രത്യാഘാതങ്ങൾ ആണ്, പ്രത്യേകിച്ചും നിയമത്തിൽ ട്രാൻസ് വ്യക്തികളുടെ സാമൂഹിക-സാമ്പത്തിക ജീവിതങ്ങളുടെമേൽ ഉള്ളവ.[143]

---

[141] *Id* at 50, pgs. 24-25

[142] (2008) 2 SCC 238, paras. 11-15

[143] *Id* at 46

2.4.48 2016-ൽ *സ്വീറ്റി v. ജനറൽ പബ്ലിക്*[144] എന്ന കേസിൽ ഹിമാചൽ പ്രദേശ് ഹൈക്കോടതി *ഗുരു - ചേലാ പരമ്പര*യുടെ *കിന്നർ* എന്ന ആചാരമനുസരിച്ചുള്ള സ്വത്തവകാശത്തെ സംബന്ധിച്ച നിയമ പ്രമാണങ്ങളെക്കുറിച്ചുള്ള ഒരു തീരുമാനം നൽകി. മരണപ്പെട്ട ട്രാൻസ് വ്യക്തിയുടെ റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട് മുതലായവയിൽ പേര് പ്രതിപാദിച്ചിട്ടുള്ള അവരുടെ ഗുരുവായ കക്ഷിയെ മരിച്ചയാളുടെ സ്വത്തിലേക്കുള്ള നിയമപരമായ അനന്തരാവകാശിയായി കോടതി വിധിച്ചു. മരണപ്പെട്ട ട്രാൻസ് വ്യക്തിയുടെ സമുദായ സൂചകമായ (മത) പേര് കൊണ്ട് മാത്രം *ഹിന്ദു പിന്തുടർച്ചാവകാശ നിയമം*, 1956, പരിഗണിക്കേണ്ട അനുമാനം ഇല്ലെന്നും, പ്രത്യേകിച്ചും, *ഗുരു ചേല* പരമ്പരയിലാണ് തങ്ങളുടെ ബന്ധം നിർവചിക്കേണ്ടതെന്നുള്ളതിന് തെളിവുകൾ കക്ഷി വിജയകരമായി കാണിക്കുമ്പോൾ എന്നും കോടതി പ്രത്യേകമായി പ്രഖ്യാപിച്ചു (ഖണ്ഡികകൾ 12-14). 1989-ലെ ഒരു മധ്യ പ്രദേശ് ഹൈക്കോടതി തീരുമാനം *ഗുരു-ചേല* ആചാര പ്രകാരമുള്ള സ്വത്ത് പിന്തുടർച്ചയുടെ നിയമ സാധുത ശരിവെക്കുകയും അത് പൊതുനയങ്ങൾക്കെതിരല്ലെന്നു പ്രഖ്യാപിക്കുകയും ചെയ്തു.[145] *ഹിജ്റ ഘരണ* / ഗൃഹങ്ങൾ പോലെയുള്ള നിയമത്തിലെ ദാമ്പത്യത്തിനു പുറത്തുള്ള ബന്ധുതയുടെ പ്രധാനമായ അംഗീകാരത്തേയും, വൈവിധ്യമാർന്ന കുടുംബ ഘടനകളുടെ കീഴിലുള്ള സാമ്പത്തിക അവകാശങ്ങളോടുള്ള ലഭ്യതെയുമാണ് ഇത്തരം കേസുകൾ സൂചിപ്പിക്കുന്നത്.

2.4.49 വിവാഹം, ജനനം അല്ലെങ്കിൽ ദത്തെടുക്കൽ വഴിയുള്ള ബന്ധങ്ങളിൽ മാത്രമായി സ്വത്തവകാശം നിർണ്ണയിക്കുന്ന ISA അല്ലെങ്കിൽ സമുദായത്തിന്റെ പ്രത്യേക നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇത്തരം സമ്പ്രദായത്താൽ ഭരിക്കപ്പെടുന്ന ട്രാൻസ് വ്യക്തികൾക്ക് അവർ അകറ്റി നിർത്തപ്പെടുന്നതായി തോന്നിയേക്കാം, കാരണം, ട്രാൻസ് വ്യക്തികൾ അവരുടെ കുടുംബങ്ങളേയും ഗാർഹിക ഏർപ്പാടുകളെയും എപ്രകാരമാണ് സംഘടിപ്പിക്കുന്നതെന്ന് ഈ സമ്പ്രദായത്തിന് അറിയില്ല, അതുകൊണ്ട്, ഈ ഒരു അളവിൽ, ISA-യിലെയും സമുദായത്തിനുള്ള പ്രത്യേകം നിയമങ്ങളിലേയും വകുപ്പുകൾ ലിംഗ സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ പരോക്ഷമായ വിവേചനം നടത്തിയേക്കും. (*മധു, നവ്തേജ്, നിതിഷ*).

2.4.50 ഈ അടുത്തുണ്ടായ ഒരു നിയമപരമായ വികസനം, *ഉത്തർ പ്രദേശ് റെവന്യൂ കോഡ്, 2006*-ലെ 'കുടുംബം' എന്നതിന്റെ അർത്ഥം ഉത്തർ പ്രദേശ് ഓഗസ്റ്റ് 2020-ൽ ഭേദഗതി നടത്തി, അപ്രകാരം 'മൂന്നാം ലിംഗ' വ്യക്തികൾക്കും (പങ്കാളികളും കുട്ടികളും) കൃഷി ഭൂമിക്ക് അവകാശികളാകാം.[146]

---

[144] AIR 2016 HP 148

[145] *ഇല്ല്യാസ് v. ബാദ്ഷ എലിയാസ് കമല* AIR 1990 MP 334

[146] യുപിയിലെ കാർഷിക ഭൂമിയിലെ ട്രാൻസ്ജെൻഡർ അവകാശങ്ങളെക്കുറിച്ചുള്ള സംസ്ഥാന ലോ കമ്മീഷന്റെ ആറാമത്തെ റിപ്പോർട്ടിന്റെ ശുപാർശകൾ (മാർച്ച് 2019) കാരണം നിലവിൽവന്ന *യുപി റവന്യൂ കോഡ് (ഭേദഗതി) നിയമം, 2020*

## V. പാർപ്പിടം

2.4.51 പാട്ടക്കാരനോ അല്ലെങ്കിൽ വിവാഹം, ജനനം, ദത്തെടുക്കൽ, എന്നിവയിലൂടെ ബന്ധിതരായ കുടുംബാംഗങ്ങളോ മാത്രമാണ് ഒരു  വാടക വീട്ടിൽ താമസിക്കാൻ അർഹർ എന്ന ചിന്താഗതി ഡൽഹിയിലെയും കർണാടകയിലെയും പഞ്ചാബിലെയും പോലെ ഇന്ത്യയിലാകെയുള്ള കുടിയിരുപ്പ് നിയമങ്ങളിൽ ആഴമായി ഉള്ളതിനാൽ, ക്വീർ വ്യക്തികൾക്ക് പാട്ടക്കരാറിൽ സുരക്ഷിതത്വം ലഭ്യമല്ലാതാവുകയും അവർ നിർബന്ധിത കുടിയിറക്കലിന് വിധേയരാവുകയും ചെയ്യുന്നു.[147]

2.4.52 കുടിയിരുപ്പു നിയമങ്ങളിൽ ഹെറ്ററോ-നോർമേറ്റീവ് ആയ 'കുടുംബം' എന്ന ആശയത്തെ ഉയർത്തിക്കാട്ടുന്നതിനോടൊപ്പം മഹാരാഷ്ട്ര[148], പശ്ചിമ ബംഗാൾ[149], തമിഴ്നാട്,[150], കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരി[151] എന്നിവിടങ്ങളിൽ പാട്ടക്കരാറിൽ സദാചാര വ്യവസ്ഥകളും ആവശ്യപ്പെടുന്നു.

2.4.53 കൂടാതെ, ഛത്തീസ്ഖഡ്, ഗോവ, കേന്ദ്ര ഭരണ പ്രദേശമായ ദാമൻ & ഡിയുവിലും ഭൂവുടമസ്ഥന് 'സാമൂഹിക ശല്യം' ആയി കണക്കാക്കാവുന്ന വാടകക്കാരെ ഒഴിപ്പിക്കാൻ അനുവാദമുണ്ട്, വേശ്യാവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള, തുടങ്ങിയവ എന്നായി അതിനെ നിർവചിച്ചിട്ടുണ്ട്.[152] ട്രാൻസ് വ്യക്തികൾ പലപ്പോഴും താങ്ങാവുന്ന വിലയിലുള്ള വീടുകൾ ലഭിക്കുന്നതിന് വെല്ലുവിളികൾ നേരിടുന്നു, വാടകക്കാരൻ യഥാർഥമായോ അല്ലെങ്കിൽ അങ്ങനെ തോന്നുംപോലെ ലൈംഗിക തൊഴിലിൽ ഏർപ്പെടുന്നുണ്ടോ എന്ന് തരം തിരിക്കുന്ന വാടക നിയമങ്ങളുള്ളതിനാൽ, മതിയായ പാർപ്പിടത്തിനുള്ള അവകാശലംഘനത്തിനുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ ദൗർബല്യത്തെ വർദ്ധിപ്പിക്കുന്നു.[153] ട്രാൻസ് വ്യക്തികളുടെ യാഥാർത്ഥമോ സാങ്കല്പികമോ ആയ ലൈംഗിക തൊഴിലിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ വാടക താമസ സൗകര്യം നിയമപരമായി നിഷേധിക്കില്ലെന്നു വാദിക്കാവുന്നതാണ്.

---

[147] ലിവിങ് വിത്ത് ഡിഗ്നിറ്റി: സെക്സ്വൽ ഓറിയന്റേഷൻ ആൻഡ് ജൻഡർ ഐഡന്റിറ്റി- ബേസ്ഡ് ഹ്യൂമൻ റൈറ്റ്സ് വയലേഷൻസ് ഇൻ ഹൗസിങ്, വർക്ക് ആൻഡ് പബ്ലിക് സ്പൈസസ് ഇൻ ഇന്ത്യ, ഇന്റർനാഷണൽ കമ്മീഷൻ ഓഫ് ജൂറിസ്റ്റ്സ് (ജൂൺ 2019), pg. 59. കൂടാതെ കാണുക: *ത്രിപുര ബിൽഡിംഗ് (ലീസ് ആൻഡ് റെന്റ് കൺട്രോൾ) ആക്റ്റ്, 1975; ആൻഡ് അരുണാചൽ പ്രദേശ് ബിൽഡിംഗ് (ലീസ്, റെന്റ്, ആൻഡ് എവിക്ഷൻ) കൺട്രോൾ ആക്റ്റ്, 2014*

[148] *മഹാരാഷ്ട്ര വാടക നിയന്ത്രണ നിയമം, 1999*-ലെ വകുപ്പ് 16(1)(സി)

[149] *പശ്ചിമ ബംഗാൾ പരിസര വാടക നിയന്ത്രണ (താൽക്കാലിക വ്യവസ്ഥകൾ) നിയമം,1950*-ലെ വകുപ്പ് 12(1)(ഇ)

[150] *തമിഴ്നാട് ഭൂവുടമകളുടെയും കുടിയാന്മാരുടെയും അവകാശങ്ങളും ഉത്തരവാദിത്തങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമം, 2017*-ലെ വകുപ്പ് 21(2)(ഡി)

[151] *പുതുച്ചേരി ബിൽഡിംഗ്സ് (ലീസ് ആൻഡ് റെന്റ് കൺട്രോൾ) ആക്റ്റ്, 1969*-ലെ വകുപ്പ് 10(2)(iv)

[152] *ഛത്തീസ്ഗഢ് വാടക നിയന്ത്രണ നിയമം, 2011-* ലെ വകുപ്പ് 2(13), വകുപ്പ് 12(2), ഷെഡ്യൂൾ 2, ഇനം 11(ഡി), ഷെഡ്യൂൾ 4, ഇനം 10 എന്നിവയ്ക്കൊപ്പം വായിക്കുക; *ഗോവ, ദാമൻ & ദിയു ബിൽഡിംഗ്സ് (പാട്ടം, വാടക, കുടിയൊഴിപ്പിക്കൽ) നിയന്ത്രണ നിയമം, 1968*-ലെ  വകുപ്പ് 22(2)(ഡി)

[153] *Id* at 147, pgs. 51-52

ട്രാൻസ്ജൻഡർ വ്യക്തികളുടെ സെക്സ് വർക്കിലെ ഏർപ്പെടൽ ഉണ്ടാകാനുള്ള കാരണം ചരിത്രപരമായി അവർ നേരിടേണ്ടിവന്ന ലിംഗപരമായ തടസ്സം മൂലമുള്ള സാമൂഹിക സാമ്പത്തിക അനന്തരഫലമാണ് എന്ന *നവ്തേജി*ലെ വിശകലനത്തിന് നേരെ വിപരീതമാണ് ഇത്തരം നിരസനം ഉണ്ടാകുന്നത് സെക്സിനോടൊപ്പം കുറ്റകൃത്യങ്ങൾ ചെയ്തു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് അതിനാൽ, അവ ലിംഗ ഭേദത്തിന്റെ മാത്രം അടിസ്ഥാനത്തിലുള്ള വിവേചനമല്ല എന്ന വാദം. *മധു, നിതിഷ, NALSA* പ്രകാരം, ഇത്തരം ശീലങ്ങൾ അനുച്ഛേദം 15 പ്രകാരമുള്ള ലിംഗ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലുള്ള പരോക്ഷമായ വിവേചനമായേക്കാം, കാരണം, സെക്സ് വർക്കിൽ ഏർപ്പെട്ടു എന്ന അടിസ്ഥാനത്തിൽ ട്രാൻസ്ജൻഡർ വ്യക്തികൾക്ക് പാർപ്പിടം നൽകാതിരിക്കുന്നതിന്റെ ഫലമായി അവരുടെ വർഗ്ഗത്തിന്റെ സാമൂഹിക സാമ്പത്തിക പാർശവത്ക്കരണം ശാശ്വതമാക്കപ്പെടുന്നു.

2.4.54 വീടിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചുള്ള സംസ്ഥാന തല കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിയമങ്ങളും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല. ഈ നിയമങ്ങൾ പലപ്പോഴും പരസ്പര ബന്ധമില്ലാത്ത ഏതെങ്കിലും രണ്ടു വ്യക്തികളെ ഒരുമിച്ച് ഫ്ലാറ്റ് വാങ്ങാനും മെമ്പറും അസ്സോസിയേറ്റ്/ ജോയിന്റ് മെമ്പറും എന്ന പദവിയ്ക്കും അനുമതി നൽകുന്നു. എന്നാൽ, മിക്കവാറും നിയമങ്ങളും പ്രസ്താവിക്കുന്നത് അസ്സോസിയേറ്റ് മെമ്പറിനു ഉടമസ്ഥാവകാശത്തിൽ ഒരു ഓഹരിയും നൽകപ്പെടുന്നില്ല എന്നാണ്. മെമ്പർ മരണപ്പെടുകയാണെങ്കിൽ, പരേതനായ മെമ്പറിന്റെ നിയമാനുസൃതമായ പിന്തുടർച്ചാ അവകാശികളിലേക്ക് ഫ്ളാറ്റ് കൈമാറ്റം ചെയ്യപ്പെടും.[154]

2.4.55 *ദി റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്റ്റ്,* 2016, (*RERA*) നിലവിൽ വന്നത് റിയൽ എസ്റ്റേറ്റ് മേഖലയെ നിയന്ത്രിക്കാനും ഉപഭോക്ത അധികാരങ്ങളെ സംരക്ഷിക്കാനും വേണ്ടിയാണ്. RERA പ്രകാരം, എല്ലാ റിയൽ എസ്റ്റേറ്റ് പ്രൊജെക്ടുകളുടെയും റെജിസ്ട്രേഷനുവേണ്ടി ആക്റ്റിന്റെ കീഴിലുള്ള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിക്ക് മുമ്പിൽ അപേക്ഷിക്കാൻ ഒരു പ്രൊമോട്ടർ (നിർമ്മാതാവ്, ഡെവലപ്പർ, അതുപോലെ ഒരു കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി) ആവശ്യമാണ്;[155] രജിസ്ട്രേഷൻ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെടുന്നത് / ലംഘിക്കുന്നത്, രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് ഇടയാക്കുന്നു (വകുപ്പ് 7). രാജസ്ഥാൻ, മധ്യ പ്രദേശ്, ഹരിയാന എന്നിവിടങ്ങളിലെ രാഷ്ട്ര തലത്തിലുള്ള RERA നിയമങ്ങൾ രെജിസ്ട്രേഷൻ പ്രക്രിയയോടനുബന്ധിച്ച് പ്രൊമോട്ടർ ഒരു പ്രഖ്യാപനം നടത്താൻ ആവശ്യപ്പെടുന്നു, അതിൽ ഫ്ലാറ്റോ പുരയിടമോ കെട്ടിടമോ അനുവദിച്ചു കൊടുക്കുമ്പോൾ, അനുവദിച്ചു കിട്ടുന്നയാളെ പ്രൊമോട്ടർ ജാതി, മതം, ഭാഷ, ലിംഗ ഭേദം, അല്ലെങ്കിൽ 'വൈവാഹിക നില'[156] എന്നിവയുടെ അടിസ്ഥാനത്തിൽ

---

[154] *Id* at 41, സ്വവർഗ്ഗാനുരാഗികളെയും ലെസ്ബിയൻസിനെയും ബാധിക്കുന്ന സിവിൽ നിയമങ്ങൾ, pgs. 66-72

[155] RERA-യുടെ 4-ാം വകുപ്പ്

[156] *രാജസ്ഥാൻ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ, 2017*

വിവേചനം കാണിക്കില്ല എന്ന ഒരു ഡിക്ലറേഷൻ പ്രൊമോട്ടർ നൽകേണ്ടതുണ്ട്. മറ്റു സംസ്ഥാനങ്ങളായ തമിഴ്നാട്, ഉത്തർ പ്രദേശ്, കർണാടക, ഡൽഹി, പശ്ചിമ ബംഗാൾ, എന്നിവ വിവേചനത്തിനെതിരെ പ്രത്യേകിച്ച് അടിസ്ഥാനങ്ങൾ നിർദേശിച്ചിട്ടില്ലെങ്കിലും, ഒരു പൊതു പ്രഖ്യാപനം ആവശ്യപ്പെടുന്നു.

2.4.56 മൗലിക അവകാശങ്ങളുടെ, പ്രത്യേകിച്ചും അനുച്ഛേദം 15 (പൊതുസ്ഥലങ്ങളുടെ വിവേചന വിരുദ്ധമായ ലഭ്യത), 17 (തൊട്ടുകൂടായ്മയുടെ ഉന്മൂലനം), 19 (തൊഴിലിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യം), 21 (ജീവിതവും സ്വാതന്ത്ര്യവും), 23 (നിർബന്ധിത ജോലി) പ്രകാരമുള്ളവ, ലംഘനത്തിനെതിരെയുള്ള ഭരണഘടനാപരമായ പരിഹാരങ്ങൾ, ഇപ്പോൾ രാഷ്ട്രത്തിനും രാഷ്ട്ര-ഇതര കക്ഷികൾക്കും എതിരെ അവകാശപ്പെടാം എന്ന നില ഇന്ന് നിർവിവാദമാണ്.[157]

2.4.57 പാർപ്പിടങ്ങളുടെ ലഭ്യത സ്വത്ത് നിയന്ത്രണങ്ങളുടെ കൈമാറ്റ നീതിയെയും സൂചിപ്പിക്കുന്നു. വിവാഹിതരായ ഹെറ്ററോ സെക്ഷ്വൽ ദമ്പതികളുമായി ഒത്തുനോക്കുമ്പോൾ, തങ്ങളുടെ പങ്കാളികളുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാവര ജംഗമങ്ങൾ കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്ന ക്വീർ വ്യക്തികൾക്ക് കൂടിയ സ്റ്റാമ്പ് നികുതി നൽകേണ്ടി വരുന്നതിനാൽ അവർ കൂടുതൽ സാമ്പത്തിക ബാധ്യത നേരിടേണ്ടിവരുന്നു.[158] ഇതേ ഇടപാട് നടത്താൻ ഉദ്ദേശിക്കുന്ന വിവാഹിതരായ ഹെറ്ററോ സെക്സ്വൽ ദമ്പതികൾ നൽകുന്ന 3% സ്റ്റാമ്പ് നികുതിയുമായി താരതമ്യം ചെയ്താൽ, തങ്ങളുടെ പങ്കാളികളുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാവര ജംഗമങ്ങൾ കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്ന ക്വീർ വ്യക്തികൾക്ക് വിപണി വിലയുടെ 5% സ്റ്റാമ്പ് നികുതിയായി നൽകണം. ഈ വ്യത്യാസം പേരിനു മാത്രമായി തോന്നാമെങ്കിലും, ഇത് നിയമത്തിലും സമൂഹത്തിലും വൈവാഹിക നില, ലൈംഗിക ആഭിമുഖ്യം, ലിംഗ വ്യക്തിത്വം എന്നിവയുടെ അടിസ്ഥാനത്തിൽ യുക്തിരഹിതവും വിവേചനപരവുമായ പെരുമാറ്റത്തിനുള്ള തെറ്റായ ഒരു മാതൃക സൃഷ്ടിക്കുന്നു. ഒരു വാസയോഗ്യമായ ഫ്ലാറ്റ് കൈമാറ്റത്തിന്റെ പശ്ചാത്തലത്തിൽ, അസമത്വം കൂടുതൽ രൂക്ഷമാണ്, വിവാഹിതരായ ഹെറ്ററോ സെക്ഷ്വൽ ദമ്പതികൾക്ക് നാമമാത്രമായ 200 രൂപ സ്റ്റാമ്പ് നികുതി ഫീസ് മാത്രം അടയ്ക്കേണ്ടിവരുന്നിടത്ത്, ബന്ധത്തിന്റെ നിയമപരമായ അംഗീകാരമില്ലാത്തതിനാൽ,[159] ക്വീർ ദമ്പതികൾക്ക് വിപണി മൂല്യത്തിന്റെ 5% സ്റ്റാമ്പ് നികുതി നൽകേണ്ടിവരും, അത് മൂലം, ഇത് താങ്ങാനാകാത്തവിധം വിലയേറിയതാകുകയും ക്വീർ വ്യക്തികൾക്ക് കുടുംബങ്ങൾ ഉണ്ടാക്കുക എന്ന സ്വകാര്യവും അടുപ്പമേർന്നതുമായ കാര്യത്തിൽ ഇടപെടലുകളും ഉണ്ടാകും.

2.4.58 ഈ ആശയക്കുഴപ്പത്തിൽ രണ്ടു തരം സമീപനങ്ങളുണ്ട്: *ആദ്യമായി,* ക്വീർ ബന്ധങ്ങളെ അംഗീകരിക്കാത്തതിനാൽ ക്വീർ വ്യക്തികൾക്ക് അധിക സാമ്പത്തിക

---

[157] *Id* at 68

[158] സമാന വസ്തുതകളുള്ള, ഒരു സ്വവർഗ ദമ്പതികൾ ഉൾപ്പെട്ട ഒരു കേസിൽ സമർപ്പിച്ച രേഖയുടെയും നിയമോപദേശത്തിന്റെയും പകർപ്പ് എഴുത്തുകാരുടെ ഫയലിലുണ്ട്.

[159] *മഹാരാഷ്ട്ര സ്റ്റാമ്പ് ആക്റ്റ്, 1958*-ലെ ഷെഡ്യൂൾ I-ലെ ആർട്ടിക്കിൾ 34

ബാധ്യതയുണ്ടാക്കുന്ന വിവാഹ നിയമങ്ങളെ ഭരണഘടനാപരമായി വെല്ലുവിളിക്കാൻ അത്തരം നിയന്ത്രണങ്ങളെ അടിസ്ഥാനമാക്കാം. *രണ്ടാമതായി*, വൈവാഹിക നിലയെ മൗലികമായ സാമൂഹിക സാമ്പത്തിക അവകാശവാദങ്ങളിൽ നിന്നും വേർപ്പെടുത്തുന്നതിന് ഭരണഘടനാപരമായ നിയന്ത്രണങ്ങളുടെ സാധുതയെ വൈവാഹിക നില പരിഗണിക്കാതെ ഏകീകൃത ബാധ്യതകൾ നിശ്ചയിക്കുന്നതിന് മാത്രമായി വെല്ലുവിളിക്കാവുന്നതാണ്, അങ്ങനെ വിവാഹം തിരഞ്ഞെടുക്കാതെ ദീർഘകാലമായി സഹവസിക്കുന്ന പങ്കാളികൾക്ക് (ക്വീർ അല്ലെങ്കിൽ ഹെറ്ററോ സെക്ഷ്വൽ) സമാനമായ കൈമാറ്റം നടത്തുന്നതിനുള്ള സ്വയം നിർണ്ണയം അനുവദിക്കപ്പെടുന്നു.

2.4.59 നഗരങ്ങളിലെ പാവപ്പെട്ടവരിൽ, ചേരികളിലെ/അനൗപചാരിക കുടിയേറ്റപ്രദേശങ്ങളിലെ ഭൂമിയുടെ അവകാശം നിയന്ത്രിക്കുന്ന നിയമങ്ങൾ ഒരു വ്യക്തിയ്ക്കും അയാളോട് വിവാഹമോ ജനനമോ ആയി ബന്ധപ്പെട്ട ആൾക്കും ഓഹരിയും അവകാശവും പദവിയും നൽകുന്നു. എന്നാൽ, ഒരാൾ മാത്രമുള്ള ഗൃഹങ്ങളുടെ കാര്യത്തിൽ, ഓഹരിയും അവകാശവും പദവിയും അയാളുടെ പേരിൽ തന്നെ രേഖപ്പെടുത്തുന്നു.[160]

2.4.60 ആരോഗ്യപരിപാലനം, ഭക്ഷ്യ സുരക്ഷ, ജലം, ശൗചാലയം, ശിശുപരിപാലനം, വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടങ്ങളില്ലാത്തവരും പൊതുസ്ഥലങ്ങളിലോ മനുഷ്യവാസയോഗ്യമല്ലാത്ത സ്ഥലങ്ങളിലോ ജീവിക്കുകയും ഉറങ്ങുകയും ചെയ്യുന്നവരെ പ്രാപ്തമായ ഭവനങ്ങളുമായി ബന്ധിപ്പിക്കുന്നതുമായ സാമൂഹിക സുരക്ഷാ പദ്ധതികൾ ദി സ്കീം ഫോർ ഷെൽറ്റർസ് ഫോർ അർബൻ ഹോംലെസ്സ് (SUH) ലഭ്യമാക്കുന്നു.[161] വീടില്ലാത്തവർക്കുള്ള അഭയകേന്ദ്രങ്ങൾ ആശ്രിതരായ കുട്ടികളുടെയും പ്രായമായവരുടെയും ഡിസബിലിറ്റിയോടെയും മാനസികരോഗത്തോടെയും ജീവിക്കുന്നവരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യം വെച്ചുള്ള സേവനങ്ങൾ ലഭ്യമാക്കുന്നു, കൂടാതെ, തൊഴിലാളികളായ പുരുഷന്മാരുടെയും/സ്ത്രീകളുടെയും ഹോസ്റ്റലുകൾ, സാമൂഹിക പാർപ്പിടങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതോടെ ഇവ എല്ലാവർക്കും മതിയായ ഭവനം എന്ന അവകാശത്തിലേക്കുള്ള ആദ്യ ഘട്ടം സാക്ഷാത്കരിക്കുന്നു. എന്നാൽ നിലവിൽ ഈ സ്കീം ക്വീർ വ്യക്തികൾക്ക് പാർപ്പിടമില്ലാ എന്ന ദൗർബല്യത്തെ അംഗീകരിക്കുകയോ അഭിസംബോധന ചെയ്യുകയോ ചെയ്യുന്നില്ല.

2.4.61 അന്യസംസ്ഥാന തൊഴിലാളികൾ, ഔപചാരികവും അനൗപചാരികവുമായ മേഖലകളിലെ തൊഴിലാളികൾ, പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ, നഗരങ്ങളിലെ

---

[160] *ഒഡിഷ ലാൻഡ് റൈറ്റ്സ് ടു സ്ലം ഡ്വെല്ലേഴ്സ് ആക്റ്റ്, 2017*-ന്റെ 3(4)-ാം വകുപ്പിനൊപ്പം വകുപ്പ് 2(എഫ്) ഉം (ജെ)യും വായിക്കുക

[161] നഗര ഭവനരഹിതർക്കുള്ള ഷെൽട്ടറുകളുടെ പദ്ധതി, പുതുക്കിയ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ (2018), ദീൻദയാൽ അന്ത്യോദയ യോജന -ദേശീയ നഗര ഉപജീവന ദൗത്യം, ഭവന, പാർപ്പിട നഗരകാര്യ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

ദരിദ്രർ എന്നിവർക്ക് വിവേചനരഹിതമായി ഒരു കുടിയിരുപ്പ് ടെനൻസി മാർക്കറ്റ് പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതാണ് സംസ്ഥാനങ്ങൾക്ക് സ്വീകരിക്കാനായി നഗരകാര്യ പാർപ്പിട മന്ത്രാലയം പുറപ്പെടുവിച്ച *ദി മോഡൽ ടെനൻസി ആക്റ്റ്, 2019* ('MTA'). എന്നാൽ, ഹോസ്റ്റലുകൾ, കൂട്ടമായ ഭവന ഏർപ്പാടുകൾ, സമുദായ ഭൂമി ട്രസ്റ്റുകൾ എന്നിവ നൽകാത്തതിനാൽ, MTA സാമൂഹികവും സാമ്പത്തികവുമായി ഏറ്റവും പാർശവത്കരിക്കപ്പെട്ട സമുദായങ്ങൾക്കുള്ള സാമൂഹിക ഭവനങ്ങൾക്ക് ശ്രദ്ധ കൊടുക്കുന്നില്ല. കൂടാതെ, ജാതി, മതം, ജന്മസ്ഥലം, ലൈംഗിക ചായ്‌വ്, ലിംഗവ്യക്തിത്വം, വൈവാഹിക നില എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തെ എതിർക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും, സംസ്ഥാനങ്ങൾ കുടിയിരുപ്പു കരാറുകളിൽ സദാചാര ഉടമ്പടികൾ കൈക്കൊള്ളണമെന്നു നിർദ്ദേശിക്കുകയും ചെയ്യുന്നു.[162]

2.4.62 മനുഷ്യാന്തസ്സോടെ ജീവിക്കാനും വ്യക്തിപരമായ സ്വയം നിർണയ അവകാശത്തിനുള്ള അവകാശങ്ങളെ ലംഘിക്കുന്നു എന്നതിനാൽ *ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) നിയമം, 2019*-ലെ കുടുംബങ്ങളിൽ നിന്നും വേറിട്ട് നിൽക്കുന്ന ട്രാൻസ് വ്യക്തികൾക്കുള്ള 'പുനരധിവാസ കേന്ദ്രങ്ങൾ'ക്കായുള്ള വ്യവസ്ഥകളെ വെല്ലുവിളിക്കപ്പെട്ടിട്ടുണ്ട്.[163] ഭക്ഷ്യസുരക്ഷ, മാനസികാരോഗ്യ സംരക്ഷണം, ശുചിത്വം എന്നിവ ലഭിക്കാൻ 'അറ്റ് റിസ്ക്' ട്രാൻസ് വ്യക്തികൾക്കായി പ്രാപ്തമായ ഭവനങ്ങൾ, അഭയ കേന്ദ്രങ്ങൾ, സാമൂഹിക കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള ക്ഷേമ പദ്ധതികൾ രൂപീകരിക്കാൻ ഉചിതമായ സർക്കാരുകളെ ബാധ്യസ്ഥമാക്കുന്ന പ്രസ്തുത നിയമത്തിനും ചട്ടങ്ങൾക്കും കീഴിൽ പ്രാപ്തമായ ഭവനത്തെക്കുറിച്ചുള്ള അവകാശാധിഷ്ഠിത സമീപനം അഭിസംബോധന ചെയ്യാവുന്നതാണ്.[164]

2.4.63 ഭവനരഹിതമായ അവസ്ഥയോടുള്ള രാഷ്ട്രത്തിന്റെ പ്രതികരണത്തിൽ പൊരുത്തപ്പെടാനാകാത്ത രണ്ട് പിളർപ്പുകളാണ് നിലനിൽക്കുന്നത് - പ്രാപ്തമായ ഭവനത്തിനുള്ള അവകാശം ലഭ്യമാക്കുന്നതിനുപകരം, യാഥാർഥ്യത്തിൽ, നിലവിൽ ഭവനരാഹിത്യം ക്രിമിനൽ കുറ്റമാക്കുന്ന യാചകവിരുദ്ധ നിയമങ്ങൾ നടപ്പിലാക്കുന്നു. നിലവിൽ, 25 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും നിയമങ്ങളിലൂടെയോ എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെയോയുള്ള അത്തരം നിയമങ്ങളുടെ നിർവ്വഹണം ജയിലിനും തെരുവിനും ഇടയിലുള്ള ഒരു കറങ്ങുന്ന വാതിലിനുള്ളിൽ നിരവധി ട്രാൻസ് വ്യക്തികൾ ഉൾപ്പെടെയുള്ള ദരിദ്രരെ, കുരുക്കിയിടുന്നു.

2.4.64 ദാരിദ്ര്യ നിലയെയും ഭവനമില്ലായ്മയെയും പ്രകൃത്യാ ശിക്ഷിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ അനുച്ഛേദം 14, 19 (1)(a) & (d), 21

---

[162] ഹൗസിംഗ് ആൻഡ് ലാൻഡ് റൈറ്റ്സ് നെറ്റ്‌വർക്ക് കമ്മെന്റ്സ് ഓൺ ഡ്രാഫ്റ്റ് മോഡൽ ടെനൻസി ആക്റ്റ് (ഓഗസ്റ്റ് 2019)

[163] *Id* at 17

[164] *Id* at 140

എന്നിവയുടെ ലംഘനാമായതിനാൽ ഡൽഹി[165], ജമ്മു കാശ്മീർ[166] ഹൈക്കോടതികൾ പ്രാദേശികമായ യാചക വിരുദ്ധ നിയമങ്ങളെ അസാധുവാക്കി. രണ്ടു കേസുകളിലും നിയമം, സമ്പദ്വ്യവസ്ഥ, കുറ്റകൃത്യം എന്നിവയുടെ ഒത്തുചേരലിനെപ്പറ്റിയുള്ള സൂക്ഷ്മമായ പരിശോധനയിലൂടെ ഭിക്ഷാടനം കുറ്റകരമല്ലാതാക്കാൻ കോടതികളെ പ്രേരിപ്പിച്ചു. ഭിക്ഷാടനം ദാരിദ്ര്യത്തോടും, ഭൂമിയില്ലായ്മയോടും ജാതിവിവേചനത്തോടും വേർപിരിക്കാനാവാത്തവിധം ബന്ധിക്കപ്പെട്ടിരിക്കുകയാണെന്നും, സമ്പത്തിന്റെ പുനഃവിതരണത്തിലൂടെയും സാമൂഹിക സുരക്ഷിതത്വത്തിലൂടെയും പൊതു സേവനത്തിലൂടെയും അത്തരം അസമത്വത്തിനു പരിഹാരം കാണേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണെന്നുമാണ് കോടതികൾ കണ്ടെത്തിയത്. ഇത്തരം അസമത്വങ്ങൾ പരിഹരിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടതിനാൽ, ഭിക്ഷാടനത്തെ ശിക്ഷാ മാതൃകയിലൂടെയല്ലാ, പകരം, ഒരു സാമ്പത്തിക/നിരാശ്രയത്വ മാതൃകയിലൂടെയാണ് കൈകാര്യം ചെയ്യേണ്ടതെന്നാണ് കോടതികൾ നിർണ്ണയിച്ചത്.

2.4.65 ലൈംഗിക തൊഴിലാളികൾക്കും ഔദ്യോഗിക സുരക്ഷ ലഭ്യമല്ല, അവർ നിർബന്ധിതമായ പുറത്താക്കപ്പെടലിനു വിധേയരാക്കപ്പെടുന്നു. ലൈംഗിക തൊഴിൽ പ്രകൃത്യാ ക്രിമിനൽ കുറ്റമല്ല, എന്നാൽ *ഇമ്മോറൽ ട്രാഫിക് (പ്രിവെൻഷൻ) ആക്റ്റ്, 1956* ('ITPA')-ന്റെ കീഴിൽ മനുഷ്യക്കടത്തിന്റെ ഇരകളെയും പരസ്പര സമ്മതമുള്ള പ്രായപൂർത്തിയായ ലൈംഗിക തൊഴിലാളികളെയും നിയമത്തിൽ ഒന്നായിക്കാണുന്നു. വീട്ടിൽ വേശ്യാലയം നടത്തുന്നത് ITPA പ്രകാരം ക്രിമിനൽ കുറ്റവും, ലംഘനത്തെ അപ്പീൽ അവകാശമില്ലാതെ കുടിയൊഴിപ്പിക്കലുമായി ശിക്ഷിക്കും.[167] അതിനാൽ, നിയമം ലൈംഗിക തൊഴിലാളികളെ സുരക്ഷിതരായി ജോലി ചെയ്യുന്നതിൽ നിന്നും തടയുകയും യഥാർത്ഥത്തിൽ, തടങ്കലിനും തെരുവിനും ഇടയിലുള്ള കറങ്ങിക്കൊണ്ടിരിക്കുന്ന വാതിലിൽ കുരുക്കിയിടുകയും ചെയ്യുന്നു. ഭിക്ഷാടനവും ഭവനരാഹിത്യവും കുറ്റകരമല്ലാതാക്കുന്നത് ശിക്ഷാ മാതൃകയിൽ നിന്നും സാമ്പത്തിക മാതൃകയിലേക്ക് ശ്രദ്ധ മാറ്റുന്നതിനുള്ള നിയമ തന്ത്രത്തിനുള്ള പാഠങ്ങൾ നൽകിയേക്കാം. മാത്രമല്ല, പരോക്ഷമായ വിവേചനത്തിന്റെയും (മധു, നിതിഷ) ഇന്റർസെക്ഷണൽ വിവേചനത്തിന്റെയും (*നവതേജ്*) വളർന്നുകൊണ്ടിരിക്കുന്ന നിയമ സിദ്ധാന്തങ്ങളെ അത്യാവശ്യമായ ഘടകമായ സാമ്പത്തിക വിശകലനം ചെയ്യുമ്പോൾ, അനൗപചാരിക തൊഴിലുകളുടെ അവകാശങ്ങളുടെ ചട്ടക്കൂടിൽ സെക്സ് വർക്കേഴ്സിന്റെ അവകാശങ്ങളെ സംരക്ഷിക്കാൻ ലിംഗം, ജാതി, വർഗ്ഗം എന്നിവയുടെ കണ്ണാടിയിലൂടെ സെക്സ് വർക്കിനെ കുറ്റകരമാക്കുന്നത് പുനഃപരിശോധിക്കേണ്ടിവരുന്നു.

165 *ഹർഷ് മന്ദർ& അനതർ v. യൂണിയൻ ഓഫ് ഇന്ത്യ & അതേഴ്സ്* AIR 2018 Del 188

166 *സുഹൈൽ റാഷിദ് ഭട്ട് v. സ്റ്റേറ്റ് ഓഫ് ജമ്മു ആൻഡ് കശ്മീർ* 2019 SCC Online J&K 869

167 ITPA-യുടെ 3-ാം വകുപ്പ് 7,8 വകുപ്പുകൾ ഒന്നിച്ച് വായിക്കുക

## VI രക്ഷാകർതൃത്വവും, ദത്തെടുക്കലും പ്രത്യുത്പാദന സഹായ സാങ്കേതികവിദ്യയും

2.4.66 പ്രായപൂർത്തിയായ ഒരാൾ നിയമത്തിൽ പ്രായപൂർത്തിയാകാത്തയാളുടെ വ്യക്തിത്വവും സ്വത്തുമായി ബന്ധപ്പെട്ട് നടത്തുന്ന അവകാശങ്ങളുടെയും കടമകളുടെയും കൂട്ടത്തെയാണ് രക്ഷാകർതൃത്വം എന്ന് സൂചിപ്പിക്കുന്നത്. പ്രായപൂർത്തിയാകാത്തയാളുടെ സംരക്ഷണം എന്ന ആശയം ഇതുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു, കാരണം സാധാരണ സാഹചര്യങ്ങളിൽ, സ്വാഭാവിക രക്ഷാധികാരിക്കാണ് (അമ്മ, അച്ഛൻ) കുട്ടിയുടെ സംരക്ഷണം നൽകുന്നത്. എല്ലാ മതത്തിലുള്ളവർക്കുമായി, *ഗാർഡിയൻഷിപ് ആൻഡ് വാർഡ്സ് ആക്റ്റ്, 1890* ഉം ഹിന്ദുക്കൾക്ക് പ്രത്യേകമായി *ഹിന്ദു മൈനോറിറ്റി ആൻഡ് ഗാർഡിയൻഷിപ് ആക്റ്റ്, 1956* ഉം ആണ് ഇത്തരം ബന്ധങ്ങളെ നിയന്ത്രിക്കുന്നത്.

2.4.67 രണ്ടു നിയമങ്ങളും പ്രായപൂർത്തിയാവാത്തയാളുടെ രക്ഷാകർത്താവായി, മാതാവിനെ ഒഴിവാക്കിക്കൊണ്ട്, പിതാവിനു മുൻഗണന നൽകുന്നു. "*പിതാവിന്റെ അഭാവത്തിൽ*" കുട്ടിയുടെ രക്ഷാകർത്തൃത്വസ്ഥാനം മാതാവിന് ഏറ്റെടുക്കാം എന്ന് *ഗീത ഹരിഹരൻ v. യൂണിയൻ ഓഫ് ഇന്ത്യ*[168]-ൽ സുപ്രീം കോടതി ഹിന്ദു നിയമങ്ങളെ വ്യാഖ്യാനിച്ചു കൊണ്ട് പ്രസ്താവിച്ചു. മതനിരപേക്ഷ നിയമം 2010-ൽ ഭേദഗതി ചെയ്തുകൊണ്ട് പിതാവിനും മാതാവിനും പ്രായപൂർത്തിയാവാത്തയാളുടെ തുല്യരക്ഷാകർതൃത്വം നൽകി.[169]

2.4.68 *ദി ഹിന്ദു അഡോപ്ഷൻ ആൻഡ് മെയ്ന്റനൻസ് ആക്റ്റ്, 1956* (HAMA) ആണ് ദത്തെടുക്കലിനെ നിയമത്തിൽ അംഗീകരിക്കുന്നതും, ദത്തെടുക്കപ്പെട്ട കുട്ടികളോടനുബന്ധിച്ചുള്ള ജീവനാംശത്തെയും അവകാശങ്ങളെയും ചുമതലകളെയും നിയന്ത്രിക്കുന്നതുമായ ഏക സമുദായ-സൂചിത നിയമം. സാധുതയുള്ള ദത്തെടുക്കലിനുള്ള വ്യവസ്ഥകൾ നിഷ്കർഷിക്കുന്നതിലൂടെ, ഈ നിയമം കുട്ടിയെ ദത്തെടുക്കുന്ന വ്യക്തിക്ക് ദത്തെടുക്കാനുള്ള '*ശേഷി*'യും '*അവകാശ*'വും, ഉണ്ടാകണമെന്ന് പറയുന്നു.[170]

2.4.69 പ്രായപൂർത്തിയായ, ആരോഗ്യകരമായ മാനസികാവസ്ഥയിലുള്ള ഹിന്ദു പുരുഷന്മാർക്കും സ്ത്രീകൾക്കും, അവരുടെ വൈവാഹിക നിലയ്ക്കുപരിയായി, നിയമത്താൽ ദത്തെടുക്കാനുള്ള *ശേഷി* ഉണ്ട് എന്നാണ് ഈ നിയമം വ്യക്തമാക്കുന്നത്.[171]

---

[168] (1999) 2 SCC 228

[169] *വ്യക്തിഗത നിയമങ്ങൾ (ഭേദഗതി) നിയമം, 2010*

[170] *1956*-ലെ *ഹിന്ദു അഡോപ്ഷൻ ആൻഡ് മെയിന്റനൻസ് ആക്റ്റി*ന്റെ 6-ാം വകുപ്പ്

[171] *1956*-ലെ *ഹിന്ദു അഡോപ്ഷൻ ആൻഡ് മെയിന്റനൻസ് ആക്റ്റി*ന്റെ 7-8 വകുപ്പുകൾ

2.4.70 ദത്തെടുക്കലിനെ സംബന്ധിച്ചുള്ള സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരവും[172] *ജുവനൈൽ ജസ്റ്റിസ് കെയർ ആൻഡ് പ്രൊട്ടക്ഷൻ ആക്റ്റ്, 2015* ('JJ Act') പ്രകാരവും രൂപീകരിക്കപ്പെട്ട ദി സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് ഏജൻസി ('CARA') ക്രിസ്ത്യൻ, മുസ്ലിം, പാഴ്സി സമുദായങ്ങൾക്ക് ദത്തെടുക്കാനുള്ള അവസരം നൽകുന്നു, *ശബ്നം ഹാഷ്മി v. യൂണിയൻ ഓഫ് ഇന്ത്യ*[173]-യിൽ വ്യക്തമാക്കിയത് പോലെ.

2.4.71 യോഗ്യതയുടെ മാനദണ്ഡത്തിൽ, ദത്തെടുക്കാൻ ആഗ്രഹിക്കുന്ന രക്ഷകർത്താക്കൾ ആരോഗ്യമുള്ളവരും സാമ്പത്തികശേഷിയുള്ളവരും മാനസിക ഉന്മേഷമുള്ളവരും കുട്ടിയെ നല്ല രീതിയിൽ വളർത്തിക്കൊണ്ട് വരുവാൻ ഉയർന്ന തോതിൽ പ്രോത്സാഹനമുള്ളവരുമായിരിക്കണമെന്നു JJ നിയമം നിഷ്കർഷിക്കുന്നു. CARA ചട്ടങ്ങളിലെ കൂടുതൽ വ്യവസ്ഥകൾ[174] നിറവേറ്റുകയാണെങ്കിൽ, അവിവാഹിതർക്കും വിവാഹ മോചനം നേടിയിട്ടുള്ളവർക്കും ദത്തെടുക്കാം.[175]

2.4.72 കുട്ടിയുടെ ഉത്തമമായ താത്പര്യങ്ങൾ ആയിരിക്കണം ദത്തെടുക്കലിനുള്ള മൗലിക തത്ത്വങ്ങളെ നിയന്ത്രിക്കേണ്ടത് എന്നാണ് CARA വ്യവസ്ഥകൾ പ്രസ്താവിക്കുന്നത്.[176] വൈവാഹിക നിലയ്ക്കുപരിയായി ഏതൊരു പ്രതിശ്രുത ദത്തു രക്ഷകർത്താക്കൾക്കും ദത്തെടുക്കാം. എന്നാൽ, ദമ്പതികൾക്ക് കുറഞ്ഞത് രണ്ടു വർഷത്തെ സ്ഥിരമായ ദാമ്പത്യമില്ലെങ്കിൽ ഒരു കുട്ടിയേയും ദത്തിന് നൽകാൻ പാടില്ല.[177] അതേസമയം, ഈ വ്യവസ്ഥകൾ അവിവാഹിതരായ ക്വീർ വ്യക്തികൾക്ക് ദത്തെടുക്കാനുള്ള വ്യംഗ്യമായ അനുമതി നൽകുന്നുണ്ടെങ്കിലും, ക്വീറോ, ഭിന്നവർഗ്ഗ ദമ്പതികൾ, വിവാഹസാദൃശമായ ബന്ധങ്ങളെ (ലിവ്-ഇൻ ബന്ധങ്ങൾ) അത് അയോഗ്യരാക്കുന്നു.

2.4.73 പാർളമെന്റ് ഇപ്പോൾ പരിഗണിച്ചു കൊണ്ടിരിക്കുന്ന *ദി അസ്സിസ്റ്റഡ് റീപ്രൊഡക്ടിവ് ടെക്നോളജി റെഗുലേഷൻ ബിൽ, 2020* (ART Bill), പ്രത്യുത്പാദന സഹായ സാങ്കേതിക വിദ്യാ സേവനങ്ങളെയും അത് നൽകുന്നവരെയും നിയന്ത്രിക്കാൻ ലക്ഷ്യമിടുന്നു. ART Bill, "കമ്മീഷനിങ് ദമ്പതികളെ" ART സേവനം അന്വേഷിക്കുന്ന[178] "പ്രത്യുത്പാദനശേഷി ഇല്ലാത്ത ദമ്പതികൾ" എന്നും "പ്രത്യുത്പാദനശേഷി ഇല്ലായ്മ"യെ സുരക്ഷിതത്വം ഉപയോഗിക്കാതെയുള്ള ഒരു വർഷത്തെ ലൈംഗികബന്ധത്തിലൂടെയും ഗർഭധാരണം സാധ്യമല്ലാത്തതോ, അതോ സ്ഥിരീകരിക്കപ്പെട്ട മറ്റെന്തെങ്കിലും വൈദ്യശാസ്ത്ര അവസ്ഥകൾ വ്യക്തികളെ ഗർഭധാരണത്തിൽ നിന്നും തടയുന്നതോ

172 *ലക്ഷ്മി കാന്ത് പാണ്ഡെ v. യൂണിയൻ ഓഫ് ഇന്ത്യ* (1984) 2 SCC 244

173 (2014) 4 SCC 1

174 57-ാം വകുപ്പ്, *ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ) ആക്റ്റ്, 2015*

175 *അഡോപ്ഷൻ റെഗുലേഷൻസ്, 2017*

176 *Ibid,* റെഗുലേഷൻ 3(എ))

177 *Id* at 175, റെഗുലേഷൻ 5

178 ART ബില്ലിന്റെ 2(1)(g)-ാം വകുപ്പ്.

ആയാണ് നിർവചിക്കുന്നത്.[179] അവിവാഹിതരായ സ്ത്രീകൾക്കും പ്രസ്താവിക്കപ്പെട്ടിരിക്കുന്ന നിയമത്തിനു കീഴിൽ ART സേവനങ്ങൾ ലഭ്യമാക്കപ്പെട്ടിരിക്കുന്നു.[180]

2.4.74 കൂടാതെ, *സറോഗസി (റെഗുലേഷൻ) ബിൽ, 2020* ഉം വാടകഗർഭധാരണങ്ങളെ നിയന്ത്രിക്കാൻ പാർളമെന്റ് പരിഗണിച്ചു കൊണ്ടിരിക്കുന്നു. ഈ ബില്ല് "ഉദ്യമിക്കുന്ന ദമ്പതികൾ" എന്ന അർത്ഥത്തിൽ നിർവചിക്കുന്നത് പ്രത്യുത്പാദനശേഷി ഇല്ല എന്ന് സാക്ഷ്യപ്പെടുത്തപ്പെട്ട, വാടകഗർഭധാരണത്തിലൂടെ രക്ഷാകർത്താക്കളാവാൻ ഉദ്യമിക്കുന്ന, നിയമപരമായ വിവാഹപ്രായത്തിനു മുകളിലുള്ള, നിയമവിധേയമായി വിവാഹിതരായ സ്ത്രീയും പുരുഷനും എന്നതാണ്.[181] ഇതിലും ART ബില്ലിലെ "പ്രത്യുത്പാദനശേഷി ഇല്ലായ്മയെക്കുറിച്ചുള്ള" അതേ ആശയ നിർവചനമാണ് ഉള്ളത്. ഈ ബില്ല് വാണിജ്യാടിസ്ഥാനത്തിലുള്ള വാടക ഗർഭധാരണത്തെ[182] നിരോധിക്കാനും നിസ്വാർത്ഥമായ വാടകഗർഭധാരണം മാത്രം അനുവദിക്കാനും ഉദ്ദേശിക്കുന്നു.[183] ലോക്സഭയിൽ പാസ്സാക്കിയതിനു ശേഷം, ഉദ്യമിക്കുന്ന രക്ഷകർത്താക്കളുടെ പരിധിയിൽ, മുമ്പ് വിവാഹിതരായിരുന്നതും പിന്നീട് വിവാഹമോചിതരോ വിധവകളോ ആയതുമൂലം തനിച്ചാക്കപ്പെട്ട സ്ത്രീകളെയും ഉൾക്കൊള്ളിക്കാൻ രാജ്യ സഭയുടെ സെലക്ട് കമ്മിറ്റി നിർദ്ദേശിച്ചു.[184] ഈ രേഖ, അവിവാഹിതരായ പുരുഷന്മാരെയും ക്വീർ വ്യക്തികളെയും കുറിച്ച് നിശബ്ദമാണ്.

2.4.75 വാടകഗർഭം ധരിക്കാനുള്ള സ്ത്രീയ്ക്ക് ഉദ്യമിക്കുന്ന ദമ്പതികളുമായുള്ള അടുത്ത ബന്ധത്തിന്റെ പശ്ചാത്തലത്തിൽ പരിധി നിശ്ചയിക്കുമ്പോൾ മുൻപേ തന്നെ പിതൃമേധാവിത്വ-ചൂഷണ കുടുംബങ്ങളിലുള്ള[185] സ്ത്രീകൾക്കത് ദോഷവും വൈഷമ്യവും ഉണ്ടാക്കുന്നതിനാലും വാടകഗർഭധാരണം വഴി മാതാപിതാക്കളാവാനുദ്യമിക്കുന്ന ക്വീർ വ്യക്തികളെ അകറ്റി നിർത്തുന്നതിനാലും *സറോഗസി ബില്ലി*നെക്കുറിച്ച് സ്ത്രീസ്വാതന്ത്ര്യവാദികളും ആരോഗ്യപ്രവർത്തക സംഘങ്ങളും വിമർശനം ഉന്നയിക്കുന്നു.[186] *ART, സറോഗസി ബില്ലു*കളുടെ കീഴിലെ പ്രത്യുത്പാദനശേഷിയില്ലായ്മയെപ്പറ്റിയുള്ള ചികിത്സാസംബന്ധിയായ നിർവചനം വിവാഹിതരായ ഭിന്നവർഗ്ഗലൈംഗിക വ്യക്തികൾ യോനി-പുരുഷലിംഗ സംയോഗം

---

179 ART ബില്ലിന്റെ 2(1)(m)-ാം വകുപ്പ്.

180 ART ബില്ലിന്റെ 21-ാം വകുപ്പ്

181 സറോഗസി ബില്ലിന്റെ കൂടെ സെക്ഷൻ 2(g)-ാം വകുപ്പിന്റെ (r) വായിക്കുക

182 സറോഗസി ബില്ലിന്റെ 35, 37 വകുപ്പുകൾക്കൊപ്പം 3(ii) -ാം വകുപ്പ് വായിക്കുക

183 സറോഗസി ബില്ലിന്റെ 4(ii)(ബി)-ാം വകുപ്പ്.

184 വാടക ഗർഭധാരണ (നിയന്ത്രണം) ബില്ലിനെക്കുറിച്ചുള്ള രാജ്യസഭ സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്, 2019

185 സറോഗസി (നിയന്ത്രണം) ബിൽ, 2016: വിശകലനവും നിർദ്ദേശിച്ച മാറ്റങ്ങളും: സ്ത്രീകൾക്കും ആരോഗ്യത്തിനുമുള്ള SAMA റിസോഴ്സ് ഗ്രൂപ്പ്

186 ഹൌ കാൻ ഫാമിലീസ് ബി ഇമാജിൻഡ് ബിയോണ്ട് കിൻഷിപ് ആൻഡ് മാര്യേജ്? അർജീത് ഘോഷ്, ദിഷ സന്യാൽ, ഇക്കണോമിക് & പൊളിറ്റിക്കൽ വീക്കിലി, വാല്യം 54, ലക്കം 45 (നവംബർ 2019)

വഴി ലൈംഗികതയിലും ഗർഭധാരണത്തിലും ഏർപ്പെടുന്നു എന്ന ഭിന്നവർഗ്ഗ സ്റ്റീരിയോടൈപ്പിലൂന്നിയാണ് (*അനുജ് ഗാർഗ്*). അതിനാൽ, അവിവാഹിതരായ വ്യക്തികൾ, അല്ലെങ്കിൽ ഇഷ്ടപ്രകാരമോ / വ്യക്തിത്വത്തിന്റെ കാരണത്താലോ ഈ പ്രത്യേകതരം ലൈംഗിക പ്രവർത്തിയിൽ ഏർപ്പെടാത്ത ബന്ധങ്ങളിലുള്ള ക്വീർ വ്യക്തികൾ ആയ മാതാപിതാക്കൾ ആവാൻ ഉദ്ദേശമുള്ളവർ എന്ന "സാമൂഹികമായി പ്രത്യുത്പാദനശേഷിയില്ലാത്തത്തവർക്ക്"[187] ART സറോഗസി സേവനങ്ങൾ നിഷേധാത്മകവുന്നതിനാൽ അവ വിവേചനപരമാണ് (*മധു, നവതേജ്, നിതിഷ*).

2.4.76 ഇക്കാര്യത്തിൽ നിർണ്ണായകമായി, ഇന്ത്യൻ നിയമത്തിന് കീഴിലുള്ള പ്രയോഗത്തിനായി യോഗ്യകർത്താ തത്ത്വങ്ങൾ[188] പൂർണ്ണമായും തദ്ദേശവത്കരിക്കപ്പെട്ടതാണ്. *നവതേജ്* ഈ നിലയെ പുനഃസ്ഥിരീകരിച്ചിരുന്നു.[189] യോഗ്യകർത്താ തത്ത്വങ്ങളുടെ അനുച്ഛേദം 24 പ്രകാരം, രാഷ്ട്രങ്ങൾ താഴെപ്പറയുന്നവ ഉറപ്പാക്കാൻ നിയമപരമായതും ഭരണപരമായതും മറ്റും നടപടികൾ കൈക്കൊള്ളണമെന്ന് പ്രത്യേകമായി ആവശ്യപ്പെടുന്നു:

i. ലൈംഗിക ചായ്‌വിന്റെയും ലിംഗവ്യക്തിത്വത്തിന്റെയും അടിസ്ഥാനത്തിൽ വിവേചിക്കപ്പെടാതെ, ദത്തെടുക്കലോ പ്രത്യുത്പാദന സഹായ സാങ്കേതിക വിദ്യ വഴിയോ, ഒരു കുടുംബത്തെ കണ്ടെത്തുവാനുള്ള അവകാശം;

ii. അത്തരം നിയമങ്ങൾ വ്യത്യസ്ത കുടുംബമാതൃകകളെ അംഗീകരിക്കണം, വംശപരമ്പരയാലോ വിവാഹത്തിൽ നിന്നും ഉണ്ടാകുന്നതാലോ നിർവചിക്കപെടാത്തതുൾപ്പടെ, അല്ലെങ്കിൽ ഒരു കുടുംബമോ അതിലെ അംഗങ്ങളോ ലൈംഗിക ചായ്‌വിന്റെയോ ലിംഗവ്യക്തിത്വത്തിന്റെയോ പേരിൽ കുടുംബ സംബന്ധിയായ സാമൂഹിക ക്ഷേമത്തിലോ പൊതു ആനുകൂല്യങ്ങളിൽ നിന്നോ വിവേചനത്തിനിരയാക്കപ്പെടരുത്;

iii. കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ കോടതികളും ഭരണാധികാരികളും നിയമനിർമ്മാണ സംഘടനയും 'കുട്ടിയുടെ ഉത്തമമായ താത്പര്യങ്ങൾ' എന്ന പ്രാഥമികമായ പരിഗണനയാവണം ആധാരമാക്കേണ്ടത്, അല്ലാതെ കുട്ടിയുടെയോ അല്ലെങ്കിൽ ഏതെങ്കിലും കുടുംബാംഗത്തിന്റെയോ ലൈംഗിക ആഭിമുഖ്യമോ ലിംഗ വ്യക്തിത്വമോ

---

187 എക്സ്പാന്റിങ് ദി ക്ലിനിക്കൽ ഡെഫിനിഷൻ ഓഫ് ഇൻഫെർട്ടിലിറ്റി ടു ഇൻക്ലൂഡ് സോഷ്യലി ഇൻഫെർടൈൽ ഇൻഡിവിഡ്വൾസ് ആൻഡ് കപ്പിൾസ്, വീയ് ലോ ആൻഡ് ലിസ കാമ്പോ-എംഗൽസ്റ്റീൻ, റീപ്രൊഡക്ഷൻ എത്തിക്സ് II (2018)

188 ദി യോഗ്യ കർത്താ പ്രിൻസിപിൾസ്: പ്രിൻസിപിൾസ് ഓൺ ദി അപ്ലിക്കേഷൻ ഓഫ് ഇന്റർനാഷനൽ ഹ്യൂമൻ റൈറ്റ് ലോ ഇൻ റിലേഷൻ ടു സെക്സ്വൽ ഓറിയെന്റഷൻ ആൻഡ് ജെൻഡർ ഐഡന്റിറ്റി (മാർച്ച് 2017)

189 *Id* at 4, paras. 338-342

അത്തരം ഉത്തമ താല്പര്യവുമായി ചേരുന്നില്ലാ എന്നല്ല കണക്കാക്കേണ്ടത്;

iv. സമ-ലൈംഗിക വിവാഹങ്ങളുടെയും രേഖാനുസരണമുള്ള പങ്കാളിത്തത്തിന്റെയും അംഗീകാരവും, ഭിന്ന ലൈംഗിക വിവാഹിതരോ അവിവാഹിതരോ രേഖാനുസരണം പങ്കാളികളോ ആയവർക്ക് ലഭ്യമായ ഓഹരിയും മുൻഗണനയും കടമയും ആനുകൂല്യവും സമ-ലൈംഗിക വിവാഹങ്ങൾക്കും രേഖാനുസരണമുള്ള പങ്കാളികൾക്കും തുല്യമായി ലഭ്യമാക്കി നൽകണം.

2.4.77 ലൈംഗികത്വവും, ലിംഗ വ്യക്തിത്വവും, ലൈംഗിക സവിശേഷതകളും ആയുള്ള നിയമത്തിന്റെ കൂടിക്കാഴ്ചയെക്കുറിച്ചുള്ള ധാരണയുടെ വികസനങ്ങൾ കണക്കിലെടുത്തുക്കൊണ്ട് 2017-ൽ യോഗ്യ കർത്താ തത്ത്വങ്ങൾ പരിഷ്കരിച്ചു, അതോടെ അനുച്ഛേദം 24 പ്രകാരം ഒരു കുടുംബത്തിനുള്ള അവകാശം ഉറപ്പുവരുത്തുന്നതിനായി, ലൈംഗികത്വത്തിന്റെയും, ലിംഗ വ്യക്തിത്വത്തിന്റെയും, ലൈംഗിക പ്രകടനങ്ങളുടെയും സവിശേഷതകളുടെയും അടിസ്ഥാനത്തിലുള്ള വിവേചനം ഇല്ലാതെ, സംസ്ഥാനങ്ങൾ സറോഗസി ഉറപ്പുവരുത്തണം എന്നാക്കി.[190] അതിനാൽ രാജ്യാന്തര മനുഷ്യാവകാശ നിയമങ്ങൾക്കു കീഴിലെ ഭാരതത്തിന്റെ കടമകൾ പ്രകാരം, ക്വീർ വ്യക്തികൾക്കും ബന്ധങ്ങൾക്കും, വൈവാഹിക നില പരിഗണിക്കാതെ തന്നെ, ദത്തെടുക്കൽ വഴിയുള്ള രക്ഷാകർതൃത്വത്തിനും പ്രത്യുത്പാദന സഹായ സാങ്കേതിക വിദ്യയ്ക്കും (വാടക ഗർഭധാരണം ഉൾപ്പടെ) തുല്യാവകാശമുണ്ട്.

2.4.78 *സറോഗസി ബില്ലി*ന്റെ[191] 2016-ലെ പതിപ്പിനെക്കുറിച്ചുള്ള പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ റിപ്പോർട്ട്, വാണിജ്യ വാടകഗർഭധാരണം നിരുത്സാഹപ്പെടുത്തുകയും സാമൂഹികവും സാമ്പത്തികവുമായി പാർശവത്കരിക്കപ്പെട്ട, വാടക ഗർഭധാരണത്തിലേർപ്പെടുന്ന സ്ത്രീകളുടെ പരിമിതമായ സാമ്പത്തിക സാദ്ധ്യതകൾ പരിഗണിച്ച് ആവശ്യമായ നഷ്ടപരിഹാരം നൽകാനായി ശുപാർശചെയ്യുകയും ചെയ്തു. നഷ്ട പരിഹാരമോ ആനുകൂല്യങ്ങളോ ഇല്ലാതെ സ്ത്രീകളെ നിസ്വാർഥ വാടകഗർഭധാരണത്തിന് നിർബന്ധിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 23-നു കീഴിലുള്ള നിർബന്ധിത തൊഴിലിൽ നിന്നുമുള്ള സംരക്ഷണത്തെ ലംഘിക്കുന്നുവെന്ന സ്ത്രീവാദ സംഘനകളുടെ പ്രതികരണങ്ങളും കമ്മിറ്റി ശ്രദ്ധിക്കുകയുണ്ടായി.

---

190 യോഗ്യകർത്താ തത്ത്വങ്ങൾ പ്ലസ് 10: യോഗ്യകർത്താ തത്ത്വങ്ങൾ പൂർത്തീകരിക്കുന്നതിന്, ലൈംഗികാഭിമുഖ്യം, ലിംഗ വ്യക്തിത്വം, ലിംഗപ്രകടനം, ലൈംഗിക സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര മനുഷ്യാവകാശ നിയമത്തിന്റെ പ്രയോഗത്തെക്കുറിച്ചുള്ള അധിക തത്ത്വങ്ങളും സംസ്ഥാന ബാധ്യതകളും, നവംബർ 10-ന് സ്വീകരിച്ചത്, ജനീവ.

191 റിപ്പോർട്ട് നമ്പർ 102, ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി, സറോഗസി (നിയന്ത്രണം) ബിൽ, 2016 (ഓഗസ്റ്റ് 2017)

2.4.79 വാടക ഗർഭധാരണത്തിലേർപ്പെടുന്ന സ്ത്രീകളെ ചൂഷണം ചെയ്യുന്നത് തടയുക എന്ന പ്രത്യക്ഷമായ ഉദ്ദേശത്തോടെ വാണിജ്യ വാടകഗർഭധാരണത്തെ പൂർണ്ണമായി നിരോധിക്കുന്നത് വിശദാംശങ്ങളിൽ മുഴുകി കാര്യത്തിന്റെ പ്രാധാന്യത്തെ കാണാതിരിക്കുന്നതുപോലെയാണ്. ഒരു നിയന്ത്രിത മാതൃകയുടെ കീഴിൽ ആരോഗ്യവും സാമ്പത്തിക സുരക്ഷയും സംരക്ഷിക്കുന്നതിന് നിയമത്തിൽ ആവശ്യത്തിന് സുരക്ഷാസംവിധാനം ആവശ്യമാണെന്നാണ് വാടകഗർഭം ധരിക്കുന്നവരുടെ അനുഭവങ്ങൾ പഠിപ്പിക്കുന്നത്; *പ്രകൃത്യാ* ബന്ധനസ്ഥമായ മാതൃക ഉപയോഗിച്ച് ഈ പ്രവർത്തിയെ നിരോധിക്കുന്നത് മൂലം നേരത്തെതന്നെ സാമൂഹികവും സാമ്പത്തികവുമായി പാർശവത്കരിക്കപ്പെട്ട് വാടക ഗർഭധാരണത്തിലേർപ്പെടുന്ന സ്ത്രീകളുടെ ദൗർബല്യത വർദ്ധിപ്പിച്ചുകൊണ്ട് അവരെ ഉപജീവനത്തിനായി ലൈംഗിക വൃത്തിയിലേക്ക് നയിച്ചേക്കാം എന്ന് പ്രവചിക്കുന്നു.[192]

2.4.80 ലൈംഗിക തൊഴിലിന് സമാന്തരമായാണ് വാടക ഗർഭധാരണത്തിൽ സ്ത്രീകളുടെ പങ്കിനെക്കുറിച്ചുള്ള നിയമപരമായ നയത്തിൽ ആശങ്കകൾ, പ്രത്യുൽപാദനപരമായ അദ്ധ്വാനത്തിനുള്ള ന്യായമായ നഷ്ടപരിഹാരത്തിന്റെയും ചൂഷണാത്മക തൊഴിൽ സാഹചര്യങ്ങളെ അഭിസംബോധന ചെയ്യുന്നതിലൂടെ ശാരീരിക സമഗ്രതയ്ക്കുള്ള അവകാശം സമഗരിക്കുന്നത്തിന്റെയും കാര്യത്തിൽ. ദോഷങ്ങൾ ശമിപ്പിക്കുന്നതിനായി, ജാതി, വർഗ്ഗം, ലിംഗം, എന്നിവയാലുള്ള നിസ്സഹായാവസ്ഥകളുമായി ഒന്നിച്ചുള്ള ഒരു ഇടപഴകലും പിന്നെ ഇത്തരം പ്രവർത്തികളിലേർപ്പെടുന്ന അനുപാതമില്ലാതെ പാർശവത്കരിക്കപ്പെട്ട സ്ത്രീകളുടെ ശോഷിച്ച ജീവനോപാധി സ്രോതസ്സുകൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെടുന്നുണ്ട് ദളിത് സ്ത്രീസ്വാതന്ത്ര്യവാദ രാഷ്ട്രീയം.[193]

2.4.81 പ്രത്യുത്പാദന സഹായ സാങ്കേതിക വിദ്യകളുമായി ഇടപഴുകിയിട്ടുള്ള ക്വീർ, ദളിത് സ്ത്രീവാദികൾ ഒരു 'പ്രത്യുത്പാദന ജാതി സംവിധാനം' ഉണ്ടായേക്കാമെന്ന ജാഗ്രത സൂചിപ്പിക്കുന്നു, ഈ സംവിധാനത്തിൽ, നയങ്ങളാൽ, മേൽജാതിയിൽപ്പെട്ട സമ്പന്ന സ്ത്രീകളേയും കുടുംബങ്ങളേയും ഉയർന്ന സാങ്കേതിക വ്യവസായത്തിന്റെ സഹായത്തോടെ ഗർഭം ധരിക്കുന്നത് പ്രോത്സാഹാപ്പിച്ചുകൊണ്ട്, പാവപ്പെട്ട ദളിത് സ്ത്രീകളേയും കുടുംബങ്ങളേയും ഗർഭം ധരിക്കുന്നതിന് ശിക്ഷിക്കുന്നു.[194] കടുത്ത നിയന്ത്രണങ്ങൾക്ക്[195] മുമ്പ് 30%-നു അടുത്ത് ഇന്ത്യയിലെ വാടകഗർഭധാരണ

[192] മുംബൈ, ന്യൂഡൽഹി എന്നിവിടങ്ങളിൽ നിന്നുള്ള സറോഗേറ്റുകളുടെ നിയമപരമായ അവകാശങ്ങളും വെല്ലുവിളികളും മനസ്സിലാക്കുന്നതിനുള്ള ഒരു പഠന റിപ്പോർട്ട്, ഡോ. പി.എം. ആരതി, അസി. പ്രൊഫസർ, കൗൺസിൽ ഫോർ സോഷ്യൽ ഡെവലപ്മെന്റ്, ന്യൂഡൽഹി (2018), pgs. 27-29, 51-52, 99-105

[193] ദളിത് ഫെമിനിസ്റ്റ് വോയ്സസ്സ് ഓൺ റീപ്രൊഡക്ടിവ് റൈറ്റ്സ് ആൻഡ് റീപ്രൊഡക്ടിവ് ജസ്റ്റിസ്, ജോഹന്ന ഗൊണ്ടൊയൂൻ, സുരുചി ഥാപ്പർ- ഭ്യോർകേർട്ട്, മോഹൻ റാവു, ഇക്കണോമിക് & പൊളിറ്റിക്കൽ വീക്കിലി, വാല്യം. 55, ലക്കം 40, (ഒക്ടോബർ 2020)

[194] ന്യൂ ഇന്റിമസിസ്, ഓൾഡ് ഡിസൈയെഴ്സ്, ലോ, കൾചർ ആൻഡ് ക്വീർ പൊളിറ്റിക്സ് ഇൻ നിയോലിബറൽ ടൈംസ്, എഡിറ്റഡ് ബൈ ഒയിഷിക് സിർകാർ, ദീപിക ജെയിൻ, സുബാൻ (2017); ചാപ്റ്റർ 13, പോളിമോർഫസ് റീപ്രൊഡക്ടിവിറ്റി ആൻഡ് ദി ക്രിട്ടിക് ഓഫ് ഫ്യൂച്ചറിറ്റി, ടുവാർഡ്സ് എ ക്വീർ ലീഗൽ അനാലിറ്റിക് ഫോർ ഫെർട്ടിലിറ്റി ലോ, സ്റ്റു മാർവെൽ, പേജസ്. 386-402

[195] *Id* at 193, pg. 2

സേവനങ്ങൾ ഏറ്റെടുത്തിരുന്നത് തനിച്ചുള്ള രക്ഷാകർത്താക്കളോ ക്വീർ വ്യക്തികളോ ആണെന്നാണ് അടുത്ത കാലത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്, ഉദ്യമിക്കുന്ന /ഏർപ്പെടുന്ന ദമ്പതികളുടെ പ്രത്യുത്പാദന അവകാശങ്ങളിലേക്ക് പരിമിതപ്പെടുത്തുന്ന ഒരു ചട്ടക്കൂടിൽ നിന്നും വാടകഗർഭധാരണത്തിലെ സ്ത്രീകളുടെ പ്രത്യുത്പാദന നീതിയെ സംബന്ധിച്ച ചട്ടക്കൂടിലേക്ക് ശ്രദ്ധതിരിച്ചുകൊണ്ടും നിയമത്തിലെ അവരുടെ സാമൂഹിക സാമ്പത്തിക അവകാശങ്ങളെ ഉറപ്പുവരുത്തി, ഒരു പക്ഷപാതരഹിതമായ കരാർ ബന്ധം ഉണ്ടാക്കാനുമാണ് അത്തരം അസമത്വങ്ങളെ വെല്ലുവിളിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടത്.

2.4.82 മറ്റ് സാമ്പത്തിക അവസരങ്ങളില്ലാതെ വരുമ്പോൾ (*മധു, നവ്തേജ്, നിതിഷ*), വാണിജ്യ വാടക ഗർഭധാരണത്തിൽ ഏർപ്പെടേണ്ടിവരുന്ന സാമൂഹികവും സാമ്പത്തികവുമായ പാർശവത്കരിക്കപ്പെട്ട സ്ത്രീകളുടെ ജീവിതത്തിൽ വാണിജ്യ വാടക ഗർഭധാരണം ക്രിമിനൽവത്കരിക്കുന്നതിന്റെ ആഘാതം ലക്ഷ്യം വെയ്ക്കുന്ന വിശകലനം നിരോധന നയത്തിന്റെ ഭരണഘടനാ സാധുതയെക്കുറിച്ചുള്ള വിലയേറിയ ഉൾക്കാഴ്ച്ച പ്രദാനം ചെയ്തേക്കാം. വാണിജ്യ വാടക ഗർഭധാരണ നിരോധനം ഒരു 'സംരക്ഷക വിവേചന' നടപടിയായി വാഗ്ദാനം ചെയ്യപ്പെടുമ്പോഴും (*അനുജ് ഗാർഗ്*), പരിപാലനത്തിലും വീട്ടുജോലികളിലും നിർബന്ധിത പ്രത്യുത്പാദനത്തിലും സ്ത്രീകൾ സ്വമേധയാ ഏർപ്പെടുന്നു എന്ന സ്റ്റീരിയോടൈപ്പ് ആണ് നിസ്വാർത്ഥ വാടക ഗർഭധാരണത്തിനുള്ള സർക്കാരിന്റെ പ്രമേയത്തിൽ ഉത്ഭവിക്കുന്നത്. നിഷേധിക്കാനുള്ള ഒരു നയം പാവപ്പെട്ട സ്ത്രീകളെ ചൂഷണം ചെയ്യുന്നത് പരിഹരിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യത്തോട് ആനുപാതികമല്ലാത്ത പ്രതികരണം ഉണ്ടാക്കിയേക്കാം, പകരമായി, സ്വകാര്യവും സാമ്പത്തികവുമായ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ വിലപേശാനുള്ള കഴിവ് വർദ്ധിപ്പിക്കുന്ന ഒരു നിയന്ത്രിത മാതൃകയുടെ കീഴിൽ ഇത് പരിഹരിക്കപ്പെടാം (*പുട്ടസ്വാമി*).

## VII തൊഴിൽ നിയമങ്ങളിലെ പങ്കാളി ആനുകൂല്യങ്ങൾ

2.4.83 പരിക്ക്, അപകടം (തൊഴിൽപരമായ രോഗങ്ങൾ ഉൾപ്പടെ), അല്ലെങ്കിൽ തൊഴിൽ സ്ഥലത്തുവെച്ചോ തൊഴിലിനിടയിൽ വെച്ചോ ഉണ്ടാകുന്ന മരണം എന്നിവയിൽ തൊഴിലാളികൾക്കും ആശ്രിതർക്കും നഷ്ടപരിഹാരം നൽകാനായി *ദി എംപ്ലോയീസ് കോമ്പൻസേഷൻ ആക്റ്റ്, 1923* പറയുന്നു. 2(5) വകുപ്പിലെ 'ആശ്രിതർ' എന്നത് വിവാഹം, ജനനം, അല്ലെങ്കിൽ ദത്തെടുക്കൽ എന്നിവയിലൂടെ ബന്ധിക്കപ്പെട്ടിട്ടുള്ളവരെ മാത്രം ഉൾപ്പെടുന്നതായി നിർവചിക്കുന്നു.

2.4.84 *ദി എംപ്ലോയീസ് പ്രൊവിഡന്റ്സ് ഫണ്ട് ആൻഡ് മിസെല്ലെനിസ് പ്രൊവിഷൻസ് ആക്റ്റ്, 1952* മൂന്നു തൊഴിലാളി ക്ഷേമ പദ്ധതികളെ നിയന്ത്രിക്കുന്നു:

i. ദി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം 1952 (EPF)
ii. ദി എംപ്ലോയീസ് പെൻഷൻ ഫണ്ട് സ്കീം 1995 (EPS)
iii. ദി എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് സ്കീം 1976 (EDLI)

2.4.85 തൊഴിലാളിയുടെ മരണം സംഭവിച്ചാൽ കുടുംബത്തിന് ആനുകൂല്യങ്ങൾ നൽകുന്നതിനായി, EPS 'കുടുംബം' എന്നതിനെ പങ്കാളിയും കുട്ടികളും ഉൾപ്പെടുന്നത് എന്ന് നിർവചിക്കുന്നു. തൊഴിലാളിക്ക് കുടുംബം ഇല്ലെങ്കിൽ, മരണശേഷം ആനുകൂല്യങ്ങൾ സ്വീകരിക്കാൻ അവർക്ക് മറ്റൊരാളെ അവകാശിയായി നിർദ്ദേശിക്കാൻ അനുമതി ഉണ്ട്. എന്നാൽ, തൊഴിലാളി ക്രമേണ കുടുംബം നേടിയാൽ, ഈ നാമനിർദ്ദേശം റദ്ദാകും.[196] കൂടാതെ, ദി എംപ്ലോയീസ് ഫാമിലി പെൻഷൻ ഫണ്ട് സ്കീം, 1971 ഉം ഇതേ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നു.

2.4.86 EPF-നു കീഴിൽ, വിരമിക്കുകയോ രാജി വെയ്ക്കുകയോ പിരിച്ചു വിടുകയോ ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ടിൽ അവകാശം ഉന്നയിക്കാം. തങ്ങളുടെ മരണശേഷം പ്രോവിഡന്റ് ഫണ്ട് സ്വീകരിക്കാൻ അവർക്ക് ഒരാളെ നാമനിർദ്ദേശം ചെയ്യാം, അത്, ചട്ടങ്ങൾ അനുസരിച്ച്, വിവാഹം, ജനനം അല്ലെങ്കിൽ ദത്തെടുക്കൽ എന്നിവ മുഖേനയുള്ള 'കുടുംബത്തെ' മാത്രമേ ഉൾക്കൊള്ളുന്നുള്ളൂ. EPF നിയന്ത്രണങ്ങൾ കുടുംബമില്ലാത്ത തൊഴിലാളികൾക്ക് "ഏതെങ്കിലും വ്യക്തിയെ" നാമനിർദ്ദേശം ചെയ്യുന്നതിന് അനുമതി നൽകുന്നു. എന്നാൽ, തൊഴിലാളിക്ക് ഒരു കുടുംബം ഉണ്ടാകുന്ന അവസരത്തിൽ, മേല്പറഞ്ഞ നാമനിർദ്ദേശം അസാധുവാകും.[197] തൊഴിലാളിക്കും കുടുംബത്തിനും ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം, ഉന്നത വിദ്യാഭ്യാസം, വിവാഹം, രോഗ ആനുകൂല്യങ്ങൾ മുതലായ ആനുകൂല്യങ്ങൾ

[196] 1995-ലെ എംപ്ലോയീസ് പെൻഷൻ സ്കീമിന്റെ റെഗുലേഷൻ 16-നോടൊപ്പം റെഗുലേഷൻ 2(vii) വായിക്കുക

[197] 1952-ലെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് സ്കീമിന്റെ 61-ാം റെഗുലേഷനൊപ്പം റെഗുലേഷൻ 2(ജി) വായിക്കുക.

ലഭിക്കും.[198] ഈ പദ്ധതിക്ക് കീഴിലുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി EDLI സ്വയമേവ EPF-ന് കീഴിലുള്ള നാമനിർദ്ദേശത്തെ 'കുടുംബം' ആയി പരിവർത്തനം ചെയ്യുന്നു.[199]

2.4.87 *എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്റ്റ്, 1948* പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാറ്റുവിറ്റി, മെഡിക്കൽ ആനുകൂല്യങ്ങളും, ഇൻഷുറൻസ് പോളിസികളും ഉൾപ്പെടെയുള്ള വിരമിക്കൽ, അസുഖം അല്ലെങ്കിൽ ജോലിക്കിടെയുള്ള മരണം എന്നിവയിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള സിവിൽ നിയമങ്ങൾ മുഴുവനും 'കുടുംബ'ത്തെ ആധാരമാക്കിയിരിക്കുന്നു.[200]

2.4.88 *അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സംരക്ഷണ നിയമം, 2008* -നു (ഇപ്പോൾ *സാമൂഹിക സുരക്ഷാ കോഡ്, 2020*-ൽ ഉൾപ്പെടുത്തിയിരിക്കുന്നു) കീഴിലുള്ള ദേശീയ കുടുംബ ക്ഷേമ പദ്ധതി 'പ്രാഥമിക അന്നദാതാവ്' മരണപ്പെടുന്ന സാഹചര്യത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു മരണവിയോഗപ്പെട്ട ഭവനത്തിന് മൊത്തം തുക നൽകി സഹായം അനുവദിക്കുന്നു. പങ്കാളി, പ്രായപൂർത്തിയാവാത്ത കുട്ടികൾ, അവിവാഹിതരായ പെണ്മക്കൾ, ആശ്രിത മാതാപിതാക്കൾ എന്നിവർ 'ഭവന'ത്തിൽ ഉൾപ്പെടുന്നു. പ്രായപൂർത്തിയായ അവിവാഹിതന്റെ മരണത്തിലാണെങ്കിൽ ഒരു 'ഭവന'ത്തിൽ പ്രായപൂർത്തിയാവാത്ത സഹോദരന്മാർ/സഹോദരിമാർ, ആശ്രിത മാതാപിതാക്കൾ എന്നിവർ ഉൾപ്പെടുന്നു.[201]

2.4.89 ലൈംഗികവും പ്രത്യുൽപാദനപരവുമായ ആരോഗ്യ അവകാശങ്ങൾക്കും സേവനങ്ങൾക്കുമുള്ള തൊഴിലുമായി ബന്ധപ്പെട്ട സംരക്ഷണത്തിന്റെ കാര്യത്തിൽ, *മെറ്റേണിറ്റി ബെനിഫിറ്റ് ആക്റ്റ്, 1961*, സ്ത്രീകൾക്ക്, അവർ പ്രസവിച്ചാലും ദത്തെടുത്താലും വാടക ഗർഭധാരണം നടത്തിയാലും, ജോലിസ്ഥലത്ത് സാമൂഹിക സുരക്ഷയും ന്യായമായ പരിഗണനയും നൽകുന്നു.[202]

2.4.90 *ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി, 2020* സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കായുള്ള സാമൂഹിക സുരക്ഷാ നിയമങ്ങൾ ഏകീകരിക്കുന്നു. അത് പകരം വെക്കാൻ ഉദ്ദേശിക്കുന്ന മുൻ നിയമങ്ങളിലുള്ള

---

198 എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ, മിനിസ്ട്രി ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്, ഗവൺമെന്റ് ഓഫ് ഇന്ത്യ; ഇവിടെ ലഭ്യമാണ്: https://www.epfindia.gov.in/site_en/AboutEPFO.php

199 എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് സ്കീമിന്റെ 23-ാം ചട്ടം

200 *Id* at 154, pgs. 68-71

201 നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം മാർഗ്ഗനിർദ്ദേശങ്ങൾ (2014), ഗ്രാമവികസന മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

202 1961-ലെ *മെറ്റേണിറ്റി ബെനഫിറ്റ് ആക്റ്റി*ന്റെ 5-13 വകുപ്പുകൾ

"ആശ്രിതർ,"[203] "കുടുംബം"[204]എന്നീ ഭിന്ന-വർഗ്ഗ നിർവചനങ്ങളെ തന്നെ അത് തത്ത്വത്തിൽ കടമെടുത്തിരിക്കുന്നു.

2.4.91 എന്നിരുന്നാലും, സംസ്ഥാനത്തിന്റെ സാമൂഹ്യക്ഷേമ നയങ്ങളുടെ ഉപകരണങ്ങളാണ് എന്നതിന്റെ അടിസ്ഥാനത്തിൽ, ഉദ്ദേശിച്ച ഗുണഭോക്താക്കൾക്ക് (ജീവനക്കാരന്) അനുകൂലമായി കുടുംബങ്ങൾക്കുള്ള തൊഴിൽ ആനുകൂല്യങ്ങളുടെ മേഖലയെ നിയന്ത്രിക്കുന്ന നിയമങ്ങൾക്ക് കോടതികൾ വിപുലമായ വ്യാഖ്യാനം നൽകിയിട്ടുണ്ട്. അത്തരം ഒരു നിയമപരമായ സമീപനം അനിവാര്യമാണ്, കാരണം, തൊഴിൽ ആനുകൂല്യങ്ങൾ പലപ്പോഴും താങ്ങാവുന്ന വിലയ്ക്ക് ജീവൻ രക്ഷാ മരുന്നുകളും ചികിത്സയും ഇൻഷുറൻസ് എടുത്തിട്ടുള്ള ആൾക്കും കുടുംബത്തിനും ലഭ്യമാക്കുന്നു.[205]

2.4.92 നിയമപ്രകാരം വിവാഹം ചെയ്ത മുൻ ഭാര്യയുടെ മരണശേഷം, ഭർത്താവിന്റെ ലിവ്-ഇൻ പങ്കാളിക്കോ രണ്ടാം ഭാര്യയ്ക്കോ വിവാഹ അനുമാന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരമുള്ള ഭാര്യയുടെ സ്ഥാനം ലഭിയ്ക്കുകയും, അതിനാൽ പെൻഷൻ പോലുള്ള ഭർത്താവിന്റെ പങ്കാളി ആനുകൂല്യങ്ങൾ, അദ്ദേഹത്തിന്റെ മരണശേഷം ആർജ്ജിക്കുന്നതിനുള്ള അവകാശവും ഉണ്ടാകുന്നു എന്ന് മാർച്ച് 2021-ൽ മദ്രാസ് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് അഭിപ്രായപ്പെട്ടു.[206] DV ആക്റ്റിന് കീഴിലുള്ള 'വിവാഹത്തിന്റെ സ്വഭാവത്തിലുള്ള ബന്ധങ്ങൾ'ക്കുള്ള അംഗീകാരത്തെയും, സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക അവകാശം സംരക്ഷിക്കുന്നതിനുള്ള നിയമത്തിന്റെ ഉദ്ദേശത്തേയും ജഡ്ജി അദ്ദേഹത്തിന്റെ യുക്തിചിന്തയ്ക്ക് അടിസ്ഥാനമാക്കി. പരസ്പരവിരുദ്ധമായ വിധികൾ ഉണ്ടായിരുന്നതിനാൽ, ഇക്കാര്യത്തിൽ ആധികാരികമായ ഒരു നിയമസ്ഥിതി ഉണ്ടാകണമെന്ന താൽപര്യത്തിൽ, ഒരു വിധി പ്രസ്താവിക്കുന്നതിനു പകരം, ജഡ്ജി അത് ഹൈക്കോടതിയുടെ കൂടുതൽ വലിയ ബെഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടു. ലൈംഗിക ചായ്‌വ്, ലിംഗ സ്വത്വം, വിവേചന രഹിത നിയമം എന്നീ മേഖലകളിലെ ഭരണഘടനാ നിയമത്തിന്റെ വികസനത്തിന്റെ പശ്ചാത്തലത്തിൽ നിരീക്ഷിച്ചാൽ, ഇത്തരം വിധികൾ വിവാഹത്തിന്റെ സ്വഭാവത്തിലുള്ള (ലിവ്-ഇൻ ബന്ധങ്ങൾ) ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തിനും അവയിൽ നിന്ന് ഉയർന്നുവരുന്ന സാമ്പത്തിക അവകാശങ്ങളുടെ സംരക്ഷണത്തിനുമുള്ള ന്യായമായ സാധ്യതയെ സൂചിപ്പിക്കുന്നു.

---

203 2020-ലെ *സാമൂഹ്യ സുരക്ഷാ കോഡിന്റെ* 2(24)-ാം വകുപ്പ്.

204 2020-ലെ *സാമൂഹ്യ സുരക്ഷാ കോഡിന്റെ* 2(33)-ാം വകുപ്പ്.

205 *ബേബി ദേവനന്ദ (ത്രൂ ഹർ മദർ) v. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ*, 2017 SCC Online Del 12779

206 *മലർക്കൊടി @ മലർ v. ചീഫ് ഇന്റേണൽ ഓഡിറ്റ് ഓഫീസർ ആൻഡ് അതേഴ്സ്,* WP No. 5706 of 2021, 09.03.2021-ലെ ഉത്തരവ്

2.4.93 ശാസ്ത്ര, സാങ്കേതിക, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്ര വിഷയങ്ങളിലെ പാർശവത്കരിക്കപ്പെട്ട സമുദായങ്ങളുടെ ന്യായരഹിതമായ പങ്കാളിത്ത നിവാരണത്തിന് വേണ്ടി LGBTQ+ സമുദായങ്ങൾക്ക് ലിംഗഭേദത്തിലുപരിയായി പങ്കാളി ആനുകൂല്യങ്ങൾക്ക് (വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെ) നിയമപരമായ അവകാശം മുന്നോട്ട് വയ്ക്കുന്ന ഒരു ശാസ്ത്ര, സാങ്കേതിക നവീന നയത്തിന്റെ (STIP) കരട് 2020 ഡിസംബറിൽ ഭാരത സർക്കാർ പുറത്തിറക്കി.[207]

2.4.94 നിയമത്തിന് കീഴിലെ പങ്കാളി ആനുകൂല്യങ്ങൾക്കുള്ള ലഭ്യത ക്വീർ വ്യക്തികൾക്ക് തൊഴിലവസരങ്ങൾക്കുള്ള ലഭ്യത അനുമാനിക്കുന്നു. ഈ പത്രത്തിന് അപ്രസക്തമായ വിഷയമാണെങ്കിലും, അതിന് ഒരു ഹ്രസ്വ നിരീക്ഷണം അർഹിക്കുന്നു. തൊഴിലിന്റെ ലോകത്ത്, ക്വീർ വ്യക്തികൾ എല്ലാ ഘട്ടങ്ങളിലും ഘടനാപരമായി വിവേചിക്കപ്പെടുന്നു- നിയമനം, തൊഴിലവസ്ഥകൾ, തൊഴിൽ സുരക്ഷ എന്നിവയിൽ.[208] NALSA-യിൽ സുപ്രീം കോടതി പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസത്തിലും തൊഴിലിലും സംവരണം നൽകുമെന്ന വാഗ്ദാനം *ദി ട്രാൻസ്ജെൻഡർ പേർസൺസ് (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ്) ആക്റ്റ്, 2019-ൽ* പിൻവലിച്ചു. ആമുഖത്തിൽ ചർച്ച ചെയ്തതുപോലെ, സംവരണത്തിനുവേണ്ടി വാദിക്കുന്നതിലും ശുപാർശ ചെയ്യുന്നതിലും ട്രാൻസ് സമുദായങ്ങൾ മുൻപന്തിയിലാണ്. സിവിൽ സർവീസുകളിൽ, SC/ST, ഒബിസി (മറ്റു പിന്നോക്ക വിഭാഗങ്ങൾ), എംബിസി (ഏറ്റവും പിന്നോക്ക വിഭാഗങ്ങൾ), ഓപ്പൺ കാറ്റഗറികൾ എന്നിവയുടെ ഉള്ളിലെ 1% തിരശ്ചീനമായ സംവരണം നേടിയെടുത്ത കർണാടകയിലെ ട്രാൻസ് സമുദായങ്ങളുടെ പൊതുതാത്പര്യ ഹർജിയുടെ[209] വിജയം സമുദായങ്ങളുടെ പോരാട്ടങ്ങളേയും ആവശ്യങ്ങളേയും കുറിച്ചുള്ള അറിവ് നൽകുന്നു. ക്വീർ സമുദായങ്ങളുടെ അവകാശത്തിനു വേണ്ടി വാദിക്കുന്ന ഒരു നിയമതന്ത്രം, ലൈംഗിക ചായ്‌വിനോ ലിംഗ സ്വത്വ-ഇന്റർ സെക്സ് നിലയ്ക്കോ ഉപരിയായി തുല്യ അവസരത്തിനായുള്ള മൗലികാവകാശത്തിൽ കേന്ദ്രീകരിക്കണം.

2.4.95 സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾക്കായുള്ള ട്രാൻസ് സമൂഹത്തിന്റെ അവകാശവാദങ്ങളെ സ്ത്രീകളുടെ യോഗ്യതകൾക്കും അവകാശങ്ങൾക്കും വിരുദ്ധമായി നിർത്തുന്ന ആശങ്കാജനകമായ പ്രവണതയാണ് ക്വീർ വ്യക്തികളുടെ തൊഴിൽ ലഭ്യതയെ സംബന്ധിച്ച് കൂട്ടിച്ചേർക്കേണ്ട നിരീക്ഷണത്തിൽ ഇവിടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്ന മറ്റൊരു കാര്യം. ഒരു ട്രാൻസ് സ്ത്രീയ്ക്ക് അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തക (ASHA) തൊഴിലാളിയാവാനുള്ള അവസരം തെറ്റായി നിഷേധിച്ചത് ചോദ്യം ചെയ്തുകൊണ്ടുള്ള 2015-ലെ ഹർജി കൽക്കത്ത ഹൈക്കോടതി തള്ളിയത് ആ സ്ഥാനം

---

207 ഡ്രാഫ്റ്റ് സയൻസ്, ടെക്നോളജി, ഇന്നൊവേഷൻ പോളിസി, ശാസ്ത്ര സാങ്കേതിക മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്, ഡിസംബർ 2020

208 *Id* at 147 pgs. 65-103

209 *സംഗമ ആൻഡ് അനതർ v. സ്റ്റേറ്റ് ബൈ ഇറ്റ്സ് ചീഫ് സെക്രട്ടറി ആൻഡ് അതേഴ്സ്,* WP No. 8511/2020(GM-PIL)-ൽ പാസാക്കിയ ഉത്തരവുകൾക്ക് മറുപടിയായി കർണാടക സർക്കാർ പാസാക്കിയ 06.07.2021- ലെ അറിയിപ്പ് നമ്പർ DPAR 179 SRR 2020

'ലിംഗാധിഷ്ഠിത'മാണെന്നും, വിവാഹിതരോ, വിവാഹമോചിതരോ, വിധവകളോ ആയ സ്ത്രീകൾക്കേ അതിന് അർഹതയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ്.[210] 2016-ൽ പോലീസ് സബ് ഇൻസ്പെക്ടർ (സ്ത്രീ) സ്ഥാനത്തേക്കുള്ള ഒരു ട്രാൻസ് സ്ത്രീയുടെ അവകാശവാദത്തെ സംബന്ധിച്ച ഒരു കേസിൽ, സ്വയം തിരിച്ചറിയിലിന്റെ അടിസ്ഥാനത്തിൽ മദ്രാസ് ഹൈക്കോടതി അനുകൂലിച്ചുകൊണ്ടുള്ള ഒരു വിധി നൽകുകയും നിയന്ത്രണങ്ങളെ അതിനായി പിന്താങ്ങുകയും ചെയ്തു. എന്നാൽ, ട്രാൻസ് സമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ, പൊതു തൊഴിലുമായി ബന്ധപ്പെട്ട നിയമത്തിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന ആവശ്യമാണ് എന്ന അയോഗ്യയായ സ്ഥാനാർത്ഥിയുടെ വാദത്തെ അഭിമുഖീകരിച്ചപ്പോൾ, അത് കോടതിയുടെ മുമ്പിലുള്ള വിഷയവുമായി അപ്രസക്തമാണെന്ന് കണ്ടുകൊണ്ട് കോടതി നിരസിച്ചു.[211] അടുത്ത കാലത്ത്, 2021-ൽ, കേരള ഹൈക്കോടതി നാഷണൽ കേഡറ്റ് കോർപ്സിനോട് (NCC) ട്രാൻസ് സമൂഹത്തിനും സായുധ സേനയിലെ പരിശീലനത്തിന് അവസരസമത്വം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പുരോഗമനപരമായ ഒരു വിധി പുറപ്പെടുവിക്കുകയുണ്ടായി.[212] വീണ്ടും, സ്ത്രീകളുമായി താരതമ്യപ്പെടുത്തുമ്പോൾ, ട്രാൻസ് സ്ത്രീകൾക്ക് 'ജൈവശാസ്ത്രപരമായ വ്യത്യാസങ്ങൾ' മൂലം 'അന്യായമായ മത്സര നേട്ടം' ഉണ്ടെന്നും, പൊതുവായ ജീവിത ഇടങ്ങളും അടുത്തിടപഴുകുന്നതും സ്ത്രീ കാഡറ്റുകളുടെ സ്വകാര്യതയേയും മാന്യതയേയും ലംഘിക്കും എന്ന എതിർ കക്ഷികളുടെ ഗൂഢമായ വാദങ്ങളെ കോടതി അഭിമുഖീകരിച്ചു. ഈ കേസ് ഇപ്പോൾ അപ്പീൽ ഘട്ടത്തിലാണ്, അത്തരം വാദങ്ങളോട് സുപ്രീം കോടതി എങ്ങനെ പ്രതികരിക്കുമെന്നതും വിഷയം തീർപ്പാക്കുമെന്നതും തുറന്ന ഒരു ചോദ്യമാണ്.

2.4.96 സാമൂഹിക, സാമ്പത്തിക അവകാശങ്ങൾക്കായുള്ള ട്രാൻസ് സമൂഹത്തിന്റെ വാദങ്ങളെ സ്ത്രീകളുടെ അവകാശങ്ങൾക്കും യോഗ്യതകൾക്കുമെതിരെ നിർത്തുന്നതും അല്ലെങ്കിൽ സ്ത്രീകളുടെ സുരക്ഷയ്ക്കും സുസ്ഥിതിയ്ക്കും എതിരെ ട്രാൻസ് സ്ത്രീകളെ ഉയർത്തിക്കാണിക്കുന്നതും ദുർബലരായ രണ്ടു സംഘങ്ങളും തമ്മിലുള്ള സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ നീതിക്കായുള്ള മത്സരത്തിന്റെ തെറ്റായ വിവരണമാണ്. അടുത്തിടെ *എസ്. വനിത v. ഡെപ്യൂട്ടി കമ്മീഷണർ*[213]-ൽ വ്യത്യസ്ഥ ദുർബലവിഭാഗങ്ങളിൽ പെട്ട രണ്ട് കക്ഷികൾ തമ്മിൽ മത്സരിക്കുന്ന നിയമ വാദത്തോട് പ്രതികരിക്കാനുള്ള ചട്ടക്കൂട് സുപ്രീം കോടതി വ്യക്തമാക്കി. വിവാഹിതയായ ഒരു സ്ത്രീയുടെ ഭർത്യവീട്ടുകാർ നൽകിയ ഒഴിപ്പിക്കൽ നടപടികളിൽ നിന്ന് ഉയർന്നുവന്ന ഒരു അപ്പീലിൽ, ഡിവി ആക്റ്റിലെയും *മെയ്ന്റനൻസ് ആൻഡ് വെൽഫേർ ഓഫ് പേരെന്റ്സ് ആൻഡ് സീനിയർ സിറ്റിസെൻസ് ആക്റ്റ്, 2007*-ലെയും

---

[210] *സുമിത കുമാരി v. സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ ആൻഡ് അതേഴ്സ് അതേഴ്സ്,* WP 8911 of 2015-ൽ 01.07.2015-ലെ അന്തിമ ഉത്തരവ്

[211] *കെ. അന്നപൂർണം v. സെക്. ടു ദി ഗവൺമെന്റ്, പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ഡിപ്പാർട്മെന്റ്,* 2016 SCC Online Mad 15928

[212] *ഹിന ഹനീഫ v. സ്റ്റേറ്റ് ഓഫ് കേരള ആൻഡ് അതേഴ്സ്,* WP(C) No. 23404 (A) of 2020, 15.03.2021-ലെ അന്തിമ വിധി.

[213] 2020 SCC Online SC 1023

'താമസാവകാശ'വുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ രണ്ട് പ്രത്യേക നിയമങ്ങളിലും ദുർബല വിഭാഗങ്ങളുടെ (യഥാക്രമം സ്ത്രീകളുടെയും മുതിർന്ന പൗരന്മാരുടെയും) അവകാശങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നതിനാൽ, ഓരോ കേസിന്റെയും വസ്തുതകളും സാഹചര്യങ്ങളും അനുസരിച്ച് ആശ്വാസം നൽകുന്നതിന് അവയെ യോജിപ്പോടെ വ്യാഖ്യാനിക്കണമെന്ന് കോടതി പ്രഖ്യാപിച്ചു. കക്ഷികൾ തമ്മിലുള്ള തർക്കം ഉൾപ്പെടുന്ന ഉചിതമായ ഒരു കേസിൽ, 2007-ലെ നിയമത്തിന് കീഴിലുള്ള മുതിർന്ന പൗരന്മാരുടെ താമസാവകാശം 2005-ലെ നിയമത്തിന് കീഴിലുള്ള സ്ത്രീകളുടെ താമസാവകാശത്തെ ആദ്യത്തേതിൽ ഒരു ഓൺ-ഒബ്സ്റ്റാന്റെ ക്ലോസ് അടങ്ങിയിരിക്കുകയും അത് പിന്നീട് നടപ്പിലാക്കുകയും ചെയ്തു എന്ന കാരണത്താൽ സ്വയമേവ അസാധുവാക്കുന്നില്ല എന്നതാണ് ഇതിൽ നിന്നും മനസിലാക്കാവുന്നത്. സ്ത്രീയെ പുറത്താക്കാൻ ആജ്ഞാപിച്ച കീഴ്ക്കോടതികളുടെ ആജ്ഞകളെ കോടതി റദ്ദാക്കുകയും സ്ത്രീയുടെ താമസാവകാശത്തെ മുതിർന്ന പൗരന്മാരുടെ യഥാവിധ അവകാശങ്ങളുമായി പൊരുത്തപ്പെടുത്താനും കോടതി കീഴ്കോടതിയോട് നിർദ്ദേശിക്കുകയും ചെയ്തു. ക്വീർ അവകാശങ്ങൾക്കായുള്ള നിയമപരമായ തന്ത്രങ്ങളും സാമൂഹിക പ്രസ്ഥാനങ്ങളും സ്ത്രീകളുടെ അവകാശങ്ങളുമായോ മറ്റ് ദുർബല വിഭാഗങ്ങളുമായോ വൈരുദ്ധ്യമല്ലെന്ന് പരിവർത്തന ഭരണഘടനാവാദത്തിന്റെ ഒരു സമ്പ്രദായം അംഗീകരിക്കുന്നു. മറിച്ച്, എല്ലാവർക്കും തുല്യമായ വ്യവസ്ഥകളിൽ ലിംഗനീതിയുടെ ആവശ്യങ്ങൾ നിറവേറ്റുക എന്നത് രാഷ്ട്രത്തിന്റെ ഭരണഘടനാപരമായ കടമയാണ്.

2.4.97 ഈ ഉപവിഭാഗത്തിൽ ചർച്ച ചെയ്തിരിക്കുന്നതുപോലെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങളുടെ വിശാലമായ ശ്രേണിയുടെ സാക്ഷാത്കാരം സങ്കീർണ്ണമാണ്. നിർബന്ധിത ഏകഭാര്യാ-ഭർതൃത്വത്തിന്റെയും ദാമ്പത്യത്തിന്റെയും ഹെറ്ററോ-നോർമേറ്റീവ് ആശയങ്ങൾക്കപ്പുറത്തേക്ക് 'വിവാഹത്തിന്റെ സ്വഭാവത്തിലുള്ള ബന്ധങ്ങൾ' പുനർനിർമ്മിക്കുകയാണെങ്കിൽ, ഗാർഹിക പീഡന നിയമപ്രകാരമുള്ള നീതിയുടെ ലഭ്യതയിൽ എല്ലാ ക്വീർ വ്യക്തികളെയും ഉൾക്കൊള്ളിക്കാം. ക്വീർ വ്യക്തികൾക്കും പ്രത്യുത്പാദന സഹായ സാങ്കേതികവിദ്യ തുല്യമായി ലഭിക്കുന്നതിനു വേണ്ടത് പ്രത്യുൽപാദന നീതിയുടെ ഒരു ലെൻസിൽ നിന്നുള്ള ഇടപെടൽ ആണ്, അനുപാതമില്ലാത്ത പ്രത്യുത്പാദന ജോലി ചെയ്യുന്ന പാർശവത്കരിക്കപ്പെട്ട സ്ത്രീയുടെ അവകാശങ്ങളും ഉദ്യമിക്കുന്ന രക്ഷകർത്താക്കളുടെ അവകാശങ്ങളും തമ്മിൽ തുലനം ചെയ്യുക എന്നത്. ക്വീർ വ്യക്തികളുടെ തുല്യതയെ അംഗീകരിക്കുന്ന സ്വത്തിന്റെയും അനന്തരാവകാശത്തിന്റെയും ചട്ടക്കൂട്, സ്വത്തിന്റെ കൈമാറ്റത്തിൽ *ഹിജ്റ ഘരണ* സമ്പ്രദായങ്ങളെയും ഉൾക്കൊള്ളിക്കുന്നതാവണം. ഭവന, വാടക നിയമങ്ങളിൽ വിവേചനം ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനു പുറമേ, സാമൂഹിക ഭവനനിർമ്മാണത്തിനും കുറ്റവൽക്കരണത്തിനു പരിഹാരം കാണുന്നതിനും മുൻഗണന നൽകേണ്ടതുണ്ട്. കൂടാതെ, ജീവനാംശത്തിനും പങ്കാളി ആനുകൂല്യങ്ങൾക്കും വേണ്ടിയുള്ള അനുബന്ധ അവകാവശവാദങ്ങൾക്ക് പുറമേ, സാമൂഹിക സുരക്ഷയ്ക്കും ആരോഗ്യ സംരക്ഷണം ലഭ്യമാക്കുന്നതിനുമുള്ള ആവശ്യപ്പെടലുകൾ വൈവാഹിക നില

പരിഗണിക്കാതെ തന്നെ എല്ലാ കീർ വ്യക്തികൾക്കും യഥാർത്ഥത്തിൽ പ്രയോജനം ചെയ്യും.

## 3. നിയമത്തിലെ ബദൽ ഇടപെടലുകൾ

### 3.1 നിലവിലെ നിയമവ്യവസ്ഥയ്ക്ക് കീഴിൽ നേരിട്ടുള്ള ഉൾപ്പെടുത്തൽ

3.1.1 സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ ലഭിക്കാൻ ബന്ധങ്ങൾക്ക് നിയമത്തിൽ അംഗീകാരം തേടുന്ന തന്ത്രത്തെക്കുറിച്ച് കീർ കമ്മ്യൂണിറ്റിയിലെ ശബ്ദങ്ങൾ വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അവയെ വിസ്തൃതമായി ഇങ്ങനെ നിർണ്ണയിക്കാം: (i) നേരിട്ടുള്ള ഉൾപ്പെടുത്തൽ ആവശ്യപ്പെടാനായി നിലവിലുള്ള വൈവാഹികവും മറ്റ് വ്യക്തിനിയമങ്ങളിലും നിയമനിർമ്മാണ ഭേദഗതികളും /ഭരണഘടനാപരമായ വെല്ലുവിളികളും, അല്ലെങ്കിൽ (ii) മുമ്പ് നിലവിലുള്ള 'ഭിന്ന ലൈംഗികബന്ധ യാഥാർത്ഥ്യങ്ങളെ' നിയന്ത്രിക്കുന്ന നിയമങ്ങൾ പല തലങ്ങളിലുള്ള അസമത്വത്തിൽ മുഴുകിക്കിടക്കുകയായതിനാൽ, കക്ഷികളുടെ അവകാശങ്ങളെയും ബാധ്യതകളെയും നിയന്ത്രിക്കുന്ന പ്രത്യേക നിയമം(ങ്ങൾ) ആവശ്യപ്പെടുക.[214] ഈ ഉപസംഹാരത്തിന്റെ ആദ്യഭാഗം ഇന്ത്യയിലെ വിവാഹ നിയമങ്ങളുടെ നിലവിലുള്ള നിയമ ചട്ടക്കൂടിന് അകത്തേക്ക് നേരിട്ട് ഉൾപ്പെടുത്താനുള്ള നിർദ്ദേശത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. രണ്ടാം ഭാഗം, കീർ ബന്ധങ്ങളുടെ വൈവിധ്യത്തിന്റെയും അവയെ ഉൾപ്പെടുത്തുന്ന തരത്തിലുള്ളതുമായ തത്വങ്ങളെ അടിസ്ഥാനമാക്കി പ്രത്യേക നിയമ(ങ്ങൾ)ത്തിന്റെ ആവശ്യകതയിലും അതിന് എന്ത് രൂപമെടുക്കാം എന്നതിലും കേന്ദ്രീകരിക്കുന്നു. മൂന്നാമത്തെയും അവസാനത്തെയും ഭാഗം, വിവേചന വിരുദ്ധ നിയമ ചട്ടക്കൂടിന് കീഴിൽ, ഓരോ കേസിന്റെ അടിസ്ഥാനത്തിൽ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങളിൽ ഉൾപ്പെടുത്തുന്നത് വിശകലനം ചെയ്യുന്നു.

3.1.2 ജാതിയോ മതമോ കണക്കിലെടുക്കാതെ ഇന്ത്യയിൽ വിവാഹാഘോഷവും രജിസ്ട്രേഷനും നിയന്ത്രിക്കുന്ന ഏക സിവിൽ നിയമം 1954-ലെ *സ്പെഷ്യൽ മാര്യേജ് ആക്റ്റ്* ('SMA') ആണ്. വിവാഹവും വിവാഹമോചനവും സംബന്ധിച്ച പ്രാഥമിക സാമുദായിക-നിർദ്ദിഷ്ട നിയമങ്ങൾ ഇവയാണ്:

i. *പാർസി വിവാഹ, വിവാഹമോചന നിയമം, 1936*
ii. *ഇന്ത്യൻ ക്രിസ്ത്യൻ വിവാഹ നിയമം, 1872, ഇന്ത്യൻ വിവാഹമോചന നിയമം, 1869*
iii. *മുസ്ലീം വ്യക്തി നിയമം (ശരിഅത്ത്) ബാധകമാക്കൽ നിയമം, 1937, ഡിസോല്യൂഷൻ ഓഫ് മുസ്ലിം മാര്യേജ് ആക്റ്റ്, 1939*
iv. *ഹിന്ദു വിവാഹ നിയമം, 1956*

214 *Id* at 41, pg. 17-19, 72

3.1.3 മേൽ പറഞ്ഞ നിയമങ്ങളിലൊന്നും 'വിവാഹം' എന്നതിന് നിയമപരമായ ഒരു നിർവചനം നിലവിലില്ലെങ്കിലും, നിയമാനുസാരമായ ഒരു വിവാഹത്തിന്റെ വ്യവസ്ഥകളും, വിവാഹമോചനം അല്ലെങ്കിൽ അസാധുവാക്കൽ എന്നിവയുടെ കാരണങ്ങളും, കാലാകാലങ്ങളായുള്ള ജുഡീഷ്യൽ വ്യാഖ്യാനവും അടിസ്ഥാനമാക്കിയ ഒരു കൂട്ടം സിദ്ധാന്ത തത്ത്വങ്ങൾ ഇന്ത്യൻ നിയമത്തിന് കീഴിൽ, സിവിൽ, അതുപോലെ വ്യക്തി/മത നിയമങ്ങളിൽ, നിയമാനുസാരമായ 'വിവാഹം' എന്നതിനെ പ്രത്യക്ഷമാക്കി ഉയർന്നുവന്നിട്ടുണ്ട്:

i. *ഭിന്നവർഗ്ഗ ലൈംഗികത:* എല്ലാ നിയമങ്ങളും പ്രത്യക്ഷമായും പരോക്ഷമായും ഒരു 'പുരുഷൻ/വര'നും 'സ്ത്രീ/വധു'വും തമ്മിലുള്ള കൂടിച്ചേരൽ അംഗീകരിക്കുന്നു;[215]

ii. *ഏകഭാര്യാ-ഭർത്തൃത്വം:* ഒരു ജീവിതപങ്കാളിയുടെ 'വ്യഭിചാരം' അല്ലെങ്കിൽ 'ദ്വിഭാര്യാ-ഭർത്തൃത്വം' വിവാഹമോചനത്തിനും അസാധുവാക്കലിനും വേണ്ടിയുള്ള ഒരു കാരണമായി എല്ലാ നിയമങ്ങളിലും നിർദ്ദേശിക്കുന്നു;[216]

iii. *ദാമ്പത്യബന്ധം:* വിവാഹത്തിലെ 'ഷണ്ഡത്വം' അല്ലെങ്കിൽ 'ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടുകൊണ്ട് വിവാഹത്തെ നിർവഹിക്കാനാവാത്തത്' വിവാഹമോചനത്തിനും അസാധുവാക്കലിനും ഉള്ള കാരണമായി എല്ലാ നിയമങ്ങളിലും നിർദ്ദേശിക്കുന്നു.[217]

3.1.4 *ഹിന്ദു മാര്യേജ് ആക്റ്റ്, 1955*-ലെ വ്യവസ്ഥകൾ വ്യാഖ്യാനിക്കുന്നതിന് *അരുൺകുമാറി*-ൽ മദ്രാസ് ഹൈക്കോടതി *NALSA*-യിലെ ഭരണഘടനാ നിയമത്തിന്റെ വികാസങ്ങൾ നിർവിവാദപരമായി പ്രയോഗിച്ചെങ്കിലും, വ്യവസ്ഥാപിതമായി, സ്ഥാപിക്കപ്പെട്ട ഒരു നീതിന്യായ പരീക്ഷ അത്തരം കേസുകളിൽ ഇല്ലാത്തതിനാൽ, വ്യക്തി നിയമങ്ങൾ, ആചാരങ്ങൾ, പ്രയോഗങ്ങൾ എന്നിവയിൽ നിന്നുയരുന്ന

---

215 SMA-യുടെ 4-ാം വകുപ്പ്; പാർസി നിയമത്തിലെ 3-ാം വകുപ്പ്; ക്രിസ്ത്യൻ നിയമത്തിലെ 4-ാം വകുപ്പ്; ഹിന്ദു നിയമത്തിലെ 5 ഉം 7 ഉം വകുപ്പുകൾ; അധ്യായം 11: വിവാഹം (നിക്കാഹ്), മുല്ല ഓൺ മുഹമ്മദൻ ലോ, 2008

216 SMA-യുടെ 27, 35, 41 വകുപ്പുകൾ; പാർസി നിയമത്തിന്റെ 4-5, 32 വകുപ്പുകൾ; 1869-ലെ ക്രിസ്ത്യൻ നിയമത്തിന്റെ 10-11 വകുപ്പുകൾ; ഹിന്ദു നിയമത്തിലെ 12, 17 വകുപ്പുകൾ; 1939-ലെ മുസ്ലീം നിയമത്തിലെ 2-ാം വകുപ്പ് (മുസ്ലിം വ്യക്തിനിയമം ആദ്യവിവാഹം നിലനിൽക്കുമ്പോൾ തന്നെ രണ്ടാം ഭാര്യയുമായുള്ള വിവാഹത്തിന് അനുമതി നൽകുന്നു; എന്നിരുന്നാലും, ബഹുഭാര്യത്വം ഒരു 'അത്യാവശ്യ മതപരമായ ആചാരം' അല്ലെന്നും അതിനാൽ, ഭരണഘടനയുടെ അനുച്ഛേദം 25 പ്രകാരം സംരക്ഷണത്തിന് അർഹതയില്ലെന്നും കോടതികൾ പ്രഖ്യാപിച്ചു: *ഖുർഷീദ് അഹമ്മദ് ഖാൻ v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് ആൻഡ് അതേഴ്സ്,* (2015) 8 SCC 439)

217 SMA-യുടെ 24-25 വകുപ്പുകൾ; പാർസി നിയമത്തിന്റെ 30-32 വകുപ്പുകൾ; 1869-ലെ ക്രിസ്ത്യൻ നിയമത്തിന്റെ 10, 18 വകുപ്പുകൾ; ഹിന്ദു നിയമത്തിലെ 12-13 വകുപ്പുകൾ; 1939-ലെ മുസ്ലീം നിയമത്തിലെ 2-ാം വകുപ്പ്

കേസുകളിൽ ഭാഗം III-ലെ (മൗലിക അവകാശങ്ങൾ) ഭരണഘടനാ നിയമങ്ങളുടെ പ്രയോഗികതയെകുറിച്ചുള്ള ജുഡീഷ്യറിയുടെ വ്യവഹാരം കൂടുതൽ സങ്കീർണമാകുന്നു.

3.1.5 ചരിത്രപരമായി, വിവാഹം, വിവാഹമോചനം, പിന്തുടർച്ച, ദത്തെടുക്കൽ, ജീവനാംശം, രക്ഷാകർതൃത്വം, ആദിവാസി സമൂഹങ്ങളിലെ സ്ത്രീകളുടെ കുടിയാൻ അവകാശങ്ങളും, മറ്റ് പ്രശ്നങ്ങളും പ്രത്യേകമായി നിയന്ത്രിക്കുന്ന വ്യക്തിനിയമങ്ങളേയും, ആചാരങ്ങളേയും, പ്രയോഗങ്ങളേയും അവയുടെ ഭരണഘടനാ നിയമവുമായുള്ള പ്രത്യക്ഷമായ വൈരുദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ, കോടതികൾ കൈകാര്യം ചെയ്തിട്ടുണ്ട്. കോടതിയുടെ പ്രതികരണത്തിന്റെ ശ്രേണിയെ ഇനിപ്പറയുന്ന രീതിയിൽ വിസ്തൃതമായി തരംതിരിക്കാം:

i. കുടുംബ നിയമം വ്യക്തിനിയമമാണ്, ഭരണഘടനയുടെ അനുച്ഛേദം 13-ലെ 'നിയമങ്ങൾ' എന്നതിന്റെ നിർവചനത്തിൽ അത് ഉൾപ്പെടുന്നില്ല - അതുപ്രകാരം, ഭരണഘടനാപരമായ സൂക്ഷ്മപരിശോധനയുടെ പരിധിക്കപ്പുറമുള്ള ഒരു വർഗ്ഗമായി കുടുംബനിയമം ഒഴിവാക്കപ്പെടുന്നു

ii. ഭരണഘടനയുടെ അനുച്ഛേദം 13-ലെ 'നിയമങ്ങൾ' എന്നതിന്റെ നിർവചനത്തിൽ കുടുംബനിയമം ഉൾക്കൊള്ളുന്നു, അത് ഭരണഘടനാപരമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാണ്; എന്നിരുന്നാലും, വെല്ലുവിളിക്കപ്പെട്ട നിയമം ഭരണഘടനാപരമായി സാധുതയുള്ളതാണെന്ന് കോടതി കണ്ടെത്തി

iii. വെല്ലുവിളിക്കപ്പെട്ട നിയമം പ്രാഥമികമായി വിവേചനപരമാണെന്ന് ബോധ്യപ്പെട്ടെങ്കിലും അത് ഭരണഘടനാവിരുദ്ധമാണെന്ന് കോടതി പ്രഖ്യാപിച്ചില്ല. എങ്കിലും, വെല്ലുവിളിക്കപ്പെട്ട നിയമത്തെ വ്യാഖ്യാനിച്ചത് അത് ഭരണഘടനാവിരുദ്ധമല്ലെന്ന കുറ്റത്തിൽ നിന്നും രക്ഷപ്പെടുത്താൻ എന്നപോലെയാണ്

iv. വെല്ലുവിളിക്കപ്പെട്ട നിയമം വിവേചനപരമാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടു; എന്നിരുന്നാലും, പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്ന നിയമസഭയിലാണ് പ്രതിവിധി ഉള്ളതെന്ന് നിരീക്ഷിച്ചുകൊണ്ട് അത് ആശ്വാസം നൽകിയില്ല

v. ഭരണഘടനയുടെ മൂന്നാം ഭാഗത്തിലെ വാഗ്ദാനങ്ങൾ ലംഘിക്കുന്ന വെല്ലുവിളിക്കപ്പെട്ട ഒരു നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി പ്രഖ്യാപിച്ചു.[218]

---

[218] കോൺസ്റ്റിട്യൂഷനാലിറ്റി ഓഫ് ഫാമിലി ലോസ് ഇൻ ഇന്ത്യ, ആൻ ഇൻസൈറ്റ് ഇന്റു ദി ചല്ലെഞ്ചസ് ആൻഡ് ദി റെസ്പോൺസ് ഓഫ് ദി ജുഡീഷ്യറി, ഡോ. പൂനം സക്സേന, അസോസിയേറ്റ് പ്രൊഫസർ, ഫാക്കൽറ്റി ഓഫ് ലോ, ഡൽഹി സർവകലാശാല

3.1.6 2019 ൽ *കൺഠരു രാജുവീരു (ശബരിമല നിരൂപണം) v. ഇന്ത്യൻ യങ് ലോയേഴ്സ് അസോസിയേഷൻ ആൻഡ് അദേഴ്സ്*[219]-ൽ ഭരണഘടനയുടെ അനുച്ഛേദം 25 വാഗ്ദാനം ചെയ്യുന്ന മത സ്വാതന്ത്ര്യത്തിന്റെയും അതിന്റെ ഭരണഘടനയുടെ മൂന്നാം ഭാഗവുമായുള്ള ഇടപെടലിന്റെയും ആധികാരികമായ വ്യാഖ്യാനത്തിനായി സുപ്രീം കോടതി 7 അംഗ ജഡ്ജിമാരുടെ പരിഗണനയ്ക്ക് വിട്ടു, കൂടാതെ, നിർദ്ദേശിക്കപ്പെട്ട ബെഞ്ചിനായി താഴെപ്പറയുന്ന പ്രശ്നങ്ങളും ചോദ്യങ്ങളും തയ്യാറാക്കി:

i. ഭരണഘടനയുടെ അനുച്ഛേദം 25, 26 പ്രകാരമുള്ള മതസ്വാതന്ത്ര്യവും ഭരണഘടനയുടെ മൂന്നാം ഭാഗത്തിലെ മറ്റ് വ്യവസ്ഥകളും, പ്രത്യേകിച്ച് അനുച്ഛേദം 14 എന്നിവ തമ്മിലുള്ള പരസ്പരബന്ധം

ii. ഭരണഘടനയുടെ 25-ാം അനുച്ഛേദത്തിലെ "പൊതു ക്രമം, സദാചാരം, ആരോഗ്യം" എന്ന പദപ്രയോഗത്തിന്റെ വ്യാപ്തി എന്താണ്?

iii. "ധാർമ്മികത"യോ "ഭരണഘടനാ ധാർമ്മികത"യോ എന്ന പ്രയോഗങ്ങൾ ഭരണഘടനയിൽ നിർവ്വചിച്ചിട്ടില്ല. ആമുഖത്തെ പരാമർശിക്കുന്നത് എല്ലാറ്റിനും ഉപരിയായ ധാർമ്മികതയാണോ അതോ മതപരമായ വിശ്വാസങ്ങളിലും വിശ്വാസത്തിലും പരിമിതപ്പെടുത്തിയതാണോ? ഈ പദപ്രയോഗത്തിന്റെ അതിർവരമ്പുകളെ രേഖപ്പെടുത്തേണ്ടത് ആവശ്യമാണ്, അല്ലെങ്കിൽ അത് ആത്മനിഷ്ഠമാകാൻ സാധ്യത ഉണ്ട്

iv. ഭരണഘടനയുടെ അനുച്ഛേദം 226 പ്രകാരം മതവിഭാഗത്തിന്റെ "അത്യാവശ്യ മതപരമായ ആചാരത്തിന്" അല്ലെങ്കിൽ അതിലെ ഒരു വിഭാഗത്തിനെങ്കിലും ഭരണഘടനാപരമായ സംരക്ഷണം ലഭിക്കുന്നുണ്ടോ (ഖണ്ഡിക 5)

3.1.7 ഈ വിഷയത്തിൽ ഭരണഘടനാ നിയമത്തിന്റെ ഒരു ആധികാരിക വ്യാഖ്യാനത്തിനായി നീതിന്യായ നയം രൂപപ്പെടുത്തുക എന്നതാണ് കോടതിയുടെ ഉദ്ദേശം, ഈ ഭരണഘടനാ ബെഞ്ച് പ്രഖ്യാപിക്കുന്ന നിയമം ഭാവിയിൽ കുടുംബ നിയമം, വ്യക്തി നിയമം, ആചാരം, പ്രയോഗം എന്നീ വിശാലമായ ശ്രേണിയെ ബാധിക്കുന്ന നിയമമേഖലയെ സ്വാധീനിക്കാനും നിയന്ത്രിക്കാനും സാധ്യതയുണ്ടെന്ന് മുൻകൂട്ടിക്കാണാവുന്നതാണ്.

3.1.8 എന്നിരുന്നാലും, ഔപചാരികമായ സമത്വം മാത്രം ആവശ്യപ്പെടുന്ന തന്ത്രങ്ങൾ പിന്തുടരുന്നതിലെ വെല്ലുവിളി, അവ സാമ്പത്തിക അനീതിയും ആന്തരിക തെറ്റിദ്ധാരണകളും വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത കൂട്ടും എന്നതാണ്. ഇത്തരം

[219] (2020) 2 SCC 1

പരിഷ്കരണങ്ങൾക്ക് സ്ത്രീകൾ വഹിക്കുന്ന അനുപാതമല്ലാത്ത ചെലവിന് അംഗീകാരം നൽകുന്നതിന്റെ ഉദ്ദേശിക്കാത്ത പ്രത്യാഘാതങ്ങളുണ്ടാവാം.[220] നിലവിലെ നിയമ ചട്ടക്കൂടിൽ നേരിട്ട് ഉൾപ്പെടുത്താനുള്ള ഒരു ആവശ്യപ്പെടലിന്, നിർബന്ധിത ഏകഭാര്യാ-ഭർത്തൃത്വത്തിന്റെയും ദാമ്പത്യത്തിന്റെയും അടിസ്ഥാന അനുമാനങ്ങളുമായി പൊരുത്തപ്പെടാൻ ആവശ്യപ്പെടുന്നതിന്റെ കൂടെ വിവാഹമോചത്തിന്റെയോ അസാധുവാക്കലിന്റെയോ നടപടിക്രമങ്ങളുടെയിടയിലെ കർക്കശമായ സാമൂഹിക, സാമ്പത്തിക, ശിക്ഷാപരമായ പ്രത്യാഘാതങ്ങൾ മാത്രമല്ല, 'ഭിന്നവർഗ്ഗബന്ധ-യാഥാർത്ഥ്യങ്ങൾ' നിയന്ത്രിക്കുന്ന നിയമങ്ങളിലെ വ്യക്തമായ അസമത്വങ്ങൾ ക്വീർ വ്യക്തികളിലും ബന്ധങ്ങളിലും പുനർനിർമ്മാണവും ഉണ്ടാകുന്നു.

3.1.9 ഉദാഹരണത്തിന്, വിവാഹം കഴിക്കാനിരിക്കുന്ന കക്ഷിയ്ക്ക് നേരത്തെതന്നെ നിയമപരമായി ഒരു പങ്കാളി ഉണ്ടെന്നിരിക്കെ (ദ്വിഭാര്യാഭർതൃത്വം), തുടർന്നുള്ള വിവാഹം അസാധുവായിരിക്കും, അതായത്, നിയമസാധുതയില്ലാത്തതും നിയമത്തിൽ അംഗീകാരമില്ലാത്തതുമായിരിക്കും. 'വ്യഭിചാര' കേസുകളിൽ കോടതി 'വ്യഭിചാരിയെയോ വ്യഭിചാരിണിയെയോ കക്ഷി ചേർക്കാൻ അനുവദിക്കുന്നു. വേർപിരിയുന്ന കാലഘട്ടത്തിലോ വിവാഹമോചന നടപടികൾ പൂർത്തിയാകുമ്പോഴോ ഒരു സ്ത്രീ 'ചാരിത്ര്യവതിയല്ലാത്തതോ വ്യഭിചാരത്തിൽ ഏർപ്പെട്ടോ' ആണ് ജീവിക്കുന്നതെന്ന് തെളിയിക്കപ്പെട്ടാൽ, ആ സ്ത്രീക്ക് ജീവനാംശത്തിള്ള അവകാശവാദം നഷ്ടപ്പെടാം.[221] പങ്കാളിയുമായി ലൈംഗിക ബന്ധം ഇല്ലാതിരിക്കുന്നത് നീതിന്യായ വ്യവസ്ഥയുടെ കണ്ടെത്തലിൽ വിവാഹമോചനത്തിൽ അല്ലെങ്കിൽ അസാധുവാക്കൽ നടപടികളിലേക്ക് നയിക്കാവുന്നതരത്തിലുള്ള 'ക്രൂരത' ആണ്, ദാമ്പത്യത്തിലെ ലൈംഗിക ബന്ധത്തിനുള്ളിലെ അനുമതി എന്ന ചോദ്യം കോടതികൾ അവഗണിക്കുന്നെങ്കിലും.[222]

3.1.10 സമുദായത്തിൽ നിന്നുള്ള പലരും വിവാഹത്തിലേക്ക് നിർബന്ധിക്കപ്പെടുന്നതിനാലും പങ്കാളികളിൽ നിന്നുള്ള ലൈംഗിക ചൂഷണങ്ങൾ നേരിടേണ്ടിവരുന്നതിനാലും ട്രാൻസ്, ഇന്റർ സെക്സ്, നോൺ-ബൈനറി വ്യക്തികളും വൈവാഹിക ബലാത്കാരത്തെ ലൈംഗിക കുറ്റകൃത്യങ്ങളിലുൾപ്പെടുത്തണമെന്നു ആവശ്യപ്പെടുന്നു.[223] ഇന്ത്യൻ ശിക്ഷ നിയമത്തിലെ 375-ാം വകുപ്പിലെ (ബലാൽസംഗം) 2-ാമത്തെ അപവാദം ഇങ്ങനെ വായിക്കുന്നു: *"18 വയസ്സിനു താഴെ അല്ലാത്ത, സ്വന്തം ഭാര്യയോടൊപ്പം ഒരു പുരുഷൻ ലൈംഗിക സമ്പർക്കത്തിലോ ലൈംഗിക പ്രവൃത്തിയിലോ ഏർപ്പെട്ടാൽ, അത് ബലാത്കാരമല്ല."*[224] ഈ വകുപ്പിനെ

---

[220] *Id* at 28

[221] പാർസി നിയമത്തിലെ 40-ാം വകുപ്പ്; SMA-യുടെ 37-ാം വകുപ്പ്; ഹിന്ദു നിയമത്തിലെ 25-ാം വകുപ്പ്, CrPC-യുടെ 125-ാം വകുപ്പ്

[222] വാട്ട് ഡു ജഡ്ജസ് ഇൻ ഇന്ത്യ തിങ്ക് എബൌട്ട് മാരിറ്റൽ സെക്സ്? ഇക്കണോമിക് & പൊളിറ്റിക്കൽ വീക്കിലി, സപ്തർഷി മണ്ഡൽ, വാല്യം. 52, ലക്കം നമ്പർ. 52 (ജനുവരി 2018)

[223] *Id* at 48

[224] *ഇൻഡിപെൻഡന്റ് തോട്ട് v. യൂണിയൻ ഓഫ് ഇന്ത്യ,* (2017) 10 SCC 800-ൽ നിയമ പ്രഖ്യാപനത്തിന് ശേഷം IPC 375-ാം വകുപ്പിലെ 2-ാമത്തെ അപവാദം

ഭരണഘടനാപരമായി വെല്ലുവിളിച്ചുകൊണ്ട് ലൈംഗിക ബലാത്കാരത്തെ കുറ്റകരമാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് സ്ത്രീ അവകാശ സംഘടനകൾ[225] സമർപ്പിച്ച ഒരു കൂട്ടം റിട്ട് ഹർജികൾ ഡൽഹി ഹൈക്കോടതി നിലവിൽ കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ക്വീർ, ട്രാൻസ് വ്യക്തികൾക്കെതിരെയുള്ള ലിംഗമടിസ്ഥാനമാക്കിയിട്ടുള്ള അതിക്രമങ്ങൾക്ക് പരിഹാരം നൽകുന്നതിനായി രാജ്യമെമ്പാടുമുള്ള ഹൈക്കോടതികൾ ഇപ്പോൾത്തന്നെ ലിംഗ-നിർദ്ദിഷ്ട നിയമങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നുണ്ട്, അത് IPC 354 A-ാം വകുപ്പിന് കീഴിൽ വരുന്നതോ[226] *സെക്ഷ്വൽ ഹരാസ്സ്മെന്റ് ഓഫ് വുമൺ അറ്റ് ദി വർക്ക് പ്ലേസ് (പ്രിവെൻഷൻ, പ്രൊഹിബിഷൻ ആൻഡ് റിഡ്രെസ്സൽ) ആക്റ്റ്, 2013*[227]-ലോ വരുന്നതോ ആയ ലൈംഗിക അതിക്രമം, അല്ലെങ്കിൽ സംസ്ഥാന തലത്തിലുള്ള *തമിഴ്നാട് പ്രൊഹിബിഷൻ ഓഫ് ഹരാസ്സ്മെന്റ് ഓഫ് വുമൺ ആക്റ്റ്, 2002*[228] പോലുള്ള നിയമങ്ങളിലെ - ബലാത്സംഗവും[229] ഗാർഹിക പീഢനവും.[230]

3.1.11 വിവാഹം എന്ന ആശയത്തിന്റെ കാതൽ ദാമ്പത്യമാണെന്നാണ് നിയമവും അവ നടപ്പിലാക്കാനുള്ള കോടതികളുടെ അധികാരവും തെളിയിക്കുന്നത്. ദാമ്പത്യ അവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള നിയമവ്യവസ്ഥ,[231] പ്രത്യക്ഷത്തിൽ ജൻഡർ ന്യൂട്രൽ ആണെങ്കിലും, വിവാഹത്തിന്റെ അനിവാര്യമായ ബാധ്യതയായി, ഒരു പങ്കാളിക്ക് വേർപിരിഞ്ഞ ഇണയോടൊപ്പം സഹവസിക്കുന്നതിനും ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിനും നിർദേശിക്കാനുള്ള ജുഡീഷ്യൽ ഉത്തരവ് തേടാൻ അനുവാദമുണ്ട്, അതിനോട് വഴങ്ങാനുള്ള പങ്കാളിയുടെ വിസമ്മതം 'പരാതിക്കാരനോ/രിയോ' ആയ പങ്കാളിക്ക് വിവാഹമോചനം തേടുന്നതിനുള്ള ഹേതുവാകുന്നു. ഈ നിയമ പരിഹാരത്തിന്റെ ക്രൂരതയെ വ്യക്തമാക്കികൊണ്ട്, 1983-ൽ *ടി. സരിത v. ടി. വെങ്കട സുബ്ബയ്യ*,[232]-യിൽ *ഹിന്ദു വിവാഹ നിയമം, 1955*-ലെ 9-ാം വകുപ്പ് (വിവാഹാവകാശം പുനഃസ്ഥാപിക്കൽ) ക്രൂരവും പ്രാകൃതവും ഭരണഘടനാ വിരുദ്ധവുമായതിനാൽ അതിനെ അസാധുവാക്കി ആന്ധ്രാപ്രദേശ് ഹൈക്കോടതി ഇപ്രകാരം പ്രഖ്യാപിച്ചു:

---

225 *RIT ഫൗണ്ടേഷൻ v. യൂണിയൻ ഓഫ് ഇന്ത്യ,* റിട്ട് പെറ്റീഷൻ (C) 284 of 2015-ഉം മറ്റുള്ളവയും

226 *അനാമിക v. യൂണിയൻ ഓഫ് ഇന്ത്യ,* റിട്ട് പെറ്റീഷൻ No. 2537 of 2018, 17.12.2018-ലെ അന്തിമ ഉത്തരവിലൂടെ ഡൽഹി ഹൈക്കോടതി തീർപ്പാക്കി.

227 *ഡോ. മാളബിക ഭട്ടാചാർജി v. ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി, വിവേകാനന്ദ കോളേജ് ആൻഡ് അതേഴ്സ്,* WPA 9141 of 2020, 27.11.2020-ലെ ഉത്തരവ്

228 *എം. ശ്രീനിവാസൻ v. സ്റ്റേറ്റ് ത്രൂ ഇൻസ്പെക്ടർ ഓഫ് പോലീസ് ആൻഡ് അനതർ*, 2020 SCC Online Mad 6311

229 *X v. സ്റ്റേറ്റ് ഓഫ് ഉത്തരാഖണ്ഡ്,* AIR 2019 Utt 138

230 *Id* at 130

231 SMA-യുടെ 22, 23, 27 വകുപ്പുകൾ; പാർസി നിയമത്തിലെ 32A, 36 വകുപ്പുകൾ; ഹിന്ദു നിയമത്തിലെ 9, 13 വകുപ്പുകൾ; 1869-ലെ ക്രിസ്ത്യൻ നിയമത്തിലെ 18,32 വകുപ്പുകൾ; 1939-ലെ മുസ്ലീം നിയമത്തിലെ 2-ാം വകുപ്പ്

232 1983 (2) APLJ HC. 37

*"...താത്പര്യമില്ലാത്ത ഒരു വ്യക്തിയെ അയാളുടെ സമ്മതത്തിനും സ്വതന്ത്ര തീരുമാനത്തിനും എതിരെയായി നീതിന്യായ വ്യവസ്ഥയിലൂടെ വിധി ഉടമയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുത്താൻ നിർബന്ധിക്കുക എന്നതാണ് ദാമ്പത്യാവകാശങ്ങൾ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവിന്റെ ഉദ്ദേശ്യം, അത് മുൻകാലങ്ങളിലും ഇപ്പോഴും അങ്ങനെ തന്നെയാണ്. ഇത്തരത്തിൽ ദാമ്പത്യാവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു ഉത്തരവ് നടപ്പിലാക്കുന്നത് ശരീരത്തിന്റെയും മനസ്സിന്റെയും അലംഘനീയതയെ വ്രണപ്പെടുത്തുമെന്നും, ഒരു വ്യക്തിയുടെ സമഗ്രതയെ അതിക്രമിക്കുകയും, അത്തരം വ്യക്തിയുടെ സ്വകാര്യതയിലും ഗാർഹിക അടുപ്പങ്ങളിലും അതിക്രമിച്ചു കയറുകയും ചെയ്യുന്നു എന്നതിൽ സംശയമില്ല."*
(ഖണ്ഡിക 17)

3.1.12 അനാവശ്യ ഗർഭധാരണത്തിലേക്ക് നയിക്കാമെന്നതിനാൽ, ഈ വകുപ്പ് സ്ത്രീകളുടെ ലൈംഗിക, പ്രത്യുത്പാദനപരമായ ആരോഗ്യ അവകാശങ്ങളെ അനുപാതികമല്ലാതെ ബാധിച്ചുവെന്നും, അതിനാൽ അനുച്ഛേദം 14 പ്രകാരമുള്ള തുല്യതയ്ക്കുള്ള അവകാശത്തെ ലംഘിക്കുന്നുവെന്നും കോടതി കൂട്ടിച്ചേർത്തു. സ്ത്രീകളുടെ ലൈംഗിക സ്വയംകർതൃത്വം, സ്വകാര്യത, മാനുഷിക അന്തസ്സ് എന്നിവ നഷ്ടപ്പെടുത്തുന്നതിനാലും, തൽപരയല്ലാത്ത ഒരു സ്ത്രീക്ക് വേണ്ടി, അവരുടെ ലൈംഗിക, സ്വകാര്യ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം രാഷ്ട്രത്തിനു നൽകിക്കൊണ്ട് അമിതമായ ഭരണകൂട ഇടപെടലിന് അധികാരം നൽകുന്നതിനാലും ഈ വ്യവസ്ഥ അനുച്ഛേദം 21-ന്റെ ലംഘനമാണെന്ന് കോടതി തുടർന്ന് നിലകൊണ്ടു. എന്നാൽ, സുപ്രീം കോടതി ഫലപ്രദമായി അതിനെ റദ്ദ് ചെയ്തതിനാൽ നാഴികക്കല്ലായ ഈ വിധി അൽപായുസ്സായി.[233] എന്നാൽ, SMA-യിലും *ഹിന്ദു മാര്യേജ് ആക്റ്റ്, 1955*-നും കീഴിലുള്ള ദാമ്പത്യം പുനസ്ഥാപിക്കുന്നതിനുള്ള വകുപ്പുകളെ ഭരണഘടനാപരമായി വെല്ലുവിളിച്ചുകൊണ്ടുള്ള ഒരു കൂട്ടം റിട്ട് ഹർജികൾ സുപ്രീം കോടതി ഇപ്പോൾ പരിഗണിക്കുന്നുണ്ട്.[234]

3.1.13 വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ, വിവാഹത്തിന് കുറഞ്ഞത് 30 ദിവസം മുമ്പെങ്കിലും, ഡിസ്ട്രിക്ട് മാര്യേജ് ഓഫീസർ മുമ്പാകെ ഈ ആവശ്യത്തിനായുള്ള ഒരു നോട്ടീസ് നൽകണമെന്ന് SMA നിർബന്ധിക്കുന്നു, ആ നോട്ടീസ് "ഏതൊരു വ്യക്തിക്കും" "തുറന്ന പരിശോധനയ്ക്കായും" "വിവാഹത്തിന്റെ എതിർപ്പുകൾ" ഫയൽ ചെയ്യുന്നതിനും ലഭ്യമാണ്. എതിർപ്പുകൾ ഉണ്ടായാൽ, എതിർപ്പുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതുവരെ, മാര്യേജ് ഓഫീസർ വിവാഹം ആശിർവദിക്കാൻ പാടില്ലെന്ന് നിർദ്ദേശമുണ്ട്.[235] ജാതിയുമായി ബന്ധപ്പെട്ട പരിശുദ്ധിയുടെയും അശുദ്ധിയുടെയും സങ്കൽപ്പങ്ങൾക്കും 'ലവ്-ജിഹാദ്' എന്നിങ്ങനെ

---

[233] *ശ്രീമതി. സരോജ് റാണി v. സുദർശൻ കുമാർ ചദ്ദ,* (1984) 4 SCC 90

[234] *ഓജസ്വ പഥക് & അനതർ v. യൂണിയൻ ഓഫ് ഇന്ത്യ,* റിട്ട് പെറ്റീഷൻ No. 250/2019 എന്നിവയും മറ്റുള്ളവയും

[235] SMA-യുടെ 5-8 വകുപ്പുകൾ

വിളിക്കപ്പെടുന്നതുമായ ഭരണഘടാവിരുദ്ധമായ അടിസ്ഥാനങ്ങളിൽ, SMA പ്രകാരം വിവാഹം ചെയ്യാനുള്ള മിശ്ര-ജാതി, മിശ്ര-മത ദമ്പതികളുടെ അവകാശത്തെ ഇല്ലാതാക്കുന്നതിനും അവരെ ഭീഷണിപ്പെടുത്തുന്നതിനും അവർക്കെതിരെ അക്രമം നടത്തുന്നതിനുമായി, എതിർക്കുന്ന കുടുംബങ്ങളും വിജിലാന്റെ സംഘങ്ങളും ഈ പൊതു രേഖകൾ "പരിശോധിച്ച്" ദുരുപയോഗം ചെയ്യുന്ന ഒരു മഹാമാരിയിലേക്ക് ഈ സമ്പ്രദായം നയിച്ചു.[236]

3.1.14 2021 ജനുവരിയിൽ, SMA-ക്ക് കീഴിൽ നിർബന്ധമായി നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് മിശ്ര-ജാതി, മിശ്ര-മത ദമ്പതികളുടെ സൗകാര്യതയ്ക്കുള്ള മൗലികാവകാശം ലംഘിക്കുന്നതിനാലും അവരെ രാഷ്ട്രത്തിന്റെയും രാഷ്ട്ര-ഇതര പാത്രങ്ങളുടെയും ഇടപെടലിനും ഉപദ്രവത്തിനും വിധേയമാക്കുന്നതിനാലും അത് ഭരണഘടനാവിരുദ്ധമാണെന്ന് അലഹബാദ് ഹൈക്കോടതി പ്രഖ്യാപിച്ചു.[237] നിലവിൽ, മിശ്ര-ജാതി, മിശ്ര-മത ദമ്പതികളുടെ സ്വകാര്യതയ്ക്കുള്ള അവകാശത്തേയും, വ്യക്തിഗത സ്വാതന്ത്ര്യത്തിനേയും, അക്രമത്തിൽനിന്നുമുള്ള സ്വാതന്ത്ര്യത്തിനേയും ലംഘനം ചെയ്യുന്നു എന്ന അടിസ്ഥാനത്തിൽ, SMA-യുടെ കീഴിലുള്ള ഈ നിയമപരമായ പ്രക്രിയയെ ഭരണാഘടനാപരമായി വെല്ലുവിളിച്ചിട്ടുള്ള കേസുകളിൽ സുപ്രീം കോടതിയിൽ[238] നിന്നും ഡൽഹി ഹൈക്കോടതിയിൽ[239] നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്.

3.1.15 അടുത്ത കാലത്ത് നിലവിൽ വന്ന *ഉത്തർ പ്രദേശ് പ്രൊഹിബിഷൻ ഓഫ് അൺലോഫുൾ കൺവെർഷൻ ഓഫ് റിലീജിയൻ ഓർഡിനൻസ്, 2020*, വിവാഹത്തിന് വേണ്ടിയുള്ള മതംമാറ്റം പ്രകൃത്യാ നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട്, രാഷ്ട്രത്തിനു മിശ്ര-മത വിഭാഗങ്ങളിൽ നിന്നുള്ള ദമ്പതികളെ വേട്ടയാടുന്നതിനുള്ള അനുമതി നൽകുന്നു. [240] 2020 ഡിസംബറിൽ, വ്യക്തിത്വ സ്വയംകർത്തൃത്വവും സൗകാര്യതയും എന്ന പ്രധാനപ്പെട്ട കാര്യങ്ങൾ അപകടത്തിലാകുമെന്ന കാരണത്താൽ, ഈ നിയമത്തിനു കീഴിൽ കുറ്റകൃത്യം ചെയ്തു എന്നാരോപിക്കപ്പെട്ട് അറസ്റ്റുചെയ്യപ്പെട്ട

---

[236] *Id* at 69, പേജ്. 38; വൈ ഡസ് ദി സെക്കുലർ ഇന്ത്യൻ സ്റ്റേറ്റ് ഡിസ്കറജ് ഇന്റർ-റിലീജിയസ് മാരെയ്ജെസ്? ന്യൂസ്ക്ലിക്ക്, ആർ. നിത്യ, 15 നവംബർ 2013; കോർട് ഇൻഫോർമേഴ്സ് ആൻഡ് മൊഹല്ല സ്പൈസ്: ഹൌ ഹിന്ദുത്വ ഗ്രൂപ്സ് ഇൻ നോർത്ത് ഇന്ത്യ സ്റ്റോപ്പ് ഇന്റർ-ഫൈത് മാരെയ്ജെസ്, ദി സ്ക്രോൾ, അഭിഷേക് ദേ, ഓഗസ്റ്റ് 05 2018; കേരള ഗവണ്മെന്റ് സ്റ്റോപ്സ് പബ്ലിഷിങ് ഓഫ് മാര്യേജ്സ് നോട്ടീസെസ് ഓൺ വെബ്സൈറ്റ്, സബ്രാംഗ്, സഞ്ചിത കദം, 29 ജൂലൈ 2020; ടു ഹറാസ് ഹിന്ദു-മുസ്ലിം കപ്പിൾസ്, റൈറ്റ് വിങ് ആക്റ്റിവിസ്റ്റ്സ് ആർ നൗ യൂസിങ് ദെയർ മാര്യേജ് ഡോക്യൂമെന്റസ്, ദി വയർ, ഷിബ കുര്യൻ, 20 ജൂലൈ 2020; ദി ഓട്ടോണോമി ടു ചൂസ് വൺ'സ് പാർട്ണർ, ഹിന്ദുസ്ഥാൻ ടൈംസ്, നമിത ഭണ്ഡാരെ, സെപ്റ്റംബർ 19 2020; ഹൗ ദി സ്പെഷ്യൽ മാര്യേജ് ആക്റ്റ് ഈസ് കില്ലിംഗ് ലവ്, ആർട്ടിക്കിൾ 14, നമിത ഭണ്ഡാരെ ആൻഡ് സുർഭി കർവ, 19.10.2020

[237] *സഫിയ സുൽത്താന ത്രൂ ഹെർ ഹസ്ബൻഡ് അഭിഷേക് കുമാർ പാണ്ഡേ v. സ്റ്റേറ്റ് ഓഫ് യുപി*, ഹേബിയസ് കോർപ്പസ് നമ്പർ 16907 of 2020, 12.01.2021-ലെ അന്തിമ ഉത്തരവിലൂടെ തീർപ്പാക്കി.

[238] *നന്ദിനി പ്രവീൺ v. യൂണിയൻ ഓഫ് ഇന്ത്യ,* റിട്ട് പെറ്റീഷൻ നമ്പർ 983/2020

[239] *നിദ റഹ്മാൻ & അനതർ v. NCT & അതേഴ്സ്*, റിട്ട് പെറ്റീഷൻ നമ്പർ 6974/2020

[240] ഓർഡിനൻസിന്റെ 3-ാം വകുപ്പിനൊപ്പം ഭരണഘടനയുടെ ആമുഖം വായിക്കുക

വ്യക്തിക്ക് അലഹബാദ് ഹൈക്കോടതി സംരക്ഷണം നൽകി.[241] മറ്റൊരു കേസിൽ, ഈ ഓർഡിനൻസിനെ ഭരണഘടനാപരമായി വെല്ലുവിളിച്ചപ്പോൾ, ഹൈക്കോടതി ഉത്തർപ്രദേശ് സർക്കാരിന് നോട്ടീസയച്ചു.[242]

3.1.16 മധ്യപ്രദേശിലും[243] ഗുജറാത്തിലും[244] സമാന നിയമങ്ങൾ ഉണ്ടാക്കിക്കൊണ്ട് UP നിയമം ഒരു ഡോമിനോസ് പ്രഭാവം സൃഷ്ടിച്ചു. പല സംസ്ഥാനങ്ങളിലെ മതപരിവർത്തന നിയമങ്ങളുടെ[245] സാധുതയെ വെല്ലുവിളിച്ചുകൊണ്ടുള്ള ഒരു കൂട്ടം ഹർജികൾ സുപ്രീം കോടതിയുടെ പരിഗണനയിലാണെങ്കിലും, ഈ സംസ്ഥാന നിയമങ്ങൾ ജുഡിഷ്യറിക്കുള്ളിൽ ഭിന്നത സൃഷ്ടിക്കുന്നു. നിയമം ലംഘിച്ചുവെന്ന് ആരോപിക്കപ്പെട്ട മൂന്നു മിശ്ര ജാതി ദമ്പതികൾക്ക് അലഹബാദ് ഹൈക്കോടതിയുടെ ഒരു ബെഞ്ച് സുരക്ഷ നൽകാതിരുന്നപ്പോൾ,[246] ഗുജറാത്ത് ഹൈക്കോടതി *ഷെഫിൻ ജഹാൻ* ആശ്രയിച്ച്, ഭരണഘടനാ വെല്ലുവിളിക്ക് അന്തിമതീർപ്പാകുന്നത് വരെ മിശ്ര വിശ്വാസങ്ങളിൽ നിന്നുള്ള വിവാഹങ്ങൾ പ്രകൃത്യാ കുറ്റകരമാക്കുന്ന തദ്ദേശീയ നിയമത്തിലെ വ്യവസ്ഥകളുടെ പ്രവർത്തനത്തിന് സ്റ്റേ കല്പിച്ചു.[247]

3.1.17 വ്യക്തിത്വ സ്വയംകർതൃത്വത്തിനുള്ള ഭരണഘടനാപരമായ അവകാശം തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള തീരുമാനങ്ങൾ എടുക്കാനുള്ള വ്യക്തികളുടെ പോസിറ്റീവ് അവകാശത്തെ സംരക്ഷിക്കുക മാത്രമല്ല, രാഷ്ട്രത്തിന്റെയോ രാഷ്ട്ര ഇതര പാത്രങ്ങളുടെയോ വസ്തുനിഷ്ഠമല്ലാത്ത ഇടപെടലുകൾക്ക് വിധേയമാകാതിരിക്കാനുള്ള നെഗറ്റീവ് അവകാശവും ഉൾക്കൊള്ളുന്നു.[248]

3.1.18 നിലവിലുള്ള നിയമ ചട്ടക്കൂടിന് കീഴിൽ നേരിട്ട് ഉൾപ്പെടാൻ ആഗ്രഹിക്കുന്ന ക്വീർ വ്യക്തികൾ *കൺടരു രാജീവരൂ* പോലുള്ള തന്ത്രപരമായ നിയമ വ്യവഹാരങ്ങളിൽ ഇടപെടുന്നത് പരിഗണിച്ചാൽ നന്നായിരിക്കും, അത് ഇത്തരം ഭരണഘടനാപരമായ വെല്ലുവിളികളുടെ ന്യായീകരണത്തെ സ്വാധീനിച്ചേക്കാം. കൂടാതെ,

---

241 *നദീം v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് ആൻഡ് അതേർസ്*, ക്രിമിനൽ മിഷലേനിയസ് റിട്ട് പെറ്റീഷൻ നമ്പർ 16302 of 2020, 18.12.2020-ലെ ഉത്തരവ്

242 *അജിത് സിംഗ് യാദവ് v സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് ആൻഡ് അതേർസ്*, PIL No. 1756 of 2020

243 *മധ്യപ്രദേശ് മതസ്വാതന്ത്ര്യ ഓർഡിനൻസ്, 2020*, പകർപ്പ് ഇവിടെ ലഭ്യമാണ്: http://govtpressmp.nic.in/pdf/extra/2021-01-09-Ex-07.pdf

244 ഗുജറാത്ത് നിയമസഭ മതസ്വാതന്ത്ര്യ ഭേദഗതി ബിൽ പാസാക്കി (2021), SCC ഓൺലൈൻ ബ്ലോഗ്, ഏപ്രിൽ 2, 2021: https://www.scconline.com/blog/?p=246437

245 *സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആൻഡ് പീസ് v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് ആൻഡ് അതേഴ്സ്*, WP (Crl) നമ്പർ 428/2020

246 "മാര്യേജ് ഇല്ലീഗൽ": അലഹബാദ് ഹൈക്കോർട്ട് സൈറ്റ്സ് നോൺ-കംപ്ലൈൻസ് വിത്ത് UP ആന്റി-കൺവെർഷൻ ലോ ടു റെഫ്യൂസ് പ്രൊട്ടക്ഷൻ ടു 3 ഇന്ററർഫൈത് കപ്പിൾസ്, ബാർ ആൻഡ് ബെഞ്ച്, 30 ജൂൺ, 2021: https://www.barandbench.com/news/litigation/allahabad-high-court-refuses-protection-3-interfaith-couples-non-compliance-up-anti-conversion-law

247 *ജമിയത്ത് ഉലമ-ഇ-ഹിന്ദ് ഗുജറാത്ത് v. സ്റ്റേറ്റ് ഓഫ് ഗുജറാത്ത്,* ആർ/സ്പെഷ്യൽ സിവിൽ അപേക്ഷ നമ്പർ 10304 of 2021, 19.08.2021-ലെ ഇടക്കാല ഉത്തരവ്

248 *Id* at 5, para 75

ലൈംഗിക ചായ്‌വ്, ലിംഗഭേദം, ജാതി, മതം എന്നിവയുടെ അടിസ്ഥാനത്തിൽ, ദാമ്പത്യ അവകാശങ്ങൾ പുനഃസ്ഥാപിക്കുക, വൈവാഹിക ബലാത്കാരം, പിന്നെ ന്യൂനപക്ഷത്തിന്റെ വേട്ടയാടൽ എന്നീ 'പ്രകൃതിയുടെ ക്രമത്തിന് എതിരായി' കണക്കാക്കപ്പെടുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് നിയമത്തിലെ അടിസ്ഥാന അസമത്വങ്ങളെ വെല്ലുവിളിക്കുന്നതിന് സാമുദായിക പര്യാലോചനകൾ നിർണ്ണായകമാവും.

## 3.2 നിബന്ധിത ഭിന്നലൈംഗികത, ഏകപതി-പത്നിത്വം, ദാമ്പത്യം എന്നിങ്ങനെ നിയമത്തിലുള്ള തത്ത്വശാസ്ത്രപരമായ അനുമാനങ്ങളെ വെല്ലുവിളിക്കുമ്പോൾ

3.2.1 നേരത്തെ ചർച്ച ചെയ്തതുപോലെ, വിവാഹം, രക്ത ബന്ധം, ദത്തെടുക്കൽ എന്നിവയാലുള്ള ബന്ധങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന 'കുടുംബ'ത്തിന്റെയും 'ആശ്രിതരു'ടെയും ഭിന്നവർഗ്ഗ നിർമ്മിതികളിൽ നിയമം വ്യവസ്ഥാപരമായി വേരൂന്നിയിരിക്കുന്നു. എന്നാൽ, ക്വീർ വ്യക്തികളുടെയും സമുദായങ്ങളുടെയും ജീവിതാനുഭവങ്ങൾ നിയമത്തിലുൾച്ചേർന്നിരിക്കുന്ന അടിസ്ഥാനതത്ത്വങ്ങളെ വീണ്ടും സന്ദർശിക്കുന്നതിന് അർഹമാക്കുന്നു.

3.2.2 നിയമം അനുസരിച്ച് വിവാഹം, ജനനം, ദത്തെടുക്കൽ എന്നിവയാൽ ബന്ധിതമായ ഒരു സംഘം വ്യക്തികൾ എന്നും, ഉൾപ്പെടുന്നതെന്നുമായി 'കുടുംബത്തെ' നിർവചിച്ചുകൊണ്ട്,[249] *ദി ട്രാൻസ്ജെൻഡർ പെഴ്സൺസ് പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആക്റ്റ്, 2019* ഈ തെറ്റിധാരണ നിലനിർത്തുന്നു, അത് *ഹിജ്റ* കുടുംബങ്ങളുടെ ബന്ധുത്വ ശൃംഖലകളെ നിയമത്തിൽ അംഗീകരിക്കുന്നില്ല.

3.2.3 *അരുൺകുമാർ* പരിഗണിക്കാതെ, വിവാഹത്തിലേർപ്പെട്ട ഒരു ('ഭിന്നവർഗ്ഗ') ദമ്പതികളിലെ ഒരാൾ, വിവാഹത്തിന്റെ സമയത്ത് സ്വയം കണക്കാക്കിയിരുന്ന ലിംഗത്തിൽ നിന്നും പിന്നീട് മറ്റൊരു ലിംഗമായി സ്വയം നിർണ്ണയിച്ചിട്ടു, ആ ദമ്പതികൾ ഒന്നിച്ചു ജീവിക്കാൻ തീരുമാനിച്ചാലുള്ള ഒരു സന്ദർഭത്തിലെ വിവാഹത്തിന്റെ സാധുതയെയും, കക്ഷികളുടെ അവകാശങ്ങളെയും കുറിച്ചുള്ള നിയമത്തിന്റെ നില അവ്യക്തമായി തുടരുന്നു.

3.2.4. '*വീണ്ടെടുക്കാനാവാത്ത വിധം ദാമ്പത്യ തകർന്നു*'[250] എന്ന അടിസ്ഥാനത്തിലുള്ള 'കുറ്റമില്ലാത്ത' വിവാഹമോചനം ആവശ്യപ്പെടാൻ ഒരു വ്യക്തിയെ അനുവദിക്കുന്ന ഒരു നിയമ ചട്ടക്കൂട് കൊണ്ടുവരാൻ LBT സംഘങ്ങൾ അഭിപ്രായപ്പെട്ടു, ഈ അസാധാരണ പരിഹാരം ഇപ്പോൾ അനുച്ഛേദം 142 പ്രകാരമുള്ള സുപ്രീം കോടതിയുടെ അധികാരത്തിനു കീഴിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്.[251]

3.2.5 നേരത്തെ ചർച്ച ചെയ്തതുപോലെ, ഒരു ഏകീകൃത സിവിൽ കോഡ് (UCC) നിർദ്ദേശിക്കാനുള്ള അഭിലഷണീയതയെക്കുറിച്ചുള്ള അതിന്റെ 2018-ലെ പഠനത്തിൽ, ബന്ധങ്ങളിലുള്ള വ്യക്തികളുടെ അവകാശങ്ങളെയും ബാധ്യതകളെയും നിയന്ത്രിക്കുന്ന ഒരു 'സിവിൽ പങ്കാളിത്ത' നിയമത്തെ രൂപീകരിക്കുന്നതിന് ക്വീർ സമുദായവുമായി പര്യാലോചന ചെയ്യുന്നതിനെക്കുറിച്ചുള്ള താത്പര്യം ഇന്ത്യൻ ലോ കമ്മീഷൻ പ്രകടമാക്കി. ഈ പത്രത്തിന്റെ സെക്ഷൻ 1.2-ൽ ചർച്ചചെയ്തതുപോലെ, നിർബന്ധിത

---

249 ട്രാൻസ് ആക്റ്റിന്റെ 2(സി)-ാം വകുപ്പ്.

250 *Id* at 41, pgs. 86-88

251 *മുനിഷ് കക്കർ v. നിധി കക്കർ,* 2019 SCC Online SC 1636

ഏകപതി-പത്നിത്വവുമായി സമീകരിക്കുന്നതിനുള്ള ആവശ്യപ്പെടലുകളാൽ പരിമിതപ്പെടാതെ, ക്വീർ കുടുംബങ്ങളുടെ അടിസ്ഥാനമായി കക്ഷികളുടെ പരിചരണത്തിന്റെയും സാമ്പത്തിക പരസ്പരാശ്രിതത്വത്തിന്റെയും മൂല്യങ്ങളിൽ കേന്ദ്രീകരിച്ച അറിവുനൽകപ്പെട്ട ഒരു പ്രത്യേക നിയമപരമായ ചട്ടക്കൂടിനെ നിർണ്ണയിക്കാനും ആവശ്യപ്പെടാനുമായി സമുദായത്തെയും നിയമനിർമ്മാതാക്കളും ആയി ഒത്തുകൂടാനും കൂടിയാലോചിക്കാനും ഇത് ഒരു അവസരം നൽകുന്നു.

3.2.6 ഇന്ത്യയിലെ ആകെ ഗൃഹങ്ങളുടെ 12.5% ഏകാംഗ ഗൃഹങ്ങളാണെന്നാണ് സമീപകാല റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല, എല്ലാ കുടുംബങ്ങളിലും 7.5% ഒറ്റ മാതാപിതാക്കളുള്ള കുടുംബങ്ങളാണ്, ഇതിൽ ഭൂരിഭാഗവും, ഏകദേശം 13 ദശലക്ഷം കുടുംബങ്ങൾ, നയിക്കുന്നത് സ്ത്രീകളാണ്.[252] കൂടാതെ, നോൺ-നോർമേറ്റീവ് കുടുംബങ്ങളെക്കുറിച്ച്, പ്രാഥമികമായി, ക്വീർ അല്ലെങ്കിൽ ലെസ്ബിയൻ എന്ന് തിരിച്ചറിയുന്ന സ്ത്രീകൾ, അവിവാഹിതരായ ഗർഭംധരിച്ച അമ്മമാർ, ദത്തെടുത്ത കുട്ടികളെ ഒരുമിച്ച് വളർത്തുന്ന അവിവാഹിതരായ സുഹൃത്തുക്കൾ എന്നിവരെക്കുറിച്ച് ഇന്ത്യയിലെ മാതൃത്വത്തെക്കുറിച്ചുള്ള സമീപകാല അക്കാദമിക പത്രങ്ങൾ ഗവേഷണം നടത്തുന്നു.[253] ദാമ്പത്യബന്ധത്തിലോ പ്രണയബന്ധത്തിലോ അധിഷ്ഠിതമല്ലാത്ത ഈ ഉയർന്നുവരുന്ന വിവരണങ്ങൾ കുടുംബങ്ങളെയും ആശ്രിതത്വത്തെയും നിയന്ത്രിക്കുന്ന നിയമങ്ങളെ പുനർനിർവചിക്കേണ്ടതിന്റെ ആവശ്യകത കൂടുതൽ വ്യക്തമാക്കുന്നു.

3.2.7 സ്വകാര്യതയ്ക്കുള്ള അവകാശത്തിന്റെ കാതലിൽ ജീവിതത്തിന്റെ സുപ്രധാന കാര്യങ്ങൾ നിയന്ത്രിക്കുന്ന വ്യക്തിപരമായ അടുപ്പങ്ങളുടെയും സ്വയംകർതൃത്വങ്ങളുടെയും സംരക്ഷണം അടങ്ങിയിരിക്കുന്നു എന്ന് ഇന്ത്യൻ ഭരണഘടന അംഗീകരിക്കുന്നതിനാൽ (*പുട്ടസ്വാമി*), ഏകപതി-പത്നിത്വത്തിനും ദാമ്പത്യത്തിനും അപ്പുറം സഞ്ചരിക്കുന്ന ബന്ധങ്ങൾക്കും അതുമായി ബന്ധപ്പെട്ട അവകാശങ്ങൾക്കും അംഗീകാരം നൽകിക്കൊണ്ട് നിയമം പിന്തുടരാൻ യുക്തമായ സാധ്യതയുണ്ട്. *നിതിഷ* ഈ അവകാശവാദത്തെ കൂടുതൽ വ്യക്തമായി മുന്നോട്ട് വെയ്ക്കുന്നു, അത് പ്രസ്താവിക്കുന്നതെന്തെന്നാൽ, വ്യവസ്ഥാപരമായ വിവേചനം പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന തത്ത്വം സമത്വത്തിന്റെ വിലയായി അനുരൂപീകരണം ആവശ്യപ്പെടുന്നതാവരുത്; പകരം, ഭരണ സ്ഥാപനങ്ങൾ വ്യത്യാസത്തെ ഉൾക്കൊള്ളുകയും ഘടനാപരമായ മാറ്റം കൈവരിക്കാൻ ലക്ഷ്യം വയ്ക്കുകയും വേണം. ഇക്കാര്യത്തിൽ, മറ്റ് അധികാരപരിധികൾ നോൺ-നോർമേറ്റീവ് കുടുംബങ്ങൾക്ക് എങ്ങനെ നിയമപരമായ അംഗീകാരം നൽകുന്നുവെന്നും കക്ഷികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നുവെന്നും പരിശോധിക്കുന്നത് യോഗ്യമാണ്.

[252] *Id* at 186

[253] നന്തി, അമൃത (2017): മദർഹുഡ് ആൻഡ് ചോയ്സ്: അൺകോമൺ മദർസ്, ചൈൽഡ്ഫ്രീ വിമെൻ, ന്യൂഡൽഹി: സുബാൻ

3.2.8 *ദാമ്പത്യത്തിനപ്പുറം* എന്ന തലക്കെട്ടുള്ള വഴിത്തിരിവായ രേഖയിൽ, 2001-ൽ കാനഡ ലോ കമ്മീഷൻ പ്രായപൂർത്തിയായവരുടെ വ്യക്തിപരമായ ബന്ധങ്ങളെക്കുറിച്ചു പഠിച്ചു, അപ്പോൾ, ഭിന്ന-ലൈംഗിക, ഗേ, ലെസ്ബിയൻ വൈവാഹിക ബന്ധങ്ങൾക്കുപുറമെ, ഒറ്റയ്ക്ക് താമസിക്കുന്ന പ്രായപൂർത്തിയായവരും, ഒറ്റ രക്ഷിതാക്കളുള്ള കുടുംബങ്ങളും, അല്ലെങ്കിൽ ഒന്നിച്ചു താമസിക്കുന്ന പ്രായപൂർത്തിയായവരും ഉൾപ്പെടുന്ന ഒരു ഗണ്യമായ ന്യൂനപക്ഷ അവിവാഹിത ഗൃഹങ്ങൾക്കും ബന്ധങ്ങൾക്കും നിയമ അംഗീകാരവും അതുമായി ബന്ധപ്പെട്ട അവകാശങ്ങളും ലഭ്യമാകുന്നതിന് അർഹതയുള്ളതായി തിരിച്ചറിഞ്ഞു.[254] ഒരു ദാമ്പത്യ ബന്ധത്തെ കേന്ദ്രീകരിച്ചുള്ള കുടുംബങ്ങളിൽ, ബന്ധുക്കളോ അടുത്ത സുഹൃത്തുക്കളോ പോലുള്ള ദമ്പതികളുമായി ദാമ്പത്യ ബന്ധമില്ലാത്ത മറ്റ് മുതിർന്നവരും ഉൾപ്പെട്ടേക്കാം. ബന്ധമില്ലാത്ത വ്യക്തികൾ തമ്മിലുള്ള ബന്ധം ജീവശാസ്ത്രപരമോ നിയമപരമോ ആയ ബന്ധങ്ങൾക്ക് തുല്യമായിരിക്കുമെന്ന് കമ്മീഷൻ അംഗീകരിച്ചു, കൂടാതെ ഗേ, ലെസ്ബിയൻ സമൂഹങ്ങൾക്കുള്ളിൽ, വ്യക്തികൾ സുഹൃത്തുക്കളുടെ കുടുംബങ്ങൾ ഉണ്ടാക്കാനുള്ള സാധ്യത കൂടുതലാണ്.

3.2.9 കുടുംബവും സുഹൃത്തുക്കളും ഉൾപ്പടെയുള്ള പണം കൊടുത്തതോ അല്ലാത്തതോ ആയ പരിചാരകരുമായുള്ള ഡിസബിലിറ്റി ഉള്ള വ്യക്തികളുടെ അടുത്ത വ്യക്തിബന്ധങ്ങളും കമ്മീഷൻ ശ്രദ്ധിക്കുകയും രേഖപ്പെടുത്തുകയും ചെയ്തു. അതിന്റെ അന്തിമ ശുപാർശയിൽ, പരിചരണവും സാമ്പത്തിക പരസ്പരാശ്രിതത്വവും മുൻനിർത്തിയുള്ള ദാമ്പത്യബന്ധമില്ലാത്ത ഗൃഹങ്ങൾക്കും ബന്ധങ്ങൾക്കും അനുബന്ധ അവകാശങ്ങൾ തടഞ്ഞുവയ്ക്കുന്നതിന് സർക്കാരിന് ശക്തമായ കാരണങ്ങളൊന്നും ഉണ്ടായിരുന്നില്ല എന്ന് അത് കണ്ടെത്തുകയും, പരിചരണ ഏർപ്പാടുകളും, ആരോഗ്യപരിരക്ഷാ തീരുമാനങ്ങൾക്കുള്ള അനുമതി, പിന്തുണ, വസ്തുവകകളുടെ പങ്കുവയ്ക്കൽ എന്നിവയ്ക്ക് വേണ്ടി ഉണ്ടാകാവുന്ന രൂപങ്ങളായ കരാറുകൾക്കും രജിസ്റ്റർ ചെയ്ത ഗാർഹിക പങ്കാളിത്തങ്ങൾക്കും അംഗീകാരം നൽകാൻ അത് ശുപാർശചെയ്യുകയും ചെയ്തു.

3.2.10 പ്രബലമായ വ്യക്തിപരമായതും വികാരപരമായതും സാമ്പത്തിക പരസ്പരാശ്രിതത്വമുള്ളതുമായ രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധത്തെ US-ലെ ദി ഹവായി *റെസിപ്രോക്കൽ ബെനെഫിഷറീസ് ആക്റ്റ്, 1997* അംഗീകരിക്കുകയും, വിവാഹിതരായ ദമ്പതികൾക്ക് മാത്രം ലഭ്യമായ തുല്യ അവകാശങ്ങളും ആനുകൂല്യങ്ങളും അവർക്ക് നൽകുകയും ചെയ്യുന്നു. പ്രണയബന്ധത്തിലല്ലാത്ത സുഹൃത്തുക്കളും പരസ്പരം ബന്ധമുണ്ടായേക്കാവുന്ന വ്യക്തികളും പരസ്പര ഗുണഭോക്താക്കളായി രേഖപ്പെടുത്താൻ നിയമത്തിൽ ഉൾപ്പെടുന്നു.[255]

---

254 ബിയോണ്ട് കോൺജുഗാലിറ്റി: റെക്കൈഗ്നൈസിങ് ആൻഡ് സപ്പോർട്ടിങ് ക്ലോസ് പേർസണൽ അഡൾട് റിലേഷൻഷിപ്സ്, ലോ കമ്മീഷൻ ഓഫ് കാനഡ (2001)

255 ഹവായ് റെസിപ്രോക്കൽ ബെനിഫിഷ്യറീസ് ആക്റ്റ്, 1997- ഇവിടെ ലഭ്യമാണ്: https://law.justia.com/codes/hawaii/2015/title-31/chapter-572c/

3.2.11 USA-ലെ *വെർമോണ്ട് ഡൊമസ്റ്റിക് വയലൻസ് ആക്റ്റ്, 2000*, രക്തബന്ധമോ ദത്തെടുക്കലോ വഴി ബന്ധപ്പെട്ടവരെ പരസ്പര ഗുണഭോക്താക്കളായി അംഗീകരിക്കുകയും, ഭിന്നവർഗ്ഗ ലൈംഗിക, ഗേ, ലെസ്ബിയൻ ദാമ്പത്യ പങ്കാളികൾക്കും, ജീവിതപങ്കാളികൾക്കും തുല്യ സാമൂഹിക സാമ്പത്തിക അവകാശങ്ങൾ നൽകുകയും ചെയ്യുന്നു.[256]

3.2.12 കാനഡയിലെ ആൽബെർട്ട പ്രൊവിൻസിലെ *ദി അഡൾട്ട് ഇന്ററ്ഡിപെൻഡന്റ് റിലേഷൻഷിപ്സ് ആക്റ്റ്, 2002,* 'പരസ്പാരാശ്രിത ബന്ധ'ത്തെ വിവാഹത്തിന് പുറത്തുള്ള ബന്ധം എന്ന് നിർവചിക്കുന്നു, അതിൽ രണ്ട് വ്യക്തികൾ:

i. പരസ്പരം ജീവിതം പങ്കു വെയ്ക്കുന്നു
ii. വൈകാരികമായി പരസ്പരം സമർപ്പണം ചെയ്തിട്ടുണ്ട്
iii. സാമ്പത്തികവും ഗാർഹികവുമായ ഒരു യൂണിറ്റായി പ്രവർത്തിക്കുന്നു.[257]

3.2.13 രണ്ടു പേർ ഒരു സാമ്പത്തിക ഗാർഹിക യൂണിറ്റായി പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിന്, വ്യക്തികൾ തമ്മിൽ ദാമ്പത്യബന്ധമുണ്ടോ എന്നത് അവർക്ക് മറ്റുള്ളവരുമായി ദാമ്പത്യബന്ധമുണ്ടോ എന്നതുപോലെ തന്നെ അപ്രധാനമാണ്.[258] എന്നിരുന്നാലും, ഒന്നിൽ കൂടുതൽ പ്രായപൂർത്തിയായ പരസ്പരാശ്രിത പങ്കാളികൾ ഉണ്ടാകുന്നത് സംബന്ധിച്ച് നിയന്ത്രണങ്ങളുണ്ട്, അതായത്, ഏകപതി-പത്നിത്വത്തിന്റെ അഭാവം, സ്വതേ, പങ്കാളിത്തം പിരിച്ചുവിടുന്നതിനുള്ള ഒരു കാരണമല്ല. [259]

3.2.14 ടാസ്മാനിയയിലെ (ഓസ്ട്രേലിയ) *റിലേഷൻഷിപ്സ് ആക്റ്റ്, 2003,* വ്യക്തികൾക്ക് രേഖാമൂലമുള്ള പങ്കാളിത്തത്തിൽ പ്രവേശിക്കുന്നതിന് അനുവദിക്കുന്നു, അത് സാമ്പത്തിക ആശ്രിതത്വം, പരിചരണം, ഗാർഹിക പിന്തുണ, എന്നീ

---

256 അധ്യായം 25: പരസ്പര ഗുണഭോക്താക്കൾ

257 1(1)(എഫ്)-ാം വകുപ്പ്

258 1(2)-ാം വകുപ്പ്

259 5-ാം വകുപ്പ്

പ്രത്യേകതകളോടുകൂടിയ ഒരു 'പ്രാഥമിക ബന്ധമോ'[260] അല്ലെങ്കിൽ 'പരിചരണ ബന്ധമോ'[261] ആകാം, ലൈംഗിക ബന്ധം അതിൽ അപ്രസക്തമാണ്.[262]

3.2.15 യുകെയിലെ *സിവിൽ പാർട്ണർഷിപ്പ് ആക്റ്റ്, 2004,* ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് നിയമാനുസാരമായ ഒരു ബന്ധത്തിന്റെ അനിവാര്യമായ വ്യവസ്ഥയായി ആവശ്യപ്പെടുന്നില്ല.

3.2.16 2020-ൽ മാസച്യുസെറ്റ്സിലെ സോമർവിൽ നഗരം 'ഗാർഹിക പങ്കാളിത്തെ' സംബന്ധിച്ച ഒരു ഓർഡിനൻസ് പാസാക്കിയതിൽ, ഒന്നിലധികം പങ്കാളികളുള്ള 'പോളിആമൊറസ്' ബന്ധങ്ങളെ അംഗീകരിച്ചു, ഇപ്രകാരമുള്ള ആളുകൾ രൂപീകരിച്ച ഒരു സ്ഥാപനമായി അതിനെ നിർവചിക്കുന്നു:

i. 18 വയസോ അതിൽ കൂടുതലോ പ്രായമുള്ളവരും കരാർ ചെയ്യാൻ യോഗ്യതയുള്ളവരും,
ii. പരസ്പര പിന്തുണയുടെയും, കരുതലിന്റെയും, പ്രതിബദ്ധതയുടെയും ബന്ധത്തിലായിരിക്കുകയും അതിൽ തുടരാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവർ,
iii. ഒരുമിച്ചു താമസിക്കുന്നവർ,
iv. വിവാഹം കഴിക്കാത്തവർ,
v. രക്തബന്ധമില്ലാത്തവരും,

---

260 നിയമത്തിന്റെ 4-ാം വകുപ്പ് ഇനിപ്പറയുന്നവയുടെ അടിസ്ഥാനത്തിൽ ഒരു *സുപ്രധാന ബന്ധം* തിരിച്ചറിയുന്നതിനുള്ള മാനദണ്ഡങ്ങൾ നൽകുന്നു:
(എ) ബന്ധത്തിന്റെ ദൈർഘ്യം;
(ബി) പൊതുവായ വസതിയുടെ സ്വഭാവവും വ്യാപ്തിയും;
(സി) ഒരു ലൈംഗിക ബന്ധം നിലവിലുണ്ടോ ഇല്ലയോ;
(ഡി) കക്ഷികളുടെ സാമ്പത്തിക ആശ്രിതത്വത്തിന്റെയോ പരസ്പരാശ്രിതത്വത്തിന്റെയോ അളവും സാമ്പത്തിക സഹായത്തിനുള്ള ഏർപ്പാടുകൾ;
(ഇ) സ്വത്തിന്റെ ഉടമസ്ഥാവകാശവും ഉപയോഗവും കൈവശപ്പെടുത്തലും;
(എഫ്) പങ്കിട്ട ജീവിതത്തോടുള്ള പരസ്പര പ്രതിബദ്ധതയുടെ അളവ്;
(ജി) കുട്ടികളുടെ പരിചരണവും പിന്തുണയും;
(എച്ച്) ഗാർഹിക ചുമതലകളുടെ നിറവേറ്റൽ;
(ഐ) ബന്ധത്തിന്റെ പ്രശസ്തിയും പൊതു വശങ്ങളും.

261 നിയമത്തിന്റെ 5-ാം വകുപ്പ് ഇനിപ്പറയുന്നവയുടെ അടിസ്ഥാനത്തിൽ ഒരു *കരുതലുള്ള ബന്ധം* തിരിച്ചറിയുന്നതിനുള്ള മാനദണ്ഡങ്ങൾ നൽകുന്നു:
(എ) ബന്ധത്തിന്റെ ദൈർഘ്യം;
(ബി) പൊതുവായ വസതിയുടെ സ്വഭാവവും വ്യാപ്തിയും;
(സി) സാമ്പത്തിക ആശ്രിതത്വത്തിന്റെയോ പരസ്പരാശ്രിതത്വത്തിന്റെയോ അളവ്, കക്ഷികൾ തമ്മിലുള്ള സാമ്പത്തിക സഹായത്തിനുള്ള ഏതെങ്കിലും ഏർപ്പാടുകൾ;
(ഡി) സ്വത്തിന്റെ ഉടമസ്ഥാവകാശം, ഉപയോഗം, കൈവശപ്പെടുത്തൽ;
(ഇ) പങ്കിട്ട ജീവിതത്തോടുള്ള പരസ്പര പ്രതിബദ്ധതയുടെ അളവ്;
(എഫ്) ഗാർഹിക ചുമതലകളുടെ നിറവേറ്റൽ;
(ജി) ബന്ധത്തിന്റെ പ്രശസ്തിയും പൊതു വശങ്ങളും;
(എച്ച്) ഓരോ ആളും പങ്കാളിക്ക് നൽകുന്ന വ്യക്തിഗത പരിചരണത്തിന്റെയും ഗാർഹിക പിന്തുണയുടെയും നിലവാരം

262 റിലേഷൻഷിപ്സ് ആക്റ്റ്, 2003 (ടാസ്മാനിയ); ഇവിടെ ലഭ്യമാണ്: https://www.legislation.tas.gov.au/view/whole/html/asmade/act-2003-044

vi. തങ്ങളെ തന്നെ ഒരു കുടുംബമായി കാണുന്നവരും.[263]

3.2.17 ഒന്നിച്ചുള്ള താമസത്തിന്റെ ആവശ്യകത എന്തെന്നാൽ ഒരു പൊതു ഗൃഹത്തിൽ ഒരുമിച്ച് താമസിക്കുന്നു എന്നാണ്, അവിടെ ഒരു പങ്കാളി താൽക്കാലികമായി ഇല്ലായിരിക്കാം, പക്ഷെ അവർക്ക് മടങ്ങിവരാനുള്ള ഉദ്ദേശ്യം ഉണ്ടായിരിക്കണം. ഒരു പങ്കാളി സ്വന്തമായി മറ്റൊരു വീട് സ്വന്തമാക്കുകയോ അല്ലെങ്കിൽ പരിപാലിക്കുകയോ ചെയ്തേക്കാം. ഗാർഹിക പങ്കാളിത്തത്തെക്കൂടി ഉൾപ്പെടുത്തി 'കുടുംബം' എന്ന പദത്തെ വ്യാഖ്യാനിക്കണമെന്നും ഗാർഹിക പങ്കാളിത്തത്തിൽ ഉള്ളവർക്ക് വിവാഹിതരായവർക്ക് നൽകുന്ന അതേ അവകാശങ്ങളും ആനുകൂല്യങ്ങളും ഉണ്ടായിരിക്കണമെന്നും ഓർഡിനൻസ് വ്യക്തമാക്കുന്നു.

3.2.18 ഇത് നീതിന്യായ വ്യവസ്ഥയിലാകമാനം നോൺ-നോർമേറ്റീവ് ബന്ധങ്ങളെ നിയന്ത്രിക്കുന്ന സമഗ്രമല്ലാത്ത ഒരു കൂട്ടം നിയമങ്ങളാണ്. മേൽപറഞ്ഞ നിയമങ്ങളുടെ നിയമ തത്ത്വങ്ങളും ചട്ടക്കൂടും അടിസ്ഥാനമാക്കിയ ഒരു പ്രത്യേക നിയമം ഉണ്ടാക്കിയെടുക്കുന്നതിനുള്ള ആഗ്രഹം പരിഗണിച്ചുകൊണ്ടുവേണം ഇന്ത്യൻ ലോ കമ്മീഷനുമായുള്ള ഏതൊരു നിർദ്ദേശിത കൂടിയാലോചനയും, അതുപോലെ തന്നെ, കാനഡയിലെ ലോ കമ്മീഷൻ നടത്തിയതു പോലെ, ഇന്ത്യയിലെ ക്വീർ സമൂഹങ്ങളുടെ ജീവിത യാഥാർത്ഥ്യങ്ങളെക്കുറിച്ച് ഒരു നരവംശശാസ്ത്ര പഠനം നടത്തുകയും വേണം. ക്വീർ ദർശനത്തെ അടിസ്ഥാനമാക്കിയുള്ള ഒരു മാതൃകാ നിയമം, വിവാഹത്തിന്റെ അനിവാര്യ ഗുണങ്ങളായ നിർബന്ധിത ഏകപതിപത്നിത്വവും ദാമ്പത്യവും "*സന്തോഷത്തോടെ ഉപേക്ഷിക്കാൻ*"[264] സമുദായത്തെ അനുവദിച്ചു, അത്തരം ബന്ധങ്ങളെ കുറ്റപ്പെടുത്താതിരിക്കുകയും ചെയ്തേക്കാം.

## 3.3. വിവേചന വിരുദ്ധ നിയമം

3.3.1 നിലവിലുള്ള നിയമ ചട്ടക്കൂടിന് കീഴിൽ നേരിട്ടുള്ള ഉൾപ്പെടുത്തൽ അല്ലെങ്കിൽ ക്വീർ ബന്ധങ്ങളെ നിയന്ത്രിക്കുന്ന ഒരു പ്രത്യേക നിയമനിർമ്മാണം എന്നിവയ്ക്ക് പുറമെ, വിവേചന വിരുദ്ധ നിയമത്തെ ഉപയോഗിച്ച് കോടതികളെ സമീപിച്ച് ഓരോ കേസിന്റെയും അടിസ്ഥാനത്തിൽ പ്രത്യേക ആശ്വാസം തേടുക എന്ന ഒരു കാര്യം കൂടി പര്യവേക്ഷണ ചെയ്യാവുന്നതാണ്. ഈ പത്രത്തിന്റെ 2-ാം വകുപ്പിൽ ചർച്ച ചെയ്തതുപോലെ, കോടതികൾ സമത്വത്തിനും വിവേചന വിരുദ്ധ നിയമത്തിനും വികസിപ്പിച്ചുകൊണ്ടിരിക്കുന്ന നീതിന്യായശാസ്ത്രം ഉപയോഗിച്ചുകൊണ്ട് ഇത്

---

[263] സിറ്റി ഓഫ് സോമർവില്ല്, ഓർഡിനൻസ് നമ്പർ 2020-16, സിറ്റി കൗൺസിലിൽ: ജൂൺ 25, 2020: സോമർവില്ല് നഗരത്തിലെ ഗാർഹിക പങ്കാളിത്തം സംബന്ധിച്ച വ്യവസ്ഥകൾ ചേർക്കുന്ന ഒരു ഓർഡിനൻസ്; ഇവിടെ ലഭ്യമാണ്:https://library.municode.com/ma/somerville/ordinances/code_of_ordinances?nodeId=1028806

[264] *Id* at 80

തുടരാം. അതനുസരിച്ച്, പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും പ്രത്യക്ഷവും പരോക്ഷവുമായ എല്ലാത്തരം വിവേചനങ്ങളെയും അഭിസംബോധന ചെയ്യുന്ന സമഗ്ര വിവേചന വിരുദ്ധ നിയമം നടപ്പിലാക്കുന്നതിനുള്ള ആവശ്യപ്പെടൽ പരിഗണിക്കാം.

3.3.2 ലൈംഗിക ചായ്‌വിന്റെയും ലിംഗ സ്വത്വത്തിന്റെയും (*NALSA, പുട്ടസ്വാമി, നവതേജ്, ചിന്മയി ജെന*), വിവേചന വിരുദ്ധ നിയമത്തിന്റെയും (*മധു/നിതീഷ*) പശ്ചാത്തലത്തിലുള്ള ഭരണഘടനാ നിയമത്തിന്റെ വികസനത്തിന്റെ വെളിച്ചത്തിൽ, അംഗീകാരമോ, അതോടൊപ്പം/അല്ലെങ്കിൽ ഈ പത്രത്തിന്റെ 2.4 ഭാഗത്ത് വിവരിച്ചപോലെയുള്ള സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങളുടെ ലഭ്യത എന്നിങ്ങനെയുള്ള ഉചിതമായ പരിഹാരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട്, ക്വീർ വ്യക്തികളുടെയും ബന്ധങ്ങളുടെയും ഉത്കൺഠകൾ ഈ നിയമ തന്ത്രം അഭിസംബോധന ചെയ്തേക്കാം, ആ ബന്ധങ്ങൾ നിയപരമായ വിവാഹമോ, വിവാഹത്തിന്റെ പ്രകൃതിയിലുള്ള ബന്ധങ്ങളോ (ലിവ്-ഇൻ ബന്ധങ്ങൾ) ആവാം. ഉദാഹരണത്തിന്, മേൽപറഞ്ഞ ഭരണഘടനാ നിയമത്തിന്റെ വികസനങ്ങളുടെ അടിസ്ഥാനത്തിൽ, ക്വീർ വ്യക്തികളെ അവർക്ക് കഴിവില്ലാതാകുന്ന അവസരത്തിൽ അവർക്കുവേണ്ടി പൊതുവായോ അല്ലെങ്കിൽ അത്യാഹിത ആരോഗ്യ തീരുമാനങ്ങൾ എടുക്കുന്നതിനായോ അവരുടെ പങ്കാളികളെയോ, സുഹൃത്തുക്കളെയോ, മറ്റു വ്യക്തികളെയോ പ്രതിനിധികൾ എന്ന നിലയിൽ നാമനിർദ്ദേശം ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയാൽ (2.4.3 -2.4.6 ഖണ്ഡികകളിൽ ചർച്ച ചെയ്തതുപോലെ), സങ്കടകക്ഷികൾക്ക് ഒരു റിട്ട് കോടതിയെ സമീപിച്ച്, നിയമപ്രകാരം അർഹരായ തങ്ങളുടെ പങ്കാളികളെയോ, സുഹൃത്തുക്കളെയോ, മറ്റു വ്യക്തികളെയോ ഇക്കാര്യത്തിൽ പ്രതിനിധികളായോ, രക്ഷിതാക്കളായോ കുടുംബാംഗങ്ങളായോ പ്രഖ്യാപിക്കന്നതിനായി ആവശ്യപ്പെടാവുന്നതാണ്. വിവേചന വിരുദ്ധ നിയമത്തിന്റെ ചട്ടക്കൂട്, ക്വീർ വ്യക്തികളുടെ, വൈവാഹിക നില പരിഗണിക്കാതെ തന്നെ, അവരുടെ നിയമ ഉത്കണ്ഠകളോട് പ്രതികരിക്കാൻ കഴിയുകയും അത് ചെയ്യുകയും വേണം.

3.3.3 അത്തരം നിയമം പാസാക്കുന്നതിനുള്ള സമീപകാല ശ്രമമാണ് ഡോ. തരുണാഭ് ഖൈതാനും, നിയമ പണ്ഡിതന്മാരും, പൗര സമൂഹ അംഗങ്ങളും ചേർന്ന് വിഭാവനം ചെയ്ത *വിവേചന വിരുദ്ധ സമത്വ ബിൽ, 2016*.[265] ഈ ബില്ലിനെ ലോക്സഭയിൽ 2017 മാർച്ച് 10-ന് സ്വകാര്യ ബില്ലായി അവതരിപ്പിച്ചു. എന്നാൽ, ബില്ലിന്റെ കാര്യത്തിൽ ഇതുവരെ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ബില്ലിന്റെ പ്രധാന സവിശേഷതകളിൽ ഇവ ഉൾപ്പെടുന്നു:

i. ബഹിഷ്കരണത്തിനും വേർതിരിവിനുമെതിരായ പ്രതിവിധികൾ

---

[265] വിവേചന വിരുദ്ധ ബിൽ പദ്ധതി: https://sites.google.com/site/tarunabh/Home/discrimination-law

ii. പ്രത്യക്ഷവും പരോക്ഷവുമായ വിവേചനത്തെ അഭിസംബോധന ചെയ്യുക

iii. പൊതു പ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യ വ്യക്തികളെ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുക

iv. രാഷ്ട്രമോ പൊതുപ്രവർത്തനങ്ങളിലേർപ്പെടുന്ന സ്വകാര്യ വ്യക്തികളോ നടത്തുന്ന ഏതൊരു *പ്രവൃത്തിയും, ചട്ടവും, നിയന്ത്രണവും, നയവും, മാനദണ്ഡവും, സമ്പ്രദായവും അല്ലെങ്കിൽ ഘടനയും* നിയമപ്രകാരം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുക

v. *ജാതി, വർഗ്ഗം, വംശം, കുലം, ലിംഗം, ലിംഗ സ്വത്വം, ഗർഭം, ലൈംഗിക ആഭിമുഖ്യം, മതവും വിശ്വാസവും, ഗോത്രം, ഡിസെബിലിറ്റി, ഭാഷാ സ്വത്വം, HIV നില, ദേശീയത, വൈവാഹിക നില, ഭക്ഷണ താത്പര്യം, ചർമ്മത്തിന്റെ നിറം, താമസിക്കുന്ന സ്ഥലം, ജനന സ്ഥലം, പ്രായം* അല്ലെങ്കിൽ ഒരു വ്യക്തിയുടെ നിയന്ത്രണത്തിനോ അടിസ്ഥാനപരമായ തിരഞ്ഞെടുപ്പിനോ അതീതമായ മറ്റ് വ്യക്തിഗത സവിശേഷതകളെ 'സംരക്ഷിത സവിശേഷതയായി' നിർവ്വചിക്കുക

vi. സംരക്ഷിത സ്വഭാവസവിശേഷതകളുടെ മുൻപറഞ്ഞ പട്ടിക സമഗ്രമല്ല, അതായത്, നിർദ്ദിഷ്ട നിയമത്തിന് കീഴിലുള്ള സമത്വ സമിതിക്ക് *സമാന സംരക്ഷിത സ്വഭാവവിശേഷങ്ങൾ* പ്രഖ്യാപിക്കാൻ അധികാരമുണ്ട്

vii. പിന്നോക്ക വിഭാഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള പെരുമാറ്റം, നിയമം, നയം, മാനദണ്ഡം, സമ്പ്രദായം അല്ലെങ്കിൽ ഘടന എന്നിവ സ്വീകരിച്ച് '*വൈവിധ്യവൽക്കരിക്കാൻ*' ഉചിതമായ സർക്കാർ, പ്രാദേശിക അധികാരികൾ, സ്വകാര്യ വ്യക്തികൾ എന്നിവർക്കുള്ള വിവേചന വിരുദ്ധ ചുമതലകൾ

viii. സംരക്ഷിക്കുന്നതരത്തിലുള്ള നടപടി, നിർദ്ദിഷ്ട നിയമത്തിന്റെ ലക്ഷ്യം ഇരകളെ സംരക്ഷിക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്യുക എന്നതായതിനാൽ, കർശനമായ തെളിവുകൾ ആവശ്യപ്പെടുന്ന ക്രിമിനൽ നിയമം വഴി കുറ്റവാളിയെ ശിക്ഷിക്കുക എന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനുപകരംഒരു സിവിൽ നിയമ ചട്ടക്കൂട് കൊണ്ടുവരുക

3.3.4 സെന്റർ ഫോർ ലോ ആൻഡ് പോളിസി റിസർച്ച് വിഭാവനം ചെയ്ത ഇക്വാളിറ്റി ബിൽ, 2021 ആണ് ഏറ്റവും പുതിയ വികസനം.[266] 2016 ബില്ലിലെ പല സവിശേഷതകളും ഇതും പങ്കിടുന്നുണ്ട്, അതിന്റെകൂടെ, ഇന്റർസെക്ഷനൽ വിവേചനം, ഘടനാപരമായ വിവേചനം എന്നിവയ്ക്ക് പരിഹാരം നൽകുന്നതും, പൊതുപ്രവർത്തനങ്ങൾ നിർവഹിക്കുന്ന രാഷ്ട്രങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും ന്യായമായ പരിഗണനയും നൽകുന്ന ആശയവും കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ രണ്ടാമത്തെ ബിൽ 'സാമൂഹിക-സാമ്പത്തിക നില' സംരക്ഷിക്കപ്പെട്ട ഒരു ഘടകമായി പട്ടികപ്പെടുത്തുന്നു.

## 4. ഉപസംഹാരം

പരിവർത്തനാത്മക ഭരണഘടനാവാദം നമ്മുടെ നിയമ ചട്ടക്കൂടിനെക്കുറിച്ചും അതുപോലെ തന്നെ ക്വീർ ബന്ധങ്ങൾക്ക് നിയമ അംഗീകാരം ആവശ്യപ്പെടുന്നതിലെ പ്രശ്നങ്ങളെക്കുറിച്ചുമുള്ള നമ്മുടെ അന്വേഷണത്തെ അറിയിക്കുന്നതിനാൽ, വൈവാഹിക നില പരിഗണിക്കാതെ എല്ലാ ക്വീർ വ്യക്തികൾക്കും സാമൂഹികവും സാമ്പത്തികവുമായ നീതി തേടുന്ന സാമുദായിക ശ്രമങ്ങൾക്കായി മറ്റുള്ളവയോടൊപ്പം ഇനിപ്പറയുന്ന നിയമ നയ പ്രശ്നങ്ങൾ ഞങ്ങൾ തിരിച്ചറിയുന്നു:

i. ദാമ്പത്യ അവകാശങ്ങൾ പുനഃസ്ഥാപിക്കൽ, വൈവാഹിക ബലാത്സംഗം കുറ്റവൽക്കരിക്കൽ, SMA-ക്ക് കീഴിൽ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന കക്ഷികൾ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമം, 'ലവ്-ജിഹാദ്'/മതപരിവർത്തന വിരുദ്ധ നിയമങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവാഹത്തെ സംബന്ധിച്ച നിലവിലുള്ള നിയമ ചട്ടക്കൂടിലെ അസമത്വങ്ങൾ പരിഹരിക്കുക

ii. വ്യക്തിനിയമങ്ങൾക്ക് കീഴിലെ 'വിവാഹ സമത്വ'ത്തിന്റെ നീതിന്യായവ്യവസ്ഥയിലെ നടപ്പിലാക്കലിൽ, *കൺഠരു രാജുവീരു*-മൂലമുണ്ടായ സംഭാവ്യമായ ആഘാതം കാരണം ആ കേസിൽ ഇടപെടുക

iii. ക്വീർ സമൂഹങ്ങൾ നിർവചിച്ചിരിക്കുന്നതു പോലുള്ള ബന്ധങ്ങളെ അംഗീകരിക്കുന്ന 'സിവിൽ പങ്കാളിത്ത'

---

266 സമത്വ ബിൽ, 2019: https://clpr.org.in/wp-content/uploads/2020/01/Equality-Bill-2021-8th-January-2021.pdf

മാതൃകയ്ക്കുള്ള നിർദ്ദേശത്തിൽ ലോ കമ്മീഷനുമായും മറ്റ് സംസ്ഥാന സ്ഥാപനങ്ങളുമായും ഇടപഴകുക

iv. *ട്രാൻസ് ജെണ്ടർ പേഴ്സൺസ് (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ്) ആക്റ്റ്, 2019* പ്രകാരം ദുർബ്ബലമാക്കപ്പെട്ട *NALSA*-യെയും, ലിംഗ വ്യക്തിത്വത്തിന്റെ സ്വയം നിർണ്ണയത്തിനെയും, വിദ്യാഭ്യാസത്തിലും തൊഴിലിലും സംവരണത്തിനുമുള്ള അവകാശങ്ങളെയും സംരക്ഷിക്കുക

v. വിവേചന വിരുദ്ധ നിയമം ശുപാർശ ചെയ്യുക

vi. വാടക ഗർഭധാരണത്തിലെ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യമായ കരാർ ബന്ധത്തിനുമായി പ്രത്യുൽപാദന നീതിയുടെ ഒരു ലെൻസിലൂടെ *ART ബിൽ, 2020, സറോഗസി ബിൽ, 2020* എന്നിവ പരിശോധിക്കാൻ ശുപാർശ ചെയ്യുക

vii. ഭവനമില്ലായ്മ, ഭിക്ഷാടനം, ലൈംഗികത്തൊഴിൽ എന്നിവയെ കുറ്റവൽക്കരിക്കുന്നതിനെ വെല്ലുവിളിക്കുക

viii. ബന്ധം/വൈവാഹിക നില എന്നിവ പരിഗണിക്കാതെ ആരോഗ്യം, പാർപ്പിടം, ഭക്ഷ്യസുരക്ഷ, തൊഴിൽ, വിദ്യാഭ്യാസം, തൊഴിലില്ലായ്മ ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയവയിൽ ക്വീർ വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹിക സുരക്ഷയുടെ സാർവത്രികവൽക്കരണം

ix. പരിവർത്തന ചികിത്സയെ നിയമവിരുദ്ധമാക്കുക

x. ക്വീർ, ഇന്റർസെക്സ് വ്യക്തികളുടെ ആരോഗ്യസംരക്ഷണ ആവശ്യങ്ങൾക്ക് അനുസൃതമായി ലൈംഗികാതിക്രമത്തെ അതിജീവിക്കുന്നവർക്കുള്ള വൈദ്യസഹായ-നിയമ പരിചരണത്തെക്കുറിച്ചുള്ള ആരോഗ്യ മന്ത്രാലയത്തിന്റെ പെരുമാറ്റച്ചട്ടങ്ങൾ നടപ്പിലാക്കുക

xi. ക്വീർ, ഇന്റർസെക്സ് വ്യക്തികളുടെയും കൗമാരക്കാരുടെയും പൊതുവായതും ലൈംഗികവും പ്രത്യുൽപാദനപരവുമായ ആരോഗ്യസംരക്ഷണ ആവശ്യങ്ങൾക്ക് പ്രതികരിക്കാനായി RKSK, ARSH, ആരോഗ്യ പരിപാലന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക

xii. ക്വീർ, ഇന്റർസെക്സ് കൗമാരക്കാരുടെയും വിവിധ ജനവിഭാഗങ്ങളുടെയും പ്രായത്തിനും സന്ദർഭത്തിനും അനുയോജ്യമായ വിവരങ്ങൾ നൽകുന്ന സമഗ്ര ലൈംഗിക വിദ്യാഭ്യാസം

xiii. വേൾഡ് പ്രൊഫഷണൽ അസോസിയേഷൻ ഫോർ ട്രാൻസ്ജെൻഡർ ഹെൽത്ത് (WPATH) പ്രകാരം SRS-നുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കൊപ്പം ട്രാൻസ്-നിർദിഷ്ട ആരോഗ്യ പരിപാലന ആശങ്കകൾ ഉൾപ്പെടുത്തിയ വൈദ്യശാസ്ത്ര പാഠ്യപദ്ധതിയുടെയും ഗവേഷണത്തിന്റെയും അവലോകനം

xiv. HIV /എയ്ഡ്സുമായി ബന്ധപ്പെട്ട ആരോഗ്യ സംരക്ഷണത്തിലേക്കുള്ള സാർവത്രിക പ്രവേശനം

ഈ ക്വീർ സമുദായങ്ങളിലെ വൈവിധ്യമാർന്ന വിഭവങ്ങളുടെ അനേകം സാമൂഹിക, സാമ്പത്തിക, നിയമ നയ ഉത്കണ്ഠകൾ അഭിസംബോധന ചെയ്യാനുള്ള ഏകീകൃതമായ ഒരു സമീപനം ഈ പത്രത്തിൽ വിവരിച്ചിരിക്കുന്ന തന്ത്രം മുന്നോട്ട് വെയ്ക്കുന്നു. ഇവിടെ കണ്ടെത്തിയ പ്രശ്നങ്ങൾ ഇന്ത്യയിലെ ക്വീർ ബന്ധങ്ങളുടെ നിയമപരമായ അംഗീകാരത്തെക്കുറിച്ച് വിമർശനാത്മക സംഭാഷണത്തിനും സാമൂഹിക ഇടപെടലിനും കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു.

C-HELP | CENTRE FOR HEALTH EQUITY, LAW & POLICY

ILS ®

Indian Law Society
Law College Road
Pune 411004
Maharashtra, India
www.c-help.org
contact@c-help.org